**ധനകാര്യം**

## 2022-23 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും

ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി (ശ്രീ. ജി. ആർ. അനിൽ): സർ, ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 7-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2022-2023 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി (ശ്രീമതി ജെ. ചിഞ്ചുറാണി): സർ, മൃഗസംരക്ഷണം എന്ന XXXI-ാം നമ്പർ ധനാഭ്യർത്ഥനയുടെയും ക്ഷീരവികസനം എന്ന XXXII-ാം നമ്പർ ധനാഭ്യർത്ഥനയുടെയും പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനകൾക്കുനേരെ 7-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2022-2023 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

| ധനാഭ്യർത്ഥന നമ്പർ | ധനാഭ്യർത്ഥനയുടെ പേര് | ബഡ്ജറ്റ് എസ്റ്റിമേറ്റ് 2022-2023 | | | | |
|---|---|---|---|---|---|---|
| | | 18.03.2022-ന് സഭയുടെ വോട്ടിന് സമർപ്പിച്ച ധനാഭ്യർത്ഥന തുക | | സഭയുടെ വോട്ടിന് സമർപ്പിക്കുന്ന ധനാഭ്യർത്ഥന തുക | | |
| | | റവന്യൂ (രൂപ) | മൂലധനം (രൂപ) | റവന്യൂ (രൂപ) | മൂലധനം (രൂപ) | ആകെ (രൂപ) |
| (1) | (2) | (3) | (4) | (5) | (6) | (7) |
| XXX | ഭക്ഷ്യം | 643,40,34,000 | 44,47,56,000 | 1286,80,66,000 | 88,95,13,000 | 1375,75,79,000 |
| XXXI | മൃഗ സംരക്ഷണം | 278,90,55,000 | 15,84,34,000 | 557,81,10,000 | 31,68,67,000 | 589,49,77,000 |
| XXXII | ക്ഷീര വികസനം | 54,55,55,000 | 17,63,35,000 | 109,11,09,000 | 35,26,70,000 | 144,37,79,000 |

പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, ഞാൻ പ്രമേയങ്ങളെ പിന്താങ്ങുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർത്ഥനയേയും മൃഗസംരക്ഷണം എന്ന XXXI-ാം നമ്പർ ധനാഭ്യർത്ഥനയേയും ക്ഷീരവികസനം എന്ന XXXII-ാം നമ്പർ ധനാഭ്യർത്ഥനയേയും സംബന്ധിക്കുന്ന സബ്ജക്ട് കമ്മിറ്റികളുടെ റിപ്പോർട്ടുകളിലെ ശിപാർശകളിന്മേൽ ചട്ടം 236 (3) പ്രകാരമുള്ള പ്രസ്താവന ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: താഴെപ്പറയുന്ന ഖണ്ഡനോപക്ഷേപങ്ങൾ

അവതരിപ്പിക്കാവുന്നതാണ്.

**ധനാഭ്യർത്ഥന നമ്പർ XXX – ഭക്ഷ്യം**

**നയനിരാകരണത്തിനുള്ള വെട്ടിക്കുറയ്ക്കൽ**

ഡോ. മാത്യു കുഴൽനാടൻ: സർ, ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1375,75,79,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (നെല്ല് സംഭരണം കാര്യക്ഷമമാക്കാൻ നടപടി സ്വീകരിക്കേണ്ടത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1375,75,79,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (സപ്ലൈകോ ഗോഡൗണുകളിൽ നിന്നും റേഷനരി ഉൾപ്പെടെയുള്ളവ കരിഞ്ചന്തയിലേയ്ക്ക് കടത്തുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. റോജി എം. ജോൺ: സർ, ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1375,75,79,000 രൂപ ഒരു

രൂപയായി കുറവ് ചെയ്യേണ്ടതാണ് (പൊതുവിതരണ രംഗത്തെ ഓൺലൈൻ സേവനങ്ങൾ കാര്യക്ഷമമായി നടപ്പാക്കാൻ സാധിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ഐ. സി. ബാലകൃഷ്ണൻ: സർ, ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1375,75,79,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (സംസ്ഥാനത്തെ റേഷൻ വിതരണ സംവിധാനത്തിൽ ക്രമക്കേടുകൾ നടക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. സനീഷ്കുമാർ ജോസഫ്: സർ, ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1375,75,79,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (സ്കൂളുകൾക്കും അങ്കണവാടികൾക്കും വിതരണം ചെയ്യുന്ന ഭക്ഷ്യസാധനങ്ങളുടെ ഗുണമേൻമ പരിശോധിക്കാൻ നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, ഭക്ഷ്യം എന്ന XXX-ാം നമ്പർ

ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1375,75,79,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (സംസ്ഥാനത്തെ വിദ്യാലയങ്ങളിൽ ഗുണനിലവാരം കുറഞ്ഞ ഭക്ഷ്യവസ്തുക്കൾ ഉച്ചഭക്ഷണത്തിനായി വിതരണം ചെയ്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u>: സർ, ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1375,75,79,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (സംസ്ഥാനത്ത് പൊതുവിതരണ സംവിധാനത്തിലൂടെ വിതരണം ചെയ്യുന്ന ഉൽപ്പന്നങ്ങളുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിൽ പരാജയപ്പെട്ടതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീമതി ഉമ തോമസ്</u>: സർ, ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1375,75,79,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (സംസ്ഥാനത്തെ റേഷൻ കടകൾ വഴി വിതരണം ചെയ്യുന്ന മണ്ണെണ്ണ, ഗോതമ്പ് എന്നിവയുടെ ക്ഷാമം പരിഹരിക്കുന്നതിന് ഫലപ്രദമായ നടപടികൾ സ്വീകരിക്കാത്തതായി

പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. യു. എ. ലത്തീഫ്: സർ, ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1375,75,79,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (റേഷൻകടകളുടെ പ്രവർത്തനത്തിൽ സുതാര്യത ഉറപ്പുവരുത്തുന്നതിനായി രൂപീകരിച്ച വിജിലൻസ് കമ്മിറ്റികളുടെ പ്രവർത്തനം കാര്യക്ഷമമാക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. സണ്ണി ജോസഫ്: സർ, ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1375,75,79,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (സംസ്ഥാനത്തെ എല്ലാ ആദിവാസി ഊരുകളിലും സഞ്ചരിക്കുന്ന റേഷൻ കടകളുടെ സേവനം ഉറപ്പാക്കേണ്ടത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1375,75,79,000 രൂപ ഒരു

രൂപയായി കുറവു ചെയ്യേണ്ടതാണ് (പട്ടികവിഭാഗങ്ങൾക്ക് അർഹതപ്പെട്ട റേഷൻ സാധനങ്ങൾ വിതരണം ചെയ്യുന്നതിൽ റേഷൻ വ്യാപാരികൾ വീഴ്ച വരുത്തുന്നത് തടയുവാൻ നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: സർ, ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1375,75,79,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (റേഷൻകടകൾ വഴി വിതരണം ചെയ്യുന്ന ഭക്ഷ്യധാന്യങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്താത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. ടി. വി. ഇബ്രാഹിം</u>: സർ, ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1375,75,79,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (ഭക്ഷ്യ സാധനങ്ങൾ, ഭക്ഷ്യ എണ്ണ, നിർമ്മിത ഉല്പന്നങ്ങൾ എന്നിവയുടെ അനിയന്ത്രിതമായ വിലക്കയറ്റംമൂലം ജനജീവിതം ദുസ്സഹമായതായും ആയത് തടഞ്ഞ് നിർത്തുന്നതിനും

ജനങ്ങൾക്ക് ആശ്വാസം നൽകുന്നതിനും നടപടികൾ സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീമതി കെ. കെ. രമ: സർ, ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1375,75,79,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (സംസ്ഥാനത്തെ ഭക്ഷ്യ വസ്തുക്കളുടെ വില വർദ്ധന തടയുന്നതിൽ സർക്കാർ പരാജയപ്പെട്ടതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ടി. ജെ. വിനോദ്: സർ, ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1375,75,79,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം തടയുന്നതിനും അവശ്യസാധനങ്ങളുടെ ലഭ്യത ഉറപ്പുവരുത്തുന്നതിനും പര്യാപ്തമായ രീതിയിൽ വിപണി ഇടപെടൽ നടത്തുവാൻ സാധിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. ഉബൈദുള്ള: സർ, ഭക്ഷ്യം എന്ന XXX-ാം നമ്പർ

ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1375,75,79,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (പൊതുവിപണിയിലെ വിലക്കയറ്റം തടയാൻ ക്രിയാത്മകമായ നടപടികൾ സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എ. കെ. എം. അഷ്റഫ്: സർ, ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1375,75,79,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (സംസ്ഥാനത്തെ എല്ലാ താലൂക്കുകളിലും എൻ.എഫ്.എസ്.എ. ഗോഡൗണുകൾ സ്ഥാപിക്കുന്നതിന് നടപടികൾ സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കുറുക്കോളി മൊയ്തീൻ: സർ, ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1375,75,79,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (സംസ്ഥാനത്തെ എൻ.എഫ്.എസ്.എ. ഗോഡൗണുകളിൽനിന്നും ഭക്ഷ്യസാധനങ്ങൾ അനധികൃതമായി കടത്തുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന

ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. അനൂപ് ജേക്കബ്: സർ, ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1375,75,79,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (ഉപഭോക്താക്കളുടെ സംരക്ഷണത്തിനായി ഉപഭോക്തൃ ഫോറങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ ശക്തിപ്പെടുത്തുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

**ധനാഭ്യർത്ഥന നമ്പർ XXXI - മൃഗസംരക്ഷണം**

**നയനിരാകരണത്തിനുള്ള വെട്ടിക്കുറയ്ക്കൽ**

ശ്രീ. സണ്ണി ജോസഫ്: സർ, മൃഗസംരക്ഷണം എന്ന XXXI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 589,49,77,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (സംസ്ഥാനത്ത് മാംസ ഉൽപ്പന്നങ്ങൾ ശാസ്ത്രീയമായി സംസ്കരിച്ച് വിതരണം ചെയ്യുന്നതിന് സർക്കാർ മേഖലയിൽ കാര്യക്ഷമമായ സംവിധാനം ഏർപ്പെടുത്തണമെന്ന വിഷയം ചർച്ച ചെയ്യുന്നതിന് ) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, മൃഗസംരക്ഷണം എന്ന

XXXI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 589,49,77,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (മാംസ ഉൽപ്പന്നങ്ങളുടെ ആഭ്യന്തര ആവശ്യം വർദ്ധിച്ചു വരുന്ന സാഹചര്യത്തിൽ സംസ്ഥാനത്ത് മാംസ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് ഫലപ്രദമായ നടപടികൾ സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീമതി ഉമ തോമസ്</u>: സർ, മൃഗസംരക്ഷണം എന്ന XXXI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 589,49,77,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (പാൽ, മുട്ട, ഇറച്ചി തുടങ്ങിയവയുടെ ഉല്പാദനത്തിൽ സംസ്ഥാനത്തെ സ്വയംപര്യാപ്തമാക്കുവാൻ ഫലപ്രദമായ നടപടികൾ സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: സർ, മൃഗസംരക്ഷണം എന്ന XXXI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 589,49,77,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (കാർഷിക നയത്തിലെ മൃഗസംരക്ഷണ വകുപ്പിനെ സംബന്ധിക്കുന്ന ശിപാർശകൾ നടപ്പാക്കാത്തതായി

പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, മൃഗസംരക്ഷണം എന്ന XXXI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 589,49,77,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (മൃഗസംരക്ഷണ വകുപ്പിൽ പ്രഖ്യാപിച്ച ബഡ്ജറ്റ് പദ്ധതികൾ നടപ്പാക്കുന്നതിൽ വീഴ്ച വരുത്തിയതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എ. കെ. എം. അഷ്റഫ്: സർ, മൃഗസംരക്ഷണം എന്ന XXXI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 589,49,77,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (മൃഗസംരക്ഷണ വകുപ്പിന്റെ നേതൃത്വത്തിൽ കർഷകഭവനങ്ങളുടെ ജിയോ മാപ്പിംഗ് പൂർത്തീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. ഉബൈദുള്ള: സർ, മൃഗസംരക്ഷണം എന്ന XXXI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 589,49,77,000 രൂപ ഒരു

രൂപയായി കുറവു ചെയ്യേണ്ടതാണ് (മൃഗസംരക്ഷണവകുപ്പിൽ സംരംഭകത്വം, അടിസ്ഥാനസൗകര്യ വികസനം, മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ വിപണനം എന്നിവയ്ക്കായി കർമ്മപദ്ധതികൾ ആവിഷ്കരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീമതി കെ. കെ. രമ: സർ, മൃഗസംരക്ഷണം എന്ന XXXI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 589,49,77,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (പക്ഷിപ്പനി ബാധയെ തുടർന്ന് ചത്തുപോയതും കൊന്നൊടുക്കിയതുമായ താറാവുകളുടെയും കോഴികളുടെയും ഉടമകൾക്ക് നഷ്ടപരിഹാരം നൽകുന്നതിൽ പരാജയപ്പെട്ടതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. റോജി എം. ജോൺ: സർ, മൃഗസംരക്ഷണം എന്ന XXXI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 589,49,77,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (മൃഗചികിത്സയുമായി ബന്ധപ്പെട്ട് കർഷകർക്കുണ്ടാകുന്ന സാമ്പത്തിക ബാധ്യത

ലഘൂകരിക്കുന്നതിനും മൃഗാശുപത്രികളിൽ ആവശ്യത്തിന് മരുന്നുകൾ ലഭ്യമാക്കുന്നതിനും രാത്രികാല സേവനം ഉറപ്പാക്കുന്നതിനും നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. യു. എ. ലത്തീഫ്: സർ, മൃഗസംരക്ഷണം എന്ന XXXI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 589,49,77,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (രാത്രികാല അടിയന്തര മൃഗചികിത്സാ സേവനങ്ങൾ സംസ്ഥാന വ്യാപകമായി നടപ്പിലാക്കേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, മൃഗസംരക്ഷണം എന്ന XXXI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 589,49,77,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (എല്ലാ താലൂക്കുകളിലും വെറ്ററിനറി പോളിക്ലിനിക്കുകൾ സ്ഥാപിച്ച് ആധുനിക രീതിയിൽ മൃഗചികിത്സാ സംവിധാനം ഒരുക്കേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ടി. ജെ. വിനോദ്: സർ, മൃഗസംരക്ഷണം എന്ന XXXI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 589,49,77,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (ആധുനിക രോഗനിർണ്ണയ സംവിധാനങ്ങൾ ഏർപ്പെടുത്തി മൃഗചികിത്സാ സംവിധാനം പരിഷ്കരിക്കുവാൻ നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കുറുക്കോളി മൊയ്തീൻ: സർ, മൃഗസംരക്ഷണം എന്ന XXXI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 589,49,77,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (വെറ്ററിനറി സ്ഥാപനങ്ങളുടെ ശാക്തീകരണത്തിനായി സമയബന്ധിത നടപടികൾ സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: സർ, മൃഗസംരക്ഷണം എന്ന XXXI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 589,49,77,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (സംസ്ഥാനത്തെ എല്ലാ മൃഗാശുപത്രികളിലും വെറ്ററിനറി ആംബുലൻസ്

സൗകര്യം ഏർപ്പെടുത്താത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. സനീഷ്കുമാർ ജോസഫ്: സർ, മൃഗസംരക്ഷണം എന്ന XXXI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 589,49,77,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (കന്നുകാലി സെൻസസിന്റെ ഭാഗമായി വസ്തുനിഷ്ഠമായ വിവരശേഖരണം നടത്തുവാൻ സാധിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. അനൂപ് ജേക്കബ്: സർ, മൃഗസംരക്ഷണം എന്ന XXXI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 589,49,77,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (മൃഗസംരക്ഷണ സ്ഥിതി വിവരക്കണക്കും സാമ്പിൾ സർവ്വേയും സമയബന്ധിതമായി പൂർത്തീകരിക്കണമെന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

## സൂചക വെട്ടിക്കുറയ്ക്കൽ

മൃഗസംരക്ഷണം എന്ന XXXI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ

വകകൊള്ളിച്ചിട്ടുള്ള 589,49,77,000 രൂപയിൽ നിന്ന് നൂറ് രൂപ കുറവു ചെയ്യേണ്ടതാണ് (പൊതുവായി ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം താഴെപ്പറയുന്ന ബഹുമാനപ്പെട്ട അംഗങ്ങൾ അവതരിപ്പിച്ചു.

1. ടി. സിദ്ദിഖ്
2. ഡോ. മാത്യു കുഴൽനാടൻ
3. ശ്രീ. പി. സി. വിഷ്ണുനാഥ്
4. ശ്രീ. ഐ. സി. ബാലകൃഷ്ണൻ

**ധനാഭ്യർത്ഥന നമ്പർ XXXII - ക്ഷീരവികസനം**

**നയനിരാകരണത്തിനുള്ള വെട്ടിക്കുറയ്ക്കൽ**

ശ്രീ. പി. അബ്ദുൽ ഹമീദ്: സർ, ക്ഷീരവികസനം എന്ന XXXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 144,37,79,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (സംസ്ഥാനത്ത് കാലിത്തീറ്റയുടെ വില വർദ്ധിച്ചത് കാരണം ക്ഷീരകർഷകർ അനുഭവിക്കുന്ന പ്രതിസന്ധി പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം

ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ടി. സിദ്ദിഖ്: സർ, ക്ഷീരവികസനം എന്ന XXXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 144,37,79,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (കാലിത്തീറ്റ, തീറ്റപ്പുൽ എന്നിവയുടെ മിനറൽ മാപ്പിംഗ് നടത്തുന്നതിനും പോഷക സമ്പുഷ്ടമായ തീറ്റ സമ്പ്രദായം, ഗുണനിലവാരമുള്ള അടിസ്ഥാന സൗകര്യങ്ങൾ തുടങ്ങിയവ ഉറപ്പാക്കുന്നതിനും നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ഐ. സി. ബാലകൃഷ്ണൻ: സർ, ക്ഷീരവികസനം എന്ന XXXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 144,37,79,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (സംസ്ഥാനത്ത് തീറ്റപ്പുൽ കൃഷിയിടങ്ങളുടെ വിസ്തൃതി വളരെ കുറഞ്ഞു വരുന്ന സാഹചര്യത്തിൽ വ്യാവസായികമായി തീറ്റപ്പുൽ കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് അനുയോജ്യമായ കൃഷി മാതൃകകൾ നടപ്പാക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, ക്ഷീരവികസനം എന്ന XXXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 144,37,79,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (തെരഞ്ഞെടുക്കപ്പെട്ട ഭരണസമിതികളെ പിരിച്ചുവിട്ട് അഡ്മിനിസ്ട്രേറ്റർമാർക്കും നോമിനേറ്റഡ് അംഗങ്ങൾക്കും വോട്ടവകാശം നൽകി മിൽമയുടെ മേഖലാ ഭരണസമിതിയിലേയ്ക്കുള്ള തെരഞ്ഞെടുപ്പ് അട്ടിമറിക്കാനുള്ള ശ്രമം നടത്തുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, ക്ഷീരവികസനം എന്ന XXXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 144,37,79,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (കാലിത്തീറ്റയുടെ വില വർദ്ധിക്കുന്ന സാഹചര്യത്തിൽ ക്ഷീര കർഷകരുടെ ഉൽപ്പന്നങ്ങൾക്ക് ന്യായവില ഉറപ്പുവരുത്തുന്നതിന് നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ഡോ. മാത്യു കുഴൽനാടൻ: സർ, ക്ഷീരവികസനം എന്ന XXXII-ാം

നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 144,37,79,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (ക്ഷീരകർഷകർക്ക് ആവശ്യമായ വൈക്കോൽ ലഭ്യമാക്കുന്നതിനും കാലിത്തീറ്റ വിലവർദ്ധനവ് നിയന്ത്രിക്കുന്നതിനും നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: സർ, ക്ഷീരവികസനം എന്ന XXXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 144,37,79,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (ക്ഷീരകർഷക ക്ഷേമനിധിയിൽ അംഗങ്ങളായവർക്ക് ആനുകൂല്യങ്ങൾ യഥാസമയം വിതരണം ചെയ്യാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. എ. കെ. എം. അഷ്റഫ്</u>: സർ, ക്ഷീരവികസനം എന്ന XXXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 144,37,79,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (ക്ഷീര വികസന മേഖലയിൽ സ്വയംപര്യാപ്തതയും വൈവിദ്ധ്യവൽക്കരണവും ആധുനികവൽക്കരണവും ലക്ഷ്യമിട്ടുള്ള പദ്ധതികൾ ആസൂത്രണം ചെയ്ത

നടപ്പാക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. യു. എ. ലത്തീഫ്: സർ, ക്ഷീരവികസനം എന്ന XXXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 144,37,79,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (ക്ഷീര കർഷകരെ സഹായിക്കുന്നതിനായി വീട്ടുപടിക്കൽ ചികിത്സാ യൂണിറ്റുകൾ (മൊബൈൽ ടെലി വെറ്ററിനറി) ആരംഭിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കുറുക്കോളി മൊയ്തീൻ: സർ, ക്ഷീരവികസനം എന്ന XXXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 144,37,79,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (ക്ഷീര കർഷകർക്ക് മെഡിക്കൽ ഇൻഷ്വറൻസ് ഏർപ്പെടുത്തേണ്ട ആവശ്യകത ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, ക്ഷീരവികസനം എന്ന XXXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 144,37,79,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (ക്ഷീര വികസന മേഖലയിൽ

ചെറുകിട ഫാമുകൾ പ്രോത്സാഹിപ്പിക്കുന്നത് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. ഉബൈദുള്ള: സർ, ക്ഷീരവികസനം എന്ന XXXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 144,37,79,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (പ്രാഥമിക ക്ഷീര സംഘങ്ങളുടെ വിറ്റുവരവിന്മേൽ ആദായ നികുതി ഏർപ്പെടുത്തിയ നടപടികൾ തിരുത്താൻ കേന്ദ്രസർക്കാരിനോട് ആവശ്യപ്പെടണമെന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. അനൂപ് ജേക്കബ്: സർ, ക്ഷീരവികസനം എന്ന XXXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 144,37,79,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യാ ലിമിറ്റഡിന്റെ പ്രവർത്തനങ്ങളെ സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീമതി കെ. കെ. രമ: സർ, ക്ഷീരവികസനം എന്ന XXXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 144,37,79,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (മിൽക്ക് ഷെഡ് പദ്ധതിയുടെ ഭാഗമായി

നല്ലയിനം പശുക്കളെ സർക്കാർ ഗ്യാരന്റിയോടെ വാങ്ങുന്നതിനുള്ള സംവിധാനം ഒരുക്കുന്നതിൽ പരാജയപ്പെട്ടതായും പദ്ധതിയുടെ ഭാഗമായ കർഷകർ വഞ്ചിക്കപ്പെടാനിടയായതായും പറയപ്പെടുന്ന സാഹചര്യം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

**സൂചക വെട്ടിക്കുറയ്ക്കൽ**

ക്ഷീരവികസനം എന്ന XXXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 144,37,79,000 രൂപയിൽ നിന്ന് നൂറ് രൂപ കുറവു ചെയ്യേണ്ടതാണ് (പൊതുവായി ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം താഴെപ്പറയുന്ന ബഹുമാനപ്പെട്ട അംഗങ്ങൾ അവതരിപ്പിച്ചു.

1. ശ്രീമതി ഉമ തോമസ്
2. ശ്രീ. സണ്ണി ജോസഫ്
3. ശ്രീ. സനീഷ്കുമാർ ജോസഫ്
4. ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ
5. ശ്രീ. ടി. ജെ. വിനോദ്

6. ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)

7. ശ്രീ. റോജി എം. ജോൺ

**ചർച്ച**

ശ്രീ. ഡി. കെ. മുരളി: സർ, ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർത്ഥനയെയും മൃഗസംരക്ഷണം എന്ന XXXI-ാം നമ്പർ ധനാഭ്യർത്ഥനയെയും ക്ഷീരവികസനം എന്ന XXXII-ാം നമ്പർ ധനാഭ്യർത്ഥനയേയും ഞാൻ അനുകൂലിക്കുകയാണ്. ബഹുമാനപ്പെട്ട ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രിയെ അഭിനന്ദിക്കാൻ ഞാൻ ഈ അവസരം ഉപയോഗിക്കുകയാണ്. ഇന്ന് മലയാള മനോരമ ദിനപ്പത്രത്തിൽ ഒരു എഡിറ്റോറിയൽ ഉണ്ടായിരുന്നു. 'നിരാലംബരുടെ വയററത്തടിക്കുന്നു'- അഗതികൾക്കും അനാഥമന്ദിരങ്ങൾക്കും പാലിയേറ്റീവ് കെയർ സെന്റർ നടത്തുന്ന അശരണർക്കുമൊക്കെ കൊടുത്തുകൊണ്ടിരുന്ന ഭക്ഷ്യാനുകൂല്യം നിർത്തലാക്കാൻ കേന്ദ്രസർക്കാർ തീരുമാനിച്ചു എന്നതായിരുന്നു ആ വാർത്ത. ഇത്തരത്തിലുണ്ടാകുന്ന ബാധ്യത കേരള സർക്കാർ ഏറ്റെടുക്കുമെന്ന് ബഹുമാനപ്പെട്ട ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി അസന്നിദ്ധമായി പറഞ്ഞിരിക്കുകയാണ്. ബഹുമാനപ്പെട്ട അംഗം ശ്രീ. പി. എസ്. സുപാൽ

അവതരിപ്പിച്ച സബ്മിഷന് മറുപടിയായിട്ടാണ് അദ്ദേഹം ഇക്കാര്യം സൂചിപ്പിച്ചത്. ഇതാണ് എൽ.ഡി.എഫ്. സർക്കാരിന്റെ സമീപനവും കരുതലും. കേരളത്തിലെ ജനങ്ങളെ, പ്രത്യേകിച്ച് നിരാലംബരെ ചേർത്തുപിടിക്കാൻ കാണിക്കുന്ന ഈ ഔത്സുക്യത്തെ അഭിനന്ദിക്കാതിരിക്കാൻ നിവൃത്തിയില്ല. കേരളത്തിൽ 1965 മുതലാണ് പൊതുവിതരണ സമ്പ്രദായം (പി.ഡി.എസ്.) നിലവിൽവന്നത്. വളരെ മാതൃകാപരമായിട്ടാണ് അത് മുന്നോട്ടുപോയിക്കൊണ്ടിരുന്നത്. എന്നാൽ നവ ഉദാരവത്കരണ നയങ്ങൾ നിലവിൽവന്നതിനുശേഷം അത് (റ്റി.ഡി.എസ്.) ടാർജറ്റഡ് ഡിസ്ട്രിബ്യൂഷൻ സിസ്റ്റമായി മാറി. അതിനുശേഷമാണ് നമുക്കേവർക്കുമറിയാവുന്നതുപോലെ എ.പി.എൽ., ബി.പി.എൽ. തരംതിരിവുകൾ നിലവിൽ വന്നതും അതോടെ വലിയൊരു വിഭാഗം ജനങ്ങൾ റേഷൻ ആനുകൂല്യങ്ങൾ ലഭിക്കുന്നതിൽനിന്നും പുറത്തായതും. ഇതിലൂടെ 55 ശതമാനം ഉപഭോക്താക്കൾ പൊതുവിതരണ സമ്പ്രദായത്തിൽനിന്നും പുറത്തുപോയ അനുഭവമാണ് ഉണ്ടായിട്ടുള്ളത്. അതിനുശേഷം 2013-ൽ ഭക്ഷ്യഭദ്രതാനിയമം (എൻ.എഫ്.എസ്.എ.) നിലവിൽവന്നതോടുകൂടി റേഷൻ വിഹിതത്തിൽ വീണ്ടും വെട്ടികുറവുണ്ടായി.

ആ അനുഭവംകൂടി നാം മനസ്സിലാക്കണം. ഒരു ഉപഭോക്തൃ സംസ്ഥാനമെന്ന നിലയിൽ, വലിയ തോതിൽ പ്രതികൂലമായി ബാധിക്കാവുന്ന ഒരു നിയമമാണത്. 2011-2016 കാലഘട്ടത്തിൽ അധികാരത്തിലുണ്ടായിരുന്ന യു.ഡി.എഫ്. ഗവൺമെന്റ് അതിനെ ശക്തമായി എതിർക്കുന്നതിനോ സംസ്ഥാനത്തിന്റെ താൽപ്പര്യം സംരക്ഷിക്കുന്നതിനോ പരിശ്രമിച്ചില്ലെന്ന് മാത്രമല്ല, മുൻഗണനാക്രമമനുസരിച്ചുള്ള ലിസ്റ്റ് തയ്യാറാക്കാൻപോലും തയ്യാറായില്ല. 2016-ൽ അധികാരത്തിൽവന്ന എൽ.ഡി.എഫ്. ഗവൺമെന്റാണ് അക്കാര്യത്തിൽ ഒരു സമീപനം സ്വീകരിച്ചതും തുടർന്ന് ഭക്ഷ്യ ഭദ്രതാനിയമം കേരളത്തിൽ നടപ്പാക്കിക്കൊണ്ട്, മുൻഗണനാക്രമമനുസരിച്ച് ലിസ്റ്റ് തയ്യാറാക്കുകയും റേഷൻ വിഹിതം പുനഃസ്ഥാപിക്കുകയും ചെയ്തത്. ഇതെല്ലാം നമ്മൾ മനസ്സിലാക്കണം. എൻ.എഫ്.എസ്.എ. നിയമം നിലവിൽവന്നതിനുശേഷം 43 ശതമാനം പേർക്കായി മുൻഗണനാനുകൂല്യങ്ങൾ പരിമിതപ്പെട്ടുപോയി. കേരളം ഈ അവസ്ഥയിലായിരിക്കെ, ബീഹാറിൽ 85.12 ശതമാനവും മദ്ധ്യപ്രദേശിൽ 80.10 ശതമാനവും ഉത്തർപ്രദേശിൽ 79.56 ശതമാനവും പേർക്കാണ് മുൻഗണനാ വിഭാഗങ്ങൾക്കുള്ള ആനുകൂല്യത്തിന് അർഹതയുള്ളത്. കേരളം

എത്രകണ്ട് അവഗണിക്കപ്പെടുന്നുവെന്നുള്ളതിന്റെ തെളിവാണിത്. കേന്ദ്ര ഗവൺമെന്റ് വിഹിതം വർദ്ധിപ്പിക്കാതെ കേരളത്തിന് മുന്നോട്ടുപോകാൻ കഴിയില്ല. ഈയൊരു പശ്ചാത്തലത്തിൽ കേരളത്തിലെ ഭക്ഷ്യ-സിവിൽ സപ്ലൈസ് വകുപ്പ് ഇതൊക്കെ എങ്ങനെയാണ് കൈകാര്യം ചെയ്യുന്നതെന്ന് വിലയിരുത്തേണ്ടതാണ്. ഈ സന്ദർഭത്തിലും വിശപ്പുരഹിത കേരളം സൃഷ്ടിക്കാൻ സംസ്ഥാന സർക്കാരിന് കഴിഞ്ഞുവെന്നുള്ളത് ചെറിയ കാര്യമല്ല. കോവിഡ് മഹാമാരി ലോകത്താകമാനം വ്യാപിച്ചിട്ടുണ്ടെന്ന് നമുക്കെല്ലാവർക്കുമറിയാം. പല തരത്തിലും ഈ ഗവൺമെന്റ് നടത്തിയ നടപടികളെ വിമർശിക്കുന്നുമുണ്ട്. പക്ഷെ, കോവിഡ് കാലഘട്ടത്തിൽ 13 തവണ, എൺപത്തിയഞ്ച് ലക്ഷത്തോളംവരുന്ന കേരളത്തിലെ കുടുംബങ്ങളിൽ ഭക്ഷ്യക്കിറ്റ് എത്തിക്കാൻ കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റിന് കഴിഞ്ഞു. ആവശ്യമായ ഘട്ടങ്ങളിൽ ഈ ഗവൺമെന്റും അത് തുടരുകയും ചെയ്യും. വിശപ്പുരഹിത കേരളം സൃഷ്ടിക്കുകയെന്ന കാര്യത്തിൽ വിജയം കൈവരിക്കാൻ കേരളത്തിന് കഴിഞ്ഞു. അതുസംബന്ധിച്ച കണക്കുകൾ ലഭ്യമാണ്. കേന്ദ്ര ഗവൺമെന്റുതന്നെ പുറത്തുവിട്ട സൂചികപ്രകാരം ഏറ്റവും കുറവ് പട്ടിണിയുള്ള സംസ്ഥാനമായി കേരളം

മാറിയിരിക്കുകയാണ്. എന്നാൽ ഇന്ത്യയുടെ പൊതുസ്ഥിതി അതല്ലെന്നതുകൂടി കാണണം. ലോകത്തുള്ള നൂറ്റിപ്പതിമൂന്നോളം രാജ്യങ്ങളുടെ കണക്കെടുക്കുമ്പോൾ ഇന്ത്യ 101-ാം സ്ഥാനത്ത് നിൽക്കുകയാണ്. വളരെ പരിതാപകരമായ അവസ്ഥയിൽ ഇന്ത്യ നിൽക്കുമ്പോൾ, അതിൽനിന്നും വ്യത്യസ്തമായ ഒരു സംസ്ഥാനമായി കേരളത്തിന് മാറാൻ കഴിഞ്ഞു. സ്വിറ്റ്സർലന്റാകാൻ കേരളം വെമ്പൽ കൊള്ളുന്നുവെന്ന് നേരത്തെ പ്രതിപക്ഷ നേതാവ് കളിയാക്കിക്കൊണ്ട് പറയുമ്പോൾ ഈ യാഥാർത്ഥ്യങ്ങൾ മറന്നുപോകരുതെന്നാണ് എനിക്ക് പറയാനുള്ളത്. സ്കാന്റിനേവിയൻ രാജ്യങ്ങളുടെ രൂപത്തിൽ ആഹ്ലാദകരമായ സമൂഹത്തെ വാർത്തെടുക്കാനുള്ള വലിയ പരിശ്രമത്തിലാണ് ഈ ഗവൺമെന്റ്. ഏത് വകുപ്പുകൾ പരിശോധിച്ചാലും അതിനുള്ള നടപടികളുമായാണ് സർക്കാർ മുന്നോട്ടുപോകുന്നതെന്ന് കാണാൻ കഴിയും. എന്തിനാണ് നിങ്ങൾ അതിനെ മറച്ചുവയ്ക്കുന്നത്; ഏതെല്ലാം തരത്തിലുള്ള ദ്രോഹങ്ങളാണ് കേന്ദ്ര ഗവൺമെന്റ് ചെയ്തുകൊണ്ടിരിക്കുന്നത്. മണ്ണെണ്ണയ്ക്ക് ഏറ്റവും ഉയർന്ന വിലയാണ് ഈടാക്കുന്നത്. ഇപ്പോൾ ഒരു ലിറ്റർ മണ്ണെണ്ണയുടെ വില 102 രൂപയിൽ എത്തിനിൽക്കുകയാണ്. നമ്മുടെ നാട്ടിലെ മത്സ്യത്തൊഴിലാളികളും മണ്ണെണ്ണ

ഉപഭോക്താക്കളുമെല്ലാം കഷ്ടപ്പെടുകയാണ്. ഇങ്ങനെയൊരു ശത്രുതാ മനോഭാവമാണ് കേന്ദ്ര ഗവൺമെന്റ് സ്വീകരിക്കുന്നത്. അതിനെ അതിജീവിച്ചാണ് നമുക്ക് മുന്നോട്ടുപോകേണ്ടിവരുന്നതെന്നുള്ളത് മറന്നുപോകരുത്. ഗോതമ്പിന്റെ കാര്യമെടുത്താലും സ്ഥിതി വ്യത്യസ്തമല്ല. റേഷൻ കടകൾവഴി ലഭിക്കുന്ന മണ്ണെണ്ണ, മൂന്നും നാലും മാസത്തിലൊരിക്കൽ ലഭിക്കുന്ന അവസ്ഥയിലേയ്ക്ക് കാര്യങ്ങൾ മാറിയിരിക്കുന്നു. ഈ അവസ്ഥയിൽപ്പോലും കേരളത്തിലെ ജനങ്ങളുടെ താൽപ്പര്യങ്ങൾ സംരക്ഷിക്കുന്നതിനുവേണ്ടിയുള്ള നിലപാടുകളുമായി മുന്നോട്ടുപോകുന്നുവെന്നുള്ളതാണ് ഈ ഗവൺമെന്റിന്റെ നേട്ടം. അതിന് ഈ വകുപ്പിനെ ആവർത്തിച്ച് അഭിനന്ദിക്കുകയാണ്. മാനദണ്ഡങ്ങൾക്ക് വിരുദ്ധമായി കൈവശം വച്ചിരിക്കുന്ന മുൻഗണനാകാർഡുകൾ പിഴയോ ശിക്ഷയോ കൂടാതെ സറണ്ടർ ചെയ്യുന്നതിനുള്ള അവസരം ഈ ഗവൺമെന്റ് നൽകി. അക്കാര്യത്തിൽ നല്ല റിസൾട്ടാണ് ലഭിച്ചത്. 14,701 എ.എ.വൈ.- മഞ്ഞ കാർഡുകളും 90,798 പി.എച്ച്.എച്ച്.- പിങ്ക് കാർഡുകളും 66,813 എൻ.പി.എസ്.- നീലക്കാർഡുകളുൾപ്പെടെ 1,72,312 കാർഡുകൾ സർക്കാരിലേയ്ക്ക് സ്വമേധയാ ജനങ്ങൾ സറണ്ടർ ചെയ്തു. അതിന്റെ ഭാഗമായി

ഈ ഗവൺമെന്റിന്റെ കാലത്ത് 1,53,482 കുടുംബങ്ങൾക്ക് കാർഡ് തരംമാറ്റി നൽകാൻ കഴിഞ്ഞുവെന്നുള്ളതാണ് നേട്ടം. നൂറുദിന കർമ്മ പരിപാടിയുടെ ഭാഗമായി ഒരു ലക്ഷം മുൻഗണനാകാർഡുകളും നൽകി. അങ്ങനെ ഈ സർക്കാർ 2,29,680 പുതിയ റേഷൻ കാർഡുകൾ, (സറണ്ടർ ചെയ്ത റേഷൻ കാർഡുകൾ കൂടാതെ) വിതരണം ചെയ്തുവെന്ന കാര്യം മനസ്സിലാക്കണം. ജനങ്ങളെ സഹായിച്ചുകൊണ്ട് ഏത് പ്രതിസന്ധികളെയും അതിജീവിക്കാനുള്ള കർമ്മ പദ്ധതികളുമായിട്ടാണ് ഈ ഗവൺമെന്റ് പോകുന്നവെന്നുള്ളതിന്റെ ഏറ്റവും വലിയ തെളിവാണിത്. ഇങ്ങനെ മുന്നോട്ടുപോകുമ്പോൾ ഇതൊന്നും കണ്ടില്ലെന്ന് നടിച്ച് ഈ ഗവൺമെന്റിനെതിരെ ആക്ഷേപങ്ങളും മറ്റും ചൊരിഞ്ഞുനിൽക്കുകയാണ് പ്രതിപക്ഷം. പ്രതിപക്ഷത്തിന്റെ കള്ളത്തരങ്ങൾ അനുദിനം വെളിച്ചത്ത് വന്നുകൊണ്ടിരിക്കുകയാണ്. അവരുടെ ആർ.എസ്.എസ്./ബി.ജെ.പി. ബന്ധം കൂടുതൽ സുവ്യക്തമാകുന്ന വിവരങ്ങൾ പുറത്തുവരികയാണ്. ഒരു ഘട്ടത്തിൽ സി.പി.ഐ.(എം)-നെ ആക്ഷേപിക്കാൻവേണ്ടി വ്യാജ പ്രചരണങ്ങൾ നടത്തുകയാണ്. ഒരു സ്വപ്നാ സുരേഷിന്റെ ചുറ്റും കിടന്നുകറങ്ങി അതിൽനിന്നും ആരോപണങ്ങൾ ഉയർത്തിയെടുക്കുകയാണ് അവരുടെ

ലക്ഷ്യം. കേന്ദ്ര ഗവൺമെന്റ് ഈ ഗവൺമെന്റിനോട് കാണിക്കുന്ന ശത്രുതാ മനോഭാവത്തിന്റെ ഗൗരവം മനസ്സിലാക്കാതെയും അതിനെതിരെ പ്രതികരിക്കാതെയും അവരുമായി കൂട്ടുകൂടുകയാണ്. തെരഞ്ഞെടുപ്പുകളിൽ ജയിക്കുന്നതിനായി ഇത്തരം കൂട്ടരുടെ ബാന്ധവം രഹസ്യമായും പരസ്യമായും എല്ലാകാലത്തും സൃഷ്ടിച്ചെടുത്തതിന്റെകൂടി ഭാഗമാണിത്. അവരെ രക്ഷിക്കുന്നതിനുവേണ്ടിയുള്ള നടപടികളാണ് ഇതെല്ലാം. ആർ.എസ്.എസ്.-ലും ബി.ജെ.പി.-യിലും വേണ്ടിവന്നാൽ പോകുമെന്ന് പരസ്യമായി പ്രഖ്യാപിച്ച ഒരു നേതാവ് നയിക്കുന്ന പാർട്ടിയാണ് അവരുടേത്. ആ പാർട്ടിയുടെ ഇന്നത്തെ പ്രതിപക്ഷ നേതാവ്, അവരുടെ തിണ്ണനിരങ്ങി വോട്ടുപിടിക്കാൻ പോയ വാർത്തകൾ തെളിവുസഹിതം അവർതന്നെ പുറത്തുവിട്ടിരിക്കുകയാണ്, അതാണ് ഇന്നത്തെ അവസ്ഥ. നിങ്ങളിൽ ആരാണ് ആദ്യം ബി.ജെ.പി.-യിലേയ്ക്കും ആർ.എസ്.എസ്.-ലേയ്ക്കും ചേക്കേറുന്നതെന്നതിനെ സംബന്ധിച്ച് നിങ്ങളുടെ തർക്കംമാത്രമെ ബാക്കിയുള്ളൂ. നിങ്ങൾ ആർ.എസ്.എസ്.-ഉം ബി.ജെ.പി.-യുമായി രഹസ്യവും പരസ്യവുമായ ബന്ധത്തിലൂടെയാണ് മുന്നോട്ടുപോകുന്നതെന്ന് എല്ലാവർക്കും മനസ്സിലായി. നമ്മുടെ നാടിന്റെ മതേതര താൽപ്പര്യത്തെയും

നാടിന്റെ വികസന സങ്കൽപ്പത്തെയും നാടിന്റെ മുന്നോട്ടുള്ള പ്രയാണത്തെയുമാണ് അത് നശിപ്പിക്കുന്നത്. അത് നിങ്ങൾ മറന്നുപോകരുത്. കേന്ദ്ര ഗവൺമെന്റ് നട<u>ത്തു</u>ന്ന തെറ്റായ നയങ്ങൾക്കെതിരെ ഒന്നിച്ചുനിന്നുപോരാടാനുള്ള സന്നദ്ധത നിങ്ങൾ പ്രകടിപ്പിക്കാതെ ജനങ്ങളെ പറ്റിക്കുകയാണ്. അധികാരത്തിനുവേണ്ടി മുസ്ലീം ലീഗ് അതിന് കൂട്ടുനിൽക്കുകയാണ്. പക്ഷെ നിങ്ങളെ വിശ്വസിച്ചുനിൽക്കുന്ന ഒരു സമൂഹമുണ്ട്. എത്ര കാലം നിങ്ങൾക്ക് അവരെ പറ്റിക്കാൻ കഴിയുമെന്നുകൂടി ആലോചിച്ച് പോകുന്നത് നല്ലതാണെന്നാണ് എനിക്ക് പറയാനുള്ളത്. ഇക്കൂട്ടത്തിൽ ഒന്നുരണ്ടുകാര്യങ്ങൾകൂടി സൂചിപ്പിക്കുകയാണ്. സ്കൂൾ കുട്ടികൾക്ക് ഉച്ചഭക്ഷണത്തിന് അനുവദിക്കുന്ന അരി, പൊതുവിദ്യാഭ്യാസ വകുപ്പുമായി ചർച്ച ചെയ്ത് റേഷൻ കടകൾവഴി വിതരണം ചെയ്യാൻ കഴിഞ്ഞാൽ നല്ലയിനം അരി കുട്ടികൾക്ക് ലഭിക്കുന്നതിന് ഉപകരിക്കുമെന്ന ഒരു നിർദ്ദേശം മുന്നോട്ടുവയ്ക്കുകയാണ്. ബ്ലോക്ക്-താലൂക്ക് തലത്തിൽ എൻ.എഫ്.എസ്.എ. നിർദ്ദേശിക്കുന്നതുപ്രകാരമുള്ള ശാസ്ത്രീയമായ ഗോഡൗണുകൾ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതുണ്ടെന്നുകൂടി സൂചിപ്പിക്കുകയാണ്. മൃഗസംരക്ഷണ,

ക്ഷീരവികസന വകുപ്പുകളിലും ഈ കാലഘട്ടത്തിൽ അഭിവൃദ്ധിയുണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ട്. പാലുൽപ്പാദന രംഗത്ത് ഏകദേശം സ്വയംപര്യാപ്തതയിലെത്താൻ കഴിഞ്ഞിട്ടുണ്ടെന്നുള്ളത് ചെറിയ കാര്യമല്ല. ചില പ്രതിസന്ധികളുണ്ടായെങ്കിലും ആ തരത്തിലേയ്ക്ക് മുന്നോട്ടുപോകാൻ കഴിയുന്നുണ്ട്. അതുപോലെതന്നെ രോഗ നിരീക്ഷണത്തിലും നിർണ്ണയത്തിലും പരിശോധനയിലും വിവിധയിനം വാക്സിനുകളെല്ലാം ഉൽപ്പാദിപ്പിച്ച് മുന്നോട്ടുപോകാൻ ഈ ഗവൺമെന്റിന് കഴിയുന്നുണ്ട്. എന്റെ മണ്ഡലത്തിൽപ്പെട്ട പാലോട് IAH&VB (Institute Of Animal Health And Veterinary Biologicals) എന്ന ഇൻസ്റ്റിറ്റ്യൂട്ടിലൂടെ ഇവയുടെ ഉൽപ്പാദനവും പരിപാലനവും നടക്കുന്നതും മൃഗസംരക്ഷണ വകുപ്പിന്റെ മേൽനോട്ടത്തിലാണ്. അതിന് മൃഗസംരക്ഷണ വകുപ്പിനെ അഭിനന്ദിച്ചുകൊണ്ടും ഈ ധനാഭ്യർത്ഥനകളെ ഒരിക്കൽക്കൂടി അനുകൂലിച്ചുകൊണ്ടും എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

<u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u>: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ ശക്തിയുക്തം എതിർക്കുകയാണ്. ഈ വകുപ്പിന് സന്തോഷിക്കാൻ പറ്റുന്ന ഒരേയൊരു കാര്യം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ

ഔദ്യോഗിക വസതിയായ ക്ലിഫ് ഹൗസിൽ നാൽപ്പത്തിരണ്ട് ലക്ഷം രൂപ മുടക്കി കാലിത്തൊഴുത്ത് പണിയുന്നുവെന്ന സന്തോഷകരമായ കാര്യം മാത്രമാണ്. അതിൽ പുളകിതനായിട്ടാണ് ഞാൻ ഇപ്പോൾ സംസാരിക്കുന്നതും ചർച്ചയിൽ പങ്കെടുക്കുന്നതും. തൊഴുത്ത് നിർമ്മിച്ചുകഴിഞ്ഞാൽ പിന്നെ നല്ലയിനം പശുക്കളെ വളർത്തി അവറ്റകളുടെ അമർച്ച കേട്ട് ബഹുമാനപ്പെട്ട മന്ത്രിയുടെ വകുപ്പിന് തുടർന്നും കുളമ്പുരോഗത്തിനുള്ള സൗജന്യ കുത്തിവയ്പ്പ് ക്ലിഫ് ഹൗസിൽനിന്നുതന്നെ തുടങ്ങാമെന്നുള്ളതാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. ആവശ്യമെങ്കിൽ എന്റെ നിയോജകമണ്ഡലമായ പെരുമ്പാവൂരിൽനിന്ന് കോടനാട് കുള്ളൻ, കുട്ടനാട് കുള്ളൻ തുടങ്ങിയ നല്ലയിനം പശുക്കളെ നൽകാം. സൗജന്യമായി ഞാൻ പശുക്കളെ നൽകാമെന്ന് പറയുന്നത് ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് അധികാരം വിട്ടൊഴിയുമ്പോൾ കൂടെ കൊണ്ടുപോകാൻ ഒരു പശുക്കുട്ടിയെങ്കിലും ഉണ്ടാകട്ടെയെന്ന് കരുതിയിട്ടാണ്. നമ്മുടെ രാജ്യത്തിന്റെ കാർഷിക ജി.ഡി.പി. കാർഷികമേഖലയിൽ ഒരു ശതമാനം വളർച്ച കൈവരിക്കണമെങ്കിൽ മൃഗസംരക്ഷണമേഖലയിൽ 2.25 ശതമാനം വളർച്ച കൈവരിക്കണം. അതായത്, താരതമ്യേന കാർഷികമേഖലയുടെ ഒരു

ശതമാനം വളർച്ച കൈവരിക്കുന്നതിനേക്കാൾ എളുപ്പമാണ് മൃഗസംരക്ഷണമേഖലയിൽ 2.25 ശതമാനം വളർച്ച കൈവരിക്കുകയെന്നത്. മൃഗസംരക്ഷണ-ക്ഷീരവികസന മേഖലകളിൽ ഒട്ടേറെ സാധ്യതകൾ നമുക്കുണ്ടെന്നുള്ളതാണ് ഇത് വ്യക്തമാക്കുന്നത്. പക്ഷേ ഇത് വേണ്ടരീതിയിൽ സംസ്ഥാന ഗവൺമെന്റ് പ്രയോജനപ്പെടുത്തുന്നില്ലായെന്നുള്ളതാണ് ഏറ്റവും പരമപ്രധാനമായ സത്യം. 1960-കളിൽ സങ്കര പ്രജനനം അതായത് ഇൻഡോ-സ്വിസ് പ്രോജക്ട് വഴിയുണ്ടാക്കിയിട്ടുള്ള നേട്ടം തുടർന്നുകൊണ്ടുപോകുന്നതിൽ സംസ്ഥാന മൃഗസംരക്ഷണ വകുപ്പിന് കഴിഞ്ഞിട്ടില്ലായെന്നുള്ളത് ബഹുമാനപ്പെട്ട വകുപ്പുമന്ത്രി പ്രത്യേകം പരിശോധിക്കണം. അടുത്തിടെ രാജ്യത്ത് ഹൈദരാബാദ് കേന്ദ്രീകൃതമായ National Institute of Agricultural Extension Management എന്ന ദേശീയ ഗവേഷണ കേന്ദ്രം നടത്തിയ പഠനത്തിൽ മൂവായിരം കർഷക ആത്മഹത്യകൾ നടന്നപ്പോൾ അതുമായി ബന്ധപ്പെട്ടുള്ള പൊതുപഠനത്തിൽ ഉപാധികളില്ലാതെ വരുന്നത് മൃഗസംരക്ഷണവുമായി ബന്ധപ്പെട്ട മേഖലകളിൽ മാത്രമാണ്. ക്ഷീരമേഖലയിലും മൃഗസംരക്ഷണമേഖലയിലും ആത്മഹത്യ ചെയ്യുന്നവരുടെ

എണ്ണം കുറവാണ്. കൃഷിയുമായി ബന്ധപ്പെട്ടാണ് കൂടുതൽ ആത്മഹത്യകൾ നടക്കുന്നുവെന്നുള്ളതുകൊണ്ട് മൃഗസംരക്ഷണ മേഖലയ്ക്ക് നമ്മൾ ഏറെ പ്രാധാന്യം നൽകിയാൽ നമുക്ക് ഈ മേഖലയിൽ കൂടുതൽ തൊഴിലവസരമുണ്ടാക്കാൻ കഴിയും. ഞാനൊരു കാര്യംകൂടി സൂചിപ്പിക്കുകയാണ്. കാർഷിക മേഖലയിൽ കൃഷിക്കാരന് ഒരു വർഷം കിട്ടുന്ന തൊഴിൽ ദിനങ്ങൾ നൂറ്റി ഇരുപത് ദിവസങ്ങൾ മാത്രമാണ്. കാരണം മഴയുൾപ്പെടെയുള്ള പ്രകൃതിക്ഷോഭങ്ങളും മറ്റും കാരണം അവസരങ്ങൾ കിട്ടുന്നില്ല. പക്ഷേ, മൃഗസംരക്ഷണമേഖലയിൽ ഒരു വർഷം 365 തൊഴിൽ ദിനങ്ങൾ കിട്ടുമെന്നുള്ള കാര്യം നമ്മൾ മറന്നുപോകരുത്. നിർഭാഗ്യവശാൽ, പ്രത്യേകിച്ച് മൃഗസംരക്ഷണമേഖലയിൽ കന്നുകാലികളായാലും ഇറച്ചി കോഴികളായാലും അതുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ നമ്മൾ വേണ്ടത്ര രീതിയിലുള്ള പഠനങ്ങൾ നടത്തുന്നില്ല. അതോടൊപ്പംതന്നെ കേന്ദ്രാവിഷ്കൃത പദ്ധതികൾ നടപ്പിലാക്കുന്ന കാര്യത്തിലും ഫണ്ട് വാങ്ങിയെടുക്കുന്ന കാര്യത്തിലും നമുക്ക് പാകപ്പിഴകൾ സംഭവിക്കുന്നുണ്ടെന്നുള്ളതും യാഥാർത്ഥ്യമാണ്. കേന്ദ്രാവിഷ്കൃത പദ്ധതികൾ കൊണ്ടുവന്നാൽ നമുക്ക് ഒരു വർഷം 3,000-4,000 കോടി രൂപ വരെ സബ്സിഡി ഇനത്തിൽ

പാവപ്പെട്ട കർഷകർക്ക് നൽകാൻ കഴിയുന്ന സാഹചര്യമുണ്ട്. നമുക്കെല്ലാവർക്കുമറിയാവുന്നതുപോലെ കേരളത്തിലെ എല്ലാ പഞ്ചായത്തുകളിലും മൃഗാശുപത്രികളുണ്ട്. മൃഗാശുപത്രികൾ ഏറ്റവും കൂടുതലുള്ള സംസ്ഥാനമാണ് കേരളമെന്നുള്ളത് യാഥാർത്ഥ്യമാണ്. പക്ഷേ ഫലപ്രദമായ ചികിത്സയ്ക്കുവേണ്ടി കർഷകൻ ഇപ്പോഴും നെട്ടോട്ടം ഓടേണ്ട അവസ്ഥയാണ് കേരളത്തിലുള്ളത്. ഇവിടെ രാത്രികാലങ്ങളിലും ബ്ലോക്ക് പഞ്ചായത്ത് അടിസ്ഥാനത്തിൽ വേണ്ടരീതിയിലുള്ള ചികിത്സാ സൗകര്യമുണ്ടെന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞെങ്കിലും അതെല്ലാം പേപ്പറിൽതന്നെ ഒതുങ്ങി നിൽക്കുന്നുവെന്നുള്ളതാണ് യാഥാർത്ഥ്യം. മൃഗസംരക്ഷണ മേഖലയിലെ ഏറ്റവും വലിയ പ്രശ്നം, കഴിഞ്ഞ മുപ്പത് വർഷത്തിനുള്ളിൽ കന്നുകാലിത്തീറ്റയുടെ വിലയിൽ 255 ശതമാനം വർദ്ധനവുണ്ടായിയെന്നതാണ്. പക്ഷേ പാലിന്റെ വില വർദ്ധനവ് 60 ശതമാനം മാത്രമെ ഉണ്ടായിട്ടുള്ളൂ. നമ്മുടെ ഉൽപ്പാദന ചെലവ് വർദ്ധിക്കുകയും വരുമാനം കുറയുകയും ചെയ്യുന്ന സാഹചര്യമാണുണ്ടാകുന്നത്. അതോടൊപ്പംതന്നെ പാലുല്പന്നങ്ങളുടെ മൂല്യവർദ്ധിത ഉല്പന്നങ്ങൾ ഉണ്ടാക്കിയെടുക്കുന്നതിനായി കർഷകർക്ക് വേണ്ടത്ര സൗകര്യങ്ങളോ

പദ്ധതികളോ ആവിഷ്കരിച്ച് നടപ്പിലാക്കുന്നില്ലയെന്നുള്ളത് ഒരു യാഥാർത്ഥ്യമാണ്. കൂടാതെ ക്ലസ്റ്റർ അടിസ്ഥാനത്തിലോ കമ്മ്യൂണിറ്റി അടിസ്ഥാനത്തിലോ പുതിയ പദ്ധതികൾ ആരംഭിക്കുന്നില്ലായെന്നുള്ളതും പ്രധാനപ്പെട്ട കാര്യമാണ്. 47-ാമത് ജി.എസ്.ടി. കൗൺസിലിൽ ക്ഷീരമേഖലയ്ക്ക് എതിരായിട്ടുള്ള ഒരു തീരുമാനം കേന്ദ്ര ഗവൺമെന്റ് സ്വീകരിച്ചിരുന്നു. പാലിന് ജി.എസ്.ടി. ഉണ്ടായിരുന്നില്ല. പക്ഷേ, ഐസ്ക്രീം, പനീർ തുടങ്ങിയവയ്ക്ക് ചെറിയ തോതിൽ ജി.എസ്.ടി. ഉണ്ടായിരുന്നു. തൈര്, മോര്, ലെസി ഇവയ്ക്കൊന്നും ജി.എസ്.ടി. ഉണ്ടായിരുന്നില്ല. നമ്മുടെ നാട്ടിലെ പല ആളുകളും തൈര്, മോര്, ലെസി ഒക്കെ വിറ്റിട്ടാണ് ജീവിച്ചുപോകുന്നത്. ഇപ്പോൾ അഞ്ച് ശതമാനം ജി.എസ്.ടി. ചുമത്തുന്ന നിലയിലേയ്ക്ക് കാര്യങ്ങൾ വന്നപ്പോൾ സ്വാഭാവികമായും പാവപ്പെട്ട കർഷകന് ലഭിക്കുന്ന വരുമാനം കുറഞ്ഞുവരുന്നുയെന്നുള്ളത് യാഥാർത്ഥ്യമാണ്. ക്ഷീരമേഖലയിൽ ക്ഷീരോത്പാദന മെഷിനറികളുണ്ട്. അവയ്ക്ക് പന്ത്രണ്ടുശതമാനം ജി.എസ്.ടി. ഉണ്ടായിരുന്നത് ഇപ്പോൾ പതിനെട്ട് ശതമാനമായി വർദ്ധിപ്പിച്ചു. ഇങ്ങനെ വരുമ്പോൾ പാലിന്റെ ഉത്പാദന ചെലവ് വർദ്ധിച്ചുവരുന്ന ഒരു സാഹചര്യമുണ്ടാകുകയും വൻകിട

കോർപ്പറേറ്റുകൾ ഈ മേഖലയിൽ കടന്നുവരികയും ഈ മേഖല ശോഷിച്ചുപോകുകയും ചെയ്യുമെന്ന കാര്യം ഞാൻ സൂചിപ്പിക്കുകയാണ്. കാർഷിക സർവ്വകലാശാലയെ കേരള കാർഷിക സർവ്വകലാശാല, കേരള വെറ്ററിനറി സർവ്വകലാശാല, കേരള ഫിഷറീസ് സർവ്വകലാശാല എന്നിങ്ങനെ മൂന്നായി വിഭജിച്ചുയെന്നുള്ളതാണ് മറ്റൊരു പ്രതിസന്ധി. ഈ മൂന്ന് സർവ്വകലാശാലകളിലും പഠിക്കുന്ന കുട്ടികളുടെ എണ്ണം രണ്ടായിരത്തിന് താഴെ മാത്രമാണ്. ഒരു വർഷത്തെ മൊത്തം ചെലവ് കണക്കാക്കിയാൽ നൂറുകോടി രൂപയിലധികം വരുന്നു. ഇതിനെയെല്ലാം ഏകോപിപ്പിച്ചാൽ വികസനം ഒരുമിച്ച് മുന്നോട്ടുകൊണ്ടുപോകാൻ കഴിയും. നൂറുകോടി രൂപ വെറുതെ പാഴാക്കികളയുകയാണ്. കാർഷിക സർവ്വകലാശാലയെ സംയോജിപ്പിച്ച് നൂറു കോടി രൂപ പാവപ്പെട്ട കെ.എസ്.ആർ.ടി.സി.-യിലെ ജീവനക്കാർക്ക് ശമ്പളം കൊടുത്താൽ ഇതിനെക്കാൾ വലിയ കാര്യമാണെന്നാണ് എനിക്ക് തോന്നുന്നത്. അതുപോലെ വിദേശ സർവ്വകലാശാലകളിൽ പഠിക്കുന്ന 25,000 കുട്ടികളാണുള്ളത്. ഈ മൂന്ന് സർവ്വകലാശാലകളിലും പഠിക്കുന്ന കുട്ടികൾ രണ്ടായിരം മാത്രമേയുള്ളൂ. പി.എച്ച്.ഡി. വരെ പഠിക്കുന്നുവെന്നല്ലാതെ മറ്റുകാര്യങ്ങൾ ഒന്നുംതന്നെയില്ല.

ഒരു ഉദാഹരണം ഞാൻ ചൂണ്ടികാണിക്കാം. ജൈവ മേഖലയുമായി ബന്ധപ്പെട്ട ഒരു വ്യക്തി ചാണകത്തെ കുറിച്ച് ചോദിക്കാൻ എവിടെ പോകണം? ചാണകത്തിനുവേണ്ടി വെറ്ററിനറി സർവ്വകലാശയിലും തീറ്റപ്പുല്ലിനുവേണ്ടി കാർഷിക സർവ്വകലാശാലയിലും മത്സ്യത്തിനുവേണ്ടി ഫിഷറീസ് സർവ്വകലാശാലയിലും പോകണം. ഇതെല്ലാം മാറ്റികൊണ്ട് മികച്ച രീതിയിലുള്ള ഒരു സർവ്വകലാശാല ഒരുമിച്ച് കൊണ്ടുപോകുന്നത് ഏറ്റവും പ്രയോജനപ്രദമാണെന്ന് സൂചിപ്പിക്കുകയാണ്. നേരത്തെ കൃഷിയെന്ന് പറയുന്നത് ഒരു സംസ്കാരമായിരുന്നു. ഇന്നത് കാർഷിക ബിസിനസ്സായി മാറിയിരിക്കുകയാണ്. അതുകൊണ്ട് Ready-to-cook, Ready-to-eat, e-market, e-commerce എന്നിവയ്ക്കൊക്കെ പ്രാധാന്യം നൽകി മുന്നോട്ടുപോകണം. 2011-2016-ൽ ശ്രീ. ഉമ്മൻചാണ്ടി മുഖ്യമന്ത്രിയായിരുന്ന കാലഘട്ടത്തിൽ വെറ്ററിനറി സർവ്വകലാശാല എന്തായിരുന്നുവെന്നും ഇപ്പോൾ എന്താണെന്നുമാലോചിക്കണം. അന്നത്തേക്കാൾ മോശമാണ് ഇപ്പോഴത്തെ അവസ്ഥ. ഞാൻ നിങ്ങളോട് ഇതൊക്കെ പറഞ്ഞിട്ട് യാതൊരു കാര്യവുമില്ലെന്ന് എനിക്കറിയാം. സ്വാഭാവികമായും പ്രതിപക്ഷമായ ഞങ്ങളോടുതന്നെ ഞാൻ പറയുന്നത്,

നിങ്ങൾ വെറുതെ ശ്രീ. പിണറായി വിജയൻ ഗവൺമെന്റിനെ ആക്ഷേപിക്കരുത് എന്നാണ്. കാരണം പറയുന്നതെല്ലാം ചെയ്യുന്ന ഗവൺമെന്റാണ് ഇത്. ഞാൻ ചില ഉദാഹരണങ്ങൾ പറയാം. നിങ്ങൾ എയർ കേരള വരുമെന്ന് പറഞ്ഞു, അത് വന്നല്ലോ; ഇനി എന്തിന് വിമർശിക്കണം. നിങ്ങൾ സീ-പ്ലെയിൻ പദ്ധതി നടപ്പിലാക്കുമെന്ന് പറഞ്ഞു, അത് നടപ്പിലാക്കിയല്ലോ; നിങ്ങൾ കൊക്കോണിക്സ് ലാപ്ടോപ് ആപ്പിൾ കമ്പനി പൂട്ടുമെന്ന് പറഞ്ഞു, ആപ്പിൾ കമ്പനി പൂട്ടിപ്പോയി. എരുമേലിയിൽ വിമാനത്താവളം വരുമെന്ന് പറഞ്ഞു, ഇപ്പോൾ രണ്ട് വിമാനത്താവളങ്ങൾ വന്നു. കോഴിക്കോട്ടും തിരുവനന്തപുരത്തും ലൈറ്റ് മെട്രോ വരുമെന്ന് പറഞ്ഞു, വയനാട്ടിലും ഇടുക്കിയിലും നാലെണ്ണം വന്നു. 2017-ൽ ഡോ. ടി. എം. തോമസ് ഐസക് രണ്ട് വർഷത്തിനുള്ളിൽ കെ.എസ്.ആർ.ടി.സി.-യെ ലാഭത്തിലാക്കുമെന്ന് പറഞ്ഞു, വെറും എട്ടുമാസംകൊണ്ട് അതിനെ ലാഭത്തിലാക്കി. ആലപ്പുഴ ജില്ലയെ സ്വിറ്റ്സർലന്റ് ആക്കുമെന്ന് പറഞ്ഞു. 80 ശതമാനം സ്വിറ്റ്സർലന്റ് ആക്കി, ബാക്കി ഭാഗം സിഡ്നിയുമാക്കി. കെ-ഫോൺ കൊണ്ടുവരുമെന്ന് പറഞ്ഞു, അംബാനിയെ കെട്ടുകെട്ടിക്കുമെന്ന് പറഞ്ഞു. അംബാനി ഒടുവിൽ ആത്മഹത്യ ചെയ്തു. വെള്ളപ്പൊക്ക

പരിഹാരത്തിനായി 'റൂം ഫോർ ദ റിവർ' പ്രോജക്ട് നടപ്പിലാക്കുമെന്ന് പറഞ്ഞു, ഇപ്പോൾ വെള്ളപ്പൊക്കം എന്താണെന്നുപ്പോലും അറിയാത്ത അവസ്ഥയായി. നോക്കുകൂലി നിർത്തുമെന്ന് പറഞ്ഞ് സി.ഐ.ടി.യു. പിരിച്ചുവിട്ടു. 75 രൂപയ്ക്ക് ചിക്കൻ തരുമെന്ന് പറഞ്ഞു. ഇപ്പോൾ ചിക്കൻ കഴിച്ച് കഴിച്ച് നമ്മൾ മുട്ടയിടാൻ തുടങ്ങി. മദ്യവർജ്ജനം നടപ്പിലാക്കുമെന്ന് പറഞ്ഞു, ഒരു തുള്ളി മണത്തുനോക്കാൻപ്പോലും ഇല്ലാത്ത അവസ്ഥയിലായി. അതുമാത്രമല്ല സർക്കാർ ആശുപത്രികളെല്ലാം ലോകോത്തര മികവിന്റെ കേന്ദ്രങ്ങളാക്കുമെന്ന് പറഞ്ഞു, ശ്രീ. ജോ ബൈഡൻ ഇന്നലെ വന്ന് മൂലക്കുരുവിന് ചികിൽസിച്ചിട്ട് അമേരിക്കയിലേയ്ക്ക് തിരികെപ്പോയി. ഞാൻ സ്റ്റിക്കറ്റായിട്ടുള്ള വ്യക്തിയായതുകൊണ്ട് സമയപരിധിക്കുള്ളിൽ ഈ ധനാഭ്യർത്ഥനകളെ ഒരിക്കൽകൂടി എതിർത്തുകൊണ്ട് സംസാരം നിർത്തുന്നു.

<u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>: സർ, അനാഥാലയങ്ങൾ, അഗതിമന്ദിരങ്ങൾ ഉൾപ്പെടെയുള്ള പ്രദേശങ്ങളിൽ കേന്ദ്ര സർക്കാർ ഭക്ഷ്യധാന്യങ്ങൾ നിഷേധിച്ച സാഹചര്യത്തിലും സംസ്ഥാനത്ത് അത് നൽകുമെന്ന് ബഹുമാനപ്പെട്ട ഭക്ഷ്യ-സിവിൽ സപ്ലൈസ് വകുപ്പുമന്ത്രി ഇന്ന് രാവിലെ സബ്മിഷന് മറുപടിയായി പറഞ്ഞ ആ പ്രഖ്യാപനത്തെ വളരെയേറെ

സന്തോഷത്തോടെ ഞാൻ സ്വാഗതം ചെയ്യുന്നു. ബഹുമാനപ്പെട്ട മന്ത്രിയെ പ്രത്യേകമായി അഭിനന്ദിക്കുകയാണ്.

എന്റെ ബഹുമാന്യനായ സുഹൃത്ത് ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ ഭക്ഷ്യവകുപ്പിനെക്കുറിച്ചാണ് പറയാൻ തുടങ്ങിയതെങ്കിലും പൂർണ്ണമായും അതൊഴിവാക്കിക്കൊണ്ടാണ് അദ്ദേഹം സംസാരിച്ചത്. കാരണം, ഭക്ഷ്യ-സിവിൽ സപ്ലൈസ് വകുപ്പ് മെച്ചപ്പെട്ട രീതിയിൽ പ്രവർത്തിക്കുന്നുണ്ടെന്ന ഉത്തമബോധ്യം അദ്ദേഹത്തിനുണ്ടെന്ന് ഞാൻ കരുതുകയാണ്. അദ്ദേഹം പൂർണ്ണമായും കേന്ദ്രീകരിച്ചത് മൃഗസംരക്ഷണ വകുപ്പിലും ക്ഷീരവികസന വകുപ്പിലുമാണ്. നല്ല കാര്യമാണ്. പക്ഷേ, എപ്പോഴും ഫലിതം പറയുന്ന പ്രത്യേകത അദ്ദേഹത്തിനുള്ളതുകൊണ്ട്, പല കാര്യങ്ങളും അതിനുവേണ്ടി വിനിയോഗിച്ചതല്ലാതെ ഈ വകുപ്പുകൾക്ക് മെച്ചപ്പെട്ട രീതിയിൽ എന്തെങ്കിലും നിർദ്ദേശം നൽകാനോ ഏതെങ്കിലും തരത്തിൽ വിമർശിക്കാനോ അത് ഉപകരിച്ചില്ലെന്നാണ് എനിക്ക് തോന്നുന്നത്.

നവകേരളം സൃഷ്ടിക്കാനായി തയ്യാറെടുത്തുനിൽക്കുന്ന കേരളത്തിൽ അതിനുവേണ്ടി വിവിധ മേഖലകളിൽ നടക്കുന്ന പ്രവർത്തനങ്ങളെല്ലാം പരിശോധിച്ചാൽ, തീവ്രമായ ആ ശ്രമങ്ങൾക്കിടയിൽ ഭക്ഷ്യ-സിവിൽ

സപ്ലൈസ് വകുപ്പ് നടത്തിക്കൊണ്ടിരിക്കുന്ന പ്രവർത്തനങ്ങൾ മാതൃകാപരമാണെന്ന് എല്ലാവരും അംഗീകരിക്കുന്ന കാര്യമാണ്. ഇവിടെ നടന്ന പ്രസംഗങ്ങളിലെല്ലാം സൂചിപ്പിച്ചതുപോലെ കഴിഞ്ഞ സർക്കാരിന്റെ കാലത്ത്, അന്നാണല്ലോ ഏറ്റവും വലിയ ദുരന്തങ്ങളും പ്രളയം ഉൾപ്പെടെയുള്ളവയും കോവിഡുമെല്ലാം വന്നുചേർന്നത്. ആ കാലഘട്ടത്തിൽ ഏറ്റവും മെച്ചപ്പെട്ട രീതിയിൽ സംസ്ഥാനത്തെ ജനങ്ങളെ ചേർത്തുപിടിക്കാനും ജനങ്ങളുടെ രക്ഷയ്ക്കുവേണ്ടിയുള്ള നടപടികൾ സ്വീകരിക്കാനും സിവിൽ സപ്ലൈസ് വകുപ്പ് നടത്തിയ പ്രവർത്തനങ്ങൾ എല്ലാവർക്കും അറിയാം. ഭക്ഷ്യ-സിവിൽ സപ്ലൈസ് വകുപ്പ് നടത്തിയ പ്രവർത്തനങ്ങളെക്കുറിച്ച് പറയുമ്പോൾ NFSA (National Food Security Act)-യുടെ പഴയ കാലത്തെ.... ഞാൻ പഴയ ഒരുപാട് കാര്യങ്ങൾ പറയുന്നില്ല, കേന്ദ്ര സർക്കാർ NFSA പാസ്സാക്കിയെങ്കിലും അന്നുണ്ടായിരുന്ന യു.ഡി.എഫ്. സർക്കാർ അതിന്റെ പ്രവർത്തനങ്ങളിലേയ്ക്ക് കടക്കാതിരുന്നതും അതിനാവശ്യമായ നടപടികൾ ആരംഭിക്കാതിരുന്നതും 2016-ൽ അധികാരത്തിൽ വന്ന എൽ.ഡി.എഫ്. സർക്കാർ ഏറെ ശ്രമകരമായി നടത്തിയ പ്രവർത്തനങ്ങളുടെ ഫലമായി അത് പൂർത്തീകരിച്ചതും ഇ-പോസ്

മെഷീൻ ഉൾപ്പെടെ എല്ലാഅർത്ഥത്തിലും മെച്ചപ്പെട്ട രീതിയിൽ റേഷൻ ഷോപ്പുകളുടെ പ്രവർത്തനം മുന്നോട്ട് കൊണ്ടുപോകുന്നതിനുവേണ്ടിയുള്ള പ്രവർത്തനം ആരംഭിച്ചതുമെല്ലാം നമുക്കറിയാം. അതിന്റെ തുടർച്ചയെന്ന നിലയ്ക്കാണ് തുടർ ഭരണത്തെത്തുടർന്നുവന്ന എൽ.ഡി.എഫ്. സർക്കാർ ഈ വകുപ്പ് കൈകാര്യം ചെയ്തുകൊണ്ടിരിക്കുന്നതെന്നും നമുക്കറിയാവുന്ന കാര്യമാണ്. അന്ന് 12 തവണയാണ് കിറ്റുകൾ നൽകിയത്. 5600 കോടി രൂപയാണ് അതിനുവേണ്ടി അന്നത്തെ സർക്കാർ ചെലവഴിച്ചത്. ഈ സർക്കാർ കഴിഞ്ഞ ഒരു വർഷക്കാലത്തിനിടയിൽ ഒരു തവണ അത് നൽകി. അങ്ങനെ മൊത്തത്തിൽ 13 തവണയെങ്കിലും ഇങ്ങനെയുള്ള സഹായം ചെയ്യാൻ, കേരളത്തിലെ ജനങ്ങളുടെ ഭക്ഷ്യപ്രശ്നം പരിഹരിക്കാൻവേണ്ടിയുള്ള വലിയ ശ്രമങ്ങൾ നടത്തുകയുണ്ടായി. തകർന്ന ജീവിതങ്ങളെ പഴയ പ്രൗഢിയിലേയ്ക്ക് കൊണ്ടുവരാനുള്ള ശ്രമമാണ് ആ ദുരന്തനാളുകളിലെല്ലാം സർക്കാർ സ്വീകരിച്ചത്. തുടർഭരണത്തെത്തുടർന്ന് ഇത് കൂടുതൽ മെച്ചപ്പെടുത്തി മുന്നോട്ട് കൊണ്ടുപോകുന്ന അവസ്ഥയിലാണ് ഇപ്പോൾ എത്തിനിൽക്കുന്നതെന്ന് എല്ലാവർക്കുമറിയാം.

ഭക്ഷ്യ സുരക്ഷയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളെക്കുറിച്ച്

പറയുമ്പോൾ, കരിഞ്ചന്തയും പൂഴ്ത്തിവയ്പ്പും നിയന്ത്രിക്കാനാവശ്യമായ നടപടികൾ സ്വീകരിച്ചു. വിലക്കയറ്റം നിയന്ത്രിക്കാൻ മുൻഗണനയോടുകൂടിയുള്ള നടപടികൾ സ്വീകരിക്കുന്നതിനോടൊപ്പം മുൻഗണനാ കാർഡുകളുടെ കാര്യത്തിലൊക്കെ ഈ സർക്കാർ വന്നതിനുശേഷം സ്വീകരിച്ച നടപടി.... ഇവിടെ കാര്യങ്ങൾ വിശദീകരിച്ചതുകൊണ്ട് ഞാൻ ആവർത്തിക്കുന്നില്ല. തെരുവോരങ്ങളിൽ കഴിയുന്ന ആളുകൾ ഉൾപ്പെടെയുള്ളവർക്ക് റേഷൻ കാർഡ് നൽകുന്നതിനുള്ള സംവിധാനമുണ്ടാക്കിയത് ഈ സർക്കാർ വന്നതിനുശേഷമാണ്. ഈ ഒരു വർഷക്കാലത്തിനിടയിൽ നടപ്പാക്കിയ പരിഷ്കാരങ്ങൾ മൊത്തത്തിൽ എടുത്തുനോക്കിയാൽ ഏതാണ്ട് 254000-ൽപ്പരം ആളുകൾക്കാണ് റേഷൻ കാർഡുകൾ അനുവദിക്കാൻ കഴിഞ്ഞത്. ബി.പി.എൽ. പട്ടികയിൽ ഉൾപ്പെട്ട അനർഹരായ ആളുകൾ, അവർ അനർഹരാണെന്ന് ബോധ്യപ്പെട്ട് അതിൽനിന്ന് സ്വയം പിന്മാറാൻ സർക്കാർ അഭ്യർത്ഥിച്ചതിന്റെ അടിസ്ഥാനത്തിൽ അവരിൽ ഏതാണ്ട് 176000-ത്തോളം ആളുകൾ പിൻവാങ്ങുകയും 153000 പുതിയ അർഹരായ ആളുകളെ കണ്ടെത്തി റേഷൻ കാർഡുകൾ നൽകുവാനുള്ള സാഹചര്യം സൃഷ്ടിക്കാനും കഴിഞ്ഞുവെന്നത്

വലിയ കാര്യമായിട്ടുതന്നെയാണ് കാണുന്നത്. അതുപോലെ മുഴുവൻ ഓഫീസുകളും ഇ-ഓഫീസാക്കി മാറ്റുന്നതിനുവേണ്ടിയുള്ള സംവിധാനങ്ങൾക്ക് തുടക്കം കുറിച്ചിരിക്കുകയാണ്. മാതൃകാപരമായ രീതിയിലുള്ള പ്രവർത്തനം.

ഇന്ത്യയിലെ മറ്റെല്ലാ സംസ്ഥാനങ്ങളിലുമുള്ള സ്ഥിതിയെക്കുറിച്ച് സൂചിപ്പിച്ചു. ഏതാണ്ട് 30 കോടിയോളം ജനങ്ങൾ ഇന്ത്യയിൽ പട്ടിണി കിടക്കുന്ന സാഹചര്യമുള്ളപ്പോൾ കേരളത്തിൽ ആരും പട്ടിണി കിടക്കാൻ പാടില്ലെന്നുള്ള നിലയിൽ, ആഹാരം കഴിക്കാത്ത ഒരാളും ഉണ്ടാകാൻ പാടില്ലെന്ന രീതിയിൽ സംസ്ഥാനത്ത് പുതുതായി 54-ഓളം സുഭിക്ഷ ഹോട്ടലുകൾ നടപ്പാക്കിക്കൊണ്ട് നമുക്ക് മുമ്പോട്ട് പോകാൻ കഴിഞ്ഞിട്ടുണ്ട്. അതുപോലെ നെല്ല് സംഭരണത്തെ ഊർജ്ജിതപ്പെടുത്തുന്നതിനുള്ള നടപടികൾ ഈ കാലയളവിൽ സ്വീകരിച്ചിട്ടുണ്ട്. 2020-21-ൽ 7.65 ലക്ഷം മെട്രിക് ടൺ നെല്ല് സംഭരിച്ചെങ്കിൽ, 2021-22-ൽ 7.456 ലക്ഷം മെട്രിക് ടൺ നെല്ല് നമുക്കിവിടെ സംഭരിക്കാൻ കഴിഞ്ഞു. വില 28 രൂപയായി അനുവദിക്കാനും കഴിഞ്ഞിട്ടുണ്ട്. ഭക്ഷ്യധാന്യ സബ്സിഡി ഈ വർഷം 238.4 കോടി രൂപയാണ് അനുവദിച്ചത്. 2019-ൽ 200 കോടി രൂപയും 2021 ആഗസ്റ്റ് വരെ, ഇപ്പോൾ വന്നിട്ടുള്ള ആകെ കണക്കെടുത്താൽ

90 ലക്ഷത്തിലധികം റേഷൻ കാർഡുകൾ നമ്മുടെ സംസ്ഥാനത്തുണ്ടെന്ന് കാണാൻ കഴിയും. നേരത്തെ എൺപത്തിയേഴ് ലക്ഷത്തി ചില്വാനം എന്നത് 90.7 ലക്ഷമെന്ന രീതിയിലേയ്ക്ക് റേഷൻ കാർഡുകളുടെ എണ്ണം ഇപ്പോൾ വർദ്ധിച്ചു. അർഹരായ മുഴുവൻ ആളുകളെയും കണ്ടെത്തി, എവിടെ താമസിക്കുന്നവരാണെങ്കിലും വീട്ടുനമ്പർ ഇല്ലെങ്കിൽപ്പോലും അവരെ സംരക്ഷിക്കാനുള്ള നടപടിയുടെ ഭാഗമായി ഭക്ഷ്യധാന്യം നൽകുന്നതിനുള്ള നടപടി സ്വീകരിച്ചതിന്റെ ഫലമായിട്ടാണിത്.

നമ്മുടെ സിവിൽ സപ്ലൈസ് മേഖലയിൽ, പ്രത്യേകിച്ച് മാവേലി സ്റ്റോറുകൾ ഉൾപ്പെടെയുള്ള പൊതുവിതരണ മേഖലയിൽ നടത്തുന്ന അത്ഭുതകരമായ രീതിയിലുള്ള പ്രവർത്തനത്തെ നമുക്ക് ചുരുക്കി കാണാൻ കഴിയില്ല. 1627 സ്ഥാപനങ്ങളിലൂടെയാണ് ഈ വിതരണമെല്ലാം നടത്തിക്കൊണ്ടിരിക്കുന്നത്. 826 മാവേലി സ്റ്റോറുകൾ, 94 സൂപ്പർ സ്റ്റോറുകൾ, 522 സൂപ്പർ മാർക്കറ്റുകൾ, 39 പീപ്പിൾസ് ബസാർ, 6 ഹൈപ്പർ മാർക്കറ്റുകൾ, 21 മൊബൈൽ മാവേലി സ്റ്റോറുകൾ, ഒരു ഇൻ ആൻഡ് ഔട്ട് വിൽപ്പനശാല, 96 മെഡിക്കൽ സ്റ്റോറുകൾ, 11 പെട്രോൾ പമ്പുകൾ, 4 എൽ.പി.ജി. ഔട്ട്ലെറ്റുകൾ എന്നതുടങ്ങി പൊതുവിൽ നമ്മുടെ

പൊതുവിതരണരംഗത്തുള്ള വിലക്കയറ്റത്തെ നിയന്ത്രിക്കാനാവശ്യമായ മാതൃകാപരമായ പ്രവർത്തനം നടത്തി മുന്നോട്ട് പോകുകയാണ് ഭക്ഷ്യ-സിവിൽ സപ്ലൈസ് വകുപ്പ് എന്ന് നമുക്ക് കാണാൻ കഴിയും. മാവേലിസ്റ്റോറുകൾ- 13 ഇനം അവശ്യസാധനങ്ങൾക്ക് 2016-ൽ നിശ്ചയിച്ച വിലയിൽനിന്ന് ഒരു നയാപൈസയുടെ വർദ്ധനവ് പോലുമില്ലാതെ ഇപ്പോഴും ആ ഇനം സാധനങ്ങൾ അനുവദിച്ചുകൊടുത്തുകൊണ്ടിരിക്കുന്നുവെന്ന കാര്യവും അറിയാവുന്നതാണ്. 2016-ൽനിന്ന് 2021-ൽ എത്തിയപ്പോൾ ഈ സാധനങ്ങളിൽ പലതിനും വിലയുണ്ടെങ്കിലും അത് സബ്സിഡൈസ് ചെയ്തുകൊണ്ട് സർക്കാർ നൽകിക്കൊണ്ടിരിക്കുന്നതാണ് നമുക്ക് കാണാൻ കഴിയുന്നത്. 35 ഇനം സാധനങ്ങൾക്ക് പൊതുവിപണിയേക്കാൾ 10% മുതൽ 20% വരെ വില കുറച്ചുകൊടുക്കാൻ വേണ്ടിയുള്ള നടപടികളും ഇക്കാലഘട്ടത്തിൽ സ്വീകരിച്ചിട്ടുണ്ട്.

മൃഗസംരക്ഷണ വകുപ്പിന്റെ കാര്യത്തിലേയ്ക്ക് വന്നാൽ, കഴിഞ്ഞ സർക്കാരിന്റെ കാലത്തുതന്നെ അയൽ സംസ്ഥാനങ്ങളിൽനിന്ന് ഇങ്ങോട്ട് ഇറക്കുമതി ചെയ്തുകൊണ്ടിരുന്ന പാലിന്റെ അളവ് കുറച്ചുകൊണ്ടുവരാൻ കഴിഞ്ഞിട്ടുണ്ട്. ഇപ്പോഴത് സ്വയംപര്യാപ്തതയിലേയ്ക്ക് വരാൻ

പോകുന്നയെന്നുപറയുന്ന അവസ്ഥയാണ് നമുക്ക് നിലവിൽ കാണാൻ കഴിയുന്നത്. പാൽപ്പൊടി നിർമ്മാണം ഉൾപ്പെടെയുള്ള മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങളുണ്ടാക്കാൻവേണ്ടി സർക്കാർ പുതിയ തീരുമാനവുമായി മുന്നോട്ട് പോകുകയാണ്. ഇതിന്റെ ഭാഗമായി മലപ്പുറം ജില്ലയിലെ മൂർക്കനാട് പാൽപ്പൊടി ഫാക്ടറിയുടെ പ്രവർത്തനം പുരോഗമിച്ചുവരികയാണ്. നമ്മുടെ സംസ്ഥാനത്ത് അധികമായി ഉൽപ്പാദിപ്പിക്കുന്ന പാലിന്റെ ഉപയോഗം മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ ഉണ്ടാക്കുന്നതിനുവേണ്ടിയുള്ള പ്രവർത്തനം ഉൾപ്പെടെ ഇവിടെ നടത്താൻ നമുക്ക് സംവിധാനമുണ്ടാക്കുന്നു. കേരളത്തിൽ ഏകദേശം 8 ലക്ഷം കുടുംബങ്ങൾ പശുവിനെ വളർത്തുന്നുണ്ട്. അതോടൊപ്പംതന്നെ ഏതാണ്ട് 3.97 ലക്ഷം അംഗങ്ങൾ ക്ഷീര സംഘങ്ങളിൽ അംഗങ്ങളായിട്ടുണ്ട്. കേരളത്തിൽ 3635 പ്രാദേശിക പ്രാഥമിക സഹകരണ സംഘങ്ങളിൽ പാൽ സൊസൈറ്റികൾ പ്രവർത്തിക്കുന്നു. ഇതിന്റെയൊക്കെ ഭാഗമായി 21.17 ലക്ഷം ലിറ്റർ പാൽ സംഭരിക്കുന്നുണ്ട്. നിലവിൽ ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളിൽ ഒന്നുമില്ലാത്ത വിധത്തിൽ ഏറ്റവും കൂടുതൽ വില പാലിന് ലഭ്യമാക്കുന്ന

സംസ്ഥാനമാണ് കേരളമെന്നത് ഈ സന്ദർഭത്തിൽ സൂചിപ്പിക്കുകയാണ്. ഈ പറയുന്ന മേഖലകളിൽ നടത്തുന്ന പ്രവർത്തനങ്ങൾ ക്ഷീര വികസന വകുപ്പിന്റെയും അതുപോലെ കന്നുകാലി വളർത്തലുമായി ബന്ധപ്പെട്ട പ്രശ്നങ്ങളിൽ അടിയന്തര ശ്രദ്ധ പതിയേണ്ട ഒരുഘട്ടമെന്ന നിലയിൽ മൃഗഡോക്ടർമാരുടെ കുറവുകളുള്ള പ്രദേശങ്ങൾ കണ്ടെത്തി അടിയന്തരമായി അവരെ നിയമിക്കുവാനുള്ള സംവിധാനമുണ്ടാക്കണം. അങ്ങനെ ആവശ്യമായ ആളുകളെ ലഭിക്കാതെപോയാൽ അടിയന്തരമായി അതിന് കോൺട്രാക്ട് അടിസ്ഥാനത്തിലെങ്കിലും ആളുകളെ നിയമിക്കാനുള്ള സംവിധാനമുൾപ്പെടെ ചെയ്തുകൊണ്ട്, ഈ മേഖലയിൽ ഇന്ന് നിലവിലുള്ള ഏതെങ്കിലും പ്രശ്നങ്ങളുണ്ടെങ്കിൽ അത് പരിഹരിച്ച് മുന്നോട്ട് പോകണം എന്നുകൂടി അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ ഈ ധനാഭ്യർത്ഥനകളെ പിന്തുണച്ചുകൊണ്ടുള്ള വാക്കുകൾ നിർത്തുകയാണ്.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. ഭക്ഷ്യം, മൃഗസംരക്ഷണം, ക്ഷീരവികസന വകുപ്പുകളിലേയ്ക്കുള്ള ധനാഭ്യർത്ഥനകളാണ് ഇന്ന് നടക്കുന്നത്. ആ കാര്യങ്ങളിലേയ്ക്ക് വരുന്നതിനുമുമ്പ് നമുക്കെല്ലാവർക്കും ജിജ്ഞാസയുള്ളൊരു

കാര്യം പരാമർശിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. അത് മറ്റൊന്നുമല്ല, സി.പി.ഐ.(എം.) സംസ്ഥാന കമ്മിറ്റി ഓഫീസായ എ.കെ.ജി. സെന്ററിലേയ്ക്ക് സ്ഫോടക വസ്തു എറിഞ്ഞുയെന്ന് പറയുന്ന കേസ്. 2022 ജൂൺ 30-നാണ് ആ സംഭവം. ആ സംഭവം നടന്നിട്ട് 12 ദിവസമായി. പ്രതികൾ ആരാണെന്ന് കണ്ടെത്താൻ കഴിഞ്ഞിട്ടില്ല. വീരപ്പൻ അല്ലെങ്കിൽ റിപ്പർ ചന്ദ്രനാണോ അത് ചെയ്തത്. റിപ്പർ ചന്ദ്രനെവരെ കീഴടക്കിയ പോലീസാണ് നമ്മുടേത്. അതല്ല ഏറ്റവും ഗൗരവമേറിയ കാര്യം, ഈ സംഭവവുമായി ബന്ധപ്പെട്ട് സി.പി.ഐ.(എം.)-ന്റെ സംസ്ഥാന സെക്രട്ടറി ശ്രീമാൻ കോടിയേരി ബാലകൃഷ്ണൻ കഴിഞ്ഞ ദിവസം നടത്തിയൊരു പ്രസ്താവനയുണ്ട്. അദ്ദേഹം പറഞ്ഞത്, രാത്രിയിൽ നടന്ന സംഭവത്തിൽ പ്രതികളെ പിടിക്കാൻ സമയമെടുക്കുമെന്നാണ്. എന്ത് വിരോധാഭാസമാണിത്; നമ്മുടെ സംസ്ഥാനത്ത് രാത്രി വലിയ കവർച്ചകൾ നടന്നിട്ടുണ്ട്. ബാങ്ക് കൊള്ള നടന്നിട്ടുണ്ട്. എല്ലാ കവർച്ചകളും മോഷണങ്ങളും നമ്മുടെ സംസ്ഥാനത്ത് നടന്നത് രാത്രി കാലത്താണ്. അപ്പോൾ രാത്രി കാലത്ത് ഇതുപോലെയുള്ള കുറ്റകൃത്യങ്ങൾ നടന്നാൽ നമ്മുടെ പോലീസ് പ്രതികളെ പിടികൂടില്ലായെന്നതാണോ സംസ്ഥാന സർക്കാരിന്റെ നയമെന്നത്

സർക്കാരാണ് വ്യക്തമാക്കേണ്ടത്. പാർട്ടിയുടെ സംസ്ഥാന സെക്രട്ടറിയാണ് പറഞ്ഞിട്ടുള്ളത്.

ഇന്നലെയാണ് പെരുന്നാൾ. കാസർഗോഡുകാർ ധാരാളം അധിവസിക്കുന്നൊരു പ്രദേശമാണ് ബോംബെ. അവിടെനിന്ന് ഞങ്ങളുടെ നാട്ടുകാരായ ധാരാളം ആളുകൾ എല്ലാ വർഷവും പെരുന്നാളിന് നാട്ടിൽ വരും. പക്ഷേ പെരുന്നാളിന് ബോംബെയിൽനിന്നും വരേണ്ട കുറേ ആളുകൾ ഇന്നലെ നാട്ടിലെത്തിയില്ല. എന്തുകൊണ്ടാണ് ഇപ്രാവശ്യം പെരുന്നാളിന് നാട്ടിൽ വരാത്തതെന്ന് ഞാനവരോട് വിളിച്ചുചോദിച്ചു. ഞങ്ങൾക്ക് വിമാനത്തിലും ട്രെയിനിലും ബസ്സിലും വരാൻ ടിക്കറ്റ് കിട്ടുന്നില്ലെന്ന് അവർ പറഞ്ഞു. ഈ പെരുന്നാളിനുമാത്രം എന്തുകൊണ്ട് അങ്ങനെ സംഭവിച്ചുവെന്ന് ചോദിച്ചപ്പോൾ അവർ പറഞ്ഞത്... ബോംബെ അധോലോക പ്രവർത്തനങ്ങളുടെ നാടാണ്, ഒരുപാട് കൊള്ളക്കാർ, വലിയവലിയ മോഷ്ടാക്കളുമൊക്കെ അധിവസിക്കുന്ന അധോലോക സംഘങ്ങളുടെ നാടാണെന്നും നമുക്കറിയാം. അവരൊക്കെ അത് മതിയാക്കിയിരിക്കുമ്പോഴാണ്, രാത്രിയിൽ എന്തുസംഭവിച്ചാലും കേരളത്തിൽ കേസ് വരില്ലായെന്ന നമ്മുടെ ശ്രീ. കോടിയേരി ബാലകൃഷ്ണന്റെ പ്രസ്താവന.

അപ്പോൾ ആ അധോലോക സംഘങ്ങൾ, ബോംബെയിലെ മോഷ്ടാക്കൾ, എല്ലാം മതിയാക്കിയ ആ മോഷ്ടാക്കൾ കേരളത്തിലേയ്ക്ക് വരാൻ ബസുകളിലും വിമാനത്തിലും ട്രെയിനിലും ടിക്കറ്റെടുത്തപ്പോൾ സാധാരണക്കാരായ ആളുകൾക്ക് പെരുന്നാളാഘോഷിക്കാൻ നാട്ടിൽ വരാൻ പറ്റാത്ത സ്ഥിതിയായി. വളരെ ഗൗരവമായ കാര്യമാണിത്. നമ്മുടെ നാട്ടിൽ രാത്രികാലത്ത് ബാങ്ക് കവർച്ചയും മോഷണവും നടന്നാൽ പ്രതികളെ നമുക്ക് പിടികൂടാൻ കഴിയില്ല, എന്താണിത്? തലക്കടിച്ച് ആളുകളെ നിരന്തരം കൊന്ന റിപ്പർ ചന്ദ്രനെപ്പോലും കീഴടക്കിയ പോലീസാണ് നമ്മുടേത്. രാത്രികാലത്ത് ഒരു സംഭവം നടന്നാൽ പ്രതികളെ പിടികൂടാൻ പറ്റില്ലെന്നാണിപ്പോൾ പറയുന്നത്.

രണ്ടാം പിണറായി സർക്കാർ അധികാരത്തിലേറിയപ്പോൾ ഇവർ വളരെയധികം സന്തോഷിക്കുകയാണ്. ഞങ്ങൾ പറഞ്ഞിട്ടുണ്ട്, അതിപ്പോഴും ആവർത്തിക്കുന്നു. കൊറോണയും കിറ്റുമാണ് നിങ്ങളെ അധികാരത്തിൽ എത്തിച്ചതെന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. പക്ഷേ നിങ്ങളെ അധികാരത്തിൽ എത്തിച്ച ആളുകളെ ഒരിക്കലും മറക്കാൻ പാടില്ലായെന്നാണ് എനിക്ക് പറയാനുള്ളത്; നന്ദികേട് പാടില്ല. റേഷൻ

ഷോപ്പുടമകളോടുള്ള നിങ്ങളുടെ അനീതിയും ക്രൂരതയും ഒരിക്കലും സഹിക്കാൻ കഴിയില്ല. കൊറോണക്കാലത്ത് അവർ എല്ലാ വീടുകളിലേയ്ക്കും കിറ്റുകളെത്തിച്ചു. ആ കിറ്റുകളെത്തിച്ച വകയിൽ 11 മാസത്തെ കമ്മീഷനാണ് റേഷൻ കടയുടമകൾക്ക് നൽകാനുള്ളത്, ബഹുമാനപ്പെട്ട മന്ത്രിക്കറിയാം. ഇതുമായി ബന്ധപ്പെട്ട കേസ് ബഹുമാനപ്പെട്ട ഹൈക്കോടതി വരെയെത്തിയിട്ടുണ്ടെന്നാണ് എനിക്ക് തോന്നുന്നത്. ആ കമ്മീഷൻ എന്തുകൊണ്ടാണ് ഇതുവരെ നൽകാത്തതെന്ന് അങ്ങയുടെ മറുപടിയിൽ അങ്ങ് വ്യക്തമാക്കണമെന്നാണ് എനിക്ക് പറയാനുള്ളത്.

റേഷൻ ഷോപ്പുടമകളുടെ ദയനീയമായ അവസ്ഥയെക്കുറിച്ച് ഞാൻ ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽക്കൊണ്ടുവരികയാണ്. ഇപ്പോൾ 45 ക്വിന്റൽ സാധനങ്ങൾ റേഷൻ ഷോപ്പിൽ വിറ്റാൽ അവർക്ക് കിട്ടുന്ന അടിസ്ഥാന കമ്മീഷൻ 18,000/- രൂപയാണ് കൂടാതെ ഓരോ ക്വിന്റലിനും 2.20 രൂപ വച്ച് കമ്മീഷൻ കിട്ടും. ഈ കമ്മീഷൻ തുകയിൽനിന്നും അവർക്ക് വാടകയും വൈദ്യുതി ചാർജ്ജും സെയിൽസ്മാന്റെ ശമ്പളവും നൽകണം. മാത്രമല്ല, നഗരങ്ങളിലൊക്കെ ഒരു കെട്ടിടം വാടകയ്ക്കെടുക്കണമെങ്കിൽ ഒരു മുറിക്ക് 10,000 രൂപ കൊടുക്കണം. ചിലപ്പോൾ മണ്ണെണ്ണയൊക്കെ

സൂക്ഷിക്കേണ്ടി വരുന്നുണ്ട്. മണ്ണെണ്ണയും അരിയും ഒന്നിച്ച് സൂക്ഷിക്കാൻ പറ്റില്ല. അപ്പോൾ രണ്ട് മുറികൾ ആവശ്യമായിവരും. ഇരുപതിനായിരവും ഇരുപത്തയ്യായിരവും രൂപ വാടക നൽകിയാൽ മാത്രമേ നഗരത്തിൽ മുറികൾ കിട്ടുകയുള്ളൂ. എന്നാൽ അവർക്ക് കിട്ടുന്ന കമ്മീഷൻ വെറും 18,000/- രൂപയാണ്. ചില റേഷൻ ഷോപ്പുടമകൾക്ക് ആ 18,000/- രൂപയും കിട്ടുന്നില്ല കാരണം ഏത് റേഷൻഷോപ്പിൽനിന്ന് വേണമെങ്കിലും സാധനങ്ങൾ വാങ്ങാമെന്ന പുതിയൊരു നിയമം സർക്കാരിപ്പോൾ കൊണ്ടുവന്നിരിക്കുകയാണ്. ആളുകൾ കാർപാർക്കിംഗ് സൗകര്യമൊക്കെയുള്ള സ്ഥലത്ത് പോയി സാധനങ്ങൾ വാങ്ങുന്നതിനാൽ ചില റേഷൻ ഷോപ്പുടമകൾക്ക് കച്ചവടം തീരെയില്ല. അവർ അവരുടെ ഷോപ്പിന്റെ വാടകപോലും കീശയിൽനിന്നും നൽകേണ്ട അവസ്ഥയിലാണ്. ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽ കൊണ്ടുവരാനാഗ്രഹിക്കുന്ന മറ്റൊരു കാര്യം, ചില ഉപഭോക്താക്കൾക്ക് റേഷൻ ഷോപ്പിൽ ചെന്നാൽ പച്ചരി വേണം, മറ്റുചിലർക്ക് പുഴുങ്ങലരി വേണം. പക്ഷേ ഇതുരണ്ടും വാങ്ങിയാൽ മാത്രമേ റേഷൻ സാധനം ലഭ്യമാക്കുയെന്നാണ് റേഷൻ ഷോപ്പുകളുടെ ഇപ്പോഴത്തെ നിർബന്ധം. അക്കാര്യത്തിൽ എന്തെങ്കിലും മാറ്റം വരുത്താൻ

കഴിയുമെങ്കിൽ ബഹുമാനപ്പെട്ട മന്ത്രി അക്കാര്യം ചിന്തിക്കണമെന്നാണെനിക്ക് പറയാനുള്ളത്. എ.പി.എൽ., ബി.പി.എൽ കാർഡുകളെ സംബന്ധിച്ച്. കുറേയാളുകൾക്ക് ബി.പി.എൽ. കാർഡുകൾ നൽകിയെന്ന് ബഹുമാനപ്പെട്ട മന്ത്രി പറയുന്നത് ഞാനും സമ്മതിക്കുന്നുണ്ട്. പക്ഷേ ഇന്നലെയും മിനിഞ്ഞാന്നുംപോലും ഞങ്ങൾ നാട്ടിൽ ചെന്നപ്പോൾ ജനപ്രതിനിധികളായ ഞങ്ങളുടെയടുത്ത് ഒരുപാട് പാവപ്പെട്ടയാളുകൾ വന്നു. അവർ കാൻസർ രോഗികളാണ്, വീടോ സ്വന്തമായി സ്ഥലമോ വരുമാനമോ ഇല്ല. എന്നാൽ അവരുടെയൊക്കെ റേഷൻ കാർഡുകൾ എ.പി.എൽ. ആണ്. മന്ത്രിയോട് പറഞ്ഞാൽ ചിലതൊക്കെ ചെയ്തുതരുന്നുണ്ടെങ്കിലും ഇക്കാര്യത്തിൽ വീണ്ടും ഒരു പഠനം നടത്തി പാവപ്പെട്ടയാളുകളെ സഹായിക്കുന്നതിനുവേണ്ടിയുള്ള ഫലപ്രദമായ നടപടികൾ സ്വീകരിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. കാലാകാലങ്ങളായി സപ്ലൈകോയുടെ തൊഴിലാളികൾ പായ്ക്ക് ചെയ്തിരുന്ന സാധനങ്ങളിലെ ചില ഇനങ്ങൾ ഇപ്പോൾ റെയ്ഡ്കോ (Raidco) കൈമാറിയിരിക്കുകയാണ്. അതെന്തുകൊണ്ടാണെന്ന് എനിക്കും ബഹുമാനപ്പെട്ട മന്ത്രിക്കുമറിയാം. പായ്ക്കിംഗ് റെയ്ഡ്കോയിലേയ്ക്ക് മാറ്റിയത് സാധാരണക്കാർക്കുകൂടി വലിയ

നഷ്ടമാണ്. സപ്ലൈകോ തൊഴിലാളികൾ പാക്ക് ചെയ്ത് വിൽക്കുന്ന 100 ഗ്രാം ജീരകത്തിന് 26.50 രൂപയാണ്. അതേസമയം റെയ്ഡ്കോ വഴി പാക്ക് ചെയ്ത് വിൽക്കുമ്പോൾ അതിന് 43 രൂപയാണ് ഈടാക്കുന്നത്. പിന്നെയെന്തിനാണ് റെയ്ഡ്കോയ്ക്ക് നൽകിയത്. ഈ റെയ്ഡ്കോ സി.പി.ഐ.(എം.)-ന്റെ കീഴിലാണ്. ബഹുമാനപ്പെട്ട നമ്മുടെ പാവം മന്ത്രി ഒരു സി.പി.ഐ.- ക്കാരനായതിനാലുമാണ്. അപ്പോൾ മസിൽപവറാണ്; ആർക്കാണോ ശക്തിയുള്ളത് അവർ വിജയിക്കുന്നുവെന്നതാണ് അതുസംബന്ധിച്ച് എനിക്ക് പറയാനുള്ളത്. ഉച്ചഭക്ഷണത്തിൽനിന്നും ഭക്ഷ്യവിഷബാധയേറ്റ് ധാരാളം കുട്ടികൾ മരിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട മന്ത്രി, ഈ സംസ്ഥാനത്ത് അത് ആവർത്തിക്കാതിരിക്കാൻ നടപടികൾ സ്വീകരിക്കണമെന്നാണ് പറയാനുള്ളത്. അവസാനമായി ഒരു കാര്യം, അഗതികൾക്കുള്ള റേഷൻ നിർത്തലാക്കിയിരിക്കുന്നു. ഇവിടെ എന്റെ പ്രിയപ്പെട്ട സുഹൃത്ത് ശ്രീ. പി. എസ്. സുപാൽ അവതരിപ്പിച്ച സബ്മിഷന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു, തീർച്ചയായും അഗതികൾക്കുള്ള റേഷൻ മുടങ്ങില്ലെന്നാണ് പറഞ്ഞത്. ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ ഇവിടെ സൂചിപ്പിച്ചതുപോലെയാകാതിരിക്കട്ടെ മന്ത്രിയുടെ ഉറപ്പെന്നാണ്

അക്കാര്യത്തിലെനിക്ക് പറയാനുള്ളത്.

മി. ചെയർമാൻ: യെസ്.....പ്ലീസ്......അങ്ങ് സഹകരിക്കണം.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, കേരളത്തിലെ മത്സ്യത്തൊഴിലാളികൾക്ക് നൽകുന്ന മണ്ണെണ്ണ കുറേക്കാലമായി ലഭിക്കുന്നില്ല. അങ്ങ് സബ്മിഷന് മറുപടി പറഞ്ഞതുപോലെ അക്കാര്യത്തിലും ഉറച്ച തീരുമാനങ്ങളെടുക്കണം. കേന്ദ്രം ഒരുതുള്ളി മണ്ണെണ്ണ തന്നില്ലെങ്കിൽപോലും സംസ്ഥാനം മത്സ്യത്തൊഴിലാളികൾക്ക് മണ്ണെണ്ണ നൽകുമെന്നുള്ള ധീരമായൊരു നിലപാട് അങ്ങെടുക്കണം. അങ്ങയുടെ മറുപടി പ്രസംഗത്തിൽ അത് പറയണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. ഈ ധനാഭ്യർത്ഥനകളെ ഞാൻ ഒരിക്കൽക്കൂടി ശക്തിയായി എതിർക്കുന്നു.

ശ്രീമതി ശാന്തകുമാരി കെ.: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ പിന്താങ്ങുന്നു. എ.കെ.ജി. സെന്ററിന്റെ ആക്രമണത്തിലെ പ്രതികളെ പിടിക്കാൻ കാലതാമസം വരുന്നുവെന്നാണ് ബഹുമാനപ്പെട്ട ശ്രീ. എൻ. എ. നെല്ലിക്കുന്ന് ഇവിടെ സൂചിപ്പിച്ചത്. കാള പെറ്റു എന്നുപറയുമ്പോൾ കയറെടുക്കുന്ന ഗവൺമെന്റല്ല ഈ ഗവൺമെന്റ്. യഥാർത്ഥ പ്രതികളെ കണ്ടെത്താനുള്ള ശ്രമത്തിൽ തന്നെയാണെന്നതിൽ ഒരു സംശയവും വേണ്ട;

പ്രതികളെ കണ്ടെത്തും. അതുപോലെ കേരളത്തിൽ പെരുന്നാളാഘോഷിക്കാൻ വരുന്നയാളുകൾക്ക് സുരക്ഷിതത്വമില്ലെന്ന് താങ്കൾ ഇവിടെപ്പറഞ്ഞു. ശ്രീ. പിണറായി വിജയന്റെ പ്രത്യേകം പോലീസ് സംവിധാനം താങ്കളുടെ മണ്ഡലത്തിൽ ഏർപ്പെടുത്തുന്നതിനുവേണ്ടി തീരുമാനമെടുക്കുമെന്നതിൽ യാതൊരു സംശയവും വേണ്ട.

ഭക്ഷ്യസുരക്ഷാ സംവിധാനവുമായി ബന്ധപ്പെട്ട് നമ്മുടെ കേരളം ലോകത്തിന് മാതൃകയാണ്. പി.ഡി.എസ്. സംവിധാനം ഏറ്റവും ശക്തമായി നടപ്പിലാക്കുന്ന ഒരു സംസ്ഥാനമാണ് കേരളം. ബഹുമാനപ്പെട്ട അംഗങ്ങൾ സൂചിപ്പിച്ചതുപോലെ, 1943-ൽ രാജ്യം കണ്ട ഏറ്റവും വലിയ ഭക്ഷ്യക്ഷാമം ബംഗാളിൽ അരങ്ങേറി. അതിനുശേഷം 1965-ലാണ് പി.ഡി.എസ്. സംവിധാനം ഇന്ത്യയിൽ നടപ്പിലാക്കിയത്. ഈ സംവിധാനം ഏറ്റവും ഫലപ്രദമായി ഇപ്പോൾ നടപ്പിലാക്കുന്ന ഒരു സംസ്ഥാനം കേരളമാണ്. എന്നാൽ ഏറ്റവും കുറഞ്ഞ പോഷകാഹാരങ്ങൾ വിതരണം ചെയ്യുന്ന ഒരു സംസ്ഥാനമാണ് ഗുജറാത്ത്. വെറും 600 മില്ലിഗ്രാംപോലും ആളുകൾ വാങ്ങാത്ത ഒരു സംസ്ഥാനമാണ് ഗുജറാത്ത് എന്നുകാണുമ്പോഴാണ് കേരളത്തിലിപ്പോൾ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന ഭക്ഷ്യ സുരക്ഷാ

സംവിധാനങ്ങളെയും അതിന്റെ പൊതുവിതരണ സംവിധാനങ്ങളെയും അങ്ങേയറ്റം ശ്ലാഘിക്കപ്പെടുന്നത്. ഇതിന്റെ ഭാഗമായി കഴിഞ്ഞ 2016-ൽ അധികാരത്തിൽവന്ന അന്നത്തെ ഇടതുപക്ഷ ഗവൺമെന്റ് ആരംഭിച്ചിട്ടുള്ള, പൊതുമേഖലയിൽ നൽകിക്കൊണ്ടിരിക്കുന്ന 13 ഇന ഭക്ഷ്യ വിതരണ സംവിധാനങ്ങൾ ഒരു നയാപൈസ പോലും വർദ്ധിപ്പിക്കാതെ നാളിതുവരെയും തുടർന്നുകൊണ്ടുപോകുന്നത്, ഈ നാട്ടിലെ പാവപ്പെട്ട സാധാരണ മനുഷ്യരെ പൊതുസംവിധാനങ്ങളിലൂടെ സഹായിക്കുന്നതോടൊപ്പം നമ്മുടെ നാട്ടിലുണ്ടാകുന്ന വില വർദ്ധനവ് തടയുകയെന്ന ലക്ഷ്യത്തോടുകൂടിയാണ് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. 13 തവണകളിലായി 11.5 കോടി രൂപയുള്ള കിറ്റുകളുമായി ബന്ധപ്പെട്ട് 5600 കോടി രൂപയാണ് ചെലവഴിക്കപ്പെട്ടത്. ഇവിടെ ചില ആളുകൾക്ക് കിറ്റ് എന്നുകേട്ടാൽ കാറ്റ് പോകുന്ന ഒരു അവസ്ഥയാണുണ്ടായിട്ടുള്ളത്. നമുക്കറിയാം കഴിഞ്ഞ തെരഞ്ഞെടുപ്പ് കാലഘട്ടത്തിലാണ് അന്നത്തെ പ്രതിപക്ഷനേതാവ്... പ്രളയം അതുപോലെ കോവിഡ് ഇതെല്ലാം വന്ന് കരകയറാൻ എന്തുചെയ്യണമെന്നറിയാതെ നമ്മുടെ നാട്ടിലെ പാവപ്പെട്ട മനുഷ്യർ നിൽക്കുന്ന ഘട്ടത്തിലാണ് ആ പാവപ്പെട്ട മനുഷ്യർക്ക്

കൊടുത്തുകൊണ്ടിരിക്കുന്ന കിറ്റ് കൊടുക്കരുത്, അന്നം മുടക്കണം എന്നുപറഞ്ഞ് കോടതിയെ സമീപിച്ചവരാണ് കോൺഗ്രസ്സുകാർ. നമ്മളത് കണ്ടതാണ്. അത് സർക്കാരിന്റെ നയമാണ്, അത് തടയാൻ കഴിയില്ലായെന്ന് കോടതി പറഞ്ഞത് നമ്മൾ കണ്ടതല്ലേ; ഇപ്പോൾ നോക്കൂ, ഇന്നലെയും മിനിഞ്ഞാന്നുമായി ചില മാധ്യമങ്ങൾ പ്രത്യേകിച്ച്, മനോരമയെപ്പോലെയുള്ള മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്യുകയാണ്. നമ്മുടെ സംസ്ഥാനത്ത് അരി ഇല്ലാതെ ചക്ക തിന്ന് ജീവിക്കുന്ന ആദിവാസികൾ, നമ്മൾ പത്രങ്ങളിലെല്ലാം കണ്ടതാണ്. ഇവിടെ വളരെ വ്യക്തമായി സൂചിപ്പിക്കുന്നു, പെരുനാട് പഞ്ചായത്തിലെ മഞ്ഞത്തോട് എന്നുപറയുന്ന പ്രദേശത്തെ ആദിവാസി വിഭാഗത്തിൽപ്പെട്ട ആളുകൾ..... സാധാരണ മഴക്കാലമാകുമ്പോൾ നമ്മുടെ നാട്ടിൽ ചെയ്യാറില്ലേ, ചക്ക തിന്നാറില്ലേ?... ആ ചക്ക തിന്നുന്ന ഫോട്ടോയെടുത്ത്, കേരളത്തിലെ ആദിവാസികൾ ഇപ്പോൾ അരിയില്ലാതെ ചക്കമാത്രം തിന്ന് ദിവസങ്ങളോളം കഴിയുകയാണെന്ന നിലയിലുള്ള വാർത്തകളാണ് വരുന്നത്. അവാസ്തവമായ വാർത്ത. വളരെ വ്യക്തമായി അക്കാര്യത്തിൽ അന്വേഷണം നടത്തി. പട്ടികവർഗ്ഗ വകുപ്പും ഭക്ഷ്യസുരക്ഷാ മേഖലയുമായി ബന്ധപ്പെട്ട സപ്ലൈകോയും ആ

മേഖലയിലെല്ലാം കൃത്യമായ പരിശോധന നടത്തി. അവിടത്തെ ജില്ലാ കളക്ടർ ആ വാർത്ത ശരിയല്ല എന്നുപറഞ്ഞ് നിഷേധിച്ചു. മാത്രമല്ല, ഫോട്ടോയെടുത്ത ആ വ്യക്തി, ഓമന എന്നുപറയുന്ന സഹോദരി പറഞ്ഞു, ഞാൻ ഒരിക്കലും ഞങ്ങൾക്ക് അരികിട്ടുന്നില്ലായെന്ന് പറഞ്ഞിട്ടില്ലായെന്ന് വ്യക്തമായി മാധ്യമങ്ങളോട് പറഞ്ഞതാണ്. അവിടെ നോക്കിയപ്പോൾ നമുക്ക് മനസ്സിലാക്കാൻ കഴിയുന്നത്, എല്ലാ മാസവും കൃത്യമായി വാതിൽപ്പടി സേവനമാണ്. ഈ ഗവൺമെന്റ് വന്നതിനുശേഷം 115 ഊരുകളിൽ സഞ്ചരിക്കുന്ന റേഷൻ കട, അതിന്റെ ഭാഗമായി വാതിൽപ്പടി സേവനം, അവർക്ക് കൃത്യമായി 35 കിലോ അരി എല്ലാമാസവും കിട്ടുന്നുണ്ട്. എന്നാൽ നമ്മൾ മനസ്സിലാക്കേണ്ടത്, കേന്ദ്ര ഗവൺമെന്റ് നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന ഭക്ഷ്യവിതരണത്തിൽ നമുക്ക് ലഭിക്കേണ്ട വിഹിതം വെട്ടിക്കുറയ്ക്കുമ്പോൾ, കേരളത്തിലെ പ്രധാന പ്രതിപക്ഷമായ കോൺഗ്രസ്സ് അതിനെതിരായി എന്തുചെയ്തുവെന്ന് ചോദിക്കണം. ഇരട്ടത്താപ്പാണ് ഇവർ സ്വീകരിക്കുന്നത്. റേഷൻ കാർഡിന്റെ അടിസ്ഥാനത്തിൽ നമുക്ക് ലഭിച്ചുകൊണ്ടിരിക്കുന്ന അരിയുടെ വിഹിതം, മണ്ണെണ്ണ വിലകൂട്ടുന്ന വിഹിതം കിട്ടുന്നില്ല. ഗോതമ്പിന്റെ വിഹിതം കിട്ടുന്നില്ല.

ഈ നടപടികളെല്ലാം നമുക്കെല്ലാപേർക്കും പത്രങ്ങളിലും നേരിട്ടും സർക്കാർ വഴിയും അറിയിച്ചിട്ടുള്ളതല്ലേ; എന്ത് നടപടിയാണ് ഇതിനെ സംബന്ധിച്ചെടുക്കുന്നത്? അതിൽ ഒരു തരത്തിലും പ്രതികരിക്കാതെ, സംസ്ഥാന ഗവൺമെന്റ് നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന വികസനങ്ങളെ അട്ടിമറിക്കുന്ന ലക്ഷ്യമാണെന്നാണ് ഇപ്പോൾ നമ്മൾ മനസ്സിലാക്കുന്നത്. ഭരണപക്ഷത്തെ അക്രമിക്കാൻവേണ്ടി പല്ലും നഖവും ഉപയോഗിച്ച പ്രതിപക്ഷനേതാവ് ആർ.എസ്.എസ്.-ന്റെ സഹായത്തോടുകൂടിയാണ് ഇതിനാവശ്യമായ ഊർജ്ജം സംഭരിക്കുന്നത്. അത് ജനങ്ങൾ തിരിച്ചറിഞ്ഞു കഴിഞ്ഞു. 1996-ലെ പറവൂരിലെ തോൽവിക്ക് ശേഷം, 2016-2021-ൽ ആർ.എസ്.എസുമായി രഹസ്യ കൂടിക്കാഴ്ച നടത്തി വോട്ട് അഭ്യർത്ഥിച്ച്, വിജയിപ്പിക്കണമെന്നാവശ്യപ്പെട്ട്, ആർ.എസ്.എസിന്റെ സഹായത്തോടുകൂടി വിജയിച്ചിരിക്കുന്നുവെന്ന് പത്രമാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തില്ലേ? തനിക്ക് ജയിക്കാൻ എന്തും ചെയ്യാമെന്ന നയമാണ് നമ്മുടെ പ്രിയപ്പെട്ട പ്രതിപക്ഷനേതാവ് ശ്രീ. വി. ഡി. സതീശൻ ചെയ്യുന്നത്. ഇപ്പോൾ പത്രങ്ങളിൽ വരുന്നത്, ശ്രീ. വി. ഡി. സതീശൻ, വിനായക ദാമോദർ സതീശൻ എന്ന നിലയിലേയ്ക്കാണ് വരുന്നത്. 2013-ൽ അദ്ദേഹം

തൃശ്ശൂരിൽ നടന്ന ഭാരതീയ വിചാരധാരാ കേന്ദ്രത്തിന്റെ, ആർ.എസ്.എസ്.-ന്റെ ഒരു പരിപാടിയിൽ പങ്കെടുത്തുകൊണ്ട് നിലവിളക്ക് കൊളുത്തുന്ന ഫോട്ടോ ഉൾപ്പെടെ പത്രങ്ങളിൽ വരികയാണ്. എന്താണ് ഇവരുടെ സമീപനം? കേന്ദ്ര ഗവൺമെന്റുമായി, ആർ.എസ്.എസുമായി ബി.ജെ.പി.യുമായി ഒപ്പം ചേർന്ന് നിന്നുകൊണ്ട് കേരളത്തിന്റെ വികസന സാധ്യതകളെ അട്ടിമറിക്കാനുള്ള ശ്രമം ഇപ്പോൾ പ്രതിപക്ഷം നടപ്പിലാക്കിക്കൊണ്ടിരിക്കുന്നു.

ഇപ്പോൾ യൂത്ത് കോൺഗ്രസ്സുകാരെ വിശ്വസിച്ച് പോകാൻ കഴിയാത്ത അവസ്ഥയാണ്. ഞാൻ പാലക്കാട്ടുനിന്നാണ് വരുന്നത്, കഴിഞ്ഞ ദിവസം യൂത്ത് കോൺഗ്രസ്സിന്റെ സംസ്ഥാന പഠന ക്ലാസ്സ് അവിടെ നടന്നത്, ചിന്തൻ ശിബിരം. ആ ചിന്തൻ ശിബിരത്തിൽ വച്ച് ഒരു ദളിത് പെൺകുട്ടി അവരുടെ യൂത്ത് കോൺഗ്രസ്സിന്റെ നാഷണൽ സെക്രട്ടറിക്ക് പരാതി കൊടുത്തു, പുഷ്പലത. പത്രങ്ങളിൽ ആ പരാതിയുടെ കോപ്പി ഇംഗ്ലീഷിൽ എഴുതിയിട്ട്, ഇപ്പോൾ എല്ലാ പത്രങ്ങളിലുമുണ്ട്, മാധ്യമങ്ങളിലുണ്ട്, സോഷ്യൽ മീഡിയകളിലുണ്ട്, ഞാൻ അതിനെക്കുറിച്ച് വായിക്കാം... 'I am the KSU activist from my childhood. I have a complaint against Vivek H Nair,

the Youth Congress State Executive Member. Before a long time Vivek H. Nair misbehaved like a fraud attitude. Now I am participating Yuva Chintan Shibir. Yesterday (02-07-2022 ) evening, I went to wash room  Vivek H Nair said that please co operate with sexual abuse and bed share' …..very shame….. 'I strongly rejected that.  He already attended the state camp after his heavy drunk of alcohol, at the  same time abuse all the lady youth congress members with bad language.' ഇത് ഞാൻ പറഞ്ഞതല്ല, ഇത് പത്രങ്ങളിൽ വന്നതാണ്, സോഷ്യൽ മീഡിയയിൽ വൈറലാണ്.

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, പോയിന്റ് ഓഫ് ഓർഡർ......

മി. ചെയർമാൻ: എന്താണ് പോയിന്റ് ഓഫ് ഓർഡർ

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, യൂത്ത് കോൺഗ്രസ്സ് ക്യാമ്പിൽ നടന്നത് സംബന്ധിച്ച്, ഇത്തരമൊരു പരാതിയെ സംബന്ധിച്ച്, അങ്ങനെയൊരു പരാതിയില്ലായെന്ന് യൂത്ത് കോൺഗ്രസ്സിന്റെ ഭാരവാഹിയായ പെൺകുട്ടിതന്നെ പറഞ്ഞതായും അങ്ങനെ പരാതിയുണ്ടെങ്കിൽ ആ പരാതി ഹാജരാക്കണമെന്ന് മാധ്യമങ്ങളോടുതന്നെ,

യൂത്ത് കോൺഗ്രസ്സിന്റെ സംസ്ഥാന പ്രസിഡന്റ്, ഈ സഭയിൽ അംഗമായ ശ്രീ. ഷാഫി പറമ്പിൽ പറഞ്ഞതാണ്. ഇല്ലാത്ത ഒരു പരാതിയുടെ പേരിൽ പരാതിയില്ലെന്ന് ആ പെൺകുട്ടി പറഞ്ഞതിനുശേഷം യൂത്ത് കോൺഗ്രസ്സിന്റെ പേരിൽ ആ കാര്യം ഉന്നയിക്കുന്നത് സഭയുടെ രേഖയിലുണ്ടാകാൻ പാടില്ല, 307 പ്രകാരം അത് എക്സ്പഞ്ച് ചെയ്യണമെന്ന് ആവശ്യപ്പെടുകയാണ്.

<u>മി. ചെയർമാൻ</u>: പരിശോധിച്ച് ചെയ്യാം.*

<u>ശ്രീമതി ശാന്തകുമാരി കെ.</u>: സർ, ഇവിടെ ഞാൻ ഉണ്ടാക്കിയതല്ല ഈ പരാതി. ഇത് കൊടുത്തത് ഒരു ദളിത് പെൺകുട്ടി, പട്ടികജാതി വിഭാഗത്തിൽപ്പെട്ട പെൺകുട്ടി. ഇവരുടെ യൂത്ത് വിംഗിനോട് അല്ലെങ്കിൽ ചെറുപ്പക്കാരോട്, പെൺകുട്ടികളോട് കാണിക്കുന്നത്... ഇത് ഞാൻ ഉണ്ടാക്കിയ പരാതിയല്ല. എന്തുകൊണ്ടാണ് ഈ വിവേക് നായരെ പുറത്താക്കിയത്? മാനം രക്ഷിക്കാൻ വേണ്ടി. ഈ സമീപനമാണ് യൂത്ത് കോൺഗ്രസ്സ്, കേരളത്തിലെ കോൺഗ്രസ്......എങ്കിൽ ഇവരുടെ ലക്ഷ്യം എന്താണ്? ഇവർക്ക് എന്തുരാഷ്ട്രീയ മുദ്രാവാക്യമാണ് കേരളത്തിലുള്ളത്?

* ബഹുമാനപ്പെട്ട സ്പീക്കറുടെ 20/07/2022 തീയതിയിലെ (ഫ.നം. 12430/ഇ.ബി./2022/നി.സെ.) ഉത്തരവുപ്രകാരം സഭാരേഖകളിൽ നിലനിർത്താൻ തീരുമാനിച്ചു.

കേരളത്തിലെ പ്രധാന പ്രതിപക്ഷമെന്നും ക്രിയാത്മക പ്രതിപക്ഷമെന്നും സമൂഹത്തിനോട് പറയുകയുമെങ്കിലും അവരുടെ ഉള്ളിലിരുപ്പ് ഇതാണ്. ഞങ്ങൾക്ക് പറയാനുള്ളത് ശ്രീ. പിണറായി വിജയന്റെ പോലീസിനെക്കൊണ്ട് സെക്യൂരിറ്റി ചെയ്യാം, പോലീസിനെക്കൊണ്ട് അന്വേഷിപ്പിക്കാം. എന്റെ ആവശ്യം ഈ വിഷയത്തെ സംബന്ധിച്ച് വളരെ ഗൗരവകരമായി, കേരളത്തിലെ ദളിത് പെൺകുട്ടികൾ അനുഭവിക്കുന്ന പ്രശ്നങ്ങളെ സംബന്ധിച്ച് സമഗ്രമായൊരു അന്വേഷണം ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടാകണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

ഈ വിഷയവുമായി ബന്ധപ്പെട്ട് നിരവധിയായ നേട്ടങ്ങൾ കേരളത്തിലെ ഗവൺമെന്റ് മുന്നോട്ട് വച്ചു. അതെല്ലാംതന്നെ കേരളത്തിലെ ജനങ്ങൾ സ്വീകരിച്ചു. അതുകൊണ്ടാണ് രണ്ടാമത് 99 സീറ്റിന്റെ ഭൂരിപക്ഷത്തിൽ അധികാരത്തിൽ വന്നത്. ക്ഷീരമേഖലയുമായി ബന്ധപ്പെട്ട് വലിയ നേട്ടമാണുണ്ടായിട്ടുള്ളത്. കേന്ദ്ര ഗവൺമെന്റ് തൊഴിലുറപ്പ് മേഖലയുമായി ബന്ധപ്പെട്ട് ഇപ്പോൾ സ്വീകരിക്കുന്ന നയമുണ്ട്. അതിൽനിന്ന് വ്യത്യസ്തമായി ക്ഷീരമേഖലയെക്കൂടി തൊഴിലുറപ്പ് മേഖലയിലേക്ക് കൊണ്ടുവരാനുള്ള നടപടികൾ സ്വീകരിക്കണം. ഞാൻ

ചൂണ്ടിക്കാണിക്കുന്നത്, ഇവിടെ എ.ബി.സി. പദ്ധതിയുണ്ട് (Animal Birth Control), പഞ്ചായത്തുകൾ സംസ്ഥാന ഗവൺമെന്റുമായി സഹകരിച്ച് നടപ്പിലാക്കിയ പദ്ധതിയാണ്, ഇപ്പോൾ അത് നിന്നുപോയിരിക്കുകയാണ്. വളരെ അഭിമാനത്തോടെ പറയാം, 2017-ൽ ജില്ലാ പഞ്ചായത്ത് പ്രസിഡന്റായിരിക്കുമ്പോൾ പാലക്കാട് ജില്ലയിൽ ആദ്യം ആരംഭിച്ച പദ്ധതിയാണ്. ജില്ലയിലെ മുഴുവൻ പഞ്ചായത്തുകളേയും ബന്ധപ്പെടുത്തിക്കൊണ്ട് ആരംഭിച്ച പദ്ധതി. എന്റെ മണ്ഡലത്തിൽ മങ്കര പഞ്ചായത്തിൽ കഴിഞ്ഞദിവസം ശ്രീലക്ഷ്മി എന്നുപറയുന്ന 19 വയസുകാരി പെൺകുട്ടി പേ വിഷബാധയേറ്റ് മരിക്കുകയുണ്ടായി. വളരെ ഗൗരവമാണ്. മൃഗസംരക്ഷണ വകുപ്പ് വളരെ കൃത്യമായി ഈ മേഖലയെ സംരക്ഷിക്കാനും പേവിഷ ബാധയില്ലാത്ത രീതിയിലും തെരുവ് നായ്ക്കളുടെ പ്രജനനമുൾപ്പെടെ നിയന്ത്രിക്കുന്നതരത്തിലുള്ള നടപടികൾ സ്വീകരിക്കാൻ ഈ ഘട്ടത്തിൽ തയ്യാറാകണമെന്നാണ് ഇതുമായി ബന്ധപ്പെട്ട് സൂചിപ്പിക്കാനുള്ളത്. ഇവിടെ സംസ്ഥാന ഗവൺമെന്റ് കഴിഞ്ഞ 6 വർഷക്കാലം തുടർന്നുകൊണ്ടുപോകുന്ന ലോകത്തിന് മാതൃകയായ നേട്ടങ്ങൾ ആവർത്തിക്കുന്നതിനുവേണ്ടി ഈ വർഷം മുന്നോട്ട് വച്ച ഈ ധനാഭ്യർത്ഥനകളെ ഞാൻ പൂർണ്ണമായും

പിന്തുണയ്ക്കുന്നു.

ശ്രീ. ജോബ് മൈക്കിൾ: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ പിന്തുണയ്ക്കുകയാണ്. ബഹുമാന്യനായ പ്രതിപക്ഷാംഗം എൽദോസ് പി. കുന്നപ്പിള്ളിൽ പ്രസംഗിച്ചപ്പോൾ ക്ഷീരവികസനത്തെക്കുറിച്ചും മൃഗസംരക്ഷണ വകുപ്പിനെക്കുറിച്ചും കുറേയേറെ കാര്യങ്ങൾ പറഞ്ഞു. ഈ ഗവൺമെന്റിന്റെ ആദ്യവർഷത്തെ വികസന മുന്നേറ്റത്തോടനുബന്ധിച്ച് പ്രസിദ്ധീകരിച്ച പുസ്തകത്തിൽ (പ്രസിദ്ധീകരണം ഉയർത്തിക്കാണിക്കുന്നു.) കാണുന്ന ഫോട്ടോ ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിയുടേതല്ലേ; ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെയും ബഹുമാനപ്പെട്ട മന്ത്രി ജെ. ചിഞ്ചുറാണിയുടെയും പടങ്ങളുള്ള, 56 പേജുള്ള പ്രസിദ്ധീകരണത്തിൽ കാണുന്നത് പ്രിയപ്പെട്ട എൽദോസ് പി. കുന്നപ്പിള്ളിൽതന്നെയല്ലേ? മൃഗസംരക്ഷണ വകുപ്പ് നടപ്പിലാക്കിയ പദ്ധതികളെക്കുറിച്ചും നേട്ടങ്ങളെ പ്രശംസിച്ചുകൊണ്ടും പ്രസിദ്ധീകരണത്തിന്റെ 26, 27 പേജുകളിൽ അദ്ദേഹത്തിന്റെ ഫോട്ടോ സഹിതം ചേർത്തുകൊണ്ട് എഴുതിയിരിക്കുന്നത് ഞാൻ കാണിക്കാം.

ശ്രീമതി സി. കെ. ആശ: സർ, ഇവിടെ മൂന്ന് പടങ്ങൾ കാണുന്നുണ്ട്, ഇതിൽ ഏത് പടത്തെക്കുറിച്ചാണ് പറയുന്നത്?

ശ്രീ. ജോബ് മൈക്കിൾ: സർ, ഞാൻ പറഞ്ഞത്, ബഹുമാനപ്പെട്ട മൃഗസംരക്ഷണ വകുപ്പുമന്ത്രിയുടെയും കേരളത്തിന്റെ ബഹുമാന്യനായ മുഖ്യമന്ത്രിയുടെയും ഒപ്പംകാണുന്ന അദ്ദേഹത്തിന്റെ പടത്തെക്കുറിച്ചാണ്. മൃഗസംരക്ഷണ വകുപ്പിനെക്കുറിച്ച് സംസാരിക്കുമ്പോൾ കേരള കാർഷിക സർവ്വകലാശാല പിരിച്ചുവിടണമെന്ന് അദ്ദേഹം ആവശ്യപ്പെട്ടു.

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: സർ, പോയിന്റ് ഓഫ് ഓർഡർ..

മി. ചെയർമാൻ: ഇതിൽ എന്ത് പോയിന്റ് ഓഫ് ഓർഡറാണുള്ളത്?

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: സർ, ഇവിടെ ഒരു ഭരണപക്ഷ അംഗം സംസാരിക്കുമ്പോൾ, തൊട്ടടുത്തിരിക്കുന്ന അംഗം ബഹുമാനപ്പെട്ട സ്പീക്കറുടെ അനുമതിയില്ലാതെ മൈക്ക് ലഭ്യമാകാതെതന്നെ സ്വയം എഴുന്നേറ്റ് പ്രസംഗിച്ചതും അച്ചടിക്കപ്പെട്ട ഫോട്ടോയിൽ ഏതാണ് പരാമർശിച്ച വ്യക്തിയെന്ന് ചോദിച്ചതും സാമാജികനെന്ന രീതിയിൽ വ്യക്തിപരമായി എന്നെ ചോദ്യംചെയ്യുന്നതാകയാലും അംഗം സ്വന്തം മൈക്ക് മാറി ഉപയോഗിക്കുന്നത് തെറ്റായ കീഴ്വഴക്കമാണ് എന്നതിനാലും ചെയർ ഇക്കാര്യം പരിശോധിക്കണം.

മി. ചെയർമാൻ: പ്രസംഗം നിർത്തിയിട്ടില്ലാത്തതിനാൽ അത് തുടരാം.

ശ്രീ. ജോബ് മൈക്കിൾ: സർ, കേരള കാർഷിക സർവ്വകലാശാല എന്തിനാണെന്ന് ചോദിച്ച ബഹുമാനപ്പെട്ട അംഗത്തോട് ഞാൻ മറ്റൊരു കാര്യം ചോദിക്കട്ടേ, 1972 ഫെബ്രുവരി 1-ാം തീയതി തൃശ്ശൂരിൽ കേരള കാർഷിക സർവ്വകലാശാല സ്ഥാപിക്കാൻ മുൻകയ്യെടുത്തത് അന്നത്തെ കോൺഗ്രസിന്റെ നേതാവും നമ്മുടെ പ്രിയപ്പെട്ട 'ലീഡർ' -ഉം ആയിരുന്ന കെ. കരുണാകരൻ ആയിരുന്നുവെന്നത് അങ്ങ് മറന്നുപോയോ? അങ്ങയുടെ പാർട്ടിക്കും അങ്ങേയ്ക്കും എല്ലാവരെയും പിരിച്ചുവിടുന്ന പ്രവണതയാണുള്ളത്. 1957-ൽ അന്നത്തെ ഗവൺമെന്റിനെ പിരിച്ചുവിട്ടു, പിന്നീട് ഞങ്ങളെയും പിരിച്ചുവിട്ടിട്ടുണ്ട്. പൊതുവിതരണ രംഗത്ത് മാതൃകാപരമായ പ്രവർത്തനം നടത്തുന്ന ബഹുമാനപ്പെട്ട വകുപ്പുമന്ത്രിയെ ഒരു വാക്കുകൊണ്ടെങ്കിലും അങ്ങ് പ്രശംസിക്കേണ്ടതായിരുന്നു. ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി എന്തെല്ലാം കാര്യങ്ങളാണ് ഈ നാട്ടിൽ ചെയ്തുതീർത്തത്. തെരുവിലും പുറമ്പോക്കിലും ജീവിക്കുന്നവരുൾപ്പെടെ സ്ഥിരമായ താമസരേഖ കൈവശമില്ലാത്തവർക്ക് ആധാർ കാർഡ് പരിഗണിച്ചുകൊണ്ട് സത്യവാങ്മൂലത്തിന്റെ അടിസ്ഥാനത്തിൽ റേഷൻ കാർഡുകൾ നൽകിക്കഴിഞ്ഞു. കുറച്ചുനാളുകളായി ഇവിടെ ഭക്ഷ്യവകുപ്പ് നടത്തുന്ന പ്രവർത്തനങ്ങൾ, ബഹുമാനപ്പെട്ട മന്ത്രി

എല്ലാ മാസവും നടത്തുന്ന ഫോൺ-ഇൻ-പരിപാടി തുടങ്ങിയവ പ്രശംസിക്കപ്പെടേണ്ടതാണ്. ഈ സംസ്ഥാനത്തെ ഏതൊരാൾ വിളിച്ചുപറഞ്ഞാലും പ്രസ്തുത മേഖലയിലെ പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കുന്നതിൽ കാണിക്കുന്ന തീഷ്ണത, അർഹതയില്ലാത്ത 172000-ത്തിലധികം ആളുകൾ മുൻഗണനാ കാർഡുകൾ കൈവശം വച്ചിരുന്നത് സറണ്ടർ ചെയ്ത് അർഹരായ 153000-ത്തിൽപ്പരം ആളുകൾക്ക് പുതിയതായി മുൻഗണനാ കാർഡ് നൽകിയ നടപടി എന്നിവയിൽ ബഹുമാനപ്പെട്ട മന്ത്രിയെ അഭിനന്ദിക്കുകയാണ്. ഭിന്നശേഷിക്കാർക്കും പാവങ്ങൾക്കുംവേണ്ടി ഇന്നുരാവിലെ അദ്ദേഹം സഭയിൽ ഒരു പ്രസ്താവന നടത്തിയിരുന്നു, കേന്ദ്രഗവൺമെന്റ് എതിർത്താലും സംസ്ഥാന ഗവൺമെന്റ് ബാദ്ധ്യത ഏറ്റെടുത്തുകൊണ്ട് അത് നടപ്പാക്കുമെന്നുള്ള അങ്ങയുടെ പ്രസ്താവനയെ ഞാൻ അഭിനന്ദിക്കുകയാണ്. കന്യാസ്ത്രീ മഠങ്ങളിലെ അഗതികളായ കന്യാസ്ത്രീകൾക്കും റേഷൻ സാധനങ്ങൾ അനുവദിച്ചുകൊടുക്കുന്നതിനുള്ള നടപടി അങ്ങ് സ്വീകരിക്കണം. നെൽകർഷകർക്കുവേണ്ടി നെല്ലിന്റെ 'ഹാന്റ്ലിംഗ് ചാർജ്ജ്' ഉയർത്തുകയും നെല്ലിന്റെ തറവില വർദ്ധിപ്പിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കുകയും

ചെയ്യണം. സിവിൽ സപ്ലൈസ് മുഖാന്തരം ഇന്നുനടത്തുന്ന എല്ലാ പ്രവർത്തനങ്ങളെയും ഞാൻ അഭിനന്ദിക്കുകയാണ്. കേരളത്തിലെ മില്ലുടമകളും ഏജന്റുമാരും ചേർന്നുകൊണ്ട് വിളവെടുപ്പ് സമയത്ത് നെൽകർഷകരോട് കാണിക്കുന്ന അനീതി അവസാനിപ്പിക്കണം. ഏജന്റുമാർ സംരക്ഷിക്കപ്പെടുകയും പാവപ്പെട്ട നെൽകർഷകർ വളരെയധികം ബുദ്ധിമുട്ട് നേരിടുകയുംചെയ്യുന്ന സാഹചര്യം നിലനിൽക്കുന്നുണ്ട്. വിളവെടുപ്പ് സമയത്തുതന്നെ നെൽകർഷകരുടെ യോഗം വിളിച്ചുകൂട്ടി അവരുടെ നെല്ല് മിതമായ വിലയ്ക്ക് ശേഖരിക്കുന്നതിനുള്ള സാഹചര്യമുണ്ടാക്കണം. ഇക്കാര്യത്തിൽ കഴിഞ്ഞ സീസണിലെ അങ്ങയുടെ ഇടപെടലിനെ ഞാൻ അഭിനന്ദിക്കുകയാണ്, ആ ഇടപെടൽകൊണ്ട് പാവപ്പെട്ട നെൽകർഷകർക്ക് കുറെയേറെ നേട്ടങ്ങളുണ്ടായിട്ടുണ്ട്. നെല്ല് സംഭരണത്തിലെ ഹാന്റ്ലിംഗ് ചാർജ്ജ് 12.5 രൂപയിൽനിന്നും വർദ്ധിപ്പിച്ച് 150 രൂപയാക്കി ഉയർത്തണം. ഒരിക്കൽക്കൂടി ഈ ധനാഭ്യർത്ഥനകളെ പിന്തുണച്ചുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

<u>ശ്രീ. പി. മമ്മിക്കുട്ടി</u>: സർ, സഖാവ് പിണറായി വിജയന്റെ നേതൃത്വത്തിലുള്ള രണ്ടാം ഗവൺമെന്റിന്റെ ബഡ്ജറ്റുമായി

ബന്ധപ്പെട്ടുകൊണ്ട് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രിയും മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രിയും ഇവിടെ അവതരിപ്പിച്ച ധനാഭ്യർത്ഥനകളെ ഞാൻ പിന്തുണയ്ക്കുകയാണ്. കേരള സംസ്ഥാനത്തെ മെച്ചപ്പെട്ട വികസിത സംസ്ഥാനമാക്കി മാറ്റുന്നതിനും അതിന്റെ ഭാഗമായി ജനങ്ങളുടെ ജീവിതനിലവാരം മെച്ചപ്പെടുത്തുന്നതിനും ജീവനോപാധികളിലൂടെ വരുമാനം വർദ്ധിപ്പിക്കുന്നതിനും സഹായകരമായ ഒട്ടേറെ പദ്ധതികൾ വിഭാവനംചെയ്തുകൊണ്ടാണ് ഈ ധനാഭ്യർത്ഥനകൾ അവതരിപ്പിക്കപ്പെട്ടത്. ഇതിന്റെ മറ്റു വിശദാംശങ്ങളിലേയ്ക്ക് കടക്കുന്നില്ല. ഭക്ഷ്യ-പൊതുവിതരണ വകുപ്പുമായി ബന്ധപ്പെട്ടുകൊണ്ട് ലോകത്തിനുതന്നെ മാതൃകയായ നടപടികളും നിലപാടുകളും സ്വീകരിച്ചുകൊണ്ട് മുമ്പോട്ടുപോകുന്ന ഈ ഗവൺമെന്റിനെ ഇന്ത്യക്കാർ മാത്രമല്ല, വിദേശ രാജ്യങ്ങളിലെ, പ്രത്യേകിച്ച്, അമേരിക്ക, കാനഡ, ബ്രിട്ടൻ, ജർമ്മനി, ജപ്പാൻ തുടങ്ങിയ രാജ്യങ്ങളിൽ ജീവിക്കുന്ന മലയാളികളായ ആളുകളും ദിനംപ്രതി ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ ഇത്തരം സംവിധാനങ്ങളെ സംബന്ധിച്ച് മുക്തകണ്ഠം പ്രശംസിച്ചുകൊണ്ടിരിക്കുകയാണ്. പ്രതിപക്ഷത്തുനിന്നും ബഹുമാനപ്പെട്ട അംഗങ്ങൾ സംസാരിച്ചു, ബഹുമാന്യനായ എൻ. എ.

നെല്ലിക്കുന്ന് വളരെ സരസമായി കാര്യങ്ങൾ അവതരിപ്പിക്കുന്നയാളാണല്ലോ. എന്നാൽ ഇന്നത്തെ പ്രസംഗത്തിൽ ആ രീതിയിൽ കാര്യങ്ങൾ അവതരിപ്പിക്കാനുള്ള വിഷയദാരിദ്ര്യം അനുഭവപ്പെട്ടുവെന്ന് എനിക്ക് ബോധ്യമായി. അദ്ദേഹം ചില കാര്യങ്ങൾ വിശദീകരിച്ചെങ്കിലും പരാമർശിച്ച വിഷയങ്ങളെ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റുമായും അതിന്റെ വകുപ്പുകളുമായും കൂട്ടിച്ചേർക്കാൻ കഴിഞ്ഞില്ല. കേന്ദ്രവും കേരളവും ഒരുമിച്ച് ഭരിച്ചവരാണ് കോൺഗ്രസുകാർ. ആ ഭരണത്തിലൊക്കെ ബഹുമാനപ്പെട്ട മുസ്ലീംലീഗിന്റെ ആളുകളുമുണ്ടായിരുന്നു. കേന്ദ്രവും കേരളവും ഒരുമിച്ച് ഭരിച്ചിരുന്ന ആ നാളുകളിൽ വിലക്കയറ്റത്തെ എങ്ങനെയാണ് നിങ്ങൾ ന്യായീകരിച്ചത്? വിലക്കയറ്റമെന്നത് കേരളത്തിന്റെയോ ഇന്ത്യയുടെയോ മാത്രം പ്രതിഭാസമല്ലെന്നും അതൊരു ആഗോള പ്രതിഭാസമാണെന്നും പറഞ്ഞുകൊണ്ട് വിലക്കയറ്റത്തിന് ന്യായീകരണം കണ്ടെത്തിയ ആളുകൾ പല വിഷയങ്ങളും ഇവിടെ പരാമർശിച്ചെങ്കിലും വിലക്കയറ്റമെന്ന വാക്ക് ഉപയോഗിക്കാൻ ഇന്ന് കഴിഞ്ഞില്ല. ലോകവും രാജ്യവുമൊക്കെ കടുത്ത വിലക്കയറ്റത്തിന് വിധേയമായിക്കൊണ്ടിരിക്കുന്ന ഈ സന്ദർഭത്തിലും 13 നിത്യോപയോഗ സാധനങ്ങൾ 2016-ൽ വാങ്ങിയ വിലയ്ക്കുതന്നെ

കേരളത്തിൽ ഇന്നും വാങ്ങാൻ കഴിയുന്നുണ്ട്. ഇതൊരു പ്രധാന നേട്ടമല്ലേ? അതിന്റെ എല്ലാ കണക്കുകളും പറഞ്ഞാൽ ഒരുപക്ഷേ യു.ഡി.എഫ്.-കാർ മോഹാലസ്യപ്പെട്ട് വീഴുമെന്നതിനാൽ അതിന്റെ വിശദാംശങ്ങളിലേയ്ക്ക് ഞാൻ കടക്കുന്നില്ല. ഭക്ഷ്യ-പൊതുവിതരണവുമായി ബന്ധപ്പെട്ടുകൊണ്ട് മാതൃകാപരമായ കാര്യങ്ങളല്ലേ ഇപ്പോൾ നടക്കുന്നത്? ഇക്കാര്യങ്ങളിൽ നമുക്ക് ആശങ്കയുണ്ടായിരുന്നില്ലേ. നേരത്തെ യു.ഡി.എഫ്. ഭരിച്ചിരുന്നപ്പോൾ റേഷൻകടകളുടെ മുന്നിൽ ചില കാര്യങ്ങൾ എഴുതിവച്ചിരുന്നു, അതെന്തായിരുന്നു? റേഷൻ കടകളിൽ സാധനം വാങ്ങാൻ വരുന്നയാളുകൾക്ക് ഇരിക്കാൻ ബഞ്ച് നൽകണം, കുടിക്കാൻ വെള്ളംകൊടുക്കണം, വിശ്രമിക്കാനുള്ള കേന്ദ്രവും വേണം എന്നായിരുന്നു എഴുതിവച്ചത്. ഇരിക്കാൻ ബഞ്ചും കുടിക്കാൻ വെള്ളവും വിശ്രമിക്കാൻ സൗകര്യവും ആവശ്യമാണെന്നല്ലാതെ ആ കാലഘട്ടത്തിൽ അവശ്യസാധനങ്ങൾ കിട്ടിയിരുന്നില്ല. ഇന്ന് കേരളത്തിലെവിടെയും റേഷൻ സംവിധാനത്തിലൂടെ അർഹതപ്പെട്ടയാളുകൾക്ക് സാധനങ്ങൾ വാങ്ങാനുള്ള അനുകൂലസ്ഥിതി ഉണ്ടല്ലോ. എത്ര യൂണിറ്റ് അരി ലഭ്യമാകാനുണ്ട്, മറ്റ് ഭക്ഷ്യധാന്യങ്ങൾ എത്ര അളവിലുണ്ട് തുടങ്ങിയ കാര്യങ്ങളൊക്കെ അവർക്ക്

മുൻകൂട്ടിത്തന്നെ അറിയാൻ കഴിയും. അത്തരത്തിൽ കമ്പ്യൂട്ടർവത്കരണത്തിലൂടെ റേഷൻ സംവിധാനം ജനങ്ങളുടെ അവകാശമാണെന്ന് അവരെ ബോദ്ധ്യപ്പെടുത്തുന്നതിനും ഉറപ്പുവരുത്തുന്നതിനും ആവശ്യമായ നടപടി സ്വീകരിച്ചതിന് സർക്കാരിനെ പ്രകീർത്തിക്കണ്ടേ? നെല്ലിന്റെ വിലയുമായി ബന്ധപ്പെട്ട കാര്യം ശ്രീ. ജോബ് മൈക്കിൾ ഇവിടെ സൂചിപ്പിച്ചു. പാലക്കാട്ടുകാർ നെല്ല് സംഭരണവുമായി ബന്ധപ്പെട്ട കാര്യങ്ങൾ എല്ലാകാലത്തും മന്ത്രിമാരുമായി ചർച്ച ചെയ്യുകയും മന്ത്രിമാർ അത്തരം വിഷയങ്ങളിൽ ഇടപെടുകയും അനുകൂലപ്രതികരണങ്ങൾ ഉണ്ടാകുകയും ചെയ്യാറുണ്ട്. 28 രൂപ കൊടുത്ത് ഒരു കിലോ നെല്ല് വാങ്ങുന്നു, 1 കിലോ നെല്ലുകൊണ്ട് 1 കിലോ അരിയുണ്ടാക്കാൻ കഴിയില്ല. 1.50 - 1.75 കിലോ നെല്ലുണ്ടെങ്കിലേ ഒരു കിലോ അരിയുണ്ടാക്കാൻ കഴിയുകയുള്ളൂ. അപ്പോൾ നെല്ലിന് എത്രരൂപ നൽകണം? എന്നാൽ റേഷൻ സംവിധാനത്തിലൂടെ 10.60 രൂപയ്ക്കും സൗജന്യമായി നൽകേണ്ടവർക്ക് അങ്ങനെയും അരി ലഭ്യമാക്കുന്നുണ്ട്. പൊതുമാർക്കറ്റിൽ 25 രൂപയ്ക്ക് മട്ട അരി ലഭ്യമാകുന്നുണ്ട്. ഉയർന്ന വില കൊടുത്ത് നെല്ല് സംഭരിച്ചുകൊണ്ട് നെൽകൃഷിക്കാരെ രക്ഷിക്കുകയും അതേസമയംതന്നെ അരി വാങ്ങി

ഉപയോഗിക്കുന്നവർക്ക് ഭാഗികമായ വില നിശ്ചയിച്ചും സൗജന്യമായി ലഭ്യമാക്കേണ്ടവർക്ക് അങ്ങനെയും നൽകാൻ കഴിയുന്നത് ഗവൺമെന്റിന്റെ ഇടപെടലിന്റെ ഭാഗമായിട്ടാണല്ലോ? അതോടനുബന്ധിച്ചാണ് ലക്ഷോപലക്ഷം വരുന്നയാളുകൾക്ക് അതിന്റെ ഗുണഫലം ലഭ്യമായത്. കിറ്റിന്റെ വിഷയമെല്ലാം രണ്ടാമത് വരുന്നതാണ്, കിറ്റിന്റെ അനുഭവംകൂടി ഇതിൽ കൂട്ടിച്ചേർക്കുമ്പോൾ നിങ്ങൾ പ്രതീക്ഷിക്കാത്തവിധത്തിൽ ഇടതുപക്ഷത്തിന് മുന്നേറ്റമുണ്ടായിയെന്നത് ഇപ്പോഴും നിങ്ങളെ ഞെട്ടിക്കുന്ന കാര്യമാണ്. എന്നാൽ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രിയും ഗവൺമെന്റും നടത്തുന്ന ഇത്തരം പ്രവർത്തനങ്ങളെ ശ്ലാഘിക്കാത്തവരായി ആരുമില്ലല്ലോ. ഗോതമ്പിന്റെ കാര്യം ഇവിടെ പറഞ്ഞു. മണ്ണെണ്ണ വെട്ടിക്കുറച്ചതിനെക്കുറിച്ച് ശ്രീ. എൻ. എ. നെല്ലിക്കുന്ന് സൂചിപ്പിച്ചു. ഗോതമ്പ് ആരാണ് ഇല്ലാതാക്കിയത്; മുൻഗണനാ ക്രമത്തിൽ അർഹതപ്പെട്ടവരുടെ ഗോതമ്പും മണ്ണെണ്ണയും നിഷേധിക്കപ്പെട്ടില്ലേ; അതിന്റെ ചെറിയൊരു ഉത്തരവാദിത്വം അപ്പുറത്തിരിക്കുന്നവർക്കുമില്ലേ; ഭരണപക്ഷത്തിരിക്കുന്നവർക്ക് മാത്രമാണോ ഇതിന്റെ ഉത്തരവാദിത്വം;

പാർലമെന്റ് തെരഞ്ഞെടുപ്പിൽ ബഹുമാന്യനായ രാഹുൽ ഗാന്ധി ഉൾപ്പെടെ 18 ഓളം വരുന്ന അംഗങ്ങൾ ഇവിടെനിന്നും ജയിച്ചുപോയതല്ലേ; ശ്രീ. രാഹുൽ ഗാന്ധി ഉൾപ്പെടെയുള്ള 18 അംഗങ്ങൾ അവിടെയുണ്ടല്ലോ; ആരെങ്കിലും എവിടെയെങ്കിലും ശബ്ദിച്ചതായി ഞങ്ങൾ കേട്ടില്ല. അപ്പോഴും അതിന്റെ ഉത്തരവാദിത്വം ഇടതുപക്ഷക്കാരുടെ തലയിലിരിക്കട്ടെ എന്നുള്ള നിലപാട് സ്വീകരിക്കുന്നത് ഗുണകരമല്ലല്ലോ; ഭരണപക്ഷത്തുള്ളവർ പ്രതിപക്ഷത്തും പ്രതിപക്ഷത്തുള്ളവർ ഭരണപക്ഷത്തുംവരുന്നത് സ്വാഭാവികമാണ്. അത് ജനങ്ങളുടെ രീതിക്കനുസരിച്ചുകൊണ്ടാണ്. പക്ഷെ നമ്മളത് മറന്നുപോകരുത് എന്നാണതിന്റെ അർത്ഥം. എന്തെങ്കിലും കാര്യങ്ങളുണ്ടാകുമ്പോൾ ബഹുമാന്യനായ ഉമ്മൻ ചാണ്ടിയുടെയും ശ്രീ. എ. കെ. ആന്റണിയുടെയും പേര് പറയും. അതിലൊന്നും ഞങ്ങൾക്ക് തർക്കമില്ല. അത്തരം ഗവൺമെന്റുകളുമായി ബന്ധപ്പെട്ടുകൊണ്ടുള്ള നിയമനടപടികളുടെ ഭാഗമായി പദ്ധതികളിലുണ്ടായ പ്രചോദനം നിങ്ങൾ ഒരു തട്ടിൽവയ്ക്കുക. സഖാവ് ഇ.എം.എസ്.-ന്റെ ഭരണംമുതൽ അതിനുശേഷം വന്നിട്ടുള്ള സഖാവ് ഇ. കെ. നായനാരുടെ ഗവൺമെന്റ്, സഖാവ് വി. എസ്. അച്ചുതാനന്ദന്റെ ഗവൺമെന്റ്, ഇപ്പോൾ വന്ന ഗവൺമെന്റ് വരെയുള്ളത് നിങ്ങൾ പരിശോധിച്ച

നോക്കിയാൽ മനസിലാകും. ഒരു ത്രാസ് എടുത്ത് തട്ടിൽ വയ്ക്കുമ്പോൾ ഏത് ഭാഗത്തേയ്ക്കാണ് തൂക്കം കൂടുതലെന്ന് ഞങ്ങൾ പറയാതെതന്നെ നിങ്ങൾക്കറിയാമല്ലോ; നിങ്ങളിടപെട്ട് ചില കാര്യങ്ങൾ ചെയ്തിട്ടുണ്ടെന്ന കാര്യത്തിൽ തർക്കമില്ല. അതിൽ ഞങ്ങളാരും തർക്കിക്കാനും വരുന്നില്ല. പക്ഷെ ആര് ചെയ്തു; ആരാണ് കൂടുതൽ ചെയ്തത്; ആരാണ് കേരളത്തെ ഇന്നത്തെ രീതിയിലേയ്ക്ക് മാറ്റാൻ ശ്രമിച്ചതെന്ന് പറയുമ്പോൾ സ്വയം വിമർശനപരമായി കാര്യങ്ങൾ കൈകാര്യം ചെയ്തുപോകണം. കേന്ദ്രം ഭരിച്ച ഗവൺമെന്റുകളുടെ കാലം കൂടുതൽ കോൺഗ്രസിന്റെ കൈകളായിരുന്നു. രാജ്യത്തിന്റെ പൊതുവായ അവസ്ഥയെ താരതമ്യം ചെയ്യുമ്പോഴുള്ള ഗ്രാഫിൽ കേരളം അതിൽ നിന്നെല്ലാം വ്യത്യസ്തമായി ഒരു ഹൈ റെയ്ഞ്ചിലാണ് ഉയർന്ന് നില്ക്കുന്നത്. നിങ്ങൾമാത്രം ഭരിച്ച ആന്ധ്ര, ബീഹാർ അതുപോലെയുള്ള മറ്റ് സംസ്ഥാനങ്ങളുമായി ഇടതുപക്ഷം ഇടയ്ക്കിടയ്ക്ക് ഭരിച്ച കേരള സംസ്ഥാനവുമായി താരതമ്യം ചെയ്യുമ്പോഴാണ് അതിന്റെ വ്യത്യാസം മനസ്സിലാകുന്നത്. ഇക്കാര്യങ്ങൾ അളന്ന് തിട്ടപ്പെടുത്തുമ്പോൾ ഇടതുപക്ഷകാരന്റെ പങ്കിനെ നമ്മൾ വിസ്മരിക്കരുത്. രണ്ടാം പിണറായി ഗവൺമെന്റ് ജനക്ഷേമകരമായ വികസന പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.

ക്ഷീര വികസനത്തെയും മറ്റ് കാര്യങ്ങളെക്കുറിച്ചും ഇവിടെ സൂചിപ്പിച്ചു. ആളുകളുടെ നിത്യവരുമാനത്തിന്റെ മാർഗ്ഗങ്ങൾ വർദ്ധിപ്പിക്കാൻ ക്ഷീരകർഷകരെയും അതുമായി ബന്ധപ്പെട്ട സ്ഥാപനങ്ങളെയും സഹായിക്കാൻ ഒട്ടേറെ നൂതനമായ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടല്ലോ. ഇന്ന് മഹാഭൂരിപക്ഷം ആളുകൾക്കും കാർഷിക മേഖലയിലേയ്ക്ക് അല്ലെങ്കിൽ ക്ഷീരമേഖലയിലേയ്ക്ക് കടന്നുവരാൻ താല്പര്യമുണ്ട്. അവരെ രക്ഷിക്കാനും സംരക്ഷിക്കാനുമുള്ള ഗവൺമെന്റുണ്ട്. അവർ ഉല്പാദിപ്പിക്കുന്ന പാല് ന്യായമായ വിലയ്ക്കെടുക്കാനും അത് സംസ്കരിക്കാനുമുള്ള സംവിധനവുമുണ്ട്. അവരുടെ പശുക്കൾക്ക് രോഗം വന്നാൽ ചികിത്സിക്കാനുള്ള സംവിധാനമുണ്ട്. മറ്റുരീതിയിലുള്ള സംവിധാനങ്ങൾ പൂർണ്ണമായിട്ടുണ്ടോയെന്ന് ചോദിച്ചാൽ പൂർണ്ണമായിട്ടില്ലെന്നാണ് പറയാൻ കഴിയുന്നത്. പക്ഷെ അതുമായി മുന്നോട്ടു പോകുമ്പോൾ ഗുണപരമായ കാര്യങ്ങൾ കൂടി പ്രതിപാദിച്ചുകൊണ്ട് വിമർശിക്കുന്നതിൽ കുഴപ്പമില്ല. ക്ഷീര വികസനവുമായി ബന്ധപ്പെട്ടും മൃഗസംരക്ഷണവുമായി ബന്ധപ്പെട്ടും ഭക്ഷ്യപൊതുവിതരണ സംവിധാനങ്ങളുമായി ബന്ധപ്പെട്ടുമുള്ള പ്രശ്നങ്ങളൊക്കെ ചർച്ച ചെയ്യുമ്പോൾ..... പതിനാലായിരത്തി അറുനൂറ്റി

ചില്ലറാനം റേഷൻ കടകളാണുള്ളത്. പതിനായിരക്കണക്കിനായുള്ള ന്യായവില ഷോപ്പുകളാണുള്ളത്. ഇന്ത്യാരാജ്യത്ത് വേറെ എവിടെയാണുള്ളത്. വിലക്കയറ്റത്തെ പിടിച്ചുനിർത്താനുള്ള നടപടികളാണിത്. ഈ നടപടികളില്ലെങ്കിൽ വിലക്കയറ്റത്തെ പിടിച്ച് നിർത്താനാകില്ല. പൊതുവിതരണ സംവിധാനത്തിന്റെയും റേഷൻ സംവിധാനത്തിന്റെയും വിലക്കയറ്റം പിടിച്ചുനിർത്താനാവശ്യമായ നടപടികളുടെ ഭാഗമായി സംസ്ഥാന ഗവൺമെന്റ് ജനങ്ങളെ ചേർത്തുപിടിച്ച് നടത്തുന്ന പ്രവൃത്തികളെയും ക്ഷീരവികസനം, മൃഗസംരക്ഷണം എന്നിവയുമായി ബന്ധപ്പെട്ട് നടത്തുന്ന പ്രവർത്തനങ്ങളെയും ഞാൻ ശ്ലാഘിക്കുകയാണ്. ക്ഷീര വികസനവുമായി ബന്ധപ്പെട്ട്, ക്ഷീര സംഘങ്ങളുടെ bylaw-യുടെ അമെന്റ്മെന്റിനെ സംബന്ധിച്ച് ആലോചിക്കുന്നുണ്ടെന്നാണ് പറഞ്ഞത്. അതിൽ പറയുന്നത് 180 ദിവസം പാൽ അളക്കണമെന്നാണ്. അഞ്ചൂറ് ലിറ്റർ പാല് വേണമെന്നത് നിലനിർത്തക്കോട്ടെ. എന്നാൽ 180 ദിവസം പാൽ അളക്കണമെന്നതിൽ ചില ഇളവുകൾ വരുത്താൻ കഴിയുമെങ്കിൽ അത് പരിശോധിക്കണം. മറ്റൊന്ന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് സ്ഥലം വാങ്ങിയിട്ടുള്ള ചില

സംഘങ്ങളുണ്ട്. ആ സ്ഥലങ്ങളിൽ ചിലത് കൃഷി ഭൂമിയാണ്. വേറെ ഭൂമി കിട്ടാനുമില്ല. അതുകൊണ്ട് കൃഷിഭൂമി തരംമാറ്റിക്കൊണ്ട് കെട്ടിടം നിർമ്മിക്കാൻ ആവശ്യമായ അനുവാദത്തിനുവേണ്ടി ചില സംഘങ്ങൾ അപേക്ഷിച്ചിട്ടുണ്ട്. പക്ഷെ അതിന് അനുവാദം ലഭിച്ചിട്ടില്ല. ബഹുമാനപ്പെട്ട മന്ത്രിയും ക്ഷീരവികസന വകുപ്പും ഇക്കാര്യം പരിശോധിക്കണം. സ്വന്തമായിസ്ഥലം വാങ്ങിയ ആളുകൾക്ക് സാധാരണ നിലയിൽ കെട്ടിടം അനുവദിക്കുന്നതിനായി ചില അപേക്ഷകൾ നൽകിയിട്ടുണ്ട്; അവ പരിശോധിക്കണം. പാൽ കൃഷിക്കാരൻ പാൽ അളക്കുന്നത് 180 ദിവസം എന്നുള്ളത് കുറയ്ക്കുന്നതിനോടൊപ്പം 500 ലിറ്റർ പാൽ വേണമെന്നുള്ളത് നിലനിർത്തണം. ഇടതുപക്ഷ ജനാധിപത്യമുന്നണി രണ്ടാം ഗവൺമെന്റിന്റെ ഒന്നാം വാർഷികവുമായി ബന്ധപ്പെട്ട് പുറത്തിറക്കിയ നൂറ് ദിവസത്തെ കർമ്മ പരിപാടി ഓരോന്നായി വായിച്ചുനോക്കി ആ പദ്ധതികൾ നാടിന് പ്രയോജനപ്രദമാണെങ്കിൽ അത് തുറന്നുപറയുന്നതിന് നിങ്ങൾ മടിക്കരുത്. അത് തുറന്നുപറഞ്ഞുകൊണ്ടുതന്നെ ഇടതുപക്ഷമുന്നണി ഗവൺമെന്റിനെ വിമർശിക്കാനാണെങ്കിൽ വിമർശിക്കണമെന്നുമാത്രം അഭ്യർത്ഥിക്കുന്നു. കേരളത്തിന്റെ മുന്നോട്ടുള്ള ജൈത്രയാത്രയ്ക്ക് ഭരണപക്ഷവും പ്രതിപക്ഷവും

ഒരുമിച്ചുനിന്നുകൊണ്ട് മാറ്റിയെടുക്കണം. രാഷ്ട്രീയ അഭിപ്രായ വ്യത്യാസങ്ങളൊക്കെയുണ്ടാകാം; അല്ലാത്ത സന്ദർഭത്തിൽ പൊതുവായി കേരളീയ സമൂഹത്തിന്റെ രക്ഷയ്ക്കുവേണ്ടിയാണ് ഞങ്ങളും നിങ്ങളുമൊക്കെ പ്രവർത്തിക്കുന്നതെന്നുള്ള ബോധത്തോടുകൂടി, എല്ലാ കാര്യത്തെയും വിമർശിക്കുക എന്നുള്ള നിലപാട് നിങ്ങൾ പുന:പരിശോധന നടത്തണമെന്നുകൂടി അഭ്യർത്ഥിച്ചുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ ഒരിക്കൽകൂടി പിന്തുണച്ചുകൊണ്ട് ഞാൻ നിർത്തുന്നു, നമസ്കാരം.

ശ്രീ. റോജി എം. ജോൺ: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. ബഹുമാന്യനായ കോങ്ങാട് അംഗം യൂത്ത് കോൺഗ്രസ് ക്യാമ്പിലില്ലാത്ത പരാതിയെക്കുറിച്ച് പറയുകയുണ്ടായി. സ്വന്തമായി കോടതിയും പീഡന തീവ്രത അളക്കുന്ന മെഷീനൊന്നും ഇല്ലാത്തൊരു പാർട്ടിയായതുകൊണ്ട് ഞങ്ങൾക്ക് അത്തരത്തിലുള്ള പരാതി ലഭിച്ചാൽ അത് വ്യവസ്ഥാപിതമായ നിയമനടപടികൾ സ്വീകരിക്കുന്നതിനുള്ള എല്ലാ സൗകര്യങ്ങളും യൂത്ത് കോൺഗ്രസ്സും കോൺഗ്രസ്സുമൊക്കെ ചെയ്യാൻ പ്രതിജ്ഞാബദ്ധമാണെന്ന് യൂത്ത് കോൺഗ്രസ് പ്രസിഡന്റും കെ.പി.സി.സി.-യുടെ പ്രസിഡന്റും പ്രതിപക്ഷനേതാവും പറഞ്ഞിട്ടുണ്ട്.

ബഹുമാന്യനായ അംഗം പാലക്കാട് ജില്ലയിൽനിന്നാണ് പ്രതിനിധാനം ചെയ്യുന്നത്. അത്തരത്തിലുള്ള ആളുകളൊയൊക്കെ കോർപ്പറേഷന്റെ തലപ്പത്തിരുത്തുന്ന നടപടികളൊന്നും ഞങ്ങളുടെ പാർട്ടി സ്വീകരിക്കില്ലെന്ന് പറയാൻ ആഗ്രഹിക്കുകയാണ്. പ്രിയപ്പെട്ട ശ്രീ. എ. എൻ. ഷംസീറെ, അങ്ങ് ബഹളം വയ്ക്കേണ്ട. അങ്ങ് എത്രയൊക്കെ ബഹളം വച്ചാലും എത്രയൊക്കെ മണിയടിച്ചാലും അങ്ങയുടെ സ്ഥാനം എപ്പോഴും എവിടെയായിരിക്കുമെന്ന് ഞങ്ങൾക്കെല്ലാവർക്കും അറിയാം. ബഹുമാന്യനായ പി. എ. മുഹമ്മദ് റിയാസിന്റെ പുറകിലത്തെ സീറ്റുമാത്രമെ താങ്കൾക്ക് എന്നും ഉണ്ടാകുകയുള്ളൂ. അതുകൊണ്ട് താങ്കൾ  ബഹളം വയ്ക്കാതെ അവിടെയിരുന്ന് കേൾക്കൂ. കോൺവെന്റുകളിലും ആശ്രമങ്ങളിലും താമസിക്കുന്ന സന്യസ്തർക്കുള്ള റേഷൻ വിഹിതം സർക്കാർ വെട്ടിക്കുറച്ചുവെന്ന  വാർത്തകളാണ് പുറത്തുവരുന്നത്. ഇവർക്ക് പ്രതിമാസം രണ്ട് കിലോ അരിക്കൊപ്പം നൽകിയിരുന്ന ആട്ട ഇനി ലഭിക്കുകയില്ല. ഇതുസംബന്ധിച്ച ഉത്തരവ് താലൂക്ക് സപ്ലൈ ഓഫീസുകളിൽ എത്തിയെന്നാണ് അറിയാൻ സാധിച്ചത്. സംസ്ഥാനത്ത് നിരവധി അഭയ ഭവനങ്ങൾ, ബാലഭവനങ്ങൾ, വൃദ്ധ സദനങ്ങൾ, അഗതി മന്ദിരങ്ങൾ എന്നിവയുടെ പ്രവർത്തനങ്ങളെ ഇത് ഗുരുതരമായി ബാധിക്കുന്നതാണ്.

നോൺപ്രയോറിറ്റി ഇൻസ്റ്റിറ്റ്യൂഷൻ വിഭാഗത്തിലാണ് സന്യസ്തരെയും വൈദീകരെയും സർക്കാർ ഉൾപ്പെടുത്തിയിരിക്കുന്നത്. പ്രതിമാസം രണ്ട് കിലോ അരിയും ഒരു കിലോ ആട്ടയുമാണ് ലഭിച്ചിരുന്നത്. ഇപ്പോൾ ആട്ട ഇല്ലാതാക്കിയിരിക്കുകയാണ്. പഞ്ചസാര, മണ്ണെണ്ണ, ഉത്സവ സീസണിലുള്ള ഭക്ഷ്യകിറ്റ് എന്നിവയൊന്നും ഇവർക്ക് പലപ്പോഴും ലഭിക്കുന്നില്ല എന്നുള്ളത് യാഥാർത്ഥ്യമാണ്. സർക്കാരിന്റെ ക്ഷേമ പെൻഷൻ ഉൾപ്പെടെയുള്ള പല ആനുകൂല്യങ്ങളും സന്യസ്തർക്ക് നിഷേധിക്കുന്ന സാഹചര്യം നിലനില്ക്കുകയാണ്. ഇത് കേന്ദ്ര വിഹിതം വെട്ടിക്കുറച്ചതുകൊണ്ടാണെന്ന് ബഹുമാനപ്പെട്ട മന്ത്രി പറയുകയുണ്ടായി. അതിന് ബദൽ സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള ക്രമീകരണം സർക്കാർ ഒരുക്കണം. ഭക്ഷ്യവകുപ്പുമായി ബന്ധപ്പെട്ടുകൊണ്ട് കാസർഗോഡ് ദേവനന്ദ എന്ന പെൺകുട്ടി ഭക്ഷ്യ വിഷബാധയേറ്റ് മരണപ്പെട്ട സംഭവം രാവിലെ ശ്രദ്ധക്ഷണിക്കലിന് അവതരിപ്പിക്കുകയുണ്ടായി. അത് ഞെട്ടലോടുകൂടിയാണ് കേരളം കേട്ടത്. ഇതൊരു ഒറ്റപ്പെട്ട സംഭവമല്ല. സംസ്ഥാനത്ത് നാലോളം സ്കൂളുകളിലും അങ്കണവാടികളിലുമുണ്ടായ ഭക്ഷ്യവിഷബാധയിൽ നിരവധി കുട്ടികളാണ് ആശുപത്രിയിൽ ആയതെന്ന് നമുക്കറിയാം. കായംകുളം ടൗൺ

ഗവൺമെന്റ് യു.പി. സ്കൂളിൽനിന്നുള്ള ഉച്ചഭക്ഷണത്തിൽ നിന്നാണ് ഭക്ഷ്യവിഷബാധയേറ്റത്. ഇതിനെത്തുടർന്ന് ഇരുപതോളം കുട്ടികളെയാണ് താലൂക്ക് ആശുപത്രികളിൽ പ്രവേശിപ്പിച്ചത്. സർക്കാർ സ്കൂളുകളിൽ സൂക്ഷിച്ചിരുന്ന അരിയിൽ പുഴു കണ്ടെത്തി. തിരുവനന്തപുരം വെങ്ങാനൂർ സർക്കാർ സ്കൂളിലാണ് സംഭവം. ഇത് വിദ്യാഭ്യാസ മന്ത്രിയുടെ ജില്ലയാണ്. ഭക്ഷ്യസുരക്ഷാ വിഭാഗം നടത്തിയ പരിശോധനയിലാണ് പുഴുവിനെ കണ്ടെത്തിയത്. ഇത് തടയുന്നതിനുവേണ്ടി മന്ത്രിമാരും ജനപ്രതിനിധികളും സ്കൂളുകളിൽപോയി ഭക്ഷണം കഴിക്കണമെന്ന് സർക്കാർ പറയുകയുണ്ടായി. വളരെ ദയനീയമായൊരു കാഴ്ച നമ്മൾ കാണാനിടയായി. ബഹുമാനപ്പെട്ട മന്ത്രി സ്കൂൾ ഉച്ചഭക്ഷണത്തിന്റെ ഗുണനിലവാരം പരിശോധിക്കാനെത്തിയപ്പോൾ, അദ്ദേഹത്തിന്റെ ഭക്ഷണത്തിൽ എന്താണ് സംഭവിച്ചത്; മുടി കിട്ടിയത് വലിയ വാർത്തയായതൊക്കെ കേരളം ചർച്ചചെയ്തതാണ്. ഈ വിഷയത്തിൽ ഗവൺമെന്റ് കാര്യമായ ഇടപെടൽ നടത്തണം. എന്താണ് ഇവിടെ സംഭവിച്ചത്? സ്കൂൾ തുറക്കുന്നതിനുമുമ്പായി കൃത്യമായ മുന്നൊരുക്ക പ്രവർത്തനങ്ങൾ നടത്തേണ്ടതായിരുന്നു. ആ സമയത്ത് ഭക്ഷ്യവകുപ്പുമന്ത്രിയും വിദ്യാഭ്യാസ വകുപ്പുമന്ത്രിയുമൊക്കെ

തൃക്കാക്കരയിലെ വീടുകളിൽ കയറിക്കൊണ്ടിരിക്കുകയായിരുന്നു. അതുകൊണ്ടുതന്നെ സ്കൂളുകളിൽ നൽകുന്ന ഭക്ഷ്യധാന്യങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്താനുള്ള ഒരു ക്രമീകരണങ്ങളും അവിടെ ഏർപ്പെടുത്താൻ സാധിച്ചില്ലെന്നുള്ളതാണ്. തൃക്കാക്കരയിൽ കയറിയിട്ട് പ്രയോജനമുണ്ടായില്ലെന്നത് വേറെകാര്യം. തൃക്കാക്കരയിൽ ഒരു ജൂനിയർ മാൻഡ്രേക്കിനെ വലിയ ആഘോഷത്തോടുകൂടി സി.പി.ഐ.(എം)-ഉം, എൽ.ഡി.എഫും വലിയ കാര്യമായി വേദിയിലേയ്ക്ക് ഷാൾ അണിയിച്ച് സ്വീകരിച്ചു. അന്നുതുടങ്ങിയ ശനി ദശയാണിത്. നിങ്ങളത് കാര്യമായൊന്ന് പരിശോധിക്കുന്നത് നന്നായിരിക്കും. ആ ശനിദശ ഇപ്പോൾ എവിടെയാണ്? എ.കെ.ജി. സെന്റുവരെ എത്തിനില്ക്കുകയാണ്. പാർട്ടിയുടെ സംസ്ഥാന കമ്മിറ്റി ഓഫീസുവരെ ആക്രമിക്കപ്പെട്ടിരിക്കുന്നു. ഭീകരമായ ശബ്ദത്തോടെയായിരുന്നുയെന്ന് ശ്രീ. പി. സി. വിഷ്ണുനാഥ് കഴിഞ്ഞ ദിവസം പറഞ്ഞതുപോലെ, കെട്ടിടംതന്നെ കുടുങ്ങിയെന്ന് ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ മാധ്യമങ്ങൾക്കുമുന്നിൽ പറഞ്ഞിട്ട് ഇപ്പോൾ രണ്ടാഴ്ച കഴിഞ്ഞില്ലേ; ആ കെട്ടിടം കുടുങ്ങിയിട്ട് ഇപ്പോൾ എന്താണ് അവസ്ഥ. കേരളത്തിലെ എല്ലാ ആളുകളും ഓരോ ദിവസവും വൈകുന്നേരം ചോദിച്ചുകൊണ്ടിരിക്കുന്ന

ചോദ്യമാണ്, കിട്ടിയോ? എല്ലാവരും ചോദിക്കുന്ന ചോദ്യമാണ്, കിട്ടിയോ? ഇപ്പോൾ കിട്ടും. ഒരു സിനിമയിൽ പപ്പു 'ഇപ്പൊ ശരിയാക്കിത്തരാം' എന്ന് പറയുന്നതുപോലെയാണ് സർക്കാരിന്റെ ഭാഗത്തുനിന്നും മറുപടി വന്നുകൊണ്ടിരിക്കുന്നത്. വളരെ യാദൃശ്ചികമായി തോന്നിയേക്കാം. സ്വാമി സന്ദീപാനന്ദ ഗിരിയുടെ ആശ്രമം ആക്രമിച്ച കേസ് പോലീസ് തെളിവില്ലാത്തതുകൊണ്ട് പ്രതികളെയൊന്നും പിടിക്കാതെ ആ കേസ് അവസാനിപ്പിക്കുന്നുവെന്ന വാർത്തകൾ കഴിഞ്ഞ ദിവസം പുറത്തുവന്നിരിക്കുകയാണ്. അപ്പോൾ ഇതെല്ലാം യാദൃശ്ചികമായാണോ ബോധപൂർവ്വമായി നടക്കുന്ന സംഭവങ്ങളാണോയെന്നുള്ളത് സംബന്ധിച്ച് കേരളത്തിലെ ജനങ്ങൾക്ക് ആശങ്കയുണ്ട്. ആ ആശങ്ക പരിഹരിക്കാൻ സർക്കാർ തയ്യാറാകണം. രാത്രിയിൽ നടന്ന അക്രമമായതുകൊണ്ട് പ്രതിയെ പിടിക്കാൻ കഴിഞ്ഞില്ലെന്നാണ് പാർട്ടിയുടെ സംസ്ഥാന സെക്രട്ടറി പറയുന്നത്. അപ്പോൾ ഇനി രാത്രിയിൽ എന്ത് അക്രമമോ കൊള്ളയോ നടത്തിയാലും കേരളത്തിലൊരു പ്രതിയെയും കേരള പോലീസ് പിടിക്കില്ലെന്ന സൂചനയാണ് സംസ്ഥാനത്തിന്റെ ഭരിക്കുന്ന പാർട്ടിയുടെ സെക്രട്ടറി നൽകിയിരിക്കുന്നത്. അത് വളരെ ഗൗരവമായ വിഷയമാണ്.

അതുകൊണ്ട് ഞങ്ങൾ വളരെ ഗൗരവത്തോടുകൂടി കാണുന്നതാണ്. സി.പി.ഐ.(എം) ഓഫീസ് ആക്രമിച്ച പ്രതിയെ എത്രയുംവേഗം പിടിക്കാനുള്ള ആർജ്ജവം ഈ ഗവൺമെന്റിന്റെ ആഭ്യന്തരവകുപ്പ് കാണിക്കണം. അല്ലെങ്കിൽ ഏതെങ്കിലും വാഴ ആരെങ്കിലും മുഖ്യമന്ത്രിയുടെ കസേരയിൽ കൊണ്ടുവച്ചാൽ ഞങ്ങളെയാരും കുറ്റം പറയരുതെന്നാണ് പറയാനുള്ളത്. ഇന്ന് രാവിലെ ബഹുമാനപ്പെട്ട സ്പീക്കർ ലിസ്റ്റ് ചെയ്ത് സബ്മിഷനായി പ്രതിപക്ഷനേതാവ് കൊണ്ടുവന്ന വിഷയം ഇവിടെ അവതരിപ്പിക്കാൻ സാധിച്ചില്ല. വളരെ ഗൗരവമായ വിഷയമാണ് ഇവിടെ വന്നിരിക്കുന്നത്. കേന്ദ്ര വിദേശകാര്യമന്ത്രി വളരെ ഗൗരവമായ പ്രസ്താവന നടത്തിയിരിക്കുകയാണ്. യു.എ.ഇ. കോൺസുലേറ്റിൽ നടക്കാൻ പാടില്ലാത്തത് നടന്നു, പ്രോട്ടോക്കോൾ ലംഘനം നടന്നു. എല്ലാ കാര്യങ്ങളെക്കുറിച്ചും കേന്ദ്രത്തിന് വ്യക്തമായ ധാരണയുണ്ട്. ഇത്രയും ഗുരുതരമായ വെളിപ്പെടുത്തലുകൾ വന്നിട്ടും കേന്ദ്രമന്ത്രി തന്നെ പറഞ്ഞയച്ചിട്ടും ആ വിഷയങ്ങളെ സംബന്ധിച്ച് കൃത്യമായ അന്വേഷണം നടക്കണ്ടേ? മുഖ്യമന്ത്രിയെ യു.എ.ഇ. കോൺസുലേറ്റ് ജനറലിൽ കണ്ടത് പ്രോട്ടോക്കോൾ ലംഘിച്ചാണോ? ഔദ്യോഗിക ആവശ്യത്തിനല്ലാതെ അദ്ദേഹം മുഖ്യമന്ത്രിയെ

കണ്ടത് എന്തിനാണ്? അങ്ങനെ ഏത് ആവശ്യമാണ് മുഖ്യമന്ത്രിക്കും കോൺസുലേറ്റ് ജനറലിനുമുള്ളത്? ഇത്തരം ചോദ്യങ്ങൾക്ക് ഉത്തരം കിട്ടേണ്ടതല്ലേ? മുഖ്യമന്ത്രിതന്നെ കഴിഞ്ഞദിവസം നിയമസഭയിൽ ചോദിച്ച ചോദ്യമാണ്. ആർക്കാണ് സ്വർണ്ണം കൊടുത്തത്; ആരാണ് സ്വർണ്ണം കൊണ്ടുവന്നത്; ഇതെല്ലാം അന്വേഷിക്കേണ്ട കാര്യമല്ലേ? ആറൻമുള കണ്ണാടി എന്തിനാണ് ഡിപ്ലോമാറ്റിക് ചാനൽ വഴി അയച്ചത്? സമ്മാനങ്ങൾ അയയ്ക്കാൻ ഡിപ്ലോമാറ്റിക് ചാനൽ വേണോ? ഷാജ് കിരണിനെപ്പോലെയുള്ള ആളുകളെയെല്ലാം ആരാണ് ചുമതലപ്പെടുത്തിയത്? ഇത്തരം ചോദ്യങ്ങളെല്ലാം കേരള സമൂഹത്തിന് ഉത്തരം കിട്ടാതെ നിൽക്കുകയാണ്. ഇപ്പോൾ സംഭവിച്ചുകൊണ്ടിരിക്കുന്നത്, കേന്ദ്രം, സ്വർണ്ണം, കോൺസുലേറ്റ് തുടങ്ങിയ വാക്കുകളൊന്നും ഇവിടെ പറയാൻ പാടില്ലെന്നാണ് സർക്കാർ പറയുന്നത്. പോളണ്ടിനെക്കുറിച്ച് പറയാൻ പാടില്ലെന്ന് പറയുന്നതുപോലെയാണ്. എന്തൊക്കെ പറഞ്ഞാലും ചോദ്യം ചോദിക്കുന്ന കുട്ടിയെ ക്ലാസ്സിൽനിന്ന് പുറത്താക്കിയതുകൊണ്ട് ചോദ്യമില്ലാതാകില്ല. ചോദ്യങ്ങൾ ഇവിടെ നിലനിൽക്കും, ഈ ചോദ്യങ്ങൾക്ക് ഉത്തരം ലഭിക്കുന്നതുവരെ ആ ചോദ്യങ്ങൾ ആവർത്തിക്കപ്പെട്ടുകൊണ്ടിരിക്കും.

ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും സർക്കാരും അതിന് മറുപടി പറയേണ്ടിവരുമെന്നാണ് പറയാനുള്ളത്. മടിയിൽ കനമില്ലെന്ന് ബോർഡ് എഴുതിവച്ചതുകൊണ്ടായില്ല. അത് തെളിയിക്കാനുള്ള ഉത്തരവാദിത്വം ഈ സർക്കാരിനുണ്ടെന്ന് പറയുകയാണ്.

ഭരണപക്ഷത്തുള്ള പല അംഗങ്ങളും സംസാരിക്കുന്നത് കാണുമ്പോൾ ബി.ജെ.പി.-ക്ക് സഭയിലൊരംഗമില്ലാത്തതിന്റെ കുറവ് ഭരണകക്ഷി ഒന്നടങ്കമായി നികത്തിക്കൊണ്ടിരിക്കുന്ന കാഴ്ചയാണ് കാണുന്നത്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് കഴിഞ്ഞദിവസം എന്താണ് പറഞ്ഞത്? സൈദ്ധാന്തികമായി ആർ.എസ്.എസ്.-ഉം കേരളത്തിലെ സി.പി.ഐ.(എം) ഒരേ ദിശയിൽ സഞ്ചരിക്കുന്നുവെന്നാണ് അദ്ദേഹം പറഞ്ഞത്. എം. എസ്. ഗോൾവാക്കർ എഴുതിയ ആർ.എസ്.എസ്.-കാരുടെ വേദഗ്രന്ഥം അറിയപ്പെടുന്ന Bunch of Thoughts-ലെ വാചകങ്ങൾ അദ്ദേഹം ഉദ്ധരിക്കുകയുണ്ടായി. നമ്മുടെ ഭരണഘടന ഇങ്ങനെ കൃഷ്ടവും ഭിന്നാത്മകവുമായ വിവിധ തുണ്ടുകൾ ചേർത്തുണ്ടാക്കിയതാണ്. പാശ്ചാത്യ നാടുകളുടെ ഭരണഘടനകളിലെ വിവിധ വകുപ്പുകളെടുത്ത് ചേർത്തുണ്ടാക്കിയതാണ്. ഇതിൽ നമ്മുടേതെന്ന് പറയാവുന്ന യാതൊന്നുമില്ല.

നമ്മുടെ ദേശീയ ദൗത്യത്തെക്കുറിച്ചോ നമ്മുടെ ജീവിതത്തിലെ മുഖ്യ ദർശനത്തെക്കുറിച്ചോ ഒരു സൂചനപോലും ഇതിലെ നിർദ്ദേശകതത്വങ്ങളിലുമില്ല. ഐക്യരാഷ്ട്ര സഭയുടെ മുമ്പത്തെ സർവ്വരാഷ്ട്ര സമിതിയുടെ പ്രമാണങ്ങളിലെ ചില മുടന്തൻ തത്വങ്ങളും അമേരിക്കയിലെയും ബ്രിട്ടണിലെയും ഭരണഘടനയിലെ ചില തത്വങ്ങളും കൂട്ടിച്ചേർത്ത വികൃത സൃഷ്ടിയാണിതെന്ന് ആർ.എസ്.എസ്.-ന്റെ നേതാവായ എം. എസ്. ഗോൾവാക്കർ പറഞ്ഞത് അതേ സ്വരത്തിൽതന്നെയല്ലേ ഇവിടെ മന്ത്രിയായിരുന്ന ശ്രീ. സജി ചെറിയാൻ കേരളത്തിലെ ഭരണഘടനയെ അധിക്ഷേപിക്കുന്ന രീതിയിൽ പ്രസ്താവന നടത്തിയത്. ഇത് ഇന്നും ഇന്നലെയുമൊന്നും തുടങ്ങിയ കാര്യമല്ല. ഇത് നാളുകളായി നടക്കുന്ന കാര്യങ്ങളാണ്. എന്റെയടുത്ത് നിരവധി ചിത്രങ്ങളുണ്ട്. (ചിത്രമുയർത്തി കാട്ടി) ഈ ചിത്രം 1977-ലെ ഉദുമയിലെ തെരഞ്ഞെടുപ്പിൽ അവിടത്തെ സ്ഥാനാർത്ഥി കെ. ജി. മാരാർ ആരാധ്യനായ ഇ.എം.എസ്.-ന് ബാഡ്ജ് കുത്തിക്കൊടുക്കുന്ന ചിത്രമാണ്. അന്ന് സി.പി.ഐ.(എം.)-ന്റെ കൂടി സ്ഥാനാർത്ഥിയായിരുന്നു കെ. ജി. മാരാർ. 1977-ൽ പാലക്കാടിൽ മത്സരിച്ച സി.പി.ഐ.(എം.) സ്ഥാനാർത്ഥി ടി. ശിവദാസമേനോന്റെ

പ്രചരണയോഗത്തിൽ പ്രസംഗിക്കുന്നത് സാക്ഷാൽ എൽ. കെ. അദ്വാനിയാണ്. അതുപോലെ 1989-ൽ വി. പി. സിംഗിന് പിന്തുണ കൊടുത്ത കക്ഷികൾ.... ഈ ചിത്രങ്ങളെല്ലാം നിങ്ങൾക്ക് നന്നായിയറിയാവുന്നതുകൊണ്ട് ഞാൻ പറയുന്നില്ല. ഇപ്പോൾ രാജ്യം നേരിടുന്ന ഏറ്റവും വലിയ പ്രതിസന്ധി ഇപ്പോൾ കേന്ദ്രത്തിൽ അധികാരത്തിലിരിക്കുന്ന ബി.ജെ.പി. ഗവൺമെന്റ് അധികാരത്തിൽ വരുന്നതിനുവേണ്ടിയുള്ള സാഹചര്യമൊരുക്കിയത് എന്താണ്? 2013-ൽ ഡൽഹിയിലും രാജ്യത്താകമാനവും നടന്ന India Against Corruption എന്ന പേരിൽ നടന്ന വലിയ സമരങ്ങൾ.....

<u>മി. ചെയർമാൻ</u>: യെസ്.... അങ്ങയുടെ സമയം കഴിഞ്ഞു.

<u>ശ്രീ. റോജി എം. ജോൺ:</u> സർ, അതിൽ ആരാണ് ഒന്നിച്ചുണ്ടായിരുന്നത്? അവിടെ ബി.ജെ.പി.-യുടെയും ആർ.എസ്.എസ്.-ന്റെയും ആളുകളും സി.പി.ഐ.(എം) നേതാക്കളും ഉൾപ്പെടെ കോൺഗ്രസ്സിനെതിരെ വലിയ പ്രതിഷേധവും പ്രക്ഷോഭവുമൊക്കെ നടത്തി ഈ രാജ്യത്തെ ബി.ജെ.പി.-ക്ക് 2014-ൽ അധികാരത്തിൽ വരുന്നതിനുള്ള സാഹചര്യമൊരുക്കികൊടുത്തത് ആരാണെന്ന് നമുക്കെല്ലാവർക്കും അറിയാം.

അതുകൊണ്ട് ആർ.എസ്.എസ്.-നെക്കുറിച്ചും ബി.ജെ.പി.-യെക്കുറിച്ചുമൊന്നും ഞങ്ങൾക്ക് ക്ലാസ്സെടുക്കാനായി സി.പി.ഐ.(എം)-ന്റെ പ്രതിനിധികളാരും വരേണ്ടതില്ലെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. ബഹുമാന്യനായ മുഖ്യമന്ത്രിയുടെ വളരെ പ്രശസ്തമായ ഇന്റർവ്യൂവിലെ ഒരു വാചകം ഞാനിവിടെ വായിക്കുകയാണ്. "ശ്രീ. പിണറായി വിജയൻ: ഈ തെരഞ്ഞെടുപ്പൊക്കെയാകുമ്പോൾ തെരഞ്ഞെടുപ്പ് രംഗത്ത് പലരും സഹായിച്ചെന്നുവരും. ചില ഘട്ടങ്ങളിൽ ഞങ്ങൾ ചിലരെ തള്ളിപ്പറയും. ഒരു ഘട്ടത്തിൽ ആർ.എസ്.എസ്.-ന്റെ വോട്ട് വേണ്ടായെന്നു ഞങ്ങൾ പറഞ്ഞിട്ടുണ്ട്. എന്നാൽ എല്ലാ ഘട്ടത്തിലും അത് ഞങ്ങൾ പറഞ്ഞിട്ടില്ല" എന്നു പറഞ്ഞത് കേരളത്തിന്റെ മുഖ്യമന്ത്രി ഇപ്പോൾ ആയിരിക്കുന്ന പഴയ പാർട്ടി സെക്രട്ടറിയായിട്ടുള്ള ശ്രീ. പിണറായി വിജയൻ തന്നെയാണ്.

മി. ചെയർമാൻ: യെസ്...... പ്ലീസ് സ്റ്റോപ്പ്

ശ്രീ. റോജി എം. ജോൺ: സർ, ഞാൻ ഒരു കാര്യം പറഞ്ഞ് അവസാനിപ്പിക്കുകയാണ്. ഇപ്പോൾ സി.പി.ഐ.(എം)-നും ബി.ജെ.പി.-ക്കുമെല്ലാം കെ.പി.സി.സി. പ്രസിഡന്റും ശ്രീ. വി. ഡി. സതീശനും വലിയ കുഴപ്പക്കാരാണ്. കേന്ദ്രത്തിൽ അധികാരത്തിലിരിക്കുന്ന പാർട്ടിയുടെയും

സംസ്ഥാനത്തിൽ അധികാരത്തിലിരിക്കുന്ന ഭരണകക്ഷിയുടെയും സർട്ടിഫിക്കറ്റ് വാങ്ങി പ്രവർത്തിക്കുന്ന ഒരു പ്രതിപക്ഷമായിരിക്കാൻ ഞങ്ങൾ ആഗ്രഹിക്കുന്നില്ല. ഭരണകക്ഷിയുടെ സർട്ടിഫിക്കറ്റ് വാങ്ങി പ്രവർത്തിക്കുന്ന ഭരണകക്ഷിയാകുക, ഒരു പ്രതിപക്ഷമാകുക എന്നതിനേക്കാൾ വലിയ എന്ത് അപമാനമാണ് ഒരു പ്രതിപക്ഷത്തിനുണ്ടാകേണ്ടത്? അതുകൊണ്ട് ബി.ജെ.പി. ആയാലും സി.പി.ഐ.(എം) ആയാലും അവർക്ക് രണ്ടുപേർക്കും അസ്വസ്ഥതയുണ്ടാക്കുന്ന ഒരു ജനകീയ പ്രതിപക്ഷമായിത്തന്നെ കേരളത്തിലെ യു.ഡി.എഫ്. മുന്നോട്ടുപോകുമെന്ന് ഒരിക്കൽക്കൂടി പറഞ്ഞുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുന്നു.

<u>ശ്രീ. പി. വി. ശ്രീനിജൻ</u>: സർ, പോയിന്റ് ഓഫ് ഓർഡർ..... രാവിലെ ബഹുമാനപ്പെട്ട സ്പീക്കർ സബ്മിഷനു അനുമതി നിഷേധിച്ച വിഷയത്തിനെക്കുറിച്ച് ബഹുമാനപ്പെട്ട അംഗം കാര്യമായി പരാമർശിക്കുകയുണ്ടായി. അത് സഭാരേഖകളിലുണ്ടാകാൻ പാടില്ല.

<u>മി. ചെയർമാൻ</u>: അത് പരിശോധിച്ച് വേണ്ട നടപടി സ്വീകരിക്കാം.+

+ ബഹുമാനപ്പെട്ട സഭാദ്ധ്യക്ഷന്റെ ഉത്തരവിൻപ്രകാരം (ഫയൽ നമ്പർ 12431/ഇ.ബി /2022/നി.സെ. തീയതി 12-07-2022) രേഖയിൽ നിലനിർത്തി.

<u>ശ്രീ. പി. വി. അൻവർ</u>: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ പിന്തുണയ്ക്കുകയാണ്. കേരളത്തിലെ ഗ്രാമങ്ങളിലും ആദിവാസി ഊരുകളിലടക്കം പരിപൂർണ്ണമായി പട്ടിണിമാറ്റി അവർക്കാവശ്യമായ ഭക്ഷ്യവസ്തുക്കൾ സമയാസമയങ്ങളിൽ എത്തിച്ചുകൊടുക്കുന്ന ബഹുമാനപ്പെട്ട മന്ത്രിയെയും ഗവൺമെന്റിനെയും ഈ അവസരത്തിൽ ഞാൻ അഭിനന്ദിക്കുകയാണ്. ഈ നിയമസഭാ സമ്മേളനം ആരംഭിക്കുന്നതിന് തൊട്ടുമുമ്പായി നിയമസഭാ മന്ദിരത്തിന്റെ താഴത്തെനിലയിൽ ലോക കേരളസഭ നടന്നിരുന്നു. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ ജീവിക്കുന്ന മലയാളികളെ കോർത്തിണക്കിക്കൊണ്ട് അവർ നേരിട്ടുകൊണ്ടിരിക്കുന്ന പ്രശ്നങ്ങൾ ചർച്ച ചെയ്യാനും പരിഹരിക്കാനും അവർക്കൊരു അക്കോമഡേഷൻ നൽകാനും വേണ്ടി വിശദമായ ചർച്ചകൾക്കുശേഷം രൂപംകൊണ്ടതാണ് ലോക കേരള സഭ. 2016-ൽ അധികാരത്തിലേറിയ ഈ ഗവൺമെന്റിന്റെ എല്ലാ പ്രവർത്തനങ്ങളെയും എതിർക്കുകയും അതിനെ പാരവയ്ക്കുകയും ചെയ്ത യു.ഡി.എഫ്.-കാർ പ്രവാസികളുമായി ബന്ധപ്പെട്ട് നടന്ന ലോക കേരളസഭ ബഹിഷ്കരിച്ചവരാണ്. കഴിഞ്ഞ നാൽപ്പതോളം വർഷമായി നാടിനുണ്ടായ പുരോഗതിയിൽ മഹാപങ്കും വിദേശ

മലയാളികളുടെതാണെന്ന് നമുക്കറിയാം. കാസർഗോഡ് മുതൽ തിരുവനന്തപുരംവരെ യാത്ര ചെയ്യുമ്പോൾ ഇന്ന് കാണുന്ന അംബരചുംബികളായ കെട്ടിടങ്ങളും കേരളത്തിലെ മുഴുവൻ ഗ്രാമങ്ങളും പട്ടണമായി ഉയരാനുള്ള സാഹചര്യത്തിലേയ്ക്ക്, സാമ്പത്തിക - സാമൂഹ്യ പശ്ചാത്തലത്തിലേയ്ക്ക് ഈ നാടിനെ എത്തിച്ചത് ഈ നാട്ടിലെ പ്രവാസികളാണെന്ന് അംഗീകരിക്കുന്നവരാണ് നമ്മളെല്ലാം. അവരുടെ വിഷയം ചർച്ച ചെയ്യുന്നതിനുവേണ്ടി രൂപീകരിച്ച ലോക കേരളസഭ എന്തിന് ബഹിഷ്കരിച്ചുവെന്ന് പ്രതിപക്ഷം വ്യക്തമാക്കേണ്ടതുണ്ട്. പ്രതിപക്ഷ നേതാക്കളിൽ പലരും ചോദിച്ചത് ഇത് എന്തിനുവേണ്ടിയെന്നാണ്; ഇതിലൂടെ എന്ത് നേട്ടമുണ്ടാക്കിയെന്നാണ്. പ്രവാസികളുമായി ബന്ധപ്പെട്ട് ഈ നാടിനുണ്ടായ നേട്ടത്തിന്റെ കണക്കുകൾ പറഞ്ഞാൽ തീരാൻ മണിക്കൂറുകളും ദിവസങ്ങളുമെടുക്കും. ഇത് ധൂർത്താണെന്നാണ് ബഹുമാന്യനായ പ്രതിപക്ഷ നേതാവ് അതിനെതിരെ പറഞ്ഞത്. ലോകത്തിലെ 65 രാജ്യങ്ങളിലെയും ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിലെയും പ്രവാസി സംഘടനാ പ്രതിനിധികൾ ഇവിടെ സംവദിച്ചു. ഈ ഗവൺമെന്റ് എന്താണ് ചെയ്തത്? രണ്ടുദിവസം അവർക്ക്

താമസിക്കാനുള്ള സൗകര്യവും ഭക്ഷണവും നൽകി അവരെ ആദരിച്ചു. അതിനുവേണ്ടി നമ്മൾ ചെലവഴിച്ചത് വെറും നാല് കോടി രൂപയാണ്. പ്രതിപക്ഷം പറഞ്ഞത് അത് ധൂർത്താണെന്നാണ്. മൂന്നര കോടി ജനങ്ങളുള്ള കേരളത്തിൽ നാല് കോടി രൂപയെ ഈ മൂന്നര കോടി കൊണ്ട് ഹരിച്ചാൽ 1 രൂപ 14 പൈസയാണ് ഒരു മലയാളി ലോക കേരളസഭയ്ക്കുവേണ്ടി ഇവിടെ ചെലവഴിച്ചത്. അതാണ് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് 'ഈ ഗവൺമെന്റ് ധൂർത്ത് നടത്തി' എന്നുപറഞ്ഞത്. ആർക്ക് ന്യായീകരിക്കാൻ സാധിക്കും? കോൺഗ്രസ്സിന്റെയും മുസ്ലീം ലീഗിന്റെയുമൊക്കെ പ്രതിനിധികൾ ലോക കേരളസഭയിൽ പങ്കെടുത്തതാണ്, അവർക്ക് പറയാനുള്ള കാര്യങ്ങൾ പറഞ്ഞതാണ്, ഇവിടത്തെ പ്രതിപക്ഷ കക്ഷികൾ എടുത്ത നിലപാട് വിമർശിക്കപ്പെട്ടതുമാണ്. ആ നിലവാരത്തിൽ നിൽക്കുമ്പോൾ കഴിഞ്ഞ ഒരു വർഷമായി പ്രതിപക്ഷനേതാവ് നടത്തിയ ധൂർത്ത് നമുക്കൊന്ന് പരിശോധിക്കാം. ആരാണ് ധൂർത്ത് നടത്തുന്നത്? കേരളത്തിലെ പത്തൻപത് ലക്ഷം വരുന്ന പ്രവാസികൾക്ക് രണ്ട് വർഷത്തിലൊരിക്കൽ താമസസൗകര്യം നൽകി അവരുടെ പ്രശ്നങ്ങൾ കേൾക്കാൻ, അവരുമായി സംവദിക്കാൻ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിൽക്കുന്ന ഈ

സംഘടനകളുമായി ബന്ധപ്പെടുത്തി അവരുടെ പ്രതിസന്ധികൾക്ക് പരിഹാരമുണ്ടാക്കാൻ നാല് കോടി രൂപ ഗവൺമെന്റ് ചെലവാക്കിയത് ധൂർത്താണെങ്കിൽ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് അദ്ദേഹത്തിന്റെ....

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, പോയിന്റ് ഓഫ് ഓർഡർ...

മി. ചെയർമാൻ: എന്താണ് പോയിന്റ് ഓഫ് ഓർഡർ?

ശ്രീ. വി. ഡി. സതീശൻ: സർ, കഴിഞ്ഞ പ്രാവശ്യം ലോക കേരളസഭ ബഹിഷ്കരിക്കാനുള്ള കാരണം ധൂർത്താണെന്ന് അന്നത്തെ പ്രതിപക്ഷനേതാവ് പറഞ്ഞിട്ടുണ്ട്. പ്രോഗ്രസ്സ് റിപ്പോർട്ട് വേണം, എല്ലാവർക്കും പങ്കാളിത്തം വേണം തുടങ്ങിയ മൂന്ന് കാര്യങ്ങൾ ഞാൻ ആദ്യംതന്നെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയിരുന്നു. ഇപ്രാവശ്യത്തെ ലോക കേരളസഭ ബഹിഷ്കരിച്ചതിന് രാഷ്ട്രീയ കാരണങ്ങളാണ് ഞാൻ പറഞ്ഞത്, അത് വളരെ വ്യക്തമായി പറഞ്ഞു. ബഹുമാനപ്പെട്ട നിലമ്പൂർ അംഗം പറയുന്നതുപോലെ ധൂർത്തായതുകൊണ്ടാണ് ഈ ലോക കേരളസഭ ബഹിഷ്കരിക്കുന്നതെന്ന് പ്രതിപക്ഷനേതാവ് എന്നുള്ള നിലയിൽ ഞാൻ പറഞ്ഞിട്ടില്ല. മറിച്ച് രാഷ്ട്രീയ കാരണങ്ങൾകൊണ്ടാണ്

ഞങ്ങൾ അതിൽ പങ്കെടുക്കാത്തതെന്ന് വ്യക്തമായി പറഞ്ഞിട്ടുള്ളതാണ്. ആ സ്ഥിതിക്ക് അത് ധൂർത്താണ്, അവർക്ക് ഭക്ഷണം കൊടുത്തതാണ് കാരണമെന്നൊക്കെ ഞാൻ പറഞ്ഞതായി എന്നെ misquote ചെയ്തുകൊണ്ട് പറയുന്നത് ബഹുമാനപ്പെട്ട അംഗം പിൻവലിക്കണം, അല്ലെങ്കിൽ ബഹുമാനപ്പെട്ട ചെയർ സഭാരേഖകളിൽനിന്നും അത് ഒഴിവാക്കണം, അത് വാസ്തവവിരുദ്ധമായ കാര്യമാണ്.

മി. ചെയർമാൻ: പരിശോധിച്ച് തീരുമാനിക്കാം+.

ശ്രീ. പി. വി. അൻവർ: സർ, അത് പിൻവലിക്കുന്ന കാര്യമില്ല. ഈ നാട്ടിലെ ജനങ്ങൾ മുഴുവൻ കേട്ട കാര്യമാണത്. ഇവിടെ അതിൽ പങ്കെടുത്ത ശ്രീ. എം. എ. യൂസഫലി അടക്കം.., അദ്ദേഹം മാത്രമല്ല, വിദേശ രാജ്യങ്ങളിൽപോയി വീട്ടുജോലി ചെയ്യുന്ന ഏറ്റവും താഴെക്കിടയിലുള്ള സഹോദരിമാർപോലും ലോക കേരളസഭയിൽ സംവദിച്ചിട്ടുണ്ട്. അവരിൽ നിന്നുണ്ടായ പ്രതികരണം കേരളത്തിലെ ജനങ്ങൾ കണ്ടതാണ്. അതുകൊണ്ട് ഞങ്ങൾ ധൂർത്ത് നടത്തിയതായി പറഞ്ഞിട്ടില്ലെന്ന് പറയുന്നതിന്റെ വാസ്തവം കേരളത്തിലെ ജനങ്ങൾക്കറിയാം.

+ ബഹുമാനപ്പെട്ട സഭാദ്ധ്യക്ഷന്റെ ഉത്തരവിൻപ്രകാരം (ഫയൽ നം. 12432/ഇ.ബി/2022/നി.സെ. തീയതി 12.07.2022) രേഖയിൽ നിലനിർത്താൻ തീരുമാനിച്ചു.

പ്രതിപക്ഷനേതാവിന്റെ വാക്കുകൾ എത്ര പ്രാവശ്യം മാറ്റിപ്പറഞ്ഞു എന്നതാണ് ഇന്ന് നമ്മൾ ടിവി-യിൽ കണ്ടുകൊണ്ടിരിക്കുന്നത്. ഇന്നലെ പറഞ്ഞതും മിനിഞ്ഞാന്ന് പറഞ്ഞതും ഇന്ന് പറഞ്ഞതും അദ്ദേഹം മാറ്റിപ്പറഞ്ഞുക്കൊണ്ടിരിക്കുകയാണ്. പ്രതിപക്ഷനേതാവിന്റെ ജോലിയെന്താണ്; എന്തിനാണ് അദ്ദേഹത്തിന് ഇത്രയധികം സ്റ്റാഫുകളുടെ ആവശ്യം? ഒരു മന്ത്രിയെക്കാളും മുഖ്യമന്ത്രിയേക്കാളും കൂടുതൽ സ്റ്റാഫുകൾക്ക് ഒരു മാസം അദ്ദേഹം ശമ്പളം കൊടുക്കുകയാണ്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിന് ഒരു പ്രൈവറ്റ് സെക്രട്ടറി, നാല് സ്പെഷ്യൽ സെക്രട്ടറിമാർ, അഡീഷണൽ സെക്രട്ടറി, അസിസ്റ്റന്റ് പ്രൈവറ്റ് സെക്രട്ടറി എന്നിങ്ങനെ പത്ത് സെക്രട്ടറിമാരാണുള്ളത്. ശ്രീ. അനിൽ കുമാർ കെ. കെ. തുടങ്ങി ശ്രീ. സുധീഷ് ഡി. വരെയുള്ള പത്ത് പേർ 10,65,096/- രൂപയാണ് ഒരു മാസത്തെ ശമ്പളമായി കൈപ്പറ്റുന്നത്. അദ്ദേഹത്തിന്റെ 6 പി.എ.-മാർക്ക് 4,39,000/- രൂപയാണ് ഒരു മാസം ശമ്പളമായി കൊടുക്കുന്നത്. എന്താണ് ഇവരുടെ ജോലി? പ്രതിപക്ഷനേതാവ് ഇത്രമാത്രം സ്റ്റാഫിനെ വച്ചുകൊണ്ട് ചെയ്യുന്ന ജോലിയെന്താണെന്ന് കേരളത്തിലെ ജനങ്ങളോട് പറഞ്ഞാൽ അത് മനസ്സിലാക്കാൻ താൽപ്പര്യമുണ്ട്. ഇതുകൊണ്ടൊന്നും

അവസാനിക്കുന്നില്ല, ഒരു വർഷത്തിൽ 48 ലക്ഷം രൂപയാണ് അദ്ദേഹത്തിന്റെ ഓഫീസ് ചെലവ്. അവിടെ അഡീഷണൽ സ്വീപ്പർമാർക്ക് 11,46,000/- രൂപയും ഡെയ്‌ലി വേജസ് ജീവനക്കാർക്ക് 21,70,000/- രൂപയുമാണ് ഒരു വർഷം ശമ്പളമായി കൊടുക്കുന്നത്. ഇത് നിയമസഭയിൽനിന്നും ലഭിച്ച കണക്കാണ്. പ്രതിപക്ഷനേതാവിന് ശമ്പളവും മറ്റ് അലവൻസുകളും എയർ ടിക്കറ്റും കൂടാതെ 21,37,929/- രൂപയാണുള്ളത്. അത്തരത്തിൽ കഴിഞ്ഞ ഒരു വർഷം മാത്രം 2,75,11,929/- രൂപയാണ് ചെലവാക്കിയിരിക്കുന്നത്. ഇതിൽ ഭക്ഷണത്തിന്റെയും കുക്കിന്റെയും കണക്കുകൾ ഉൾപ്പെടുത്തിയിട്ടില്ല. പ്രതിപക്ഷനേതാവ് എന്നുപറയുന്ന വ്യക്തി ഒരു വർഷത്തിൽ മൂന്ന് കോടി രൂപ യാതൊരു പണിയുമില്ലാതെ ഇവിടെ ചെലവഴിക്കുന്നു. ഈ നാട് മുഴുവൻ നടന്ന് ഈ ഗവൺമെന്റിനെതിരെ കുത്തിത്തിരിപ്പുണ്ടാക്കുക എന്നതല്ലാതെ....., ഈ സെക്രട്ടറിമാർക്കൊക്കെ റിസർച്ച് നടത്താൻ കൊടുത്തിരിക്കുകയാണ്, എങ്ങനെ കെ-റെയിലിനെയും ലൈഫ് പദ്ധതിയെയും പ്രവാസികളിലൂടെയുള്ള ഈ നാടിന്റെ വികസനവുമൊക്കെ തടയണം എന്നല്ലാതെ എന്താണ് ഇവർക്ക് ജോലി; ഇത് കേരളത്തിലെ ജനങ്ങൾ അറിയണ്ടേ? മൂന്ന് കോടി രൂപ വ്യക്തിപരമായി

ചെലവഴിക്കുന്ന മഹാത്മാഗാന്ധിയുടെ പേരക്കുട്ടിയാണ് അദ്ദേഹം എന്ന് വിചാരിക്കുന്നുണ്ടെങ്കിൽ അദ്ദേഹത്തിന് എം.എൽ.എ. ക്വാർട്ടേഴ്സിൽ താമസിച്ചാൽ പോരേ; നാലോ അഞ്ചോ സ്റ്റാഫ് മാത്രം പോരേ; എന്തിനാണ് ഇത്രയധികം പണം ചെലവഴിക്കുന്നത്? ഇതാണ് ധൂർത്ത്. ഈ നിയമസഭ തുടങ്ങിയിട്ട് മുസ്ലീം ലീഗുകാർക്ക് ഒരനക്കവും ഇല്ലല്ലോ, മിണ്ടിയിട്ടില്ല. ഉമ്മയും ബാപ്പയും മരിച്ച വീട്ടിൽ ചെന്നതുപോലെയാണ്. അതുകൊണ്ട് ഇത്തരത്തിൽ പ്രവാസികൾക്കെതിരെ നടത്തിയ വളരെ മോശകരമായ നിലപാടിന് കേരളത്തിലെ ജനതയോട് മാപ്പ് പറയേണ്ടതാണ്. കെ-റെയിൽ പദ്ധതിയെപ്പറ്റി പറയാനുണ്ട്, പക്ഷെ സമയമില്ല, അടുത്ത പ്രസംഗത്തിന് അവസരം കിട്ടുകയാണെങ്കിൽ പറയാം. അതിന്റെ പിന്നിൽ നടന്ന വൻ അഴിമതി.., കർണ്ണാടകയിലെ ഐ.ടി. മേഖലയിലെ കോർപ്പറേറ്റുകളുമായി ഒത്തുകൂടി കേരളത്തിൽ കെ-റെയിൽ വന്നാലുണ്ടാകുന്ന ഐ.ടി. വികസനം അവിടത്തെ കോർപ്പറേറ്റുകൾക്ക് വലിയ സാമ്പത്തിക നഷ്ടമുണ്ടാക്കുമെന്ന് മനസ്സിലാക്കി അവരിൽനിന്നും അഴിമതി നടത്തി കോടികൾ വാങ്ങി ഈ പദ്ധതിയെ ഇവർ എതിർത്തുകൊണ്ടിരിക്കുകയാണ്. സമയപരിമിതിയുള്ളതിനാൽ അതിലേയ്ക്കൊന്നും ഞാൻ കടക്കുന്നില്ല,

വിശദമായ തെളിവിന്റെ അടിസ്ഥാനത്തിൽ ഇവിടെ കൊണ്ടുവരുന്നതാണ്. കേരളത്തിൽ നടക്കുന്ന സകലമാന വികസനത്തെയും ഇത്തരത്തിൽ മറ്റ് സംസ്ഥാന ലോബികൾക്കുവേണ്ടി പണം വാങ്ങി തടസ്സം സൃഷ്ടിച്ച്, ഏറ്റവും വലിയ മാന്യന്മാരായി ഇവിടെ ഞെളിഞ്ഞ് നടക്കുന്ന അവസ്ഥ കേരളത്തിലെ ജനങ്ങളുടെ മുന്നിൽ പച്ചയായി തുറന്നുകാട്ടാൻ സാധിക്കും.

ഇവിടെ വ്യക്തിപരമായി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെയും അദ്ദേഹത്തിന്റെ കുടുംബത്തെയും ആക്ഷേപിക്കുകയാണ്. എന്തിനാണ് ഇവർ അദ്ദേഹത്തെ ഇത്രത്തോളം ഭയപ്പെടുന്നത്? നമുക്കെല്ലാവർക്കുമറിയാം, കേരളത്തിൽ നടന്ന തെരഞ്ഞെടുപ്പിൽ പത്ത് ശതമാനത്തോളം വോട്ട് അദ്ദേഹത്തിന്റെ വ്യക്തിത്വത്തിന് കിട്ടിയതുതന്നെയാണ്, ഒരു തർക്കവും അക്കാര്യത്തിലില്ല. അവരും സ്വകാര്യമായി അത് അംഗീകരിക്കുന്നുണ്ട്. ആ വ്യക്തിത്വത്തെ, ആ ബിംബത്തെ തകർക്കണം. അതിന് എന്താണ് മാർഗ്ഗം? വ്യക്തിഹത്യകൾ. ആ വ്യക്തിഹത്യകൾ കയറിക്കയറി എവിടെ എത്തിയെന്ന് നമുക്കറിയാം. ഇവിടെ പല കുഴൽനാടന്മാരും കുഴലൂത്ത് നടത്തി. അവരുടെയൊക്കെ ഉദ്ദേശ്യം ഈ കേരളത്തിലെ ജനങ്ങൾക്ക് വളരെ വ്യക്തമാണ്. ഇത് കേന്ദ്ര ഏജൻസികൾ അന്വേഷിക്കണമെന്ന് ആദ്യം

എഴുതിക്കൊടുത്തത് കേരളത്തിലെ മുഖ്യമന്ത്രിയാണ്. വിദേശ ഏജൻസികൾ തലങ്ങുംവിലങ്ങും അന്വേഷിച്ചിട്ടും ഒന്നും കിട്ടിയില്ല, ഒരു തെളിവും പറയാനില്ല.

മി. ചെയർമാൻ: യെസ് പ്ലീസ്.... സമയം കഴിഞ്ഞു.

ശ്രീ. പി. വി. അൻവർ: സർ, കഴിഞ്ഞ രണ്ട് വർഷത്തോളമായി പറഞ്ഞുകൊണ്ടിരിക്കുന്ന ഈ കളവുകൾ ആവർത്തിച്ചാവർത്തിച്ച് പല രൂപവും ഭാവവും നൽകി ജനങ്ങൾക്കിടയിലും ഈ സഭയിലും പറയുകയെന്നല്ലാതെ അതിനപ്പുറം ഒരു വാക്കും ഈ ഗവൺമെന്റിനെതിരെ പറയാൻ സാധിച്ചിട്ടില്ല. കഴിഞ്ഞ രണ്ടാഴ്ചയായി ഈ സഭയിൽ ഈ ഗവൺമെന്റിന്റെ പ്രവർത്തനത്തിനെതിരെ ഒരു വാക്ക് പറയാൻ, അത് ശരിയല്ലെന്ന് പറയാൻ ഇവർക്കാർക്കെങ്കിലും സാധിച്ചോ?

മി. ചെയർമാൻ: യെസ് പ്ലീസ്... കൺക്ലൂഡ്.

ശ്രീ. പി. വി. അൻവർ: സർ, ആ സാധ്യമല്ലാത്തതിനെ മറികടക്കാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെയും കുടുംബത്തെയും പാർട്ടി നേതാക്കളെയും അപഹാസ്യപ്പെടുത്തുക, വ്യക്തിഹത്യ നടത്തുക, ഇതിലൊതുങ്ങി അവരുടെ രാഷ്ട്രീയം. അവർ ആ രാഷ്ട്രീയവുമായി മുന്നോട്ടുപോകട്ടെ, കേരളത്തിലെ

ജനങ്ങളെ ഒന്നിച്ചുനിർത്തി ഈ നാടിന്റെ വികസനവുമായി ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് ശക്തമായി മുന്നോട്ടുപോകുമെന്ന് അറിയിച്ചുകൊണ്ട് ഇതിനെ ഒരിക്കൽക്കൂടി പിന്തുണയ്ക്കുകയാണ്.

മി. ചെയർമാൻ: സഭയിൽ, ജനാധിപത്യ സംവിധാനത്തിൽ മുഖ്യമന്ത്രിയും മന്ത്രിമാരും പ്രതിപക്ഷവും പ്രതിപക്ഷനേതാവുമുണ്ട്. പ്രതിപക്ഷ നേതാവ് ഇങ്ങനെ പ്രവർത്തിക്കുന്നതെന്ത് എന്ന ചോദ്യത്തിന് പ്രസക്തിയില്ല. പ്രവർത്തനങ്ങളെക്കുറിച്ച് നമുക്ക് പറയാം, ജനാധിപത്യ സംവിധാനത്തിൽ ഭരണപക്ഷവും പ്രതിപക്ഷവും പ്രതിപക്ഷനേതാവും ഉള്ളതാണ് എന്നുള്ള യാഥാർത്ഥ്യം ബഹുമാനപ്പെട്ട അംഗം മനസ്സിലാക്കണം.

ശ്രീ. ജി. സ്റ്റീഫൻ: സർ, 2022-23 സാമ്പത്തിക വർഷത്തേയ്ക്കുള്ള XXX മുതൽ XXXII വരെയുള്ള ധനാഭ്യർത്ഥനകളെ ഞാൻ പിന്തുണയ്ക്കുകയാണ്. കേന്ദ്ര ഗവൺമെന്റിന്റെ എല്ലാ നിലപാടുകളെയും ശക്തിയുക്തം എതിർത്തുപോകുന്ന കേരളം, കേരളത്തിലെ അനാഥാലയങ്ങൾക്കും അഗതി മന്ദിരങ്ങൾക്കും ഭക്ഷ്യധാന്യം നൽകില്ലെന്ന കേന്ദ്ര ഗവൺമെന്റ് നിലപാടിനെ എതിർത്തും കേന്ദ്ര സർക്കാർ നിഷേധിച്ച ഭക്ഷ്യധാന്യങ്ങൾ സംസ്ഥാന സർക്കാർ നൽകുമെന്ന് പ്രഖ്യാപിച്ചതും ഏറ്റവും

ഉചിതമായ തീരുമാനമായി കാണുകയാണ്. ലോകത്തെയാകെ വിറകൊള്ളിച്ച കോവിഡ് മഹാമാരിയുടെ വിനാശങ്ങൾക്ക് നടുവിൽ മൂന്നരക്കോടി മലയാളി ജനതയെ ദുരന്തങ്ങൾക്ക് വിട്ടുകൊടുക്കാതെ, ഭക്ഷ്യ പൊതുവിതരണ ശൃംഖല തകർന്നുപോകാതെ, പ്രതിബദ്ധതയോടെയും ലക്ഷ്യബോധത്തോടെയും പ്രവർത്തിക്കുന്ന ഗവൺമെന്റിനെയും ഭക്ഷ്യ പൊതുവിതരണ വകുപ്പിനെയും അഭിനന്ദിക്കാൻ ഞാൻ ഈ അവസരം വിനിയോഗിക്കുകയാണ്. ഒരിക്കലുമില്ലാത്തവിധം ഭക്ഷ്യ വസ്തുക്കൾ, ഇന്ധനം എന്നിവയുൾപ്പെടെയുള്ള അവശ്യ വസ്തുക്കളുടെ ക്ഷാമം എത്രയോ ലോകരാജ്യങ്ങളെ വരിഞ്ഞുമുറുക്കി ജനജീവിതം നരക തുല്യമാക്കിയിരിക്കുന്ന കാഴ്ചയാണ് നമുക്ക് കാണാൻ സാധിക്കുന്നത്. രാജ്യം ഇല്ലായ്മയുടെ നടുവിൽ നീങ്ങിക്കൊണ്ടിരിക്കുമ്പോൾ കേരള ജനത സമൃദ്ധിയുടെ നടുവിൽ ജീവിക്കുന്ന കാഴ്ചയാണ് ഈ ഗവൺമെന്റിന്റെ കാലത്ത് കാണാൻ സാധിക്കുന്നത്. ഒരു ക്ഷേമ രാഷ്ട്രമെന്ന കടമ നിർവ്വഹിക്കാതെ വികലമായ സാമ്പത്തിക സാമൂഹിക നയങ്ങളും അസമത്വവും സൃഷ്ടിച്ച് ശതകോടീശ്വരന്മാരെ പ്രീണിപ്പിക്കുന്ന നടപടികൾ മാത്രമാണ് കേന്ദ്ര ഗവൺമെന്റ് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. രാജ്യത്തെ സാധാരണക്കാരായ ജനങ്ങളെ

ഞെക്കിപ്പിഴിയുന്ന നിലപാടാണ് കേന്ദ്ര ഗവൺമെന്റ് സ്വീകരിക്കുന്നത്. ഇതിനൊരു ബദൽ സംവിധാനമൊരുക്കിയാണ് കേരളത്തിലെ പൊതുവിതരണ സംവിധാനം രാജ്യത്തിന് മാതൃകയായി നീങ്ങിക്കൊണ്ടിരിക്കുന്നത്. ഈ വസ്തുതകൾ നോക്കിക്കാണാതെ തുടർച്ചയായി എതിർത്തുകൊണ്ടിരിക്കുന്ന സമീപനമാണ് സംസ്ഥാനത്തെ പ്രതിപക്ഷം നടത്തിക്കൊണ്ടിരിക്കുന്നത്. തുടർച്ചയായി നുണകളുടെ പെരുമഴ സൃഷ്ടിച്ച് എൽ.ഡി.എഫ്. സർക്കാരിനെ അപകീർത്തിപ്പെടുത്താനാണ് പ്രതിപക്ഷം സമയം വിനിയോഗിക്കുന്നത്. കെടുതിയുടെ കാലത്ത് ജനപക്ഷത്ത് നിൽക്കാതെ എൽ.ഡി.എഫ്. സർക്കാർ നടപ്പിലാക്കിയ ജനക്ഷേമ പ്രവർത്തനങ്ങൾക്ക് തുരങ്കം വയ്ക്കുന്ന രീതിയിൽ ഒരു ബോക്സ് ഓഫീസ് സിനിമയുടെ ചേരുവകൾ ചേർത്ത് പ്രചരിപ്പിച്ച കെട്ടുകഥകളെല്ലാം ചീട്ടുകൊട്ടാരം പോലെ തകർന്നടിയുന്ന കാഴ്ചയാണ് നമ്മൾ കണ്ടുകൊണ്ടിരിക്കുന്നത്. രാജ്യമെങ്ങും ഭയാനകമായ വിലക്കയറ്റത്തിന് നടുവിലാണ്. ഉദാരവൽക്കരണ നയങ്ങളുടെ ഭാഗമായി രാജ്യം സ്വാതന്ത്ര്യാനന്തരം തുടർന്നുവന്ന സാർവ്വത്രിക പൊതുവിതരണ സമ്പ്രദായം തകർക്കപ്പെടുകയുണ്ടായി. 2013-ലെ ഭക്ഷ്യ ഭദ്രാ നിയമം പൊതുവിതരണ

സമ്പ്രദായത്തെ തകർക്കുന്നതിനുള്ള സ്റ്റാറ്റ്യൂട്ടറി പിൻബലമാണ് രാജ്യത്ത് നൽകിയിട്ടുള്ളതെന്നതാണ് വസ്തുത. ഇതിനെതിരായി അന്നത്തെ യു.ഡി.എഫ്. ഗവൺമെന്റ് ശക്തമായ ചെറുത്തുനിൽപ്പ് സ്വീകരിക്കാത്തതിന്റെ ഭാഗമായി നമ്മുടെ രാജ്യത്ത് മുൻഗണനാ പട്ടികയിൽ വരേണ്ട അർഹരായ ഒട്ടേറെപ്പേർ മുൻഗണനയ്ക്ക് പുറത്തുപോകുന്ന കാഴ്ചയാണ് കാണാൻ സാധിക്കുന്നത്. മുൻഗണനാ വിഭാഗങ്ങളുടെ പരമാവധി എണ്ണം നിജപ്പെടുത്തിയിരുന്നതിനാൽ അനർഹമായി മുൻഗണനാ കാർഡുകൾ കൈവശം വച്ചിരുന്ന 172312 അനർഹരെ സർക്കാരിന്റെ അഭ്യർത്ഥന മാനിച്ച് ഒഴിവാക്കാനും 153482 പേർക്ക് കാർഡുകൾ മാറ്റിനൽകാനും ഈ ഗവൺമെന്റിന് സാധിച്ചു. ഇതിനുപുറമെ രണ്ടാം പിണറായി സർക്കാരിന്റെ നൂറുദിന കർമ്മ പരിപാടിയിൽ ഉൾപ്പെടുത്തി ഒരു ലക്ഷം മുൻഗണനാ കാർഡുകൾ നൽകാനും ഈ സർക്കാരിന് സാധിച്ചു. ഒരു പിടി കുത്തകകളെ തൃപ്തിപ്പെടുത്തിയാൽ ജനങ്ങളെല്ലാം തൃപ്തിപ്പെടുമെന്നതാണ് കേന്ദ്ര സർക്കാരിന്റെ വിലയിരുത്തൽ. പക്ഷേ രാജ്യത്തിന്റെ സമ്പദ്ഘടനയും മഹാഭൂരിപക്ഷം വരുന്ന സാധാരണക്കാരും പാവപ്പെട്ടവരുമായ ജനങ്ങളുടെ ജീവിതവും തൃപ്തികരമാകുമ്പോഴാണ് ഒരു പരിഷ്കൃത ജനാധിപത്യ സമ്പ്രദായം

ജനങ്ങൾക്കുവേണ്ടി പ്രവർത്തിച്ചുവെന്ന് വിലയിരുത്താൻ സാധിക്കുന്നത്. കേരളത്തിലെ ദരിദ്രരുടെ എണ്ണം 0.71 ശതമാനമായി കുറച്ചുകൊണ്ടുവരാൻ കഴിഞ്ഞ ആറ് വർഷക്കാലത്തെ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ ഭരണത്തിന്റെ ഭാഗമായി സാധിച്ചിട്ടുണ്ട്. വികസന പദ്ധതികളെ നിരന്തരം തടസ്സപ്പെടുത്തുന്നതിനുപകരം ഈ യാഥാർത്ഥ്യങ്ങൾ നോക്കിക്കാണാൻ സർക്കാരിനെ വിമർശിക്കുന്നവർക്ക് കഴിയേണ്ടതായിട്ടുണ്ട്.

ഇരുപത് രൂപ നിരക്കിൽ ഉച്ചഭക്ഷണം നൽകുന്ന 'സുഭിക്ഷ ഹോട്ടലുകൾ' കേരളത്തിൽ നടപ്പിലാക്കിയത് ഈ ഗവൺമെന്റിന്റെ കാലത്താണ്. ഇത് സാധാരണക്കാരായ ജനങ്ങളെ സഹായിക്കുന്നതിനുള്ള നിലപാടായിരുന്നു. ഭക്ഷ്യഭദ്രതാ നിയമപ്രകാരമുള്ള ഭക്ഷ്യധാന്യങ്ങളുടെ വിതരണം നൂറ് ശതമാനമാക്കുകയെന്ന ലക്ഷ്യത്തോടെ ആദിവാസി ഊരുകളും ലേബർ സെറ്റിൽമെന്റുകളുമടക്കമുള്ള വിദൂര സ്ഥലങ്ങളിലേയ്ക്ക് സഞ്ചരിക്കുന്ന റേഷൻ കടകളുടെ പ്രയാണം ഈ കാലഘട്ടത്തിൽ തുടരുകയാണ്. ഇതിന്റെ ഭാഗമായി 115 ആദിവാസി ഊരുകളിലെ ജനങ്ങളുടെ മുന്നിലേയ്ക്കാണ് റേഷൻ കടകൾ ചെന്നെത്തുന്നത്. കഴിഞ്ഞ കോവിഡ് കാലഘട്ടത്തിൽ അതിഥി

തൊഴിലാളികളെ സഹായിക്കുന്നതിനുള്ള നടപടികളും അവർ പട്ടിണി കിടക്കാതിരിക്കുന്നതിന് ആവശ്യമായ നടപടികളും കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ ഗവൺമെന്റ് കൈക്കൊണ്ടിരുന്നു. എല്ലാകാലത്തും സർക്കാർ നടത്തിക്കൊണ്ടിരിക്കുന്ന ഈ പ്രവർത്തനങ്ങൾ ഭാവി കേരളത്തിൽ ജനാധിപത്യ സർക്കാരുകളെക്കുറിച്ച് പഠിക്കുന്നതിനുള്ള ഒരു പാഠപുസ്തകമായി ഒന്നുരണ്ടും പിണറായി ഗവൺമെന്റുകൾ മാറുന്ന കാഴ്ചയാണ് നമുക്ക് കാണാൻ സാധിക്കുന്നത്. പതിമൂന്നിനം അവശ്യ സാധനങ്ങളുടെ വില ക്രമപ്പെടുത്തി നിർത്തുന്നതിന് ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റിന് സാധിക്കുന്നുണ്ട്. 'കെ' എന്ന് കേൾക്കുമ്പോൾ ചിലർക്ക് ഹാലിളകുകയാണ്. എന്നാൽ ചിലർ കേരളം ഭരിച്ചപ്പോൾ ചെയ്ത കെടുകാര്യസ്ഥതയുടെ 'കെ' അല്ല ഇത്. ഇത് കെട്ടുറപ്പിന്റെ 'കെ'-യാണ്. വീണ്ടും നമ്മുടെ സമൂഹത്തിൽ ഒരു 'കെ' വരികയാണ് അത് കെ-സ്റ്റോർ ആണ്. കേരളത്തിലെ മുഴുവൻ റേഷൻ കടകളും സ്മാർട്ടാകാൻ പോകുകയാണ്. പോക്കറ്റിൽ സൂക്ഷിക്കാവുന്ന സ്മാർട്ട് റേഷൻ കാർഡുകൾ വന്നുകഴിഞ്ഞു. പതിനഞ്ച് പുതിയ റേഷൻ കടകളും ആരംഭിക്കാൻ സാധിച്ചു. പൊതു വിതരണ വകുപ്പും അളവുതൂക്ക വകുപ്പും ഒരു വർഷത്തിനുള്ളിൽ

പൂർണ്ണമായും ഇ-ഓഫീസ് സംവിധാനത്തിലേയ്ക്ക് മാറും. റേഷൻ കടകൾ ഓൺലൈനായി പരിശോധിക്കുന്നതിന് മൊബൈൽ ആപ്പും വാതിൽപ്പടി വിതരണ വാഹനങ്ങളിൽ ജി.പി.എസ്. ട്രാക്കിംഗ് സംവിധാനവും കൊണ്ടുവന്നത് ഈ വകുപ്പിന്റെ പ്രവർത്തനങ്ങളുടെ മുഖമുദ്രകളാണ്. ഈ നിലയിൽ ജനോപകാരപ്രദമായ നിരവധി പ്രവർത്തനങ്ങളാണ് ഈ കാലഘട്ടത്തിൽ ഭക്ഷ്യ വകുപ്പ് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്.

മൃഗസംരക്ഷണ-ക്ഷീര വികസന മേഖലയിൽ നൂതനങ്ങളായ നിരവധി പദ്ധതികൾ ഈ ഗവൺമെന്റ് നടപ്പിലാക്കിവരികയാണ്. മൃഗസംരക്ഷണ - ക്ഷീരവികസന മേഖലയെ ആശ്രയിച്ച് ജീവിക്കുന്ന സാധാരണ ജനങ്ങൾക്ക് കൂടുതൽ മെച്ചപ്പെട്ട സാഹചര്യങ്ങളുണ്ടാക്കാനും അത്യുൽപ്പാദനശേഷിയുള്ള കന്നുകാലികളെ സൃഷ്ടിക്കാനും പാലുൽപ്പാദനം വർദ്ധിപ്പിക്കാനും സഹായകരമായ രീതിയിൽ വകുപ്പ് വിവിധ പരിപാടികളാണ് ആസൂത്രണം ചെയ്ത് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. ഇന്ത്യയിൽ പാലുൽപ്പാദനത്തിൽ രണ്ടാം സ്ഥാനത്തും വിലയുടെ കാര്യത്തിൽ ഒന്നാം സ്ഥാനത്തുമാണ് കേരളം നിലകൊള്ളുന്നത്. 3342 ക്ഷീര സംഘങ്ങൾ കേരളത്തിലെ ക്ഷീരോൽപ്പാദന മേഖലയുടെ നെട്ടംതൂണായി പ്രവർത്തിച്ചുകൊണ്ടിരിക്കുകയാണ്. 215

വെറ്ററിനറി ആശുപത്രികൾ, 885 വെറ്ററിനറി ഡിസ്പെൻറികൾ, 50 വെറ്ററിനറി പോളി ക്ലിനിക്കുകൾ, 14 ജില്ലാ വെറ്ററിനറി കേന്ദ്രങ്ങൾ, മൾട്ടി സ്പെഷ്യാലിറ്റി ആശുപത്രികൾ, സഞ്ചരിക്കുന്ന മൃഗാശുപത്രികൾ, ക്ലിനിക്കൽ ലാബുകൾ, വന്ധ്യതാ നിവാരണ ക്ലിനിക്കുകൾ തുടങ്ങി ഒട്ടേറെ സ്ഥാപനങ്ങളാണ് സംസ്ഥാനത്ത് പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. ഇതിനെല്ലാം ബഡ്ജറ്റിൽ തുക വക കൊള്ളിക്കുന്നതിനുള്ള നിലപാട് കേരളത്തിലെ ഗവൺമെന്റ് സ്വീകരിച്ചിട്ടുണ്ട്. അരുവിക്കര മണ്ഡലത്തിൽ ചെറ്റച്ചലിലും വിതുരയിലും രണ്ട് ജഴ്സിഫാമുകൾ വളരെ മികച്ച രീതിയിലാണ് പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. ക്ഷീര കർഷകരേയും കോഴി കർഷകരേയും സഹായിക്കാനായി നിരവധി പദ്ധതികളാണ് ഈ സാമ്പത്തിക വർഷം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. 'റീ-ബിൽഡ് കേരള' പദ്ധതിക്കായ് 13.61 കോടി രൂപയാണ് മൃഗ സംരക്ഷണ വകുപ്പിന് സർക്കാർ അനുവദിച്ചിട്ടുള്ളത്. മുട്ടക്കോഴി, ഇറച്ചിക്കോഴി ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും അതുവഴി സ്ത്രീകളുടെ സാമ്പത്തിക ഉന്നമനം ലക്ഷ്യമിടുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുന്നു. മൃഗസംരക്ഷണ മേഖലയിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന ഒരു കാൾ സെന്റർ പ്രവർത്തിക്കുന്നുണ്ട്. ഇത് ക്ഷീര

കർഷകർക്ക് സഹായകരമാകുന്നൊരു പദ്ധതിയാണ്. ക്ഷീര സംഘങ്ങളുടെ പ്രവർത്തനം ഏകോപിപ്പിക്കാൻ യൂണിഫൈഡ് സോഫ്റ്റ്‌വെയർ സംവിധാനം നടപ്പിലാക്കാൻ സർക്കാർ തയ്യാറായിട്ടുണ്ട്. മൃഗസംരക്ഷണ മേഖലയിൽ വിവര സാങ്കേതികവിദ്യ ഫലപ്രദമായി ഉപയോഗപ്പെടുത്താൻ ഗവൺമെന്റിന് ഈ കാലഘട്ടത്തിൽ സാധിക്കുന്നുണ്ട്. ഈ നിലയിൽ ജനോപകാരപ്രദമായ ഒട്ടനവധി നടപടികളാണ് ഈ ഗവൺമെന്റ് സ്വീകരിച്ചുവരുന്നത്. അഴിമതിയും കരിഞ്ചന്തയും പൂഴ്ത്തിവയ്പ്പും കള്ളക്കച്ചവടവും അരങ്ങുവാണിരുന്ന നമ്മുടെ പൊതുവിതരണ ശൃംഖലയെ അടിമുടി മാറ്റിയെടുക്കുന്നതിനും മൃഗസംരക്ഷണ ക്ഷീര വികസന മേഖലയെ പുരോഗതിയിലേയ്ക്ക് എത്തിക്കാനും പരിശ്രമിക്കുന്ന ഈ സർക്കാർ അവതരിപ്പിച്ച ധനാഭ്യർത്ഥനകളെ ഒരിക്കൽക്കൂടി പിന്തുണച്ചുകൊണ്ട് അവസാനിപ്പിക്കുന്നു.

<u>ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി</u>: സർ, ഭക്ഷ്യം, മൃഗസംരക്ഷണം, ക്ഷീരവികസനം എന്നീ വകുപ്പുകളുടെ ധനാഭ്യർത്ഥനകളെ സമ്പൂർണ്ണമായി പിന്തുണയ്ക്കുകയാണ്. 'ക്ഷീരമുള്ളോരകിടിൻ ചുവട്ടിലും ചോര തന്നെ കൊതുകിന്നു കൗതുകം' എന്ന വാക്യം സാർത്ഥകമാക്കുന്ന നിലയിൽ ബഹുമാനപ്പെട്ട പ്രതിപക്ഷാംഗങ്ങൾ വിമർശനങ്ങൾ

ആവർത്തിച്ചുകൊണ്ടിരിക്കുന്നതും അത് പ്രത്യേകിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെ കേന്ദ്രീകരിച്ച് നടത്തുന്നതിൽനിന്ന് മാറി വകുപ്പുകളുടെ ചർച്ചകളിലേയ്ക്കും സംസ്ഥാനത്തിനാവശ്യമായ കാര്യങ്ങളിലേയ്ക്കും അൽപ്പസമയം ചെലവഴിക്കണമെന്ന് ഞാൻ ബഹുമാനപ്പെട്ട പ്രതിപക്ഷാംഗങ്ങളോട് വിനീതമായി, ആമുഖമായി അഭ്യർത്ഥിച്ചുകൊള്ളുന്നു.

രണ്ടാം പിണറായി സർക്കാരിന്റെ ഊർജ്ജസ്വലതയിൽ സംസ്ഥാനം മുന്നോട്ടുപോകുകയാണ്. ബഹുമുഖ പ്രവർത്തനങ്ങളിൽ ശ്രദ്ധേയമായ ഒന്നാണ് നമ്മുടെ ഭക്ഷ്യ രംഗം. പ്രളയ ദുരന്തം, കോവിഡ് മഹാമാരി തുടങ്ങിയ ഒരുപാട് സാഹചര്യങ്ങളുണ്ടായി. അതിജീവനത്തിന്റെ കരുത്തുമായി മുന്നോട്ടുപോയ ഒരു സർക്കാർ, അതിന് സുസ്ഥിര വികസനത്തിലൂടെ മുന്നേറ്റം നടത്തിക്കൊണ്ടിരിക്കുന്ന ഒരു സംസ്ഥാനം. ഒരു ഉപഭോക്തൃ സംസ്ഥാനമാണ് നമ്മുടേത്, എല്ലാ നിത്യോപയോഗ സാധനങ്ങൾക്കും നമുക്ക് അയൽസംസ്ഥാനങ്ങളെ ആശ്രയിക്കേണ്ടി വരുന്നു. ആ സന്ദർഭത്തിലാണ് ഭക്ഷ്യ-പൊതുവിതരണ വകുപ്പിന്റെ ശ്രദ്ധേയമായ മുന്നേറ്റങ്ങൾ വിലയിരുത്തപ്പെടുന്നത്. സംസ്ഥാനത്ത് ഒരാളുപോലും പട്ടിണി കിടക്കരുത്, ഭക്ഷണം കഴിക്കാതിരിക്കരുത് എന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി

പ്രളയകാലത്തും കോവിഡ്കാലത്തും പറഞ്ഞു. അതുപറഞ്ഞ ഇന്ത്യൻ സംസ്ഥാനങ്ങളിലെ ഏക മുഖ്യമന്ത്രിയാണ് നമ്മുടെ മുഖ്യമന്ത്രി. അതിനനുയോജ്യമായ വിധത്തിലാണ് ഭക്ഷ്യ പൊതുവിതരണ വകുപ്പിന്റെ പ്രവർത്തനങ്ങൾ മുന്നോട്ടുപോയത്. കൃത്യമായ വിപണി ഇടപെടലുകളിലൂടെയും പൊതുജന ബോധവൽക്കരണത്തിലൂടെയും കേരളം ആരോഗ്യകരമായ ഭക്ഷ്യഭദ്രതാ സമ്പ്രദായം രൂപപ്പെടുത്തിയിട്ടുണ്ട്. കോവിഡ് കാലത്ത് 87.39 ലക്ഷം കാർഡുടമകൾക്ക് 17 ഇനം അവശ്യസാധനങ്ങൾ അടങ്ങിയ പലവ്യഞ്ജന കിറ്റും സൗജന്യ റേഷനും വിതരണം ചെയ്തത് ഇന്ത്യയ്ക്കുതന്നെ മാതൃകയാണ്. ദേശീയ ഭക്ഷ്യഭദ്രതാ നിയമം, 2016 ഒക്ടോബറിൽ സംസ്ഥാനത്ത് നടപ്പിലാക്കി. വാതിൽപ്പടി വിതരണം, റേഷൻ കടകൾ കമ്പ്യൂട്ടർവൽക്കരണം, ആധാർ സീഡിംഗ്, പോർട്ടബിലിറ്റി തുടങ്ങിയ പരിഷ്കാരങ്ങൾ വിജയിച്ചുകൊണ്ടിരിക്കുകയാണ്. തെരുവിലും പുറമ്പോക്കിലും ജീവിക്കുന്നവർക്ക് സ്ഥിരതാമസ രേഖകളില്ലാതെതന്നെ ആധാർ കാർഡിന്റെയും സത്യവാങ്മൂലത്തിന്റെയും മാത്രം അടിസ്ഥാനത്തിൽ റേഷൻ കാർഡുകൾ വിതരണം ചെയ്തു. നിലവിൽ കാർഡിൽപ്പെടാത്ത ഭിന്നലിംഗ വിഭാഗത്തിൽപ്പെട്ടവർക്കുപ്പോലും ഇത്തരത്തിൽ കാർഡുകൾ

അനുവദിച്ചുവെന്ന് പറയുന്നതും ഇന്ത്യയ്ക്ക് മാതൃകാപരമായ പ്രവർത്തനമാണ്. ആദിവാസി ഊരുകളിലൂടെ സഞ്ചരിക്കുന്ന റേഷൻ കടകൾ, വാതിൽപ്പടി വിതരണം അതുപോലെ വിവിധ പരിപാടികൾ. ഏഴ് ജില്ലകളിലെ വിദൂരമായ ആദിവാസി ഊരുകളിൽ വിതരണകർമ്മം നിർവ്വഹിക്കുകയുണ്ടായി. മന്ത്രിയുടെ ഫോൺ-ഇൻ പരിപാടിയിലൂടെ അതത് നിമിഷങ്ങളിൽ പരിഹാരങ്ങൾ കാണുകയും ചെയ്തു. അനർഹരായവരുടെ കാർഡുകൾ സറണ്ടർ ചെയ്യണമെന്ന അഭ്യർത്ഥന പുറപ്പെടുവിച്ചയുടനെ 169291 അനർഹരായ കാർഡുടമകൾ സ്വയം കാർഡുകൾ സമർപ്പിച്ചു. അതൊക്കെ സർക്കാർ വിശ്വാസത്തിന്റെ ഭാഗമായാണ്. 153254 അർഹരായ കാർഡുടമകൾക്ക് പുതുതായി കാർഡ് വിതരണം ചെയ്തു. ഇതെല്ലാമാണ് ഈ രംഗത്ത് നടക്കുന്ന അതിശക്തമായ മുന്നേറ്റം. ഉപഭോക്താക്കൾക്ക് സൗകര്യപ്രദവും ഇഷ്ടമുള്ളതുമായ സ്ഥലത്തുനിന്നും സ്വന്തം കാർഡുപയോഗിച്ച് റേഷൻ വാങ്ങാനുള്ള പോർട്ടബിലിറ്റി സമ്പ്രദായം നടപ്പിൽവന്നതോടെ കേരളത്തിൽ റേഷൻ പദ്ധതി നടപ്പിലാക്കാൻ കേന്ദ്ര നയംകൂടി സഹായിച്ചു. അതുവഴി മറ്റ് സംസ്ഥാനങ്ങളിലുള്ള മലയാളികൾക്ക് അവരുടെ താമസസ്ഥലത്ത് കേരളത്തിലെ റേഷൻ കാർഡ് ഉപയോഗിച്ച്

റേഷൻ വാങ്ങുന്നതിനുള്ള സൗകര്യവും കേരളത്തിൽ താമസിക്കുന്ന അതിഥി തൊഴിലാളികൾക്ക് അവർക്ക് അർഹതപ്പെട്ട റേഷൻ വിഹിതം ഇഷ്ടപ്പെട്ട സ്ഥലത്തുനിന്ന് വാങ്ങാനുള്ള സൗകര്യവും ഉൾപ്പെടെ ഇന്ത്യയിൽത്തന്നെ ശ്രദ്ധേയമായ, മാതൃകാപരമായ പ്രവർത്തനങ്ങളാണ് വകുപ്പ് നടത്തുന്നത്. രാജ്യത്തുടനീളം ഒരേ റേഷൻ കാർഡ് ഉപയോഗിച്ചുവരുന്ന വിവിധ പൊതുവിതരണ സമ്പ്രദായം നമ്മുടെ സംസ്ഥാനത്ത് കാണുകയാണ്. എന്റെ മണ്ഡലത്തിൽ സഞ്ചരിക്കുന്ന മാവേലി സ്റ്റോർ ഉദ്ഘാടനം ചെയ്യാൻ ബഹുമാനപ്പെട്ട മന്ത്രി വന്നത് ഞാൻ ഓർമ്മിക്കുകയാണ്.

പാലുൽപ്പാദനത്തിൽ സ്വയം പര്യാപ്തത കൈവരിച്ചുകൊണ്ടിരിക്കുന്ന ഒരു സംസ്ഥാനമാണ് കേരളം. പാൽപ്പൊടി നിർമ്മാണമുൾപ്പെടെ മൂല്യവർദ്ധിത വസ്തുക്കൾ ഉൽപ്പാദിപ്പിക്കുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങൾ, "ഓപ്പറേഷൻ ഫ്ലഡ് കേരള" എന്ന മാസ്റ്റർ പ്ലാൻ നടപ്പിലാക്കിയതിന്റെ ഭാഗമായി 10214 ലിറ്ററായി പാലുൽപ്പാദനം വർദ്ധിപ്പിക്കാനുള്ള പ്രാഥമികമായ നടപടിയുണ്ടായി. 506 മൃഗങ്ങളെ ഉൾക്കൊള്ളുന്ന ആധുനിക ഡയറി ഫാമുകൾ നാട്ടിൻപുറങ്ങളിൽ പ്രാവർത്തികമായിക്കൊണ്ടിരിക്കുകയാണ്. അങ്ങനെ അനാഥമായി

കിടക്കുന്ന സാഹചര്യം അവസാനിപ്പിച്ചുകൊണ്ട് മൂല്യവർദ്ധിത ഉൽപ്പാദന വർദ്ധനവിന്റെ ഭാഗമായി ഈ കാര്യങ്ങൾ നടക്കുകയാണ്. കാലിത്തീറ്റ, അതുപോലെ ശാസ്ത്രീയമായ പരിപാലന പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നതിന് ശാസ്ത്രീയവും പ്രായോഗികവുമായ നടപടികളാണ് ഇപ്പോൾ സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. അതുകൊണ്ടാണ് മിൽമ ഉൾപ്പെടെയുള്ള സ്ഥാപനങ്ങൾക്ക് വളരെ ശ്രദ്ധേയമായ സേവനം നടത്താൻ കഴിയുന്നത്. ഗുണമേന്മയേറിയ കിടാരികളുടെ ഉൽപ്പാദന വർദ്ധവിനുകൂടി സഹായകരമായ നിലയിലുള്ള പരിപാടി നടക്കുകയാണ്. അതിനെ Progeny Test എന്ന് പറയുന്നു. മലപ്പുറം ജില്ലയിലെ മൂർക്കനാടിലെ പാൽപ്പൊടി നിർമ്മാണ ഫാക്ടറിക്ക് പുറമെ വയനാട് ജില്ലയിൽ കണ്ടെൻസിംഗ് പ്ലാന്റ്, മലയോര ഡയറിയിലെ ലോംഗ് ലൈഫ് മിൽക്ക് പ്ലാന്റ് എന്നീ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണ്. കണ്ണൂർ ജില്ലയിലെ വേങ്ങരയിൽ ഡയറി ഫാമിനുള്ള ഭൂമി ഏറ്റെടുക്കൽ നടപടികളുമായി മുന്നോട്ടുപോകുകയാണ്. വ്യാവസായികാടിസ്ഥാനത്തിൽ ഡയറി വിഭാവന ചെയ്തുകൊണ്ട് ക്ഷീരകർഷകർക്ക് അതിന്റെ പ്രയോജനം ഉപയോഗപ്പെടുത്തുന്നതിനായി വികസന പദ്ധതികൾ

മുന്നോട്ടുകൊണ്ടുപോകുന്നതിന് അഞ്ച് ലക്ഷം രൂപവരെയാണ് ധനസഹായം നൽകുന്നതെന്നത് ആശ്വാസകരമായ കാര്യമാണ്. 50 ആധുനിക ഡയറി ഫാമുകൾ, നൂതന ഫാമുകൾ, കറവയന്ത്രം, തീറ്റകൃഷി ഉൾപ്പെടെ മൃഗപരിപാലന പദ്ധതികളുടെ ഭാഗമായി നടപ്പിലാക്കുകയാണ്. കൃഷി-മൃഗപരിപാലനം, മൃഗപരിപാലനം-മത്സ്യം സംയോജിത കൃഷി പ്രവർത്തനങ്ങൾ, സേഫ് ടു ഈറ്റ് ഉൽപ്പന്നങ്ങളിലേയ്ക്കുകൂടി വ്യാപരിക്കുന്ന നിലയിൽ അതിനെ ശാസ്ത്രീയവൽകരിക്കുന്ന നടപടികൾകൂടി ഈ വകുപ്പ് സ്വീകരിച്ചിരിക്കുകയാണ്. ക്ഷീര വകുപ്പും മൃഗസംരക്ഷണ വകുപ്പും ഈ കാര്യത്തിൽ കാണിക്കുന്ന കാര്യക്ഷമതയും പരിപാലന പ്രബുദ്ധതയും കേരളത്തിലെ ക്ഷീരകർഷകർക്ക് അനുഗ്രഹീതമാണ്. സഹകരണ മേഖല വ്യാപിച്ചുകിടക്കുന്ന കേരളത്തിൽ സഹകരണ സ്ഥാപനങ്ങളിലൂടെയും ക്ഷീരവ്യവസായ സഹകരണ സംഘങ്ങളിലൂടെയും ഒരുപാട് കാര്യങ്ങൾ നിർവ്വഹിക്കപ്പെടുകയാണ്. അതിനാവശ്യമായ പ്രോത്സാഹനവും പിന്തുണയും നൽകുന്നുവെന്നുള്ളത് മറ്റൊരു വസ്തുതയാണ്. അതോടൊപ്പംതന്നെ ഭക്ഷ്യ രംഗത്ത് ഞാൻ ആമുഖമായി ചൂണ്ടിക്കാണിച്ചതുപോലെ ഈ മാറ്റങ്ങൾ എല്ലാംതന്നെ ജനങ്ങൾ കാണുന്നുണ്ട്. പട്ടിണി കിടക്കുന്നവന്റെ മുമ്പിൽ

ദൈവം അപ്പത്തിന്റെ രൂപത്തിൽ പ്രത്യക്ഷപ്പെടുമെന്ന് പറയുന്ന ബൈബിൾ വാക്യം ഞാൻ ഓർമ്മിക്കുകയാണ്. വിശക്കുന്നവനെയും പട്ടിണി കിടക്കുന്നവനെയും നമ്മുടെ ഭക്ഷ്യ വകുപ്പിന്റെ ആഭിമുഖ്യത്തിലുള്ള സഹായഹസ്തങ്ങൾ സഹായിക്കാനെത്തി. ഈ മൂന്ന് വകുപ്പുകളുടെയും ധനാഭ്യർത്ഥനകളിലൂടെ കേരളത്തിൽ നിരവധി പാവപ്പെട്ട ജനങ്ങളുടെ സാമ്പത്തിക, സാമൂഹിക ഉന്നമനത്തിനുവേണ്ടിയുള്ള ബഹുമുഖമായ പരിപാടികൾ വിജയിപ്പിക്കാനുള്ള ചുമതലയാണ് നമുക്കെല്ലാം ഏറ്റെടുത്ത് നടത്താനുള്ളത്. അതിന് ആധാരമായ നിലയിൽ തദ്ദേശഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ ഇപ്പോൾ നന്നായി നടത്തുകയാണെന്ന് നമുക്കറിയാം. തദ്ദേശഭരണ സ്ഥാപനങ്ങളുടെ സഹായത്തോടുകൂടി മുന്നോട്ടുപോകുന്ന പ്രവർത്തനങ്ങളിൽ, ഈ വിതരണ പരിപാടികളിൽ, പ്രത്യേകിച്ച് പാലുൽപ്പാദന രംഗത്തെ കൃഷിക്കാരെയും കർഷകരെയും സഹായിക്കാനുള്ള വിവിധ പരിപാടികൾ വളരെയധികം ആരോഗ്യകരമായി മുന്നോട്ടുകൊണ്ടുപോകുന്നതിന് ചുമതല വഹിക്കുന്ന മന്ത്രിമാരെ ഞാൻ പ്രത്യേകം അഭിനന്ദിക്കുകയാണ്. ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രിയെയും മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രിയെയും സന്തോഷത്തോടുകൂടി

അഭിവാദ്യം ചെയ്തുകൊണ്ടും അഭിനന്ദിച്ചുകൊണ്ടും ഈ വകുപ്പുകളുടെ ധനാഭ്യർത്ഥനകളെ പാസ്സാക്കുന്നതിലൂടെ ഇത്തരം കാര്യങ്ങൾ പ്രാവർത്തികമാക്കി ഇന്ത്യയ്ക്കുതന്നെ മാതൃകാപരമായ പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകാൻ സാധിക്കട്ടെയെന്ന് ആശംസിച്ചുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

<u>ശ്രീ. എം. നൗഷാദ്</u>: സർ, ഭക്ഷ്യം, മൃഗസംരക്ഷണം, ക്ഷീരവികസനം എന്നീ വകുപ്പുകളുടെ ധനാഭ്യർത്ഥനകളെ ഞാൻ പിന്തുണയ്ക്കുകയാണ്. കഴിഞ്ഞ അൻപത് വർഷത്തേക്കാൾ മികച്ച നേട്ടമാണ് ഒന്നാം പിണറായി സർക്കാരും രണ്ടാം പിണറായി സർക്കാരും കഴിഞ്ഞ ആറ് വർഷക്കാലംക്കൊണ്ട് ഈ മേഖലകളിൽ രൂപപ്പെടുത്തിയെടുത്തത്. ഒരു മനുഷ്യനെ സംബന്ധിച്ചിടത്തോളം അവന്റെ ആരോഗ്യം സംരക്ഷിക്കുകയെന്നതാണ് ഏറ്റവും പ്രധാനം. ആരോഗ്യം സംരക്ഷിക്കണമെങ്കിൽ ഭക്ഷ്യ സുരക്ഷ ഉറപ്പാക്കണം. ഭക്ഷ്യ സുരക്ഷ ഉറപ്പാക്കി മുഴുവൻ ആളുകൾക്കും റേഷൻ കാർഡ് നൽകികൊണ്ട് മുന്നോട്ടുപോകുന്ന ഒരു ഗവൺമെന്റാണിത്. റേഷൻ സംവിധാനമുണ്ടായി പതിറ്റാണ്ടുകൾ കഴിഞ്ഞിട്ടും കേരളത്തിലെ ജനങ്ങൾ റേഷൻ

വാങ്ങാറില്ലായിരുന്നു. കാരണം, ലഭിക്കുന്ന ധാന്യം ഭക്ഷ്യയോഗ്യമല്ലായിരുന്നു. വാങ്ങുന്ന ധാന്യം അളവിൽ കുറവും വാങ്ങിക്കൊണ്ടുവന്നാൽ രണ്ടാളുടെ പണി ചെയ്താൽ മാത്രമേ അത് ഭക്ഷ്യയോഗ്യമാക്കിയെടുക്കാൻ കഴിയുമായിരുന്നുള്ളൂ. എല്ലാവരും വാങ്ങാറില്ലായിരുന്നു, വാങ്ങുന്നവർതന്നെ അത് വീട്ടിലെ ആട്ടുമാട്ടുകൾക്കായിരുന്നു കൊടുത്തിരുന്നത്. എന്നാൽ ഇന്ന് മുഴുവൻ പേരും റേഷൻ വാങ്ങുന്നു. മുമ്പ് കോഴികൾക്കും ആട്ടുമാട്ടുകൾക്കുമായിരുന്നു കൊടുത്തതെങ്കിൽ ഇന്ന് റേഷൻ വാങ്ങിക്കൊണ്ടുവന്നാൽ കോഴികളെ അതിന്റെ ഏഴയലത്ത് അടുപ്പിക്കില്ല. കാരണം, അത്രയും ഉപയോഗയോഗ്യമായ ധാന്യമാണ് ഇന്ന് വിതരണം ചെയ്യുന്നത്. നേരത്തെ ശ്രീ. എൻ. എ. നെല്ലിക്കുന്ന് റേഷൻ വ്യാപാരികളുടെ ബുദ്ധിമുട്ടുകളെ സംബന്ധിച്ച് സംസാരിച്ചപ്പോൾ ഒരു കാര്യം പറഞ്ഞു. ഇപ്പോൾ ഏത് റേഷൻ കടയിൽ ചെന്നാലും റേഷൻ വാങ്ങാൻ സാധിക്കും. മുമ്പ് താമസം മാറിപോയാൽ റേഷൻ വാങ്ങാൻ അവിടെനിന്നും ഓട്ടോറിക്ഷയിൽ വരണം. ആ തുക ലാഭിച്ചുകൊണ്ട് അവർക്ക് ഇഷ്ടമുള്ള കടയിൽനിന്നും റേഷൻ വാങ്ങാനുള്ള സംവിധാനം ഏർപ്പെടുത്തി. കേരളത്തിലെ മുഴുവൻ

ജനങ്ങൾക്കും റേഷൻ വാങ്ങാൻ കഴിയുന്ന തരത്തിൽ ഭക്ഷ്യസുരക്ഷ ഉറപ്പാക്കി. അതുപോലെ, പതിമൂന്ന് ഇനങ്ങൾക്ക് ആറ് വർഷം മുമ്പുള്ള വിലയ്ക്കാണ് ഇപ്പോഴും നൽകുന്നത്. ഇന്ത്യയിൽ ഒരിടത്തും കാണാൻ സാധിക്കില്ല. ആ കാര്യത്തിൽ കേരളമാണ് മാതൃക. കേരളത്തിലെ ജനങ്ങളുടെ ഭക്ഷ്യസുരക്ഷ ഉറപ്പാക്കുന്നതിനുവേണ്ടി പതിമൂന്ന് ഇനങ്ങൾക്ക് ആറ് വർഷങ്ങൾക്കുമുമ്പുള്ള വിലയ്ക്കാണ് ഇപ്പോഴും നൽകുന്നത്. അതോടൊപ്പം കഴിഞ്ഞ കാലങ്ങളിൽ സപ്ലൈകോ എന്നുകേട്ടാൽ നമുക്കറിയാം, അഴിമതിയുടെ കൂത്തരങ്ങായിരുന്ന സപ്ലൈകോയെ അഴിമതി വിമുക്തമാക്കി ജനോപകാരപ്രദമായി മുന്നോട്ടുകൊണ്ടുവന്നത് സഖാവ് പിണറായി വിജയന്റെ നേതൃത്വത്തിലുള്ള ഭരണമാണ്. അത്തരത്തിൽ കേരളത്തിലെ റേഷൻ കടകളെ കേരള സ്റ്റോർ (കെ-സ്റ്റോർ) എന്ന രീതിയിൽ സ്മാർട്ട് ആക്കി. റേഷൻ കടകൾ റേഷൻ വാങ്ങാൻവേണ്ടി മാത്രമുള്ളതല്ല, രാജ്യത്ത് ലഭ്യമാകുന്ന, ഉപകാരപ്രദമാകുന്ന, നിത്യോപയോഗത്തിന് ഉപയോഗപ്പെടുന്ന സാധനങ്ങളെല്ലാം ജനങ്ങൾക്ക് ലഭ്യമാകുന്ന തരത്തിലേയ്ക്ക് സ്മാർട്ട് കടകളാക്കി മാറ്റുന്ന പ്രവർത്തനവുമായി ഗവൺമെന്റ് മുന്നോട്ടുപോകുകയാണ് . ഇങ്ങനെയാണ് ഒരു ഗവൺമെന്റ് പ്രവർത്തിക്കേണ്ടത്. കേരളജനതയെ

ആരോഗ്യമേഖലയിലെ പ്രവർത്തനങ്ങൾവഴി ആരോഗ്യമുള്ളതും വിദ്യാഭ്യാസ മേഖലയിലെ പ്രവർത്തനങ്ങൾവഴി വിദ്യാഭ്യാസമുള്ളതും ലൈഫ് മിഷൻ പദ്ധതിവഴി കിടപ്പാടമുള്ളതും ഭക്ഷ്യസുരക്ഷാ മേഖലയിലെ പ്രവർത്തനങ്ങൾവഴി പട്ടിണിയില്ലാത്തതുമാക്കി മാറ്റി. ആരോഗ്യമുള്ള, വിദ്യാഭ്യാസമുള്ള, കിടപ്പാടമുള്ള, പട്ടിണിയില്ലാത്ത ഒരു ജനതയാക്കി കേരള ജനതയെ മാറ്റിക്കൊണ്ടാണ് ഈ ഗവൺമെന്റ് മുന്നോട്ടുപോകുന്നത്. ആ തരത്തിൽ പ്രവർത്തിക്കുകയും അതിന് നേതൃത്വപരമായ പങ്കുവഹിക്കുന്ന ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രിയായ ശ്രീ. ജി. ആർ. അനിലിനെ ഹൃദയപൂർവ്വം അഭിനന്ദിക്കുകയാണ്. നിരവധി ആക്ഷേപങ്ങൾ എന്നും കേട്ടിട്ടുള്ളതാണ്. എന്നാൽ ആക്ഷേപരഹിതമായി റേഷനിംഗ് സംവിധാനവും ഭക്ഷ്യസുരക്ഷയും ഉറപ്പാക്കിക്കൊണ്ട് മുന്നോട്ടുപോകുകയാണ്. ക്ഷീര-മൃഗസംരക്ഷണ മേഖലയിൽ വലിയ മുന്നേറ്റമാണ് ഉണ്ടായിട്ടുള്ളത്. പാലുല്പാദനത്തിൽ ഇന്ത്യ രണ്ടാം സ്ഥാനത്താണ്. രണ്ടാം സ്ഥാനത്താണ് ഇന്ത്യയെന്ന് പറയുമ്പോൾ ക്ഷീരകർഷകർക്ക് ഏറ്റവും കൂടുതൽ വില നൽകുന്നത് ഈ കേരളത്തിലാണെന്നുള്ള കാര്യം ആരും മറക്കണ്ട. അതുപോലെതന്നെ, മൃഗസംരക്ഷണ മേഖലയിലായാലും കുടുംബശ്രീകൾ

ഉൾപ്പെടെ, രാജ്യത്തെ ഏറ്റവും പ്രധാനപ്പെട്ട ഒരു സംരംഭമാണ് കുടുംബശ്രീ. അതിനെക്കൂടി കൂട്ടിയോജിപ്പിച്ചുകൊണ്ട് തീറ്റപ്പുല്ല് വച്ചുപിടിപ്പിക്കുന്ന പദ്ധതിയുൾപ്പെടെ ആവിഷ്കരിച്ചുകൊണ്ടാണ് ഗവൺമെന്റ് മുന്നോട്ടുപോകുന്നത്. അതുപോലെ മാംസോൽപാദനത്തിന് ആധുനിക രീതിയിലുള്ള ഹൈടെക് കേന്ദ്രം ഏരൂരിൽ 56 കോടി രൂപ ചെലവിൽ പണി പൂർത്തീകരിക്കുകയാണ്. ആധുനിക ഹാച്ചറി എടവണ്ണയിൽ പൂർത്തീകരിച്ചുകൊണ്ടിരിക്കുന്നു. ഇത്തരത്തിൽ എല്ലാ മേഖലകളിലും വളരെ കൃത്യമായ പ്രവർത്തനങ്ങൾ നടത്തി മുന്നോട്ടുപോകുകയാണ്. മിൽമ, ഇന്ന് കർഷകർക്ക് ഏറ്റവും നല്ല വില നൽകുന്നു. അതിനെ ആനന്ദ് മാതൃകയിൽ മാറ്റുന്നതിനുവേണ്ടിയുള്ള പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകുന്നു. ഇത്തരത്തിൽ ഭക്ഷ്യസുരക്ഷയിലും മൃഗസംരക്ഷണ മേഖലയിലും ക്ഷീരമേഖലയിലും വലിയ മാറ്റങ്ങളുമായി ഗവൺമെന്റ് മുന്നോട്ടുപോകുമ്പോൾ ഇതൊന്നും കാണാതെ എപ്പോഴും "ക്ഷീരമുള്ളോരകിടിൻ ചുവട്ടിലും ചോര തന്നെ കൊതുകിന്നു കൗതുകം" എന്ന പരുവത്തിലാണ് ഇപ്പോഴും പ്രതിപക്ഷം. കഴിഞ്ഞ നിയമസഭാ തെരഞ്ഞെടുപ്പിന്റെ ഫലം വന്നപ്പോഴെങ്കിലും ഇവർ തിരുത്തുമെന്ന് നമ്മൾ വിചാരിച്ചു. പക്ഷേ 'എന്നെ

തല്ലേണ്ടമ്മാവാ ഞാൻ നന്നാകില്ല' ഇതാണ് അവരുടെ ഇപ്പോഴത്തെയും എന്നത്തേയും നിലപാടുകൾ. ഇവർ മാറ്റങ്ങളെ കാണാൻ കഴിയാത്ത, നേട്ടങ്ങളെ മനസ്സിലാക്കാൻ കഴിയാത്ത അപൂർവ്വ ജീവികളാണ്. വൈലോപ്പിള്ളി പാടിയതുപോലെ അധോമുഖവാമനന്മാരായി മാറിയിരിക്കുകയാണ് പ്രതിപക്ഷം. അധോമുഖവാമനന്മാരുടെ കൂടാരമായി യു.ഡി.എഫ്.. കേരളത്തിൽ ഇന്ന് ആരാണ് അവർക്ക് കൂട്ട്; കള്ളക്കടത്തുകാർ, കൊള്ളക്കാർ, നുണയൻമാർ, നുണച്ചികൾ എന്നിവരുടെ പുറകെയാണ് ഇന്ന് പ്രതിപക്ഷം. പ്രതിപക്ഷത്തിന്/കോൺഗ്രസ്സിന് ഒരു പൊളിറ്റിക്കൽ ജനസ്സിന്റെ പ്രശ്നമാണ്. ഇത് ഇന്നും ഇന്നലെയും തുടങ്ങിയതല്ല. അവർ എന്നും അവരുടെ പ്രവർത്തനമികവുകൊണ്ടോ ജനക്ഷേമകരമായ പ്രവർത്തനങ്ങളുടെ മികവുകൊണ്ടോ മുന്നോട്ടുപോയിട്ടില്ല. കാരണം തുടക്കം മുതൽ ഇന്ത്യയുടെ ചരിത്രമെടുത്താൽത്തന്നെ വർഗ്ഗീയവാദികളെയും വിഘടനവാദികളെയും കൂട്ടുപിടിക്കുകയാണ് ചെയ്തത്. ഭിന്ദ്രൻവാലയുടെ കഥ നമുക്കറിയാം. പഞ്ചാബിലെ അഞ്ച് നദികളെയാണ് കൈപ്പത്തിയിലെ അഞ്ച് വിരലുകൾ സൂചിപ്പിക്കുന്നതെന്ന് പ്രസംഗിച്ചത് ഭിന്ദ്രൻവാല ആണ്. അതുപോലെ, സി.പി.ഐ.(എം.)-നെ

ഇല്ലാതാക്കാൻവേണ്ടി ത്രിപുര എന്നും പ്രോത്സാഹിപ്പിച്ചത് 'Tripura Upajati juba Samiti' എന്ന തീവ്രവാദ സംഘടനയെയാണ്. തെലുങ്ക് ദേശത്തെ ഇല്ലാതാക്കാൻവേണ്ടിയും തമിഴ്നാട്ടിൽ ദ്രാവിഡ മുന്നേറ്റ കഴകത്തെ ഇല്ലാതാക്കാൻവേണ്ടിയും പ്രവർത്തിച്ചു. കേരളത്തിൽ കമ്മ്യൂണിസ്റ്റുകാരെ ഇല്ലാതാക്കാൻവേണ്ടി ഒന്നാം ഇ. എം. എസ്. ഗവൺമെന്റിനെ പിരിച്ചുവിട്ടു. ലഭിച്ച അധികാരം ഉപയോഗപ്പെടുത്തിയും വർഗ്ഗീയവാദികളെയും വിഘടനവാദികളെയും കൂട്ടുപിടിച്ചുമാണ് പ്രതിപക്ഷം എന്നും പ്രവർത്തിച്ചിരുന്നത്. അതിന്റെ പരിണത ഫലമാണ് ഇന്ന് അവർ അനുഭവിച്ചുകൊണ്ടിരിക്കുന്നതെന്ന കാര്യത്തിൽ ആർക്കാണ് മനസ്സിലാക്കാൻ സാധിക്കാത്തത്. ഭരണഘടനയോട് എന്താണ് സ്നേഹം; അത് നല്ലതുതന്നെയാണ്. പക്ഷേ എന്നാണ് ഇത് ആരംഭിച്ചത്. ഭരണഘടനാ ബെഞ്ചിന്റെ വിധിക്കെതിരായി തെരുവിലിറങ്ങി സമരം ചെയ്തവർക്കാണ് ഭരണഘടനയോട് ഇപ്പോൾ സ്നേഹം. ഭരണഘടനയോട് സ്നേഹം വേണമെന്നതിൽ ഒരുസംശയവും വേണ്ട. അതുപോലെ, തനിക്കെതിരായി കോടതി വിധി വന്നപ്പോൾ ഇതൊന്നും വേണ്ടെന്ന് നിശ്ചയിച്ച് അടിയന്തരാവസ്ഥ പ്രഖ്യാപിച്ചതാണ് നമ്മുടെ മുമ്പിലുള്ള അനുഭവങ്ങൾ.

ഏറ്റവും അവസാനം എന്താണ്; ഇപ്പോൾ 'ചിന്തൻ ശിബിരം'. ചിന്തൻ ശിബിരത്തിൽ എന്താണ് പഠിപ്പിക്കുന്നത്; എങ്ങനെ ചിന്തിക്കണമെന്നാണോ, എങ്ങനെ പ്രവർത്തിക്കണമെന്നാണോ; എങ്ങനെ പ്രവർത്തിക്കണമെന്നുള്ളതാണ് പഠിപ്പിക്കുന്നതെന്ന് അവിടെ പഠിക്കാൻ പോയവർതന്നെ പറഞ്ഞ കഥ നമുക്ക് മനസ്സിലായി. ഇത് ഇന്നും ഇന്നലെയുമല്ലല്ലോ; പഴയ നാഗ്പൂർ സമ്മേളനം മറന്നുപോയോ; കെ.എസ്.യു.-വിന്റെ അഖിലേന്ത്യാ സമ്മേളനം നാഗ്പൂരിൽ നടന്നപ്പോൾ അവിടത്തെ പെൺകുട്ടികളെല്ലാം ഓടിയൊളിച്ച് വീടിനകത്ത് ദിവസങ്ങളോളം ഇരിക്കേണ്ടി വന്നത് നമുക്ക് ഓർമ്മയുണ്ട്. ഇത് അവരുടെ ശീലമാണ്. മറ്റൊന്നുമല്ല അവർക്ക് ഒരു നീല സംസ്കാരമുണ്ട്. കാരണം കെ.എസ്.യു.-വിന് ഒരു സംസ്കാരമുണ്ട്. അവരുടെ കൊടിയുടെ നിറംതന്നെ നീലയാണ്. അതിനാൽ ആ നീലയെ ഉയർത്തിപ്പിടിക്കുകയെന്നുള്ളത് അവരുടെ ലക്ഷ്യമാണ്.

<u>മി. ചെയർമാൻ</u>: സമയം അവസാനിച്ചു.........

<u>ശ്രീ. എം. നൗഷാദ്</u>: സർ, നേരത്തെ വാണിംഗ് ബെൽ നൽകിയില്ല.....

<u>മി. ചെയർമാൻ</u>: വാണിംഗ് ബെൽ നൽകിയിരുന്നു. അങ്ങ് അത് കേട്ടില്ല...........

<u>ശ്രീ. എം. നൗഷാദ്</u>: സർ, ഞാൻ പറഞ്ഞ് അവസാനിപ്പിക്കുന്നു. ഒറ്റക്കാര്യമേയുള്ളൂ, ഞാൻ ബി.ജെ.പി.-യിൽ ചേരുമെന്ന് പറഞ്ഞാൽ അയാളെ കെ.പി.സി.സി. പ്രസിഡന്റാക്കും. അതുപോലെ ഗോൾവാൽക്കറുടെ ചിത്രത്തിനുമുമ്പിൽ പോയി തിരികത്തിച്ചാൽ അദ്ദേഹത്തെ പ്രതിപക്ഷ നേതാവാക്കും. ഒരു സിനിമയിൽ നടൻ ശ്രീ. ശ്രീനിവാസൻ കാക്കിക്കുള്ളിലും ഒരു കവി ഹൃദയമുണ്ടെന്ന് പറയുന്നതുപോലെ ഈ ഖദറിനുള്ളിലും ഒരു കാക്കിയുണ്ട്, ഒരു സംഘിയുണ്ട്, ഒരു സർസംഘ് ചാലക് ഉണ്ട്. അക്കാര്യത്തിൽ ഒരു സംശയവുമില്ല. അത് കേരളത്തിലെ ജനങ്ങൾക്ക് ബോദ്ധ്യപ്പെട്ടിട്ടുണ്ട്. അതുകൊണ്ട് ഇതെല്ലാം മാറ്റിവച്ച് ജനോപകാരപ്രദമായ പ്രവർത്തനങ്ങൾക്ക് പിന്തുണ നൽകി ക്രിയാത്മകമായ പ്രതിപക്ഷമായി മാറുവാൻ നിങ്ങൾക്ക് സാധിക്കട്ടെയെന്ന് ആശംസിച്ചുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ പിന്തുണച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

<u>ശ്രീ. നജീബ് കാന്തപുരം</u>: സർ, ഇവിടെ അവതരിപ്പിക്കുന്ന

ധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുകയാണ്. കേരളം അതിഗുരുതരമായ ഒരു ഭക്ഷ്യസുരക്ഷാ പ്രശ്നം നേരിടുന്ന സമയത്താണ് നമ്മൾ മുന്നോട്ടുപോകുന്നത്. ഫുഡ് സേഫ്റ്റി സ്റ്റാൻഡേർഡ് നിയമത്തിന്റെയും ചട്ടങ്ങളുടെയും വ്യവസ്ഥകൾ നടപ്പാക്കുന്നതിൽ സംസ്ഥാന സർക്കാർ വലിയ പരാജയമാണ്. ഭക്ഷ്യസുരക്ഷയെക്കുറിച്ച് വളരെ വിശദമായി ഇവിടെ പല അംഗങ്ങളും സംസാരിക്കുകയുണ്ടായി. ഭക്ഷ്യസുരക്ഷയോടൊപ്പം വളരെ പ്രധാനമാണ് കഴിക്കുന്ന ഭക്ഷണത്തിന്റെ സുരക്ഷകൂടി ഉറപ്പാക്കുക എന്നുള്ളത്. എന്നാൽ ഇന്ന് കേരളത്തിലെ ഏറ്റവും വലിയ അപകടകരമായൊരു സാഹചര്യം നമ്മൾ കഴിക്കുന്ന ഭക്ഷണത്തെക്കുറിച്ച് അല്ലെങ്കിൽ അതിന്റെ സുരക്ഷ ഉറപ്പാക്കാൻവേണ്ടി യാതൊരുതരത്തിലുള്ള സംവിധാനങ്ങളും ഉണ്ടാക്കാൻ ഈ സർക്കാരിന് സാധിച്ചില്ല എന്നുള്ളതാണ്. പ്രത്യേകിച്ച് ഒരു ഉപഭോക്തൃ സംസ്ഥാനം എന്ന നിലയിൽ, എല്ലാവിധത്തിലുമുള്ള ഭക്ഷണവും ഒരേപോലെ ലഭിക്കുന്ന ഒരു സംസ്ഥാനമെന്ന നിലയിൽ ഭക്ഷ്യസുരക്ഷയുമായി ബന്ധപ്പെട്ട, ഭക്ഷണം കഴിക്കുന്നവരുടെ സുരക്ഷിതത്വവുമായി ബന്ധപ്പെട്ട യാതൊരുതരത്തിലുള്ള നടപടിയും ശ്രദ്ധിക്കുവാൻ ഈ ഗവൺമെന്റിന് സാധിക്കുന്നില്ല എന്നുള്ളത്

ദുഃഖകരമായിട്ടുള്ള ഒരു കാര്യമാണ്. FSSAI Act 2006 Section 43(1) പ്രകാരം National Accreditation Board for Testing and Calibration Laboratories (NABL) അംഗീകാരമുള്ള ഭക്ഷ്യ ലബോറട്ടറികളോ അല്ലെങ്കിൽ മറ്റേതെങ്കിലും അക്രഡിറ്റേഷൻ ഏജൻസിയുടെ അംഗീകാരമുള്ള ഭക്ഷ്യ ലാബുകളോ ആണ് യഥാർത്ഥത്തിൽ ഭക്ഷ്യ സാമ്പിളുകൾ വിശകലനം ചെയ്യേണ്ടത്. എന്നാൽ സംസ്ഥാനത്തെ FSSAI വിജ്ഞാപനം ചെയ്ത ലാബുകളിൽ എല്ലാ ഘടകങ്ങളുടെയും പരിശോധനയ്ക്ക് NABL അംഗീകാരമില്ല. അതായത്, ഈ സംസ്ഥാനത്ത് ഏതെങ്കിലുമൊരു ഭക്ഷണ സാമ്പിൾ സുരക്ഷിതമാണെന്ന് പ്രഖ്യാപിക്കുന്നതിന് ആവശ്യമുള്ള എല്ലാ ഘടകങ്ങളും പരിശോധിക്കാൻ നാം സജ്ജരല്ല എന്ന് വ്യക്തം. എന്ത് ഉറപ്പിൻമേലാണ് ഈ സംസ്ഥാനത്ത് ഭക്ഷണം കഴിക്കാൻ സാധിക്കുക; നമ്മൾ ധാരാളം ടൂറിസം പ്രോജക്ടുകളെക്കുറിച്ചും ആളുകളെ വെളിയിൽനിന്ന് കൊണ്ടുവരുന്നതിനെക്കുറിച്ചും സംസാരിക്കുന്നു. കേരളം 'God's Own Country' എന്നനിലയിൽ വലിയതോതിൽ അതിന്റെ പ്രചാരണം നടത്തുന്നു. പക്ഷേ ഈ നാട്ടിൽ വരുന്ന ആളുകൾ കഴിക്കുന്ന ഭക്ഷണത്തിന് എന്ത് സുരക്ഷിതത്വം നൽകാൻ നമുക്ക് സാധിക്കും? ഈ അടുത്തകാലത്താണ്

ഷവർമ്മ കഴിച്ച് ഒരു പെൺകുട്ടി മരിക്കാനിടയായ സാഹചര്യമുണ്ടായത്. അത് എല്ലാവർക്കും അറിയാവുന്ന കാര്യമാണ്. ഇങ്ങനെയൊരു ലബോറട്ടറി സൗകര്യമോ പരിശോധനാ സംവിധാനമോ ഇല്ലായെന്നത് രസകരമായ കാര്യമാണ്. എന്നാൽ വലിയൊരു സംവിധാനം വേറെയുണ്ട്. ആരെങ്കിലുമൊരു ചെറിയ തട്ടുകട നടത്തുകയാണെങ്കിൽ അവിടെ വളരെ കൃത്യമായി അന്വേഷണ ഉദ്യോഗസ്ഥരെത്തി ആവശ്യമുള്ള കൈമടക്ക് വാങ്ങി തിരിച്ചുപോകാൻ വളരെ ഭദ്രമായ സിസ്റ്റം ഈ കേരളത്തിലുണ്ടെന്നതും പറയാതെ വയ്യ. യഥാർത്ഥത്തിൽ പരിശോധന നടത്തുന്നതിനുപകരം ഇത് പണമുണ്ടാക്കാനുള്ള ഒരു ഏർപ്പാടാക്കി ചില ഉദ്യോഗസ്ഥരെങ്കിലും മാറ്റുന്നുവെന്ന കാര്യംകൂടി ബഹുമാന്യനായ മന്ത്രി ശ്രദ്ധിക്കണമെന്ന് ഈ അവസരത്തിൽ ഓർമ്മിപ്പിക്കുകയാണ്. സംയോജിത ശിശു വികസന സേവന പദ്ധതി (ഐ.സി.ഡി.എസ്.)-നുകീഴിൽ 'ദേശീയ പോഷൺ അഭിയാൻ' എന്ന പേരിൽ ദേശീയ പോഷകാഹാര മിഷനുണ്ട്. ഏറ്റവുമൊടുവിലായി വന്ന സി.എ.ജി. റിപ്പോർട്ടുകളിൽ മൂന്ന് സർക്കിളുകളിൽനിന്ന് അമൃതം ന്യൂട്രി മിക്സ് സുരക്ഷിതമല്ല എന്ന് കണ്ടെത്തുകയുണ്ടായി. നമ്മൾ മനസ്സിലാക്കേണ്ട കാര്യം, നമ്മുടെ കുട്ടികൾക്ക്

അങ്കണവാടികളിൽ കൊടുക്കുന്ന അമൃതം പൊടിപോലും വിഷമാണെന്ന് കണ്ടെത്തിയ സ്ഥിതിയിലുള്ള, അല്ലെങ്കിൽ ആ സാഹചര്യമുള്ള സർക്കാരാണ് കേരളത്തിൽ ഭരിക്കുന്നത് എന്നത് ഏറ്റവും അപമാനകരമായ ഒരു കാര്യമാണ് എന്ന് പറയാതിരിക്കാൻ വയ്യ. ഏതാണ്ട് 3556 കി.ഗ്രാം അമൃതം ന്യൂട്രി മിക്സ് ഇതിനോടകം വിതരണം ചെയ്തിരുന്നു എന്നാണ് കണ്ടെത്തിയത്. 2021 ഓഗസ്റ്റ് 13-ലെ സി.എ.ജി. റിപ്പോർട്ടിലെ പ്രസക്തമായൊരു ഭാഗം ഞാനിവിടെ വായിക്കാം. അമൃതം ന്യൂട്രിമിക്സ് സുരക്ഷിതമല്ലെന്ന് കണ്ടെത്തിയിട്ടും പിടിച്ചെടുക്കൽ, തിരിച്ചെടുക്കൽ തുടങ്ങിയ തുടർനടപടികളൊന്നും ആരംഭിക്കാത്തത് ആറ് മാസം മുതൽ 3 വയസ്സുവരെയുള്ള കുട്ടികൾക്ക് സുരക്ഷിതമല്ലാത്ത ഭക്ഷണം ഉപഭോഗം ചെയ്യുന്നതിലേയ്ക്ക് നയിച്ചുവെന്ന് കണ്ടെത്തിയത് സി.എ.ജി. റിപ്പോർട്ടിലാണ്. എത്ര ഗുരുതരമായിട്ടുള്ള ഒരാക്ഷേപമാണ്. നമ്മുടെ കുട്ടികൾക്ക് എന്താണ് കൊടുക്കുന്നത് എന്നുപോലും ഈ സർക്കാരിന് നിയന്ത്രിക്കുവാനോ, കണ്ടെത്തുവാനോ, പരിശോധിക്കുവാനോ സംവിധാനമില്ലെന്നത് ഒരു വലിയ പിഴവല്ലേ? അതുപോലെ കുട്ടികളുടെ ജീവൻവച്ച് പന്താടുന്നതുപോലെ, ആരോഗ്യ-കുടുംബക്ഷേമ വകുപ്പുമന്ത്രിയുടെ സ്വന്തം ജില്ലയായ

പത്തനംതിട്ടയിലാണ് ശബരിമല സ്ഥിതി ചെയ്യുന്നത്. ശബരിമലയിൽ പത്തനംതിട്ട ജില്ലയിലെ ലബോറട്ടറി ആരംഭിക്കുന്നത് 1998-ലാണ്. പക്ഷേ ഇന്നേവരെ ഈ ലബോറട്ടറിക്ക് എൻ.എ.ബി.എൽ. അംഗീകാരമോ FSSAI വിജ്ഞാപന പട്ടികയിൽ ഇടമോ ലഭിച്ചിട്ടില്ല. ശബരിമല ശ്രീധർമ്മ ശാസ്താ ക്ഷേത്രത്തിലെ പ്രധാന വഴിപാടുകളിലൊന്നാണ് അരവണ പ്രസാദം. പ്രതിവർഷം ഏകദേശം 29 ലക്ഷം ലിറ്റർ അരവണ പ്രസാദമാണ് ശബരിമലയിൽ നിർമ്മിക്കുന്നത്. അരവണ പ്രസാദത്തിൽ നിലവിലെ ലാബുകളിൽ പരിശോധിക്കാതെ പോയ ഒന്ന്, ഫുഡ് അഡിക്റ്റീവ്സാണ്; രണ്ട്, ലോഹമാലിന്യങ്ങളാണ്; മൂന്നാമത്തേത് കീടനാശിനി അവശിഷ്ടങ്ങളാണ്. ഇതൊക്കെ ഇപ്പോഴും അരവണയിൽ കുടികൊള്ളുന്നു എന്നതാണ് ഏറ്റവും സങ്കടകരമായ കാര്യം. സി.എ.ജി. റിപ്പോർട്ടിൽ ഇക്കാര്യം വളരെ വ്യക്തമായി സൂചിപ്പിക്കുന്നു. ഞാൻ ഉദ്ധരിക്കാം. 'As such, there is no assurance that these food items which are consumed by devotees every year meet the prescribed food safety standards.' എന്നുപറഞ്ഞാൽ, എല്ലാവർഷവും ഭക്തർ കഴിക്കുന്ന അരവണപ്രസാദമുൾപ്പെടെയുള്ള ഭക്ഷണസാധനങ്ങൾ നിശ്ചിത

ഭക്ഷ്യസുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കുന്നുവെന്ന് ഉറപ്പില്ലെന്ന് പറയുന്നത് ഇവിടത്തെ സി.എ.ജി. റിപ്പോർട്ടിലാണ്. ബഹുമാന്യനായ മന്ത്രി ഇതിന് മറുപടി നൽകേണ്ടതുണ്ട്. നമ്മുടെ കുഞ്ഞുങ്ങളുടെ, ഭക്തരുടെ, ഈ നാട്ടിലെ സാധാരണക്കാരുടെ ജീവന് ഭീഷണിയായേക്കാവുന്ന ഒരു ഭക്ഷ്യസുരക്ഷാ ഭീഷണി ഈ നാട്ടിൽ നിലനിൽക്കുന്നുവെന്നത് വളരെ ഗൗരവത്തോടെ കാണേണ്ടതുണ്ട്. 'ആന പറക്കുന്ന കാറ്റിൽ നമ്മൾ ആടിനെക്കുറിച്ച് പറയണ്ട' എന്ന് പറഞ്ഞതുപോലെയാണ് ബഹുമാന്യയായ ക്ഷീരവികസന വകുപ്പുമന്ത്രിയോട് അധികമൊന്നും പറയേണ്ടതില്ല. കാരണം ഒരു സംസ്ഥാനമെന്ന നിലയിൽ ഏറ്റവും സാദ്ധ്യതയുള്ള ഒരു സംരംഭം, അത് ക്ഷീരവികസനവുമായി ബന്ധപ്പെട്ടുള്ളതാണ്. പക്ഷേ ഇക്കാര്യത്തിൽ സംസ്ഥാന ഗവൺമെന്റിന് എന്താണ് ചെയ്യാൻ സാധിച്ചതെന്ന് കൃത്യമായി പറയാൻ സാധിക്കുന്നുണ്ടോ? ഏതെങ്കിലുംതരത്തിൽ പാലുൽപ്പാദനത്തെ മികച്ച തലത്തിലേയ്ക്ക് എത്തിക്കാനുള്ള സംവിധാനങ്ങൾ ആലോചിച്ചിട്ടുണ്ടോ; അതൊന്നും ഉണ്ടായിട്ടില്ല. ഇവിടെ ആകെ നിങ്ങൾക്ക് പ്രതിപക്ഷ നേതാവിന്റെ തലയിൽ കയറണം. എന്താണിപ്പോൾ പ്രതിപക്ഷ നേതാവിന് നിങ്ങളുടെ സർട്ടിഫിക്കറ്റ് വേണം. ഞാൻ ഒരുകാര്യം ഈ സഭയിൽ

കൃത്യതയോടെ പറയാം, ശ്രീ. വി. ഡി. സതീശന് സംഘ് പരിവാറിനെതിരെ പോരാടുന്നതിൽ ഒരു സി.പി.എം.-കാരന്റെയും സർട്ടിഫിക്കറ്റ് ആവശ്യമില്ല എന്നുമാത്രം ഉണർത്താൻ ഞാൻ ഈ സഭയിൽ ആഗ്രഹിക്കുകയാണ്. നിങ്ങൾ ഈ വിവാദങ്ങളെല്ലാം ഉണ്ടാക്കുന്നത് നിങ്ങൾ ഗോൾവാൽക്കറെ പൂജിക്കുന്നതുകൊണ്ടാണ്. അതുകൊണ്ടാണ് ഒരു മന്ത്രിക്ക് ഇവിടെനിന്ന് രാജി വയ്ക്കേണ്ടിവന്നത് എന്ന ബോദ്ധ്യമെങ്കിലും ശ്രീ. വി. ഡി. സതീശനെതിരെ ആരോപണം ഉന്നയിക്കുന്നവരുടെ മനസ്സിലുണ്ടായാൽ നന്ന് എന്നുമാത്രം ഓർമ്മിപ്പിച്ചുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുന്നു. അവസാനിപ്പിക്കുന്നു.

ശ്രീ. ജി. എസ്. ജയലാൽ: സർ, 'ലോകത്തിലെ മാറ്റങ്ങളിൽ നിന്നും പഠിക്കാത്തവരാണ് നിങ്ങളിൽ ഏറ്റവും അജ്ഞർ' എന്ന പ്രവാചക വചനം, പ്രതിപക്ഷത്തെ മാത്രം ഉദ്ദേശിച്ചാണ് ആ വചനമെന്നാണ് ഇപ്പോൾ മനസ്സിലാക്കുന്നത്. ഈ രാജ്യത്ത് നടക്കുന്ന മാറ്റങ്ങളെ സംബന്ധിച്ച് ബോദ്ധ്യമില്ലാതെ ഈ ഗവൺമെന്റിനെ വിമർശിക്കാൻവേണ്ടി മാത്രം ഗവേഷണം നടത്തുന്ന പ്രതിപക്ഷത്തെ കേരളത്തിലെ ജനത അവജ്ഞയോടുകൂടി കാണും. രാജ്യത്തെ 35 കോടി ജനങ്ങൾക്ക് മതിയായ

ഭക്ഷണം ലഭിക്കാത്ത രാജ്യമാണ് ഇന്ത്യ എന്നാണ് വിലയിരുത്തപ്പെട്ടിട്ടുള്ളത്. ആഗോള പട്ടിണി സൂചികയിൽ ഗുരുതരാവസ്ഥയിലുള്ള രാജ്യമാണ് ഇന്ത്യ. ഒരുദിവസം ഒരുനേരംപോലും ഭക്ഷണം കഴിക്കാത്ത പതിനാലര കോടി ജനങ്ങൾ ഇന്ത്യയിൽ അധിവസിക്കുന്നുണ്ട്. സ്ത്രീകളിലെയും കുട്ടികളുടെയും പോഷകാഹാരക്കുറവ്, ശിശുമരണനിരക്ക് എന്നിവയെല്ലാം ഭയാനകമായി വർദ്ധിക്കുകയാണ്. രാജ്യത്ത് ഭക്ഷ്യധാന്യ വിലക്കയറ്റവും മൊത്തത്തിലുള്ള വിലക്കയറ്റവും വർദ്ധിക്കുകയാണ്. എല്ലാതരത്തിലും ഇന്ത്യ വിശന്നുവലയുകയാണ്. നരേന്ദ്രമോദി സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ദരിദ്രരുടെ എണ്ണം വർദ്ധിക്കുന്നു. 2012-20 ജൂൺ മാസം വരെയുള്ള കാലഘട്ടത്തിൽ 7.6 കോടി അതിദരിദ്രർ രാജ്യത്തുണ്ടായി. കഴിഞ്ഞ കോവിഡ്-19-ന്റെ രണ്ടുവർഷംകൂടി ആകുമ്പോൾ മൊത്തത്തിൽ 14 കോടി ജനങ്ങളാണ് രാജ്യത്ത് അതിദരിദ്രരായി ജീവിക്കുന്നത്. ഈ യാഥാർത്ഥ്യം മനസ്സിലാക്കണ്ടേ; അവിടെയാണ് കേരളം. UNO-യുടെ ലോകവിശപ്പ് സൂചികയിൽ 94-ാം സ്ഥാനത്തായിരുന്ന ഇന്ത്യയുടെ സ്ഥാനം ഇന്ന് 101-ാമതാണ്. ഇന്ത്യാ ഗവൺമെന്റിന്റെ പല സർവ്വേ റിപ്പോർട്ടുകളും

നാണക്കേടുകൊണ്ട് അവർ പുറത്തുവിടുന്നില്ല. അതിലേയ്ക്കൊന്നും ഞാൻ കടക്കുന്നില്ല. ഭക്ഷ്യ സുരക്ഷിതത്വം കീഴ്മേൽ മറിഞ്ഞു. അത് ദേശീയ സർവ്വേ റിപ്പോർട്ടാണ്. 60 ശതമാനംപേർക്കും ലോക്ഡൗണിനുമുമ്പുള്ള ഭക്ഷണം ലഭിക്കാത്ത രാജ്യമായി ഇന്ത്യ ഇപ്പോഴും നിലനിൽക്കുകയാണ്. അവിടെയൊക്കെ അധികഭക്ഷ്യധാന്യം അനുവദിച്ചുകൊണ്ട് പൊതുവിതരണ ശൃംഖലയെ ശക്തിപ്പെടുത്തുന്ന നയത്തിനുപകരം കോർപ്പറേറ്റുകൾക്ക് സഹായകരമായിട്ടുള്ള കയറ്റുമതിക്ക് പ്രോത്സാഹനം നൽകുന്ന നയമാണ് നരേന്ദ്രമോദി സർക്കാർ പിന്തുടർന്നത്. ഇത് കേരളത്തിലെ പ്രതിപക്ഷം മനസ്സിലാക്കണ്ടേ; ഈ പരിമിതികളുള്ളിൽനിന്നുകൊണ്ട് കേരളത്തിലെ ജനങ്ങളെ സംരക്ഷിക്കാൻ ഈ ഗവൺമെന്റ് പ്രവർത്തിക്കുന്നു എന്നുള്ള യാഥാർത്ഥ്യം മനസ്സിലാക്കണ്ടേ? 2021-ലെ കേന്ദ്ര ബഡ്ജറ്റിൽപ്പോലും സ്കൂൾ ഉച്ചഭക്ഷണത്തിന്റെയും ഐ.സി.ഡി.എസ്.-ന്റെയും വിഹിതം വെട്ടിക്കുറയ്ക്കുന്നുവെന്ന് പറഞ്ഞാൽ.., ഭക്ഷ്യ ഭദ്രതയിൽ നിന്നും കേന്ദ്രം പിന്നിലേയ്ക്ക് പോകുകയാണെന്ന യാഥാർത്ഥ്യം മനസ്സിലാക്കണ്ടേ; കേരളത്തിന് അൻപതിനായിരം ടൺ ഭക്ഷ്യ ധാന്യം അധികം ചോദിച്ചെങ്കിലും കേന്ദ്രം നൽകിയില്ല. ദുരിത കാലത്ത് നൽകിയ ഭക്ഷ്യ

ധാന്യത്തിനുപോലും വില നിശ്ചയിക്കുന്ന കേന്ദ്ര ഗവൺമെന്റാണ്. പോഷകാഹാര ലഭ്യത, ഗർഭിണികളുടെയും കുഞ്ഞുങ്ങളുടെയും മരണനിരക്കിലുള്ള കുറവ് എന്നീ കാര്യങ്ങളിലാണ് എൽ.ഡി.എഫ്. ഗവൺമെന്റ് സ്വീകരിച്ച കരുതൽ നടപടികൾ. എൽ.ഡി.എഫ്. ഗവൺമെന്റിന്റെ ഇച്ഛാശക്തിയോടുകൂടിയുള്ള പ്രവർത്തനത്തിന്റെ ഫലമായി ഇന്ന് കേരളം ഇന്ത്യയിൽ ഒന്നാമതായി നിൽക്കുകയാണ്. ഈ യാഥാർത്ഥ്യമാണ്, ഈ മാറ്റമാണ് പ്രതിപക്ഷം മനസ്സിലാക്കേണ്ടതും കേരള ജനത മനസ്സിലാക്കിക്കൊണ്ടിരിക്കുന്നതും. ശക്തമായ പൊതുവിതരണ സംവിധാനം; വാടക വീട്ടിൽ കഴിയുന്നവർക്കുപോലും റേഷൻകാർഡ്, കോവിഡ്-19 കാലത്തെ സൗജന്യ കിറ്റ് വിതരണം. ആയിരം ജനകീയ ഹോട്ടലുകളിലൂടെ 20 രൂപ നിരക്കിലെ ഭക്ഷണം. വർദ്ധിപ്പിച്ച ക്ഷേമ പെൻഷനുകളുടെ കൃത്യമായ വിതരണം. കോവിഡ്-19 കാലത്തും തൊഴിൽ മേഖലകളിൽ കൃത്യമായ ശമ്പളം വിതരണം ചെയ്യൽ തുടങ്ങിയ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ കരുതലുകളാണ് അന്താരാഷ്ട്ര ഏജൻസികളുടെ സമിതികളിൽപ്പോലും കേരളം ഒന്നാമതായി നിൽക്കുന്നതെന്ന യാഥാർത്ഥ്യം തിരിച്ചറിയണം. പതിമൂന്ന്

തവണകളിലായാണ് 5600 കോടിയോളം തുക മുടക്കിക്കൊണ്ട് 12 കോടി കിറ്റുകൾ ക്ഷാമ കാലത്ത് ജനങ്ങളുടെ ക്ഷേമത്തിനായി നൽകിയത്. ഇന്ത്യയുടെ പലഭാഗങ്ങളിലും റെയിൽവെ പാളങ്ങളിലും ട്രെയിനുകളിലും വെള്ളവും ആഹാരവും ലഭിക്കാതെ മനുഷ്യൻ മരിക്കുമ്പോൾ ഇതരസംസ്ഥാന തൊഴിലാളികൾക്കുപോലും ഭക്ഷണം ഉറപ്പാക്കിക്കൊണ്ടുള്ള കേരള ബദൽ രാജ്യം കണ്ടതാണ്. കേരളം വികസിത രാജ്യങ്ങളായിട്ടുള്ള അമേരിക്കയോടും ചൈനയോടുമൊപ്പമാണ്. അമേരിക്ക 46-ാം സ്ഥാനത്തും ചൈന 61-ാം സ്ഥാനത്തുമാണ്. കേരളം 53-ാം സ്ഥാനത്താണ്. ഉത്തർ പ്രദേശ് -176, മധ്യപ്രദേശ്- 189, ഒഡീഷ -169 എന്നീ സ്ഥാനങ്ങളിലാണ്. അവിടെയാണ് കേരളത്തിന്റെ പ്രാധാന്യം തിരിച്ചറിയേണ്ടത്. ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ കഴിഞ്ഞ ആറ് വർഷക്കാലത്തെ പ്രവർത്തനങ്ങളുടെ വലിയ നേട്ടമാണ്. ഭക്ഷ്യ-ആരോഗ്യ രംഗങ്ങളിൽ എൽ.ഡി.എഫ്. സർക്കാരിന്റെ കരുതലിന്റെ ഫലമാണ് ഈ നേട്ടം. രാജ്യത്ത് അതിദരിദ്രർ വർദ്ധിക്കുമ്പോൾ കേരളത്തിലെ മുഴുവൻ ആളുകളെയും ദാരിദ്ര്യത്തിൽ നിന്ന് വിമുക്തമാക്കാനായി അവർക്ക് വരുമാനവും പാർപ്പിടവും ലഭ്യമാക്കി പൂർണ്ണ ദരിദ്ര്യ നിർമ്മാർജ്ജനം എന്ന ലക്ഷ്യത്തിലേക്ക് കേരളം

പോകുകയാണ്. അതാണ് കേരളത്തിന്റെ മാറ്റം. രാജ്യമെങ്ങും ഭയാനകമായ വിലക്കയറ്റമാണ്. ആഗോള പ്രതിഭാസമെന്ന് വിശേഷിപ്പിക്കുന്നത് പണപ്പെരുപ്പവും വിലക്കയറ്റവുമാണ്. ഈ വിഷമകാലത്ത് കേരളത്തെ സംരക്ഷിക്കുന്നത് ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ നേതൃത്വത്തിലുള്ള ബഹുമാനപ്പെട്ട ഭക്ഷ്യ വകുപ്പുമന്ത്രിയുടെ നേതൃത്വത്തിലുള്ള ഭക്ഷ്യ വിതരണ വകുപ്പും പൊതുവിതരണ ശൃംഖലയുമാണ്. 2016 മുതൽ തന്നെ 13 നിത്യോപയോഗ സാധനങ്ങൾ ഒരു രൂപപോലും വർദ്ധിപ്പിക്കാതെ വിതരണം ചെയ്യുന്ന സംസ്ഥാനമാണ്. ഇപ്പോൾ രണ്ടിനങ്ങൾ കൂടി അതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. അതിന്റെ വിൽപ്പന ശാലകളുടെ എണ്ണം വർദ്ധിപ്പിക്കുന്നു. മൊബൈൽ സംവിധാനങ്ങൾ വഴി കൂടുതൽ സാധനങ്ങൾ എത്തിക്കാൻവേണ്ടി വിപണി ഇടപെടൽ ശക്തമാക്കുന്നു. സപ്ലൈകോ കേരളത്തിലെ ഒരു ആശ്രയമായി മാറുകയാണ്. വിപണി ഇടപെടൽ, നെല്ല് സംഭരണം, ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, സർക്കാർ /എയ്ഡഡ് സ്കൂളുകളുടെ സൗജന്യ ഭക്ഷണത്തിനുള്ള സാധനങ്ങളുടെ വിതരണം എന്നീ പദ്ധതികൾ നടപ്പിലാക്കുന്ന നോഡൽ ഏജൻസിയായി സപ്ലൈകോ നിൽക്കുകയാണ്. ബാങ്ക് ലോൺ ലഭ്യമാക്കി സ്തുത്യർഹമായ സേവനമാണ് സപ്ലൈകോ

നൽകുന്നതെന്ന് നമുക്കറിയാം. സപ്ലൈകോയുടെ സേവനങ്ങൾ, ചെലവിനത്തിൽ സമർപ്പിക്കുന്ന ബില്ലുകൾ റീ-ഇമ്പേഴ്സ് ചെയ്യുന്നത് എന്നിവ യഥാസമയം ലഭ്യമാക്കുന്നതിന് ഗവൺമെന്റ് ശ്രദ്ധിക്കണമെന്ന നിർദ്ദേശമുണ്ട്. അർഹതയുള്ള മുഴുവൻ ജനങ്ങൾക്കും റേഷൻകാർഡ് അനുവദിച്ചുകൊണ്ട് അനർഹരെ ഒഴിവാക്കി കൂടുതൽ അർഹരായവരെ മുൻഗണനാലിസ്റ്റിൽ ഉൾപ്പെടുത്തിക്കൊണ്ട് റേഷൻ കടകൾ സ്മാർട്ടാക്കിക്കൊണ്ട് ഗുണമേന്മയുള്ള ഭക്ഷ്യധാന്യങ്ങൾ വിതരണം ചെയ്തുകൊണ്ട് നടപ്പാക്കുന്ന പ്രവർത്തനങ്ങൾ പ്രശംസനീയമാണ്. ഇപ്പോൾ ഏറ്റവും നല്ല അരിയാണ് നമുക്ക് ലഭിക്കുന്നത്. എഫ്.സി.ഐ.-യിൽ നിന്ന് സ്റ്റാൻഡേർഡ് ഓപ്പറേറ്റിങ്ങ് പ്രൊസീജ്യർ സംവിധാനം നടപ്പിലാക്കിക്കൊണ്ട് ഗുണമേന്മയുള്ള ഭക്ഷ്യധാന്യങ്ങൾ ലഭ്യമാക്കുന്നതിന് ഗവൺമെന്റ് മുൻകൈ എടുക്കുന്നുവെന്നതിന്റെ അനുഭവങ്ങൾ നമുക്കറിയാം. ഇന്ന് റേഷൻ സാധനങ്ങൾ എല്ലാവരും വാങ്ങി ഉപയോഗിക്കുന്നു. താലൂക്ക് അടിസ്ഥാനത്തിൽപ്പോലും പ്രത്യേക സ്ക്വാഡുകളുണ്ട്. അതുപോലെ പഞ്ചാബിൽ നിന്നും നമുക്ക് ലഭിക്കുന്ന സോനാ മസൂരി അരി കേരളത്തിൽ വലിയ പ്രാധാന്യമുള്ള അരി ആയിരുന്നില്ല. തെലങ്കാനയിൽ നിന്നും

ആന്ധ്രയിൽ നിന്നുമുള്ള ജയ, സുരേഖ എന്നീ അരികൾ കഴിഞ്ഞ മാസം മുതൽ കേരളത്തിൽ ലഭ്യമാക്കിത്തുടങ്ങി. ഇതാണ് കേരളത്തിലെ ജനപക്ഷ നിലപാടുള്ള സർക്കാരിന്റെ ലക്ഷണം. അതിന്റെ വിശദാംശങ്ങളിലേക്ക് ഞാൻ പോകുന്നില്ല. കേരളത്തിൽ ഭക്ഷ്യ ഭദ്രതാ നിയമത്തിന്റെ അടിസ്ഥാനത്തിൽ വന്ന കുറവുകളൊക്ക മുൻഗണനാ ലിസ്റ്റിൽ നിന്ന് ഒഴിവാക്കപ്പെട്ട ആളുകൾക്ക് സ്റ്റേറ്റ് സബ്സിഡി നൽകിക്കൊണ്ട് നിലനിർത്തുന്നത്, ടൈഡ് ഓവർ വിഹിതമുപയോഗിച്ച് അവർക്ക് ഭക്ഷ്യ ധാന്യം നൽകുന്നത് ഇതൊക്കെ ഒരു വിപണി ഇടപെടലാണ്. ഇപ്പോൾ തന്നെ ടൈഡ് ഓവർ ഫണ്ടിൽ നിന്നുള്ള ഗോതമ്പിന്റെ വിഹിതം വെട്ടിക്കുറച്ചു. 6500 മെട്രിക് ടൺ ആണ് ഇല്ലാതായത്. 57 ലക്ഷം പേർക്ക് ഗോതമ്പില്ലാതെയായി. അതിൽ കേരള ബദലുണ്ടാക്കണം. ഗോതമ്പ് നിശ്ശേഷമായി ഇല്ലാതായപ്പോൾ 57 ലക്ഷം കുടുംബങ്ങളെ സംരക്ഷിക്കാനുള്ളൊരു കേരള ബദൽ ബഹുമാനപ്പെട്ട മന്ത്രിയുടെ നേതൃത്വത്തിലുണ്ടാക്കണമെന്നാണ് ഒരു നിർദ്ദേശമായി വയ്ക്കാനുള്ളത്. അതുപോലെയാണ് ക്ഷീരവികസന മേഖല, മൃഗസംരക്ഷണ മേഖല. ഇന്ന് എട്ട് ലക്ഷത്തിലധികം ആളുകൾ പശുവളർത്തലിനെ ആശ്രയിക്കുന്നുണ്ട്.

കേന്ദ്ര ഗവൺമെന്റ്, ഈ മേഖലയിലെ സബ്സിഡികളെല്ലാം പൊതുമേഖലാ സ്ഥാപനങ്ങൾക്ക് വെട്ടിക്കുറയ്ക്കുമ്പോൾ അതല്ലെങ്കിൽ കമ്പനി ആക്ട് അനുസരിച്ചുള്ള സ്ഥാപനങ്ങൾക്ക് നൽകുമ്പോൾ കേരളത്തിലെ മൃഗസംരക്ഷണ ക്ഷീരവികസന മേഖലയിൽ പൊതുമേഖലാ സ്ഥാപനങ്ങളെ ശാക്തീകരിച്ചുകൊണ്ട്, സഹകരണ സ്ഥാപനങ്ങളെ ശാക്തീകരിച്ചുകൊണ്ട് ആ മേഖലയെ ശക്തിപ്പെടുത്തുന്ന ഒരു കേരള ബദൽ മോഡലാണ് നടപ്പിലാക്കുന്നത്. കുടുംബശ്രീ വഴിയുള്ള കേരള ചിക്കൻ, മിൽമയുടെ പ്രവർത്തനങ്ങൾ തുടങ്ങിയവ നമുക്കറിയാം. ഗ്രാമീണ സമ്പദ്ഘടനയുടെ നട്ടെല്ലായിട്ടുള്ള ക്ഷീരവികസന മേഖല, മൃഗസംരക്ഷണ മേഖലയെ സംരക്ഷിക്കാൻ ഈ ഗവൺമെന്റ് നയപരമായി എടുക്കുന്ന നിലപാടുകൾ പ്രശംസനീയമാണ്. ഗവൺമെന്റിനെയും മന്ത്രിയെയും ഞാൻ അഭിനന്ദിക്കുകയാണ്. 2025-ഓടുകൂടി പാലുൽപ്പാദനത്തിലും സംസ്കരണത്തിലും വിപണനത്തിലും സ്വയംപര്യാപ്തത നേടുമെന്ന് പ്രഖ്യാപിച്ചുകൊണ്ട് ഇച്ഛാശക്തിയോടുകൂടി മുന്നോട്ടുപോകുന്ന ഗവൺമെന്റാണിത്. അതിനുവേണ്ടി ക്ഷീരകർഷകർക്ക് ആത്മവിശ്വാസം പകരുന്ന അവരുടെ സാമൂഹിക അധികാരം വർദ്ധിപ്പിക്കുന്ന നിലപാടുകളാണ്

ക്ഷീരകർഷകർക്ക് ഈ ഗവൺമെന്റ് ലഭ്യമാക്കിക്കൊണ്ടിരിക്കുന്നത്. നാല് മാസം ലഭിക്കുന്ന സബ്സിഡി പന്ത്രണ്ട് മാസവും ലഭ്യമാക്കുമെന്ന ബഹുമാനപ്പെട്ട മന്ത്രിയുടെ പ്രഖ്യാപനം വളരെ പ്രതീക്ഷയോടെയാണ് ഇന്ന് കേരളത്തിലെ ക്ഷീരകർഷകർ നോക്കി കാണുന്നത്. കാലിത്തീറ്റയുടെ വിലക്കയറ്റം പ്രധാനമായും ചർച്ചചെയ്യുന്നൊരു പ്രശ്നമാണ്. കേരള ഫീഡ്സിന്റെയും മിൽമയുടെയും സാന്നിദ്ധ്യം, ഏതാണ്ട് അൻപത് ശതമാനം കാലിത്തീറ്റയുടേതിൽ മാത്രമേ വരുന്നുള്ളൂ. അതിന്റെ ഉൽപ്പാദനം വർദ്ധിപ്പിക്കണം. അതുപോലെ രണ്ട് വർഷത്തിനകത്ത് 50 കിലോ ചാക്കിന് 250-ഓളം രൂപയാണ് പ്രൈവറ്റ് കമ്പനികൾ വർദ്ധിപ്പിച്ചിട്ടുള്ളത്. ഏറ്റവും പ്രധാനപ്പെട്ട സംഗതിയാണ്. അതിൽ ശാസ്ത്രീയമായൊരു സമീപനം...

മി. ചെയർമാൻ: സമയം കഴിഞ്ഞു.

ശ്രീ. ജി. എസ്. ജയലാൽ: സർ, ഒരു നിർദ്ദേശംകൂടി അവതരിപ്പിച്ച് ഞാൻ നിർത്തുകയാണ്. നമുക്കറിയാം, അറുപത് ശതമാനവും പുല്ലാണ് പശു കഴിക്കേണ്ടത്. ആ പുല്ല് ഉൽപ്പാദനത്തിൽ ആ ഒരു അവബോധം വർദ്ധിപ്പിച്ച് മറ്റ് കാലിത്തീറ്റകളുടെ ഉപയോഗം കുറച്ച് തീറ്റപ്പുൽ കൃഷി വ്യാപിപ്പിക്കുന്നതിനാവശ്യമായിട്ടുള്ളൊരു ജനകീയ സംവിധാനം

ഗവൺമെന്റിന്റെ ഭാഗത്തുനിന്നുമുണ്ടാകണം. അതിനായി സഹകരണ സംഘത്തിന്റെ മേഖലയിൽ എത്രത്തോളം തീറ്റപ്പുല്ലിന് ഡിമാന്റുണ്ട് അവിടെ എത്രത്തോളം തീറ്റപ്പുൽകൃഷിക്കുള്ള സാദ്ധ്യതയുണ്ട്, അവിടെ എങ്ങനെയാണത് ഉൽപ്പാദിപ്പിക്കുന്നുവെന്നതിന്റെ ശാസ്ത്രീയ സാമ്പത്തിക വശങ്ങൾ, ലാഭം എങ്ങനെയാണ് വരുന്നത് എന്നൊക്കെ ക്ഷീര സംഘങ്ങളെ ഓരോ യൂണിറ്റുകളായി എടുത്തുകൊണ്ട് അവരെക്കൊണ്ട് സർവ്വെ നടത്തിപ്പിച്ച് ഒരു ജനകീയ പരിപാടിയാക്കി തീറ്റപ്പുൽ കൃഷിയെ വ്യാപിപ്പിക്കുന്നതിന് ശ്രമിച്ചാൽ അറുപത് ശതമാനം വേണ്ടുന്ന തീറ്റപ്പുൽ എന്നുപറയുന്ന സംവിധാനത്തിന് പ്രാധാന്യം കൊടുത്തുകഴിഞ്ഞാൽ....

മി. ചെയർമാൻ: അവസാനിപ്പിക്കു... പ്ലീസ്...

ശ്രീ. ജി. എസ്. ജയലാൽ: സർ, നമുക്ക് കാലിത്തീറ്റയുടെ വിലവർദ്ധനവിനെ നമ്മുടെ വിഭവങ്ങൾ ഉപയോഗിച്ചുകൊണ്ട് ചെറുത്തു നിർത്താൻ കഴിയും. ക്ഷീരമേഖലയിൽ ധാരാളം ആളുകൾ കടന്നുവരുന്നു. അതിനുവേണ്ടിയുള്ള നിലപാടുകൾ ഗവൺമെന്റ് എടുക്കണമെന്ന നിർദ്ദേശം കൂടി അവതരിപ്പിച്ചുകൊണ്ട് ജനപക്ഷ നിലപാടുകൾ സ്വീകരിച്ച് മുന്നോട്ട് പോകുന്ന ഗവൺമെന്റിന്റെ ധനാഭ്യർത്ഥനകളെ ഞാൻ ശക്തമായി

അനുകൂലിക്കുന്നു.

ശ്രീ. കെ. ഡി. പ്രസേനൻ: സർ, ഭക്ഷ്യ പൊതുവിതരണ വകുപ്പ് അക്ഷരാർത്ഥത്തിൽ അതിന്റെ പേര് അന്വർത്ഥമാക്കിയ ആറ് വർഷക്കാലമാണ് കടന്നുപോകുന്നത്. കേന്ദ്രസർക്കാരിന്റെ പല മാനദണ്ഡങ്ങളും അതുപോലെതന്നെ അനർഹർ കേരളത്തിലെ മുൻഗണനാ കാർഡുകൾ കയ്യടക്കിവച്ചതുമൂലം നിരവധി പാവപ്പെട്ടയാളുകളാണ് വല്ലാത്ത ദുരിതത്തിൽ കഴിഞ്ഞ കാലങ്ങളിൽ കഴിഞ്ഞിരുന്നത്. അവർക്ക് മഞ്ഞ, പിങ്ക് എന്നീ കാർഡുകൾ ലഭിക്കാൻ വഴിയുണ്ടായിരുന്നില്ല. ഒരു ഭക്ഷ്യ സുരക്ഷയും അവരുടെ ജീവിതത്തിലുണ്ടായിരുന്നില്ല. അതെല്ലാം മാറ്റിയെടുക്കുക എന്ന മുൻഗണനയാണ് ഈ ഗവൺമെന്റ് പ്രത്യേകം ഊന്നൽ നൽകിയത്. അതിന്റെ അടിസ്ഥാനത്തിൽ അനർഹരുടെ കയ്യിലുണ്ടായിരുന്ന മുൻഗണനാ റേഷൻ കാർഡുകൾ സറണ്ടർ ചെയ്യണമെന്ന് ഈ ഗവൺമെന്റ് ആത്മാർത്ഥമായി അഭ്യർത്ഥന നടത്തിയത്. അങ്ങനെ സറണ്ടർ ചെയ്താൽ യഥാർത്ഥ മുൻഗണനക്കാർക്ക് അതുനൽകുമെന്ന് അറിയാമെന്നുള്ളതുകൊണ്ടാണ് ഏതാണ്ട് 172312 പേർ ഗവൺമെന്റിന്റെ മുമ്പിൽ തങ്ങൾക്ക് ഈ മുൻഗണന കാർഡ് വേണ്ടെന്നുപറഞ്ഞ് സറണ്ടർ

ചെയ്തത്. 153482 അർഹരെ അതിനുമുമ്പ് തന്നെ ഗവൺമെന്റ് കണ്ടെത്തിയിരുന്നു. അവർക്കെല്ലാം കാർഡ് നൽകി. അതിനുപുറമെ 100 ദിന കർമ്മ പരിപാടിയുടെ ഭാഗമായി ഒരു ലക്ഷം മുൻഗണനാ കാർഡുകൾ കൂടി പുതിയ ഗവൺമെന്റ് ഈ വർഷം നൽകിയെന്ന് കാണാൻ കഴിയും. അങ്ങനെ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മാത്രം 254239 മുൻഗണനാ കാർഡുകൾ വിതരണം ചെയ്തപ്പോൾ യഥാർത്ഥത്തിൽ പത്ത് ലക്ഷത്തിലധികം വരുന്ന മനുഷ്യർക്കാണ് അതിന്റെ ഗുണം ലഭിച്ചതെന്ന് നമുക്ക് കാണാം. അതുമാത്രമല്ല സ്വന്തമായി റേഷൻ കാർഡുതന്നെ ഇല്ലാതിരുന്ന ലക്ഷക്കണക്കിന് മനുഷ്യർ കേരളത്തിലുണ്ടായിരുന്നു. അതിന് പലതരത്തിലുള്ള കാര്യങ്ങളുണ്ടായിരുന്നു. കാരണം രണ്ടും മൂന്നും തലമുറകൾ ഒന്നിച്ച് ഒരു കുടുംബത്തിൽ കഴിയേണ്ടി വരികയാണ്. വളരെ ചെറിയ സ്ഥലത്ത് ഒരു വീട്, പുതിയ വീടുവയ്ക്കാൻ നിവർത്തിയില്ല. അതുകൊണ്ട് അവർക്ക് ഈ ആനുകൂല്യങ്ങളെല്ലാം നിഷേധിക്കപ്പെട്ടു. പുതിയ കാർഡുകളൊന്നുമില്ല. കാർഡുണ്ടെങ്കിൽ മാത്രമേ വീട് ലഭിക്കൂ. വീടില്ലാത്തതുകൊണ്ട് കാർഡില്ല. ഇങ്ങനെയുള്ള വിവിധ വിഷയങ്ങളാണ്. ഈ അവസ്ഥയെ അവസാനിപ്പിക്കുന്നതിന് 229689 പുതിയ റേഷൻ

കാർഡുകൾ ഈ സർക്കാർ വിതരണം ചെയ്യുകയുണ്ടായി. ഒരു വീട്ടിൽ തന്നെ രണ്ട് അടുക്കളയുണ്ടെങ്കിൽ അതിനെ രണ്ട് കുടുംബമായി പരിഗണിച്ച് പുതിയ റേഷൻകാർഡ് അനുവദിച്ച സർക്കാരും മന്ത്രിയുമാണ് ഇന്ന് നമുക്കുള്ളതെന്ന് മാനസ്സിലാക്കാം. അതുപോലെതന്നെ എല്ലാവരാലും അവഗണിക്കപ്പെട്ടൊരു വിഭാഗമാണ് ട്രാൻസ്ജെന്റർ വിഭാഗം. ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് വന്നതിനുശേഷം വിവിധ മേഖലകളിൽ അവരെ പരിഗണിച്ചു. റേഷൻ കാർഡിന്റെ കാര്യം വന്നപ്പോഴും ട്രാൻസ്ജെന്റർ വിഭാഗത്തിന് റേഷൻകാർഡ് അനുവദിച്ചുകൊടുക്കുന്നൊരു സ്ഥിതിയുമുണ്ടായി. അതുപോലെതന്നെ നമ്മുടെ റേഷൻ കാർഡ് എ.ടി.എം. കാർഡുപോലെ സ്മാർട്ടാക്കി. കാർഡ് സ്മാർട്ടാക്കിയപ്പോൾ അത് പോക്കറ്റിലിട്ടുപോകാം. മുമ്പ് യു.ഡി.എഫ്.-ന്റെ കാലത്ത് പൊതുവിതരണവുമായി ബന്ധപ്പെട്ടൊരു സ്മാർട്ടാക്കലുണ്ടായിരുന്നു. റേഷൻ സാധനങ്ങളാണ് സ്മാർട്ടാക്കിയത്. കാർഡ് പരമ്പുപോലുള്ള കാർഡാണ്. പക്ഷേ അതുകൊണ്ടുപോയാൽ പോക്കറ്റിലിടാനുള്ള സാധനം പോലും ലഭിക്കുമായിരുന്നില്ല. അവിടെ റേഷൻ സാധനങ്ങൾ സ്മാർട്ടാക്കി. ഇവിടെ റേഷൻ കാർഡ് സ്മാർട്ടാക്കുന്ന സ്ഥിതിയാണുണ്ടായത്. ആഗോള മാർക്കറ്റിൽ വില വർദ്ധിച്ചു, ഇന്ത്യൻ

മാർക്കറ്റിൽ വില വർദ്ധിച്ചു, വാണം പോലെ വില കുതിക്കുന്നുവെന്നൊക്കെ പറഞ്ഞ് നമ്മൾ സമരം ചെയ്യുമ്പോഴും കേരളത്തിൽ പൊതുവിതരണ ശൃംഖലയുമായി ബന്ധപ്പെട്ടുകൊണ്ട് 13 ഭക്ഷ്യധാന്യ ഉല്പന്നങ്ങൾക്ക് ഒരു പൈസയുടെപോലും വിലവർദ്ധനവില്ലാതെ റേഷൻകാർഡുമായി പോകുന്നവർക്ക് എൽ.ഡി.എഫ്. സർക്കാർ ആറുകൊല്ലക്കാലമായി സാധനങ്ങൾ കൊടുക്കുകയാണ്. ഇതൊരു മഹാത്ഭുതമല്ലേ? അതൊന്നും കാണാതെ ഈ ഗവൺമെന്റിനെയും വകുപ്പിനെയും വിമർശിക്കുന്നതിൽ ഒരു കാര്യവുമില്ല. ന്യായവിലയ്ക്ക് സാധനങ്ങൾ കിട്ടുന്ന ഒരു കാലമായി എൽ.ഡി.എഫ്. ഭരണകാലം മാറിയെന്നുമാത്രമല്ല, ഒരു നയാപൈസപോലും വാങ്ങാതെ സമ്പൂർണ്ണ സൗജന്യമായി കെട്ടുകെട്ടായാണ് ഭക്ഷ്യധാന്യങ്ങൾ വീട്ടിലെത്തിക്കുന്നത്. കോവിഡ് കാലത്ത് 13 തവണയായി, ഏതാണ്ട് പതിനൊന്നര കോടി കിറ്റുകളാണ് വിതരണം ചെയ്തത്. ഇതിനുവേണ്ടി 5600 കോടി രൂപ ഈ സർക്കാർ ചെലവഴിച്ചുവെന്നാണ് കണക്ക്. അതുപോലെ എന്നെ അത്ഭുതപ്പെടുത്തിയ ഒരു കാര്യം, ഏതെങ്കിലുമൊരു സർക്കാർ തങ്ങൾ കൊടുക്കുന്ന സൗജന്യം/സൗകര്യം കൈപ്പറ്റാത്തവരെ തേടി വീടുകളിൽപോയ ചരിത്രമുണ്ടായിട്ടുണ്ടോ; ഏതെങ്കിലുമൊരു സർക്കാരിന്റെ

കാലത്തുണ്ടായിയെന്ന് ഞാൻ കരുതുന്നില്ല. അങ്ങനെ പോയില്ലെന്ന് മാത്രമല്ല, 5000 രൂപയുടെ സൗജന്യം കിട്ടണമെങ്കിൽ പണ്ട് യു.ഡി.എഫ്.-ന്റെ കാലത്ത് എന്തായിരുന്നു സ്ഥിതി? ഒരു കിടപ്പുരോഗിക്ക് ചികിത്സാസഹായം വേണമെങ്കിൽപ്പോലും അദ്ദേഹം കിടക്കുന്ന കട്ടിലോടേന്തി പാതിരാമുതൽ പുലർക്കാലം വരെ കാത്തിരിക്കേണ്ട ജനസമ്പർക്ക ആഭാസ ആറാട്ടിൽ കൊണ്ടിടേണ്ട ഒരു സ്ഥിതിയായിരുന്നു. ഇന്ന് അതാണോ സ്ഥിതി? ഉൾക്കാട്ടുകളിലെ ഊരുകളിൽ താമസിക്കുന്ന ആദിവാസികളെത്തേടി ഭക്ഷ്യധാന്യങ്ങളുമായി വണ്ടികൾ പോകുകയാണ്. സഞ്ചരിക്കുന്ന റേഷൻ കടകൾ സഞ്ചരിച്ചുകൊണ്ടേയിരിക്കുകയാണ്. ഇതൊക്കെ മറ്റൊരു ലോകത്ത് ചൂണ്ടിക്കാണിക്കാൻ കഴിയുമോ? കേന്ദ്ര സർക്കാർ എല്ലാ ഭക്ഷ്യധാന്യ വിഹിതവും ഭീകരമായി വെട്ടിക്കുറയ്ക്കുന്ന ഇക്കാലത്ത് ഇതെല്ലാം സംസ്ഥാന സർക്കാർ ചെയ്തുകൊണ്ടിരിക്കുന്നുവെന്നതാണ് ഏറ്റവും പ്രധാനപ്പെട്ട പ്രത്യേകത. ഇതിനെല്ലാം പുറമെയാണ് പൊതുമാർക്കറ്റിൽ വില നിയന്ത്രിക്കുന്നതിനുവേണ്ടിയുള്ള 70 പുതിയ വിൽപ്പനശാലകൾ നമ്മൾ തുടങ്ങിയത്. കാർഡുടമകൾക്ക് ഏത് റേഷൻകടയിൽനിന്നും സാധനം

വാങ്ങാനുള്ള സൗകര്യമുണ്ടെന്ന ഉത്തരവുണ്ടാക്കി. വിശപ്പുരഹിത സംസ്ഥാനമായി കേരളത്തെ പ്രഖ്യാപിക്കുന്നത് ഏത് കാലത്താണ്? ലോകത്തിലെ ജനങ്ങൾ ഇന്ത്യയെ കളിയാക്കുന്ന ഒരു വാക്കുണ്ട്. വിശപ്പിന്റെ റിപ്പബ്ലിക് ഇന്ത്യയെന്നാണ് ലോകരാജ്യങ്ങൾ പറയുന്നത്. അങ്ങനെയൊരു രാജ്യത്തിന്റെ കൊച്ചുതുരുത്തിലാണ് വിശപ്പുരഹിത സംസ്ഥാനം നമ്മൾ കെട്ടിപ്പടുക്കാൻ പോകുന്നത്. അതിന്റെ ഭാഗമായാണ് സുഭിക്ഷ ഹോട്ടലുകൾ ആരംഭിച്ചത്. ജനകീയ ഹോട്ടലിന്റെ മാതൃക പിടിച്ചുകൊണ്ട് വിവിധ നിയോജകമണ്ഡലങ്ങളിൽ ആരംഭിച്ചു. എന്റെ നിയോജകമണ്ഡലത്തിലും സുഭിക്ഷ ഹോട്ടൽ ആരംഭിച്ചിട്ടുണ്ട്. ഈ ഹോട്ടലുകളിൽ വല്ലാത്ത തിരക്കാണ് അനുഭവപ്പെടുന്നത്. ധനാഭ്യർത്ഥന ചർച്ചയുമായി ബന്ധപ്പെട്ടുകൊണ്ട് ഒരു കാര്യം പറയാനുള്ളത്, സുഭിക്ഷ ഹോട്ടലുകളിൽ തിരക്ക് വർദ്ധിച്ചിരിക്കുന്ന സാഹചര്യത്തിൽ നിലവിൽ 600 കിലോഗ്രാം അരിയാണ് സബ്സിഡിയായി കൊടുക്കുന്നത്. അത് 1200 കിലോഗ്രാമായി വർദ്ധിപ്പിക്കണമെന്ന അഭ്യർത്ഥനയുണ്ട്. സബ്സിഡി ഇനത്തിൽ കൊടുക്കുന്ന അരിയുടെ സബ്സിഡി എത്രയും വേഗം വിതരണം ചെയ്യണം. രണ്ടുമൂന്നുമാസക്കാലം കഴിഞ്ഞ് സബ്സിഡി വിതരണം ചെയ്യുന്ന

അവസ്ഥയുണ്ടാക്കാൻ പാടില്ല. ജനകീയ ഹോട്ടലുകൾക്ക് കൊടുക്കുന്നതുപോലുള്ള ആനുകൂല്യം/സബ്സിഡി വർദ്ധനവ് സുഭിക്ഷ ഹോട്ടലിലുമുണ്ടാക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. ക്ഷീരവും മൃഗസംരക്ഷണവുമായി ബന്ധപ്പെട്ട ചർച്ച കേട്ടിട്ട് ഇവിടെ ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളിയും ശ്രീ. എം. നൗഷാദുമൊക്കെ പഴയൊരു പഴഞ്ചൊല്ല് ചൊല്ലുന്നതുകേട്ടു. "ക്ഷീരമുള്ളോരകിടിൻ ചുവട്ടിലും, ചോരതന്നെ കൊതുകിന്നു കൗതുകം" എന്ന പഴഞ്ചൊല്ലാണ് അവർ ചൊല്ലിയത്. അന്ന് സമീപകാലത്ത് ഏതോ ഒരു കൊതുക് ശാസ്ത്രജ്ഞൻ കൊതുകുകൾക്കും ചില സാമാന്യബുദ്ധിയുണ്ടെന്ന് അദ്ദേഹത്തിന്റെ പുതിയ പഠന റിപ്പോർട്ടിൽ പുറത്തിറക്കിയിരുന്നു. അവരും ചില സാമാന്യബുദ്ധി പ്രകടിപ്പിച്ച് ചില ഘട്ടങ്ങളിൽ ചില ആളുകളെ കടിക്കില്ലായെന്നാണ് പറയുന്നത്. അത്തരം സാമാന്യബുദ്ധി അവശേഷിക്കുന്ന ചില രാഷ്ട്രീയ കൊതുകുകളെങ്കിലും പ്രതിപക്ഷത്തുണ്ടാകണമെന്നാണ് ഞാൻ കരുതുന്നത്. അങ്ങനെ ഒരു തമാശയ്ക്കുവേണ്ടിപോലും കേരളത്തിലെ ക്ഷീരവകുപ്പിനെ അതിക്ഷേപിക്കാൻ കഴിയില്ല. അത്ര നല്ല വകുപ്പായി ക്ഷീര വകുപ്പും മൃഗസംരക്ഷണ വകുപ്പുമെല്ലാം ഇന്ന് മുന്നോട്ടുപൊയ്കൊണ്ടിരിക്കുകയാണ്. പാൽ ഉത്പാദനത്തിൽ

മലബാർ മേഖലയുൾപ്പെടെ പല ജില്ലകളും സ്വയംപര്യാപ്തത കൈവരിച്ചുകഴിഞ്ഞിരിക്കുന്നു. അയൽനാടുകളിൽനിന്നും വന്നിരുന്ന കൃത്രിമ പാലിന്റെ ദുരന്തങ്ങളിൽനിന്നും കേരളത്തെ മോചിപ്പിക്കാൻ കഴിയുമെന്ന് പ്രത്യാശ നൽകുന്ന നിലപാടുകളിലേയ്ക്ക് പോകുകയാണ്. അധികപാൽ പാൽപ്പൊടിയായും മറ്റിതര മൂല്യവർദ്ധിത ഉത്പന്നങ്ങളാക്കി മാറ്റുകയും ചെയ്യുകയെന്ന ലക്ഷ്യത്തോടുകൂടിയാണ് മുന്നോട്ടുപോകുന്നത്. മലപ്പുറത്ത് മൂർഖനാട്ടിൽ പാൽപ്പൊടി നിർമ്മാണ ഫാക്ടറിയെ സംബന്ധിച്ച കാര്യങ്ങൾ പലരും ഇവിടെ പ്രതിപാദിച്ചു. അതുപോലെ പല സംരംഭങ്ങളും ഇപ്പോൾ ആരംഭിച്ചുകൊണ്ടിരിക്കുകയാണ്. രാത്രികാലങ്ങളിൽപോലും പശുക്കളെ പരിപാലിക്കുന്നതിനുവേണ്ടി ആംബുലൻസ് സൗകര്യത്തോടുകൂടി പ്രവർത്തിക്കുന്ന ആശുപത്രികൾ എല്ലാ ബ്ലോക്കിലും ആരംഭിക്കാൻ ഈ സർക്കാർ പ്രതിജ്ഞാബദ്ധമാണെന്ന് പ്രഖ്യാപിച്ചിരിക്കുകയാണ്. പശുക്കൾക്കുവേണ്ടി അത് ആരംഭിച്ചുകഴിഞ്ഞിരിക്കുകയാണ്. ഞാൻ ഇത് പറഞ്ഞപ്പോൾ നെന്മാറ എം.എൽ.എ. ശ്രീ. കെ. ബാബുവിന് ഒരു സംശയം, ഈ രാത്രികാല ചികിത്സ പശുക്കൾക്ക് മാത്രമാണോ നൽകുന്നതെന്ന്. ഒരിക്കലുമല്ല, ഏത് പോത്തിനും മൂരിക്കും ഈ സൗകര്യം ലഭിക്കുമെന്ന്

പ്രതിപക്ഷത്തിനുപോലുമറിയാം. അതുകൊണ്ടാണ് അവർ ഇതിനെ എതിർക്കാത്തതെന്ന് നമ്മൾ മനസ്സിലാക്കണം. കാലിത്തീറ്റയുടെ വിലവർദ്ധനവും ദൗർലഭ്യവുമാണ് ക്ഷീര കർഷകർ നേരിടുന്ന ഏറ്റവും പ്രധാനപ്പെട്ട പ്രശ്നം. കാലിത്തീറ്റ സബ്സിഡി ഉയർത്തുമെന്ന് ഈ സർക്കാർ പ്രഖ്യാപിച്ചത് വലിയ പ്രതീക്ഷയോടുകൂടിയാണ് കാണുന്നത്. അതാണ് ഈ സർക്കാരിന്റെ അടുത്ത ഏറ്റവും പ്രധാനപ്പെട്ട നീക്കം. അതുപോലെതന്നെ കാലിത്തീറ്റ ഉത്പാദന വർദ്ധനവ് ഇരട്ടിയാക്കാൻ വകുപ്പിന്റെ ഇടപെടൽ ഇപ്പോൾ ശ്ലാഘനീയമായി മുന്നേറികൊണ്ടിരിക്കുകയാണ്. ഇത്തരത്തിൽ ഭക്ഷ്യ വകുപ്പും ക്ഷീര വകുപ്പുമെല്ലാം മുന്നേറുകയാണ്. ഇതെല്ലാം ഇന്ന് ചർച്ച ചെയ്യുന്ന പൊതുവിഷയമാണ്. ഈ ചർച്ചയിൽ ഇടപെട്ടുകൊണ്ട് മറ്റൊരു പൊതുവിഷയംകൂടി ഞാൻ ഇവിടെ ശ്രദ്ധയിൽപ്പെടുത്തണമെന്ന് ഉദ്ദേശിക്കുകയാണ്. വളരെ ഗൗരവമായ, നമ്മൾ രാഷ്ട്രീയക്കാർ ചർച്ച ചെയ്യേണ്ട ഒരു പൊതുവായ വിഷയമാണ്. രാഷ്ട്രീയവും രാഷ്ട്രീയ പ്രവർത്തനവുമെല്ലാം സാമൂഹ്യ പ്രതിബദ്ധതയുള്ള പൊതുപ്രവർത്തകരിലൂടെയാണ് നാട്ടിൽ പ്രയോഗവത്കരിക്കപ്പെടുന്നത്. അത്തരം പൊതുപ്രവർത്തകരുടെ വ്യക്തി ജീവിതം എത്രമാത്രം

സംഘർഷഭരിതമാണെന്ന് ഈ സഭയിലിരിക്കുന്ന എല്ലാവർക്കും ബോധ്യമുള്ളതാണ്. ഒരു രാഷ്ട്രീയ പ്രവർത്തകനെ നമ്മുടെ സമൂഹത്തിന് ലഭിക്കുന്നത് അവരുടെയെല്ലാം കുടുംബാംഗങ്ങളുടെ സഹനത്തിന്റെയും ത്യാഗത്തിന്റെയും ഫലമായിട്ടുകൂടിയാണെന്ന് നമ്മളെല്ലാവരും മനസ്സിലാക്കണം. രക്ഷിതാക്കളും സഹോദരങ്ങളും ഭാര്യയും മക്കളും മറ്റ് കുടുംബാംഗങ്ങളും അവരുടെ സങ്കടങ്ങളും സന്തോഷങ്ങളുമെല്ലാം കടിച്ചമർത്തി നമ്മുടെയെല്ലാം പൊതുപ്രവർത്തനത്തിന് വിഘാതമാകാതെ മാറിനിൽക്കുന്നുണ്ട്. ആ കുടുംബാംഗങ്ങളാണ് നമ്മുടെ കരുത്തും നമ്മുടെ രാഷ്ട്രീയ പ്രവർത്തനത്തിന് നിലനിൽപ്പുമെന്ന് മനസ്സിലാക്കേണ്ടതുണ്ട്. നെഞ്ചിൽ നീറ്റലുമായി എത്രയോ രാപ്പകലുകൾ ജീവിച്ചുതീർക്കുന്ന നമ്മുടെയെല്ലാം കുടുംബാംഗങ്ങളുടെ കണ്ണുനീരിന്റെ ഉത്പന്നം കൂടിയാണ് ഈ രാഷ്ട്രീയ ജീവിതമെന്ന് എല്ലാ സാമാജികരും മനസ്സിലാക്കണം. ജന്മം നൽകിയ മക്കളുടെ കുഞ്ഞുപ്രായത്തിൽ അവരുടെ സ്വപ്നങ്ങളെപ്പോലും നിഷ്കരുണം കണ്ടില്ലെന്ന് നടിക്കേണ്ടിവന്ന നമ്മൾ അനുഭവിക്കുന്ന ആത്മസംഘർഷത്തിലും നമുക്ക് ആശ്വാസമാകുന്നത് അവർ നമ്മളെ ദൈവത്തെപ്പോലെ ആദരിക്കുന്നത് കാണുമ്പോഴാണ്. ആ മക്കളുടെയെല്ലാം

നന്മയാണ് നമ്മുടെ ഈ പൊതുപ്രവർത്തന ജീവിതം. ഈ നാടിനുവേണ്ടി എല്ലാം ത്യജിച്ച് നമ്മളെ സ്വതന്ത്രരാക്കുന്ന ആ കുടുംബാംഗങ്ങളെ അവഹേളിക്കുന്നത് ഏത് രാഷ്ട്രീയ സംസ്കാരത്തിന് ചേർന്നതാണെന്ന് കേരളത്തിൽ എല്ലാവരും ആലോചിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. എല്ലാവർക്കും അമ്മയും സഹോദരിയും അച്ഛനും സഹോദരനും മകളും മകനും മറ്റ് കുടുംബാംഗങ്ങളുമെല്ലാമുണ്ട്. അവരെല്ലാം പച്ച മനുഷ്യരാണെന്ന് നമ്മൾ തിരിച്ചറിയണം. അവരെ തെരുവിലേയ്ക്ക് വിളിച്ചിറക്കുന്നത് ഏത് രാഷ്ട്രീയ ലാഭത്തിനുവേണ്ടിയാണ്. അവരെ വസ്ത്രാക്ഷേപം ചെയ്യുന്നതുപോലെയാണ് മാനസ്സികമായി അതിക്ഷേപം നടത്തികൊണ്ടിരിക്കുന്നത്. എന്ത് പുണ്യത്തിനുവേണ്ടിയാണ് നമ്മൾ ഇത് ചെയ്യുന്നത്; അവരെ ആക്ഷേപിച്ച് അട്ടഹസിക്കുന്നത് ആരെ തൃപ്തിപ്പെടുത്താനാണ്? അതുകൊണ്ട് പ്രിയപ്പെട്ട പ്രതിപക്ഷമേ, ഞങ്ങളെ നിങ്ങൾ ആക്ഷേപിച്ചുകൊള്ളൂ, ആക്രമിച്ചുകൊള്ളൂ പക്ഷെ കുടുംബാംഗങ്ങളെ വെറുതെ വിടണമെന്നാണ് ഞാൻ അഭ്യർത്ഥിക്കുന്നത്. എന്തിനാണ് ഈ നീചമനസ്സുമായി നിങ്ങൾ വീട്ടിലിരിക്കുന്ന ഞങ്ങളുടെ കുടുംബാംഗങ്ങളെ ആക്ഷേപിക്കുന്നത്; അവർക്ക് വഴിനടക്കണം, ജോലിക്കുപോകണം,

മക്കൾക്ക് പഠിക്കാൻ പോകണം. മക്കൾക്ക് കൂട്ടുകാരെ നഷ്ടപ്പെടുത്തുന്ന, ഞങ്ങളുടെ വീട്ടുക്കാർക്ക് നാട്ടുക്കാരെ നഷ്ടപ്പെടുത്തുന്ന ഇത്തരം നെറികെട്ട നുണപ്രചരണങ്ങൾ നിങ്ങൾ അവസാനിപ്പിച്ച് നിങ്ങൾ നല്ല മനുഷ്യരാകുക എന്നുകൂടി അഭ്യർത്ഥിച്ചുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ ഒരിക്കൽക്കൂടി പിന്തുണച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. സണ്ണി ജോസഫ്: സർ, പ്രതിപക്ഷം ക്രിയാത്മകമാകണമെന്ന ഉപദേശ നിർദ്ദേശങ്ങളാണ് ഇവിടെ അധികവും മുഴങ്ങി കേൾക്കുന്ന ശബ്ദം. അതിന് ഞാൻ ആദ്യമേ നന്ദി പറയുകയാണ്. പക്ഷേ ഉപദേശങ്ങൾ കൊണ്ടൊന്നും ഞങ്ങൾ നന്നാകുന്നില്ല. പ്രതിപക്ഷം ക്രിയാത്മകമാകുന്നില്ല. ഇതിൽ പോസിറ്റീവായി ചെയ്യാൻ കഴിയുന്ന ഒരു കാര്യം, ഞങ്ങൾക്ക് ഇതുസംബന്ധിച്ചൊരു മാതൃക കാണിച്ചുതരണം. ഏതാണ് മോഡലെന്ന് ആലോചിച്ച് നോക്കുമ്പോൾ, കെ. എം. മാണി ബഡ്ജറ്റ് അവതരിപ്പിക്കാൻ വന്നപ്പോൾ പ്രതിപക്ഷം ക്രിയാത്മകമായി പ്രവർത്തിച്ചതിന്റെ ഒരു മോഡൽ വീഡിയോയായി ഞങ്ങൾക്ക് കാണിച്ച് തരണം. ആ വീഡിയോ കഴിയുമെങ്കിൽ എല്ലാ സഭാസമ്മേളന ദിവസങ്ങളിലും ഇടവിട്ട് പ്രദർശിപ്പിക്കണം. അതിൽനിന്നും ഞങ്ങൾക്ക് എങ്ങനെയാണ് ക്രിയാത്മക

പ്രതിപക്ഷമെന്ന്  നേരിട്ട് കണ്ട് മനസ്സിലാക്കി പഠിക്കാൻ സാധിക്കും. വേണമെങ്കിൽ അതിനെ കേരള മോഡലായി മറ്റ് സംസ്ഥാനങ്ങൾക്കും രാജ്യങ്ങൾക്കും അയച്ചുകൊടുക്കണം. ക്രിയാത്മക ഡെമോക്രാറ്റിക് പ്രോസസ്സിലെ ക്രിയാത്മക പാർലമെന്ററി പ്രവർത്തനത്തിന്റെ മോഡലായി ഞങ്ങൾ അതിനെ അംഗീകരിക്കുന്നു. ബഹുമാനപ്പെട്ട സ്പീക്കർ അത് വേണമെങ്കിൽ എം.എൽ.എ.-മാർക്കുള്ള പഠനക്ലാസ്സിലെ സബ്ജക്ടാക്കി അതിൽ ക്ലാസെടുക്കാനായി ശ്രീ. വി. ശിവൻകുട്ടിയെയോ ഡോ.  കെ. ടി. ജലീലിനെയോ ഏർപ്പെടുത്തിയാൽ അവർക്ക് വേണമെങ്കിൽ  പ്രത്യേകം ഓണറേറിയവും നൽകാം. ഇതാണ് ഉപദേശത്തെക്കുറിച്ച് എനിക്ക് പറയാനുള്ളത്. ഇവിടെ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിന് ഭരണപക്ഷം നല്ല സർട്ടിഫിക്കറ്റാണ് നൽകുന്നത്. പ്രതിപക്ഷനേതാവിനെ നിങ്ങൾ പ്രശംസിക്കാൻ പാടില്ല, അദ്ദേഹത്തെ വിമർശിക്കണം. That means what? പ്രതിപക്ഷനേതാവ് അദ്ദേഹത്തിന്റെ ഉത്തരവാദിത്വം നന്നായി ഏറ്റെടുത്ത് വിജയകരമായി പ്രവർത്തിക്കുന്നു. ഇവർക്ക് പ്രതിപക്ഷനേതാവിന്റെ പ്രവർത്തനങ്ങൾ കരടും ശല്യവുമായി മാറുന്നു. അദ്ദേഹത്തിന്റെ പ്രവർത്തനങ്ങളെ നിങ്ങൾ ഭയപ്പെടുന്നു. അത് ഇന്നലെകളിലുമുണ്ടായിട്ടുണ്ട്.

പി. ടി. ചാക്കോ കേരളത്തിലെ പ്രതിപക്ഷനേതാവായിരുന്നപ്പോൾ ഭരണത്തെ വിമർശിച്ചിരുന്നു. അതുപോലെ ശക്തനായ പ്രതിപക്ഷനേതാവായിരുന്ന കെ. കരുണാകരൻ. ശ്രീ. എ. കെ. ആന്റണി, ശ്രീ. ഉമ്മൻ ചാണ്ടി എന്നിവരും പ്രതിപക്ഷനേതാക്കളായിരുന്നു. ശ്രീ. രമേശ് ചെന്നിത്തല പ്രതിപക്ഷനേതാവായിരുന്നപ്പോൾ ഇവരുടെ അക്രമം അദ്ദേഹത്തിനെതിരെയായിരുന്നു; ശ്രീ. രമേശ് ചെന്നിത്തല പോരാ, ശ്രീ. ഉമ്മൻചാണ്ടി നല്ല ആളായിരുന്നു എന്നായിരുന്നു നിങ്ങളുടെ വാദം. ഇപ്പോൾ ശ്രീ. വി. ഡി. സതീശനും അദ്ദേഹത്തെ ഏൽപ്പിച്ചിട്ടുള്ള ഉത്തരവാദിത്വം കഴിഞ്ഞ കാലത്തേതുപോലെതന്നെ പുതിയ കാലഘട്ടത്തിനനുസരിച്ച് കാര്യങ്ങൾ പഠിച്ച്, സമർത്ഥമായി സഭയിലും പുറത്തും അവതരിപ്പിക്കുന്നു. അതാണ് നിങ്ങൾക്ക് തലവേദന, അതിനെയാണ് നിങ്ങൾ എതിർക്കുന്നത്. ഇത് നിങ്ങളുടെ ആളുകളും എം.എൽ.എ.-മാരും അതുപോലെ ജനങ്ങളും മാധ്യമങ്ങളും കാണുന്നുണ്ടല്ലോ; പത്രങ്ങളിൽ ആളുകൾ പ്രതിപക്ഷ പ്രവർത്തനങ്ങൾ വിലയിരുത്തുന്നുണ്ടല്ലോ; ഞങ്ങൾ ചെയ്യുന്നതെന്താണെന്ന് നിങ്ങൾ ആലോചിച്ച് നോക്കണം. ഞങ്ങളിതിനെ പോസിറ്റീവായിട്ട് തന്നെയാണ് എടുക്കുന്നത്. കഴിഞ്ഞകാലചരിത്രങ്ങളൊന്ന് വിലയിരുത്തി

എങ്ങനെയാണ് ഇരുഭാഗവും പ്രവർത്തിച്ചതെന്ന് മനസ്സിലാക്കി വിശകലനം ചെയ്യണം. ഞങ്ങൾ ഇവിടെ ജനാധിപത്യത്തിന്റെ കാവൽക്കാരായിട്ടുതന്നെ പ്രവർത്തിക്കും; അത് പ്രതിപക്ഷത്തിന്റെ ദൗത്യമാണ്. മതേതരത്വത്തിന്റെ വക്താക്കളായി ഞങ്ങൾ പ്രവർത്തിക്കും; അത് ഞങ്ങളുടെ കടമയാണ്. പൗരാവകാശത്തിന്റെ സംരക്ഷകരായി ഞങ്ങൾ പ്രവർത്തിക്കും; അത് ഞങ്ങളുടെ അവകാശമാണ്. നിയമവാഴ്ചയുടെ വക്കാലത്ത് ഞങ്ങൾ ഏറ്റെടുക്കും, അത് ഞങ്ങളുടെ ധാർമ്മികബോധത്തിൽനിന്നും ഉദിക്കുന്ന കർത്തവ്യമാണ്. അഴിമതിയുടെയും ദുർചെലവുകളുടെയും ദുർഭരണത്തിന്റെയും കെടുകാര്യസ്ഥതയെ ഞങ്ങൾ തുറന്ന് എതിർക്കുകതന്നെ ചെയ്യും. അതിൽ നിങ്ങൾ പ്രതിപക്ഷത്തെ വിമർശിക്കുമ്പോൾ ഞങ്ങളതിനെ പൂച്ചെണ്ടുകളായിട്ടുതന്നെയാണ് സ്വീകരിക്കുന്നത്. മഹാന്മാരായ ഇ.എം.എസ്.-ഉം ഇ. കെ. നായനാരും അതുപോലെ വിശ്രമജീവിതം നയിക്കുന്ന ശ്രീ. വി. എസ്. അച്ചുതാനന്ദനുമൊക്കെ പ്രതിപക്ഷത്ത് പ്രവർത്തിച്ചിട്ടില്ലേ? അവർക്ക് സ്റ്റാഫും വീടുമുണ്ടായിരുന്നില്ലേ? അവരെയൊക്കെ അവഹേളിക്കാൻ, ബാലിശമായി മറ്റൊന്നും പറയാനില്ലാത്തതുകൊണ്ട് അത്തരം വിമർശനങ്ങളെ ഞങ്ങൾ സ്വാഗതം

ചെയ്യുന്നു. അതവസാനിപ്പിക്കാൻ ബഹുമാനപ്പെട്ട ചെയർ നൽകിയ റൂളിംഗിനെയും ഞങ്ങൾ സ്വാഗതം ചെയ്യുകയാണ്. ആ വിമർശനങ്ങൾ അസ്ഥാനത്താണെന്ന് മനസ്സിലാക്കിക്കൊണ്ട് ബഹുമാനപ്പെട്ട ചെയർ അവസരോചിതമായി ഇടപെട്ട് റൂളിംഗ് നൽകിയതിനെയും ഞങ്ങൾ സ്വാഗതം ചെയ്യുന്നു. ഇവിടത്തെ വിഷയമെന്താണ്? ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിനെ എതിർക്കുന്നത് ആർ.എസ്.എസ്. പ്രവർത്തകരാണ്. ആർ.എസ്.എസ്. നേതാവ് ഇന്ത്യയുടെ ഭരണഘടനയുടെ അടിസ്ഥാനമൂല്യങ്ങളെ എതിർത്ത് സംസാരിച്ചിട്ടുണ്ട്, ലേഖനമെഴുതിയിട്ടുണ്ട്, പുസ്തകത്തിൽ പ്രതിപാദിച്ചിട്ടുമുണ്ടെന്ന് ശ്രീ. വി. ഡി. സതീശൻ പറഞ്ഞു. അതാണ് ആർ.എസ്.എസ്.-നെ ചൊടിപ്പിച്ചത്. അതുകൊണ്ടാണ് അവർ ശ്രീ. വി. ഡി. സതീശനെന്ന പ്രതിപക്ഷനേതാവിന് വക്കീൽ നോട്ടീസ് അയച്ചത്. നോട്ടീസ് അയച്ചത് ശ്രീ. കോടിയേരി ബാലകൃഷ്ണനോ മറ്റ് നേതാക്കന്മാർക്കോ അല്ല. ആ വക്കീൽ നോട്ടീസിനെയാണ് ശ്രീ. വി. ഡി. സതീശനെന്ന പ്രതിപക്ഷനേതാവ് പുല്ലുവില കൽപ്പിക്കുന്നുവെന്ന് പറഞ്ഞ് അതെടുത്തെറിഞ്ഞത്. അതിനെത്തുടർന്ന് ആർ.എസ്.എസ്.-ന്റെ പ്രമുഖ നേതാവ് കണ്ണൂർ കോടതിയിൽ പ്രതിപക്ഷനേതാവിനെതിരായി

കേസ്സുകൊടുത്തു. ആർ.എസ്.എസ്.-കാരാണ് കേസ്സുകൊടുത്തത്. അടുത്തമാസം 12-ാം തീയതി ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിനോടാണ് കണ്ണൂർ കോടതിയിൽ ഹാജരാകാൻ പറഞ്ഞിരിക്കുന്നത്. അദ്ദേഹത്തിന്റെ നിലപാടെന്താണെന്ന് വളരെ വ്യക്തമാണ്. അത് മനസ്സിലാക്കി പ്രവർത്തിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

കാർഷിക മേഖലയുടെ അനുബന്ധമേഖലയാണ് മൃഗസംരക്ഷണവും ക്ഷീരോൽപ്പാദാനവുമെന്ന് നമുക്കറിയാവുന്ന കാര്യമാണ്. കാർഷിക മേഖല കടുത്ത വെല്ലുവിളികളെയും പ്രതിസന്ധികളെയും നേരിടുന്നു. കോവിഡിന്റെയും പ്രകൃതിക്ഷോഭത്തിന്റെയും പശ്ചാത്തലത്തിൽ കാർഷിക മേഖല കടുത്ത പ്രതിസന്ധി നേരിടുന്നു. അവിടെ അല്പമെങ്കിലും താങ്ങായി നിൽക്കുന്നത് മൃഗസംരക്ഷണവും ക്ഷീരമേഖലയുമാണ്. ആ മേഖലയിൽ സാധാരണക്കാരായ ആളുകളാണ് കഠിനാധ്വാനം ചെയ്യുന്നത്. അതിൽ ഭൂരിഭാഗവും സ്ത്രീകളാണ് പ്രവർത്തിക്കുന്നത്. നമ്മൾ ക്ഷീരസംഘങ്ങളുടെ പരിപാടികളിൽ പോകുന്നവരാണ്. അവിടെ സംഘാംഗങ്ങളായി വരുന്നവരെല്ലാം സാധാരണക്കാരാണ്. ക്ഷീരമേഖലയെ തന്നെ പിടിച്ചുനിർത്തുന്നത് ക്ഷീരസംഘങ്ങളും അതിന്റെ മേഖലാ സംഘങ്ങളും

മിൽമയുമാണ്. നമ്മൾ പ്രയാർ ഗോപാലകൃഷ്ണനെക്കുറിച്ച് പറഞ്ഞതെന്താണ്? അദ്ദേഹത്തെക്കുറിച്ച് ഓർമ്മിച്ചതെന്താണ്? കേരളം കണികണ്ടുണരുന്ന നന്മയായി മിൽമയെന്ന പ്രസ്ഥാനത്തെ വളർത്തിയതാണ് പ്രയാർ ഗോപാലകൃഷ്ണന്റെ നന്മായി നമ്മൾ കണ്ടത്. ഇന്ന് ക്ഷീരമേഖല വലിയ പ്രതിസന്ധിയിൽ നിൽക്കുന്നു. ഉൽപ്പാദന ചെലവ് കൂടുന്നു, കാലിത്തീറ്റയുടെ വില കൂടുന്നു, പുല്ലിന്റെ വില കൂടുന്നു, സബ്സിഡി ന്യായമായി ലഭിക്കുന്നില്ല, സഹായിക്കാൻ പദ്ധതികൾ വേണം, പാൽ വില കൂട്ടണം, കർഷകർക്ക് കുറഞ്ഞ പ്രീമിയത്തിൽ ഇൻഷ്വറൻസ് നൽകണം, തൊഴിലുറപ്പിൽ ഈ ക്ഷീരമേഖലയെ ഉൾപ്പെടുത്തണം, മൃഗ സംരക്ഷണ വകുപ്പിൽ ആവശ്യമായ ഡോക്ടർമാരില്ല, മരുന്നില്ല, മരുന്നുവേണം, കെ.എൽ.ഡി. (കേരള ലൈവ്സ്റ്റോക്ക് ഡെവലപ്മെന്റ്) ബോർഡ് കാര്യക്ഷമമാക്കണം, പുൽക്കൃഷിക്ക് കൂടുതൽ തുക നൽകണം, മറ്റ് പെൻഷൻ ലഭിക്കുന്നതിന്റെ പേരിൽ ക്ഷീര കർഷകർ അടയ്ക്കുന്ന സംഖ്യയ്ക്ക് ആനുപാതികമായി കിട്ടേണ്ട പെൻഷൻ ക്ഷീര കർഷകർക്ക് നിഷേധിക്കുന്ന നടപടി അവസാനിപ്പിക്കണം, അതുപോലെ പെൻഷൻ ലഭിക്കാത്തവർക്ക് അംശദായ തുക തിരിച്ചുനൽകണം തുടങ്ങിയ ന്യായമായ കാര്യങ്ങളാണ്

ക്ഷീരമേഖലയിൽ സർക്കാർ ചെയ്യേണ്ടത്. എന്നാൽ സർക്കാർ ഇക്കാര്യങ്ങളൊന്നും പരിഗണിക്കുന്നില്ല. ജനാധിപത്യ വിരുദ്ധമായ മാർഗ്ഗത്തിൽ ക്ഷീരസംഘങ്ങളുടെ ഭരണം കയ്യടക്കാനാണ് കേരളത്തിലെ സർക്കാർ ഇന്ന് ശ്രമിച്ചുകൊണ്ടിരിക്കുന്നത്. അതിന്റെ ഏറ്റവും വലിയ ഉദാഹരണമാണ് തിരുവനന്തപുരത്തെ മേഖല യൂണിയൻ കയ്യടക്കുന്നതിനുവേണ്ടി അതിനെ പിരിച്ചുവിട്ട നടപടി. മേഖലാ യൂണിയന്റെ കീഴിലുള്ള 56 പ്രൈമറി സംഘങ്ങളും പിരിച്ചുവിട്ടു. എന്നിട്ട് അവിടെ അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി രൂപീകരിച്ചു. യു.ഡി.എഫ്.-ന്റെ സംഘങ്ങളെയാണ് പിരിച്ചുവിട്ടത്. എന്നിട്ടും മേഖലാ യൂണിയൻ തെരഞ്ഞെടുപ്പിൽ യു.ഡി.എഫ്. ജയിക്കുമെന്ന് വന്നപ്പോൾ അഡ്മിനിസ്ട്രേറ്റർമാർക്ക് വോട്ടവകാശമില്ല. എൽ.ഡി.എഫ്.-ന്റെ ഗവൺമെന്റ് 2021-ൽ കൊണ്ടുവന്ന സഹകരണസംഘം നിയമത്തിലെ 28-ാം വകുപ്പിൽ വരുത്തിയ ഭേദഗതി അനുസരിച്ച് ഈ അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിക്കോ അഡ്മിനിസ്ട്രേറ്റർക്കോ വോട്ടവകാശമില്ല. പ്രസിഡന്റിനാണ് വോട്ട്. അതായത്, ആനന്ദ് മോഡൽ സംഘത്തിന്റെ ഇലക്ടഡ് പ്രസിഡന്റിനാണ് വോട്ടവകാശമുള്ളത്. അങ്ങനെ അവർ വോട്ട് ചെയ്യാതെ വന്നപ്പോൾ ഈ

പിരിച്ചുവിടലിന്റെ ഫലം കിട്ടിയില്ല. അതുകൊണ്ടാണ് മുൻകാലപ്രാബല്യത്തോടെ ഓർഡിനൻസും നിയമ ഭേദഗതിയും കൊണ്ടുവന്ന് അഡ്മിനിസ്ട്രേറ്റർക്ക് വോട്ടവകാശം നൽകിക്കൊണ്ട് ക്ഷീരമേഖലയെ കൈക്കലാക്കാൻ നോക്കിയത്. അവിടെയാണ് 'ക്ഷീരമുള്ളോരകിടിൻ ചുവട്ടിലും, ചോരതന്നെ നിങ്ങൾക്ക് കൗതുകം'. ഞങ്ങൾക്കല്ല, നിങ്ങൾക്കാണ് ചോര കൗതുകം, നിങ്ങൾക്ക് ഭരണ നേതൃത്വമാണ് വേണ്ടത്. കണ്ടല സർവ്വീസ് ബാങ്കിൽ സഹകരണ വകുപ്പുനടത്തിയ 65-ാം വകുപ്പ് പ്രകാരമുള്ള അന്വേഷണത്തിൽ 100 കോടി രൂപയുടെ ക്രമക്കേട് നടത്തിയ വ്യക്തിയെയാണ് തിരുവനന്തപുരത്ത് ക്ഷീര സംഘത്തിന്റെ അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയുടെ മേഖലാ കൺവീനറായി നിയമിച്ചിരിക്കുന്നത്. ഇത്തരത്തിൽ കേരളത്തിലെ ക്ഷീരമേഖലയെ ഇന്നത്തെ സർക്കാർ തകർക്കുകയാണ്. അതിനുപകരം ക്ഷീര കർഷകരുടെ ന്യായയുക്തമായ ആവശ്യങ്ങൾ അംഗീകരിക്കാനും ഈ മേഖലയ്ക്കാവശ്യമായ പ്രോത്സാഹനങ്ങൾ നൽകാനും ക്ഷീര കർഷകരുടെ പ്രതിനിധികളുമായി ചർച്ച ചെയ്യാനും ഇതിലെ ജനാധിപത്യ ധ്വംസനം അവസാനിപ്പിക്കാനും കഴിയണം. അത് പ്രധാനമായൊരു കാര്യം തന്നെയാണ്. സഹകരണ

നിയമത്തിൽ ഏറ്റവും പ്രധാനപ്പെട്ട കാര്യം ജനാധിപത്യമാണ്. ആ ജനാധിപത്യത്തെ ധ്വംസനം ചെയ്യുന്നു. സഹകരണരംഗം ജനാധിപത്യ വിരുദ്ധ പ്രവർത്തനങ്ങളുടെ ഒരു വലിയ മേഖലയായി മാറിക്കഴിഞ്ഞിരിക്കുന്നു എന്നാണ് തൊടുപുഴയിലെ ഒരു സംഘത്തിന്റെ കേസ്സിൽ ബഹുമാനപ്പെട്ട കേരള ഹൈക്കോടതി കഴിഞ്ഞദിവസങ്ങളിൽ പറഞ്ഞത്. അതുകൊണ്ട് സഹകരണരംഗത്തെയും ക്ഷീരമേഖലയെയും തകർക്കുന്ന ജനാധിപത്യ ധ്വംസനം അവസാനിപ്പിക്കണം. ക്ഷീരകർഷകരുടെ യഥാർത്ഥ പ്രതിനിധികളുമായി ഗവൺമെന്റ് ചർച്ച ചെയ്ത് പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കണം. മൃഗസംരക്ഷണ വകുപ്പും അതിനനുസരിച്ച് കാര്യക്ഷമമാകണം എന്നാവശ്യപ്പെട്ടുകൊണ്ട് ഞാൻ ഈ പ്രമേയങ്ങളെ ഒരിക്കൽക്കൂടി എതിർക്കുന്നു.

ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി (ശ്രീ. ജി. ആർ. അനിൽ): സർ, ഈ ധനാഭ്യർത്ഥന ചർച്ചകളിൽ ബഹുമാനപ്പെട്ട ഭരണ-പ്രതിപക്ഷാംഗങ്ങൾ നൽകിയ നിർദ്ദേശങ്ങളെയും വിമർശനങ്ങളെയും ഞാൻ സ്വാഗതം ചെയ്യുന്നു. വളരെ സന്തോഷം തോന്നുന്നൊരുകാര്യം ഈ സഭയിൽ ഞാനൊരു കന്നിക്കാരനാണെങ്കിലും ഈ സഭയുടെ ചരിത്രത്തിൽ ഭക്ഷ്യ

വകുപ്പിനെക്കുറിച്ചുള്ള ചർച്ചയിൽ വിലക്കയറ്റമെന്നൊരു വാക്ക് പറയാതെ ചർച്ച നടന്ന ഒരു സഭാ സമ്മേളനമാണ് ഇതെന്ന കാര്യം ഞാൻ പറയുകയാണ്. അത് പിണറായി വിജയൻ സർക്കാരിന്റെ ഫലപ്രദമായ വിപണി ഇടപെടലിന്റെ സൂചനയാണ് കാണിക്കുന്നത്. ഇവിടെ നിരവധി വിഷയങ്ങൾ ചർച്ചയിലും വിമർശനത്തിലും വന്നു. ഒന്നുരണ്ട് കാര്യങ്ങളിൽ ക്ലാരിഫിക്കേഷൻ ആവശ്യമാണ്. ഒന്ന്, ബഹുമാനപ്പെട്ട അംഗം ശ്രീ. നജീബ് കാന്തപുരം ഭക്ഷ്യ വകുപ്പുമായി ബന്ധപ്പെട്ട വിഷയങ്ങളല്ല പറഞ്ഞതെന്നകാര്യം സൂചിപ്പിക്കുകയാണ്. ഇവിടെ തെറ്റിദ്ധാരണയുണ്ടാകുന്ന ഒന്നുരണ്ടുകാര്യങ്ങൾ പറഞ്ഞു. സപ്ലൈകോയുടെ പാക്കിംഗ് ജോലികൾ റെയിഡ്കോയ്ക്ക് കൈമാറിയെന്ന് പറഞ്ഞത് തെറ്റിദ്ധാരണാജനകമാണ്. അങ്ങനെയൊരു സംഭവമില്ല. എന്നാൽ ശബരി എന്ന പേരിൽ പ്രീമിയം ക്വാളിറ്റിയുള്ള ബ്രാൻഡഡ് ഉൽപ്പന്നങ്ങൾ സപ്ലൈകോ വിപണനം ചെയ്യുന്നുണ്ട്. കറിപ്പൊടികൾ, ജീരകം, ഉലുവ, കടുക് എന്നിവ റെയിഡ്കോ ശബരി ബ്രാൻഡായി തയ്യാറാക്കി സപ്ലൈകോ നൽകുന്നുണ്ട്. അതിന്റെ ക്വാളിറ്റിയുടെ വ്യത്യാസമനുസരിച്ച് വിലയിൽ ചെറിയ വ്യത്യാസമുണ്ടാകും. അതല്ലാതെ നിലവിൽ സപ്ലൈകോ ജീവനക്കാർക്കുണ്ടായിരുന്ന ജോലി

നഷ്ടപ്പെടുന്ന തരത്തിലുള്ള ഒരു നിലപാടും സ്വീകരിച്ചിട്ടില്ല. ഇത്തരം വിഷയങ്ങളെല്ലാംതന്നെ വളരെ സുതാര്യമായ നടപടി ക്രമങ്ങളിലൂടെയാണ് നിർവ്വഹിക്കുന്നത്. കുട്ടികളുടെ ഉച്ചഭക്ഷണത്തിനുള്ള അരി റേഷൻകടകൾവഴി നൽകണമെന്ന് ആവശ്യപ്പെട്ടത് ആലോചിക്കാവുന്നതാണ്. റേഷൻ വിതരണവുമായി ബന്ധപ്പെട്ട് റേഷൻ വ്യാപാരികൾക്ക് നൽകുന്ന കമ്മിഷനെക്കുറിച്ച് പറഞ്ഞതിൽ, 45 ക്വിന്റൽവരെ വില്പന നടത്തുന്നവർക്ക് 18000 രൂപയ്ക്കുപുറമെ ഓരോ ക്വിന്റലിനും 180 രൂപ നിരക്കിൽ കമ്മിഷൻ നൽകുന്നുണ്ട്. ബഹുമാന്യനായ അംഗം അതിനെ സംബന്ധിച്ച് നന്നായി മനസ്സിലാക്കിയോ എന്നറിയില്ല. എല്ലാ റേഷൻ കടകൾക്കും 18000 രൂപമാത്രം കമ്മിഷൻ ലഭിക്കുന്ന രീതിയല്ല. ആകെയുള്ള പതിനാലായിരത്തോളം കടകളിൽ 18000 രൂപവരെ കമ്മിഷൻ ലഭിക്കുന്ന റേഷൻ കടകൾ 2068 എണ്ണം മാത്രമാണ്. 20000 മുതൽ 30000 രൂപ വരെ കമ്മിഷൻ ലഭിക്കുന്ന 6654 കടകളും 30000 രൂപ മുതൽ 40000 രൂപവരെ കമ്മിഷൻ ലഭിക്കുന്ന 3344 കടകളും 40000 രൂപ മുതൽ 50000 രൂപവരെ കമ്മിഷൻ ലഭിക്കുന്ന 1275 കടകളുമുണ്ട്. അങ്ങനെ നോക്കിയാൽ ഒരു ലക്ഷം രൂപവരെ കമ്മിഷൻ ലഭിക്കുന്ന കടകളും

കേരളത്തിലുണ്ടെന്നുള്ളത് യാഥാർത്ഥ്യമാണെന്ന് ബഹുമാനപ്പെട്ട അംഗം അറിയേണ്ടതാണ്.

കോവിഡ് കാലത്ത് റേഷൻ വ്യാപാരികൾ കിറ്റ് വിതരണം ചെയ്തതുമായി ബന്ധപ്പെട്ട് ഇപ്പോഴും ചില ചർച്ചകൾ നടക്കുന്നുണ്ട്. അത് ഗവൺമെന്റിന്റെ നയപരമായ കാര്യമാണ്. അതുസംബന്ധിച്ച് വളരെ വ്യക്തമായി ഒന്നുകൂടി ഈ സഭയിൽ ആവർത്തിക്കുകയാണ്. കിറ്റ് വിതരണം ചെയ്ത വകയിൽ ആവശ്യപ്പെടുന്ന തുക നൽകേണ്ടതില്ലെന്നാണ് സർക്കാരിന്റെ നയപരമായ നിലപാട്. കോവിഡ് മഹാമാരി ഘട്ടത്തിൽ ജനങ്ങൾക്ക് ആശ്വാസം പകരാൻ ഗവൺമെന്റെടുക്കുന്ന ഒരു വലിയ സംരംഭത്തെ സഹായിക്കുന്ന നിലപാടാണ് എല്ലാവരും സ്വീകരിക്കേണ്ടത്. എന്നാൽ റേഷൻ വ്യാപാരികളുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട കേരള ഹൈക്കോടതി ഉത്തരവിൽ പറയുന്ന വിഷയം ഗൗരവമായിത്തന്നെ കാണുന്നുണ്ട്. ആ വകയിൽ കുടിശ്ശികയുള്ള തുക നൽകണമെന്നാണ് കോടതി പറയുന്നത്. കോടതി പറയുന്ന കുടിശ്ശികത്തുക നൽകാൻ സർക്കാർ ബാധ്യസ്ഥമാണ്. അത് പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

മുൻഗണനാ കാർഡുകൾ തരംമാറ്റി നൽകിയതിനെ സംബന്ധിച്ച് ബഹുമാനപ്പെട്ട പ്രതിപക്ഷാംഗങ്ങൾ വളരെ ആവേശത്തോടെ പറയുകയുണ്ടായി. ഇനിയും ധാരാളം ആളുകൾക്ക് അത്തരമൊരു സാഹചര്യത്തിലേയ്ക്ക് എത്തേണ്ടതുണ്ടെന്നുള്ളത് രണ്ടുകൂട്ടർക്കും തർക്കമുള്ള വിഷയമല്ല.

ശ്രീ. എം. വിൻസെന്റ്: സർ, വഴങ്ങുമോ? രാഷ്ട്രീയ വിഷയമല്ല.

ശ്രീ. ജി. ആർ. അനിൽ: സർ, ഞാൻ സംസാരിച്ചതിനുശേഷം വഴങ്ങാം. ഭരണ-പ്രതിപക്ഷ അംഗങ്ങളെല്ലാവരും അറിയേണ്ടത്, ഇതിനകത്ത് ഒരു രാഷ്ട്രീയവുമില്ല. ഇത് ഇവിടെയിരിക്കുന്നവരുടെ മാത്രം പ്രശ്നമല്ല. കേരളത്തിലെ മുഴുവൻ ജനങ്ങളുടെയും വിഷയങ്ങളാണ്. അതുകൊണ്ടുതന്നെ ഗവൺമെന്റ് ആ നിലയിലാണ് ഈ വിഷയങ്ങളെയെല്ലാം കാണുന്നത്. ഗുണഭോക്താക്കളുടെ എണ്ണം പരിമിതപ്പെടുത്തിയത് ആരാണ്? നമ്മുടെ രാജ്യത്തെ യു.പി.എ. ഗവൺമെന്റാണ് കേരളത്തിലെ ഗുണഭോക്താക്കളുടെ എണ്ണം 43 ശതമാനമായി പരിമിതപ്പെടുത്തിയത്. ആ ഗവൺമെന്റിന്റെ കാലത്താണ് കേരളത്തിനോട് ഈ നിലപാട് സ്വീകരിച്ചത്. അങ്ങനെ 43 ശതമാനമായി

പരിമിതപ്പെടുത്തിയതിൽ കേരളം വിട്ട് മറ്റ് സ്റ്റേറ്റുകളിലേത് പരിശോധിച്ചു നോക്കണം. എൻ.എഫ്.എസ്.എ. നടപ്പാക്കിയപ്പോൾ കേരളത്തിലെ ഗ്രാമീണമേഖലയിൽ 52-ഉം നഗരമേഖലയിൽ 39-ഉം ശതമാനമായി പരിമിതപ്പെടുത്തിയപ്പോൾ ആസ്സാം, ബീഹാർ, ഛത്തീസ്ഗഢ്, ഗുജറാത്ത്, ഝാർഖണ്ഡ്, ഉത്തർപ്രദേശ്, മഹാരാഷ്ട്ര എന്നീ സംസ്ഥാനങ്ങളിൽ റൂറൽ-അർബൻ പ്രാതിനിധ്യം യഥാക്രമം 80-ഉം 60-ഉം ശതമാനമാണ്. അതിന്റെ തോത് നോക്കുമ്പോൾ ഡൽഹി ഒഴികെ മറ്റെല്ലാ സംസ്ഥാനങ്ങളും കേരളത്തെക്കാൾ മുന്നിലാണ്. ഡൽഹി മാത്രമാണ് കേരളത്തിന് പിന്നിലുള്ളത്. ആ നിലപാട് സ്വീകരിച്ചതിനെ സംബന്ധിച്ച് നിങ്ങളാരും മറന്നുപോകരുത്.

കേരളത്തിൽ 'വിശപ്പുരഹിത കേരളം' പദ്ധതി ഏറ്റവും കാര്യക്ഷമമായി നടപ്പാക്കാനാണ് ഭക്ഷ്യ-പൊതുവിതരണ വകുപ്പ് കഴിഞ്ഞ ഒരു വർഷം ശ്രമിച്ചത്. കേരളത്തിലെ ഒരാൾപോലും പട്ടിണി കിടക്കാൻ പാടില്ല. ഉച്ചയ്ക്ക് ഭക്ഷണം കഴിക്കാതെ ഒരാൾപോലും വിശന്നിരിക്കുന്ന അവസ്ഥയുണ്ടാകാൻ പാടില്ല. ഭരണപക്ഷാംഗങ്ങളിൽ പലരും അതിന്റെ കണക്കുകൾ വ്യക്തമായി ഇവിടെ പറഞ്ഞതുകൊണ്ട് അതിന്റെ വിശദാംശങ്ങളിലേയ്ക്ക് കടക്കുന്നില്ല.

സംസ്ഥാനത്ത് അത്തരത്തിലൊരു സമീപനം സ്വീകരിച്ചതിന്റെ ഫലമായി, ഈ ഗവൺമെന്റ് ചുമതലയെടുത്തതിനുശേഷം കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ 229680 പുതിയ റേഷൻ കാർഡുകൾ കൊടുത്തിട്ടുണ്ട്. ഇക്കാര്യം നേരത്തെ ഇവിടെ പലരും പറഞ്ഞതാണെങ്കിലും ഞാനത് ഒന്നുകൂടി വ്യക്തമാക്കുകയാണ്. പല രൂപത്തിൽ കാർഡ് നിഷേധിക്കപ്പെട്ട കേരളത്തിലെ എല്ലാ ആളുകൾക്കും റേഷൻ കാർഡ് എന്നതാണ് ഗവൺമെന്റിന്റെ നയം. അത്തരത്തിൽ കാർഡ് നിഷേധിക്കപ്പെട്ട മുഴുവൻ ആളുകൾക്കും സ്വന്തം അഫിഡവിറ്റിൽ കാർഡ് കൊടുക്കാനുള്ള ഉദാരമായ നിലപാടാണ് സ്വീകരിച്ചത്. കേരളത്തിൽ 47 സുഭിക്ഷ ഹോട്ടലുകൾ പുതുതായി ആരംഭിക്കുകയുണ്ടായി. അവിടെ 20 രൂപയ്ക്കാണ് ഉച്ചഭക്ഷണം കൊടുക്കുന്നത്. വിശപ്പുരഹിത കേരളമാക്കി മാറ്റണമെന്നുള്ള ഗവൺമെന്റിന്റെ കാഴ്ചപ്പാടാണ് ആ നിലയിൽ നൽകാൻ കഴിഞ്ഞത്.

കേരളത്തിലെ ഭക്ഷ്യ-പൊതുവിതരണ വകുപ്പുമായി ബന്ധപ്പെട്ട് നിരവധി അപേക്ഷകളാണ് ദിനംപ്രതി വന്നുകൊണ്ടിരിക്കുന്നത്. കഴിഞ്ഞ ഒരു വർഷത്തെ കണക്കുകൾ പരിശോധിക്കുമ്പോൾ 2544584 അപേക്ഷകൾ ഈ വകുപ്പിന്റെ വിവിധ ഓഫീസുകളിലായി വന്നിട്ടുണ്ട്. അതിൽ 2522033

എണ്ണത്തിന് ഈ കാലയളവിൽ തീർപ്പുകല്പിക്കാൻ കഴിഞ്ഞിട്ടുണ്ടെന്നുള്ളത് വളരെ ശ്രദ്ധേയമായ കാര്യമാണ്. 99.11 ശതമാനം അപേക്ഷകൾക്കും തീർപ്പുകല്പിക്കാൻ കഴിഞ്ഞുവെന്നുള്ളത് ചെറിയൊരു കാര്യമായി ഞാൻ കാണുന്നില്ല. ഒന്നുരണ്ട് പ്രതിപക്ഷ എം.എൽ.എ.-മാർ സൂചിപ്പിച്ച വിഷയം, അവരുടെ അപേക്ഷയിന്മേൽ വളരെ ഗൗരവമായിട്ടാണ് ഭക്ഷ്യ-പൊതുവിതരണ വകുപ്പും ബന്ധപ്പെട്ട വകുപ്പുകളിലെ മറ്റ് ഓഫീസുകളും കാണുന്നത്. അത്തരം വിഷയങ്ങളുടെ വിശദാംശങ്ങളിലേയ്ക്ക് പോകുന്നില്ല. ഒരു അപേക്ഷ ലഭിച്ചാൽ നിശ്ചിത സമയത്തിനകം അത് പരിഹരിച്ചുകൊടുക്കുന്നതിനാവശ്യമായ നടപടി ഊർജ്ജിതമായിട്ടാണ് നിർവ്വഹിക്കുന്നത്. അക്കാര്യത്തിൽ കൂടുതൽ ശ്രദ്ധിക്കാൻ തയ്യാറാകുന്നതാണ്.

മുൻഗണനാ കാർഡിനെ സംബന്ധിച്ച് പല അംഗങ്ങളും സൂചിപ്പിച്ച കണക്കുകളെക്കുറിച്ച് വീണ്ടും വിശദമായി പറയുന്നില്ല. അനർഹമായി വച്ചിരുന്ന 172312 ഉടമകളുടെ കാർഡുകൾ തിരിച്ചേല്പിക്കുകയുണ്ടായി. അത് കേരളത്തിന് വളരെ സഹായകരമാകുന്ന അവസ്ഥയുണ്ടായി. അതുകൊണ്ടുതന്നെ കേരളത്തിൽ മുൻഗണനാ കാർഡിന് അപേക്ഷയുമായി

വന്ന ആളുകളെ രണ്ട് ഘട്ടങ്ങളിലായി, ആദ്യഘട്ടത്തിലും രണ്ടാമത്തെ ഗവൺമെന്റിന്റെ നൂറുദിന പരിപാടിയുമായി ബന്ധപ്പെട്ടും, ഒരു വർഷത്തിനുള്ളിൽ 254239 മുൻഗണനാ റേഷൻ കാർഡുകൾ അർഹരായവരുടെ കൈകളിലെത്തിക്കാൻ ഈ ഗവൺമെന്റിന് കഴിഞ്ഞിട്ടുണ്ട്.

അതുപോലെ വിപണി ഇടപെടലിനെ സംബന്ധിച്ച് ഇവിടെ പറഞ്ഞു. വിപണി ഇടപെടലിൽ സപ്ലൈകോയുടെ പ്രവർത്തനം വളരെ ശ്രദ്ധേയമായ പങ്കാണ് നിർവ്വഹിച്ചത്. 2016 മുതൽ 13 ഇനം നിത്യോപയോഗ സാധനങ്ങൾക്ക് ഒരു പൈസപോലും വില വർദ്ധിപ്പിച്ചിട്ടില്ലെന്നുമാത്രമല്ല അത്തരം ഉല്പന്നങ്ങളുടെ ക്വാളിറ്റി പരമാവധി മെച്ചപ്പെടുത്താനും അതിന്റെ ക്വാണ്ടിറ്റി നൂറ് ശതമാനം ഉറപ്പുവരുത്താനും ശ്രദ്ധേയമായ ഇടപെടൽ നടത്തിയിട്ടുണ്ട്. ഉത്സവ സീസണുകളിൽ സംസ്ഥാനത്ത് വ്യാപകമായി ഉത്സവ ചന്തകൾ സപ്ലൈകോ ആരംഭിക്കുകയുണ്ടായി. കഴിഞ്ഞ ക്രിസ്തുമസും ബക്രീദുമായി ബന്ധപ്പെട്ട കാലയളവിൽ 700 കേന്ദ്രങ്ങളിൽ സപ്ലൈകോയുടെ സഞ്ചരിക്കുന്ന മാവേലിസ്റ്റോറിലൂടെ ശബരി ഉല്പന്നങ്ങളടക്കം വിൽക്കാൻ കഴിയുന്ന സാഹചര്യമുണ്ടാക്കി. ഈ ഗവൺമെന്റാണെങ്കിലും കഴിഞ്ഞ

ഗവൺമെന്റാണെങ്കിലും കോവിഡ് കാലത്ത് സൗജന്യ ഭക്ഷ്യകിറ്റ് വിതരണം ചെയ്ത വകയിൽ 2020-21 സാമ്പത്തിക വർഷം 3760.84 കോടി രൂപയും 2021-22 സാമ്പത്തിക വർഷം 1734.82 കോടി രൂപയും ഉൾപ്പെടെ 5504.66 കോടി രൂപ സംസ്ഥാന സർക്കാർ ചെലവഴിച്ചിട്ടുണ്ട്. നിങ്ങൾക്ക് രാഷ്ട്രീയമായി വേണമെങ്കിൽ എതിർക്കാം. പക്ഷേ, ഇത്തരമൊരു നിലപാട് സ്വീകരിച്ച ഏതെങ്കിലുമൊരു സംസ്ഥാനം ഇന്ത്യയിൽ ചൂണ്ടിക്കാണിക്കാനാകുമോ?

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

ഇതിനുപുറമെയാണ് വിപണി ഇടപെടലിന്റെ ഭാഗമായി 13 ഇന അവശ്യവസ്തുക്കൾക്ക് കഴിഞ്ഞ 2 വർഷമായി 480 കോടി രൂപ സംസ്ഥാന സർക്കാർ ചെലവഴിച്ചത്. 13 ഇന ഉല്പന്നങ്ങൾ സബ്സിഡി വിലയ്ക്ക്, ഉല്പാദനകേന്ദ്രത്തിലെ വിലയേക്കാൾ കുറച്ച് കൊടുക്കുന്ന സംസ്ഥാനമാണ് കേരളം. അങ്ങനെ ആ ഇനത്തിൽ 480 കോടി രൂപ ചെലവഴിച്ചു. ഈ കാലയളവിൽ 71 പുതിയ മാവേലിസ്റ്റോറുകൾ ആരംഭിക്കാനും നിലവിലുള്ളവ നവീകരിക്കാനും കഴിഞ്ഞിട്ടുണ്ട്. ഈ കാലയളവിൽ കാർഷികമേഖലയിൽ വലിയ മാറ്റമാണ് നമുക്കുണ്ടാക്കാൻ കഴിഞ്ഞത്. 2016-ൽ നെല്ല് സംഭരണം

ആരംഭിച്ചതാണ്. 2022 ആകുമ്പോൾ അതിന്റെ മാറ്റം നമുക്ക് കാണാൻ കഴിയും. 4 ലക്ഷമായിരുന്നത് ഇന്നിപ്പോൾ 748000 മെട്രിക് ടണ്ണായി വർദ്ധിപ്പിക്കാൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്. നെല്ലുല്പാദനത്തിലേയ്ക്ക് കർഷകരെ തിരിച്ചുകൊണ്ടുവരാൻ ഇടപെടൽ നടത്തി. ഞാൻ കഴിഞ്ഞ ദിവസം കുട്ടനാട് പാടശേഖരങ്ങളിൽ പോകുകയുണ്ടായി. അവിടെ ചിത്തിര പാടശേഖരസമിതി രണ്ടാം കൃഷിയിലേയ്ക്കിറങ്ങുന്ന നിലപാട് സ്വീകരിച്ചു. ചിത്തിരയിൽ ഏകദേശം 2000 ടൺ നെല്ലാണ് ഉല്പാദിപ്പിക്കുന്നത്. രണ്ടാമത്തെ സീസൺകൂടി ഇറക്കുമ്പോൾ അവർക്ക് 4000 ടൺ നെല്ലുല്പാദിപ്പിക്കാൻ കഴിയും. എങ്ങനെയാണ് കൃഷിക്കാർ ഈ നിലയിലേയ്ക്ക് തിരിച്ചുവന്നത്? നെല്ലുല്പാദനരംഗത്തുനിന്നും പൂർണ്ണമായും ഉപേക്ഷിച്ചുപോയ കർഷകരെ തിരിച്ചുകൊണ്ടുവരാൻ കഴിഞ്ഞ ആറ് വർഷമായി കേരളത്തിലെ ഗവൺമെന്റ് ശ്രദ്ധേയമായ ഇടപെടലാണ് നടത്തിയത്. നെല്ലിന് കിലോയ്ക്ക് 28 രൂപ വിലനൽകി സംഭരിക്കുന്ന ഇൻഡ്യയിലെ ഏതെങ്കിലും ഒരു സംസ്ഥാനം നിങ്ങൾക്ക് പറയാൻ കഴിയുമോ? അത് 28 രൂപ 20 പൈസയാകാൻ പോകുകയാണ്. 2021-22 വർഷത്തിൽ 7.48 ലക്ഷം മെട്രിക് ടൺ നെല്ല് സംഭരിക്കാൻ കഴിഞ്ഞു. ഈ വർഷത്തെ നെല്ല് സംഭരണവുമായി ബന്ധപ്പെട്ട്

254058 കർഷകർക്കായി 2095.45 കോടി രൂപയാണ് നൽകേണ്ടത്. അതിൽ 246776 കർഷകർക്കായി 2054.84 കോടി രൂപ നൽകിക്കഴിഞ്ഞു. ബാക്കി നടന്നുകൊണ്ടിരിക്കുന്ന കണക്ക് സെറ്റിൽ ചെയ്യേണ്ട വിഷയങ്ങൾ മാത്രമേയുള്ളൂ. അത്തരത്തിൽ കർഷകരോട് വളരെ അനുഭാവപൂർണ്ണമായ സമീപനമാണ് സ്വീകരിക്കുന്നത്. ഉല്പാദനവുമായി ബന്ധപ്പെട്ട് കർഷകർക്ക് കൃഷിവകുപ്പ് നൽകുന്ന ഒരുപാട് സബ്സിഡിക്കും സൗജന്യങ്ങൾക്കും പുറമെയാണ് സംഭരണവുമായി ബന്ധപ്പെട്ട് ഗവൺമെന്റ് ഈ നിലയിലേയ്ക്ക് നിലപാട് സ്വീകരിച്ചതെന്നാണ് ഞാൻ പറഞ്ഞത്. അതുകൊണ്ട് നെല്ല് സംഭരിക്കുന്ന കർഷകരോട് നേരിട്ട് ചോദിക്കണം. ചില വിമർശനങ്ങളുണ്ടായേക്കാം, ആ വിമർശനങ്ങൾക്ക് പരിഹാരം കാണാം. 2016-ൽ 4.52 ലക്ഷം മെട്രിക് ടൺ നെല്ല് സംഭരിച്ച സ്ഥാനത്ത് 2021-22 ആകുമ്പോൾ 7.45 ലക്ഷം മെട്രിക് ടണ്ണായി വർദ്ധിപ്പിക്കാൻ കഴിഞ്ഞത് ചെറിയ കാര്യമാണോ; നെൽകൃഷിയെ പ്രോത്സാഹിപ്പിക്കുന്ന ഈ നിലപാടിനെക്കുറിച്ച് നിങ്ങൾ കാണണ്ടേ?

ഇവിടെ ആദിവാസി ഊരുകളിലെ ഭക്ഷ്യധാന്യങ്ങളുടെ വിതരണത്തെക്കുറിച്ച് പറഞ്ഞു. ഉൾവനങ്ങളിലെ ആദിവാസി ഊരുകളിൽ

താമസിക്കുന്ന കാർഡുടമകൾക്ക് റേഷൻ കൈപ്പറ്റുന്നതിനുള്ള ബുദ്ധിമുട്ട് പല അംഗങ്ങളും ഈ സഭയിൽ സൂചിപ്പിച്ചിട്ടുണ്ട്. അത് കണക്കിലെടുത്തുകൊണ്ടാണ് 10 ജില്ലകളിലായി 119 ആദിവാസി ഊരുകളിൽ 'സഞ്ചരിക്കുന്ന റേഷൻ കട' പദ്ധതി വിജയകരമായി നടത്തിവരുന്നത്. ആ ഊരുകളിൽ ഭക്ഷ്യധാന്യങ്ങൾ കൊണ്ടുപോയി കൊടുക്കുകയാണ്. ഒരു പൈസ അവർക്ക് ചെലവില്ല. തൊട്ടടുത്ത റേഷൻ കടയിൽനിന്ന് കൃത്യമായി എത്തിക്കുന്ന നിലപാട് സ്വീകരിക്കുകയാണ്. ഞാൻ ഇത് പറയുമ്പോൾ ഇത്തരം പദ്ധതികളെല്ലാം, സഞ്ചരിക്കുന്ന റേഷൻകടകളുടെ കാര്യമാണെങ്കിലും പുതിയ മാവേലി സ്റ്റോറുകളുടെയും പുതുക്കിയ മാവേലി സ്റ്റോറുകളുടെയും സുഭിക്ഷ ഹോട്ടലുകളുടെയും കാര്യമാണെങ്കിലും മുൻഗണനാ കാർഡുകൾ മാറ്റി നൽകുന്ന കാര്യമാണെങ്കിലും ഇവയെല്ലാം കേരളത്തിന്റെ ആദരണീയനായ മുഖ്യമന്ത്രിയും ഭക്ഷ്യ വകുപ്പുമന്ത്രിയെന്ന നിലയ്ക്ക് ഞാനും ഉദ്ഘാടനം ചെയ്യുന്ന രീതിയല്ലല്ലോ; എത്രയോ സ്ഥലങ്ങളിൽ നിങ്ങൾതന്നെ നേരിട്ട് ഉദ്ഘാടനം ചെയ്തവരല്ലേ? അതുകൊണ്ടുതന്നെ ഈ പ്രവർത്തനങ്ങൾ ജനങ്ങൾക്കുണ്ടാക്കുന്ന മാറ്റത്തെ സംബന്ധിച്ച് നേരിട്ടറിയുന്നവരായതുകൊണ്ട്

ഞാൻ കൂടുതൽ വിശദമായി അത്തരം കാര്യങ്ങളിലേയ്ക്ക് കടക്കുന്നില്ല. ഒരു കാര്യം സൂചിപ്പിക്കുകയാണ്, റേഷൻകടകളിൽ ഇന്നുണ്ടായ മാറ്റം കാണാതെപോകരുത്. റേഷൻ കടകളിലെ മുൻകാലങ്ങളിലെ അനുഭവങ്ങളെക്കുറിച്ച് നേരത്തെ പല അംഗങ്ങളും ഇവിടെ സൂചിപ്പിച്ചു. എന്നാൽ ഘട്ടംഘട്ടമായി റേഷൻകടയുടെ മുഖച്ഛായ മാറുന്ന പ്രവർത്തനങ്ങളിലേയ്ക്ക് നമ്മൾ മാറിവരികയാണ്. നമുക്ക് ലഭിച്ചിരുന്ന അരിയാണെങ്കിലും മറ്റ് ഉല്പന്നങ്ങളാണെങ്കിലും നമുക്ക് ആഗ്രഹമുള്ള അല്ലെങ്കിൽ ആവശ്യമുള്ള തരത്തിലായിരുന്നില്ല. നമുക്കിഷ്ടമില്ലാത്ത പല ഉല്പന്നങ്ങളുമാണ് നമുക്ക് അടിച്ചേല്പിക്കപ്പെട്ടിരുന്നത്. എന്നാൽ എഫ്.സി.ഐ.-യുമായും കേന്ദ്രഗവൺമെന്റുമായും ചർച്ച നടത്തി, കേരളത്തിലെ മലയാളിക്ക് പ്രിയപ്പെട്ട ആന്ധ്ര, തെലുങ്കാന സ്റ്റേറ്റിലെ അരിതന്നെ, ജയ, സുരേഖ അരിതന്നെ നമുക്ക് വേണമെന്ന ആവശ്യം അവരെ ബോദ്ധ്യപ്പെടുത്തിയതിന്റെ ഫലമായി കഴിഞ്ഞമാസം മുതൽ കേരളത്തിലെ റേഷൻ കടകളിൽ പച്ചരിയും ജയ അരിയും സുരേഖ അരിയും മൊണ്ടേലു എന്ന നെൽവിത്തിന്റെ അരിയും വിതരണം ചെയ്യാൻ കഴിയുന്നുണ്ട്. അങ്ങനെ റേഷൻകടകളിൽ മുൻഗണനാ കാർഡുകാർ മാത്രമല്ല, മറ്റ്

കാർഡുകാരടക്കം ശരാശരി എടുക്കുമ്പോൾ 90 ശതമാനത്തിലധികംപേർ, 99 ശതമാനത്തിലധികം പേർ മുൻഗണനാ കാർഡുകാരായി. ആ നിലയിൽ റേഷൻകടകളിൽ വന്ന് ഇത്തരം ഉല്പന്നങ്ങൾ വാങ്ങിപ്പോകുന്നത് വളരെ സന്തോഷമുള്ള കാര്യമായി മാറിയിട്ടുണ്ട്. എഫ്.സി.ഐ.-യുമായി ബന്ധപ്പെട്ട് ഭക്ഷ്യധാന്യങ്ങളുടെ വിട്ടുതലിനെ സംബന്ധിച്ച ഒരുപാട് തർക്കങ്ങളും വഴക്കുകളുമൊക്കെയുണ്ടായിരുന്നു. എന്നാൽ ഇപ്പോൾ ആ വിഷയത്തെ സംബന്ധിച്ച് ജില്ലാ സപ്ലൈ ഓഫീസർ, റീജിയണൽ മാനേജർ, സപ്ലൈകോ ചുമതലയുള്ള ക്വാളിറ്റി അഷ്വറൻസ് ഓഫീസർ എന്നിവർ നേരിട്ട് പരിശോധിച്ച് ആ ഉല്പന്നങ്ങൾ വിട്ടുതൽ ചെയ്യുന്നതുകൊണ്ട് അത്തരം പ്രശ്നങ്ങൾ കുറെയേറെ മാറ്റാൻ കഴിഞ്ഞിട്ടുണ്ട്. ഞാനിത് പറഞ്ഞത്, നമ്മുടെ സുഹൃത്തുക്കളായ പ്രതിപക്ഷാംഗങ്ങൾ ഇവിടെ ചർച്ചയിൽ പങ്കെടുത്ത് സംസാരിച്ചപ്പോൾ കേന്ദ്രനിലപാടിനെതിരെ വിമർശനം പറയാൻ, കേന്ദ്ര നിലപാട് തുറന്നുകാണിക്കാൻ ഒരാളുപോലും തയ്യാറായില്ല. നിങ്ങൾ ഇങ്ങനെയൊരു അന്ധമായ രാഷ്ട്രീയ വിരോധികളായി മാറാമോ? ഇതിൽ നിങ്ങൾ കാണേണ്ടത് നമ്മുടെ രാജ്യം ഭരിക്കുന്ന ബി.ജെ.പി. ഗവൺമെന്റ് കേരളത്തോട് കാണിക്കുന്ന ക്രൂരമായ നിലപാട് നിങ്ങളും നിങ്ങളുമായി

ബന്ധപ്പെട്ട കുടുംബങ്ങളുമെല്ലാം അനുഭവിക്കുന്ന പ്രശ്നങ്ങളല്ലേ; ആ വിഷയങ്ങളോട് നിങ്ങൾക്ക് ഒരു പ്രതികരണം വേണ്ടേ? നിങ്ങളുടെ എ.ഐ.സി.സി. പ്രസിഡന്റ് കേരളത്തിലെ വയനാടിനെ പ്രതിനിധാനം ചെയ്യുന്ന എം.പി.-യല്ലേ; ഈ വിഷയത്തിൽ നിങ്ങൾക്ക് നിങ്ങളുടേതായ ഒരു പങ്കുണ്ട്. ആ പങ്ക് നിർവ്വഹിക്കാൻ നിങ്ങൾ തയ്യാറാകുന്നില്ല. ഇവിടെ ഒന്നുരണ്ട് അംഗങ്ങൾ സൂചിപ്പിച്ചു. 57 ശതമാനം കേരളീയരായ കാർഡുടമകൾക്ക് ലഭിച്ചിരുന്ന ഗോതമ്പാണ് പൂർണ്ണമായി നിർത്തലാക്കിയത്. മണ്ണെണ്ണയുടെ കാര്യം ഇവിടെ ചർച്ചയിൽ വന്നതാണ്. മത്സ്യത്തൊഴിലാളികളുടെ പതിനാലായിരത്തിലധികം യാനങ്ങൾക്കാവശ്യമായ മണ്ണെണ്ണ കൊടുക്കാൻ നമുക്ക് കഴിയുന്നില്ല. അവർ ക്വാണ്ടിറ്റി കുറച്ചുകൊണ്ടുവന്നു. ഇന്നത്തെ സ്ഥിതിയെന്താണ്? അവർക്ക് വിലകൂടിയ, 102 രൂപ വിലയുള്ള മണ്ണെണ്ണ 6 ദിവസത്തേയ്ക്ക് കൊടുക്കാനേ കഴിയുന്നുള്ളൂ. ബാക്കി ദിവസങ്ങളിൽ സംസ്ഥാനത്തെ ആയിരക്കണക്കിന് മത്സ്യത്തൊഴിലാളികൾ അവരുടെ ഉപജീവനത്തിനായി 147 രൂപ വിലകൊടുത്ത് മണ്ണെണ്ണ വാങ്ങി എഞ്ചിൻ ഉപയോഗിക്കേണ്ട അവസ്ഥയിലേയ്ക്കെത്തിയിരിക്കുകയാണ്. ഈ നിലപാട് നിങ്ങൾ

കാണണ്ടേ? അതുപോലെയാണ് ഗോതമ്പിന്റെ കാര്യത്തിലും. പ്രധാനമന്ത്രിയുടെ പദ്ധതിയനുസരിച്ച് നൽകിയിരുന്ന മുൻഗണനാ കാർഡുകാർക്കുള്ള ഗോതമ്പും അവസാനിപ്പിച്ചു. ആ രീതിയിൽ വരുമ്പോൾ നമ്മൾ വല്ലാത്ത പ്രയാസത്തിലാണ്. ജീവിതശൈലീരോഗങ്ങൾ കൂടുതലുള്ള കേരളത്തിൽ ഇതിന്റെ ആവശ്യം കൂടുകയാണ്. 37 രൂപ കൊടുത്ത് മാർക്കറ്റിൽനിന്ന് വാങ്ങേണ്ട അവസ്ഥ വരികയാണ്. ഭരണ-പ്രതിപക്ഷ വ്യത്യാസമില്ലാതെ കേരളം ഒരുമിച്ച് ഈ വിഷയം ഏറ്റെടുക്കേണ്ട കാര്യമാണെന്നാണ് സൂചിപ്പിക്കാനുള്ളത്. ശ്രീ. ജി. എസ്. ജയലാൽ ഇവിടെ സൂചിപ്പിച്ചു, അത്തരമൊരു സാഹചര്യത്തെ എങ്ങനെ മറികടക്കാൻ കഴിയും. ഞാൻ കഴിഞ്ഞ ദിവസം കേന്ദ്ര ഭക്ഷ്യ വകുപ്പുമന്ത്രിയെക്കണ്ട് ഈ വിഷയത്തെക്കുറിച്ച് സംസാരിച്ചു. നമുക്ക് ഗോതമ്പിനുപകരം റാഗി നൽകാൻ കഴിയുമോ; പയർ വർഗ്ഗങ്ങൾ നൽകാൻ കഴിയുമോ എന്നകാര്യം അദ്ദേഹത്തിന്റെ ശ്രദ്ധയിൽപ്പെടുത്തി. ഗോതമ്പ് നൽകുന്ന അതേ സബ്സിഡി വിലയിൽ റാഗി നൽകുന്നതിനെക്കുറിച്ച് ആലോചിക്കാമെന്ന് മറുപടി നൽകിയിട്ടുണ്ട്. അങ്ങനെവന്നാൽ കേരളത്തിലെ റേഷൻകടകളിലൂടെ റാഗിപ്പൊടി കൊടുക്കാൻകഴിയുന്ന സാഹചര്യമുണ്ടാക്കിയെടുക്കാൻ

കഴിയുമെന്നാണ് എനിക്ക് അതിനെക്കുറിച്ച് സൂചിപ്പിക്കാനുള്ളത്.

മി. സ്പീക്കർ: ഒരു മന്ത്രികൂടി മറുപടി പറയാനുണ്ട്.

ശ്രീ. ജി. ആർ. അനിൽ: സർ, ഞാൻ ദീർഘമായ കാര്യങ്ങളിലേയ്ക്ക് കടക്കുന്നില്ല. മറ്റ് വിഷയങ്ങൾ ചുരുക്കുകയാണ്. നമ്മുടെ നാട്ടിലെ ഇത്തരം പ്രവർത്തനങ്ങൾ സംബന്ധിച്ച് ഞാൻ പല ഘട്ടങ്ങളിൽ ഇവിടെ പറഞ്ഞതാണ്. രാവിലെ സബ്മിഷനുമായി ബന്ധപ്പെട്ട ഒരു വിഷയത്തെക്കുറിച്ച് വ്യക്തമായ മറുപടി കൊടുത്തതാണ്. കേരളത്തിലെ ഗവൺമെന്റിന്റെ സമീപനം വിശേഷിച്ചും വളരെ സാധാരണക്കാരായ, ദരിദ്രരായ ആളുകൾക്ക് സഹായകരമായ നിലപാടാണ് ഗവൺമെന്റ് സ്വീകരിക്കുന്നത്. അവരെ ചേർത്തുനിർത്തുന്ന നിലപാടുതന്നെയാണ് ഗവൺമെന്റ് 6 വർഷമായി തുടരുന്നത്. ഇനിയും ആ നിലയിൽ തുടരുമെന്നുള്ള കാര്യത്തിൽ യാതൊരു തർക്കവുമില്ല. നമ്മുടെ രാഷ്ട്രപിതാവ് മഹാത്മാഗാന്ധി Lancashire സന്ദർശിച്ചപ്പോൾ അദ്ദേഹത്തെ കാണാൻ വന്ന ഇംഗ്ലീഷുകാരോട് മഹാത്മാഗാന്ധി പറഞ്ഞ ഒരു വാക്യം ഞാൻ ഇവിടെ വിശദീകരിക്കാൻ ഉദ്ദേശിക്കുകയാണ്. അദ്ദേഹം പറഞ്ഞത്, 'നല്ലൊരു പ്രഭാതഭക്ഷണവും കഴിച്ച് നമുക്ക് ഇവിടെയിരുന്ന് ദൈവികമായ

കാര്യങ്ങളെപ്പറ്റി പറയാൻ രസമുണ്ട്. പക്ഷെ, ലക്ഷങ്ങൾ ഞങ്ങളുടെ നാട്ടിൽ പട്ടിണിയിലാണ്. ഈശ്വരനപോലും അവരുടെ മുന്നിൽ അന്നത്തിന്റെ രൂപത്തിലല്ലാതെ പ്രത്യക്ഷപ്പെടാൻ കഴിയുകയില്ല' എന്നാണ് 1931-ൽ 'Young India'-യിൽ മഹാത്മാഗാന്ധി എഴുതിയ കുറിപ്പിൽ കാണുന്നത്. ഈ വിഷയത്തെക്കുറിച്ച് പറയുമ്പോൾ, പ്രിയപ്പെട്ട ഗാന്ധിശിഷ്യന്മാരാണല്ലോ ഈ രാജ്യം ഭരിച്ചിരുന്നത്. കഴിഞ്ഞ എഴുപത്തിയഞ്ച് വർഷത്തിൽ മഹാഭൂരിപക്ഷവും നിങ്ങളാണല്ലോ ഭരിച്ചത്. അതുകഴിഞ്ഞ് ഗാന്ധിയെ എതിർക്കുന്ന, ഗാന്ധിവിരോധികളാണല്ലോ ഇപ്പോൾ ഭരിക്കുന്നത്. ഗാന്ധി ശിഷ്യന്മാരാണെങ്കിലും ഗാന്ധി വിരോധികളാണെങ്കിലും സാധാരണക്കാരോടുള്ള, പട്ടിണി പാവങ്ങളോടുള്ള സമീപനമെന്താണ്? രാജ്യത്ത് ദശലക്ഷക്കണക്കിനുള്ള ജനങ്ങൾ ഇന്നും ആഹാരം കഴിക്കാൻ നിവൃത്തിയില്ലാതെ പട്ടിണി കിടക്കുന്ന രാജ്യമായി നമ്മുടെ രാജ്യം നിൽക്കുകയാണെന്ന് ഇവിടെ പല അംഗങ്ങളും സൂചിപ്പിക്കുകയുണ്ടായി. ആ സമയത്താണ് ഈ കേരളത്തിൽ ഒരാളുപോലും പട്ടിണി കിടക്കാത്ത ഒരു നിലപാട് സ്വീകരിച്ചുകൊണ്ട് മുഴുവൻ ആളുകൾക്കും ഭക്ഷണമെത്തിക്കാൻ കഴിയുന്ന, ന്യായവിലയ്ക്ക് മറ്റ് ആളുകൾക്ക് ഭക്ഷണസാധനങ്ങൾ എത്തിക്കാൻ

കഴിയുന്ന നിലപാട് സ്വീകരിച്ച് ഈ ഗവൺമെന്റ് മുന്നോട്ടുപോകുന്നതെന്ന് വളരെ അഭിമാനത്തോടുകൂടി ഞാൻ ഈയവസരത്തിൽ പറയുകയാണ്. അതുകൊണ്ട് ഈ ധനാഭ്യർത്ഥന അംഗീകരിച്ച് അതിനാവശ്യമായ ഫണ്ട് അനുവദിക്കണമെന്നുകൂടി സൂചിപ്പിച്ചുകൊണ്ട് എന്റെ വാക്കുകൾ നിർത്തുകയാണ്.

മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി (ശ്രീമതി ജെ. ചിഞ്ചുറാണി): സർ, കേരളത്തിൽ ഇന്ന് ഏറെ പ്രാധാന്യമുള്ള ജീവനോപാധി മേഖലകളാണ് മൃഗസംരക്ഷണവും ക്ഷീരവികസനവും. 2022-23 സാമ്പത്തിക അവലോകന രേഖപ്രകാരം ഗ്രാമീണ സമ്പദ്‍വ്യവസ്ഥയിൽ ത്വരിതഗതിയിൽ വികസിച്ചുവരുന്ന മേഖലയാണിത്. മൃഗസംരക്ഷണ വകുപ്പിന്റെയും കേരള വെറ്ററിനറി ആൻഡ് ആനിമൽ സയൻസ് യൂണിവേഴ്സിറ്റിയുടെയും പൊതുമേഖലാ സ്ഥാപനങ്ങളായ കന്നുകാലി വികസന ബോർഡ്, മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യ, പൗൾട്രി ഡെവലപ്മെന്റ് കോർപ്പറേഷൻ, കേരളാ ഫീഡ്സ് ലിമിറ്റഡ് എന്നിവയുടെ 2022-23 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥന പാസ്സാക്കിത്തരണമെന്ന് ആദ്യമേതന്നെ ഞാൻ അഭ്യർത്ഥിക്കുകയാണ്.

മൃഗസംരക്ഷണ മേഖലയിൽ പാൽ, ഇറച്ചി, മുട്ട എന്നിവയിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിന്, ശാസ്ത്രീയമായ ഫാമുകൾ ആരംഭിക്കുന്നതിന് നിലവിൽ നിരവധി തടസ്സങ്ങൾ നിലനിൽക്കുന്നതായി പരാതികൾ ഉയർന്നിരുന്നു. ഇത്തരം തടസ്സങ്ങൾ പരിഹരിക്കാൻ വിശദമായൊരു മാർഗ്ഗരേഖ തയ്യാറാക്കി നൽകാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 30-09-2021-ൽ ചേർന്ന തദ്ദേശസ്വയംഭരണ, മൃഗസംരക്ഷണ വകുപ്പുമന്ത്രിമാരുടെ യോഗത്തിൽ ഒരു സമിതിക്ക് രൂപം നൽകിയിരുന്നു. ഈ സമിതിക്ക് ഒരു കരട് മാർഗ്ഗരേഖ സമർപ്പിക്കാൻ മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറെ ചുമതലപ്പെടുത്തുകയും ചെയ്തു. അയൽ സംസ്ഥാനങ്ങളിലെ സാഹചര്യങ്ങൾ പരിശോധിച്ചപ്പോൾ ഫാം ലൈസൻസ് നൽകുന്നതിനുള്ള നിബന്ധനകൾ നഗര മേഖലകളിൽ മാത്രമേ ഏർപ്പെടുത്തിയിരുന്നുള്ളൂ. താരതമ്യേന നഗരവൽക്യതമായ കേരളത്തിലും അയൽ സംസ്ഥാനങ്ങളിലെ നിബന്ധനകൾമാത്രം ഏർപ്പെടുത്തുന്നതാകാം ഉചിതമെന്ന് വിലയിരുത്തിയിട്ടുണ്ട്. സമിതിയുടെ വ്യക്തമായ ശിപാർശയുടെ അടിസ്ഥാനത്തിൽ ഇത്തരത്തിലുള്ള ഭേദഗതികൾ ലൈസെൻസിംഗ് ചട്ടങ്ങളിൽ വരുത്താൻ സർക്കാർ ഉദ്ദേശിക്കുന്നു.

മലബാർ മേഖലയിലെ 6 ജില്ലകളിൽ മിൽമ നടത്തിയ പഠനത്തിൽ മൊത്തം ക്ഷീരകർഷകരിൽ നാല് ശതമാനത്തിൽ താഴെയുള്ള കൃഷിക്കാർ 35 വയസ്സിന് താഴെയുള്ളവരാണെന്നും 62 ശതമാനം കൃഷിക്കാർ 51 വയസ്സിൽ കൂടുതലുള്ളവരുമാണെന്നാണ് മനസ്സിലാക്കിയത്. മൃഗസംരക്ഷണ-ക്ഷീര പരിപാലന മേഖലയിലേയ്ക്ക് യുവാക്കളായ കൂടുതൽ സംരംഭകരെ ആകർഷിക്കാൻ മേൽപ്പറഞ്ഞ പ്രകാരമുള്ള പരിഷ്കാരങ്ങൾകൂടി ത്വരിതപ്പെടുത്തേണ്ടതുണ്ട്. വ്യവസായ പാർക്കുകളുടെ മാതൃകയിൽ അടിസ്ഥാന സൗകര്യങ്ങളൊരുക്കി, അനുമതിക്കുള്ള ചട്ടക്കൂട് സുതാര്യമാക്കി സ്വകാര്യ സംരംഭകരെ ഈ മേഖലയിലേയ്ക്ക് ആകർഷിക്കാൻ രണ്ട് പ്രധാന പദ്ധതികൾക്ക് പരീക്ഷണാടിസ്ഥാനത്തിൽ തുടക്കംകുറിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നു. വ്യക്തികളെയും സ്വയംസഹായ സംഘങ്ങളെയും സംയുക്ത ബാദ്ധ്യതാ ഗ്രൂപ്പുകളെയും ഇത്തരം സംരംഭങ്ങൾ ആരംഭിക്കാൻ പ്രോത്സാഹിപ്പിക്കാനാണ് ഇതുവഴി ലക്ഷ്യമിടുന്നത്. സംസ്ഥാനത്ത് വിജയകരമായി നടപ്പിലാക്കിയ വ്യവസായ ഐ.ടി. പാർക്കുകളുടെ മാതൃകയിലാണ് ഡയറി പാർക്ക് ചിട്ടപ്പെടുത്തിയിരിക്കുന്നത്. ആദ്യ ഡയറി പാർക്ക് കോലാഹലമേടിൽ കെ.എൽ.ഡി.ബി.-യുടെ കൈവശമുള്ള ഭൂമിയിൽ

നിലവിൽ വരാൻപോകുകയാണ്. എല്ലാ അടിസ്ഥാന സൗകര്യങ്ങളും ആരോഗ്യ പരിപാലന സംവിധാനങ്ങളും കൃത്രിമ ബീജസങ്കലന സൗകര്യവും കെ.എൽ.ഡി.ബി. ഒരുക്കും. ഉൽപ്പാദന വിപണനത്തിന് മിൽമയുടെ സഹകരണവും തേടും. പദ്ധതിയുടെ വിജയ സാധ്യത വിലയിരുത്തി കൂടുതൽ പ്രദേശങ്ങളിലേയ്ക്ക് വ്യാപിപ്പിക്കും. തദ്ദേശഭരണ സ്ഥാപനങ്ങൾ ഡയറി പാർക്കിനാവശ്യമായ ഭൂമി ലഭ്യമാക്കിയാൽ (മിനിമം 5 ഏക്കർ) ഇത്തരം പാർക്കുകൾ അവിടെയും സ്ഥാപിക്കാൻ മൃഗസംരക്ഷണ വകുപ്പിന്റെ സഹായത്തോടുകൂടി കെ.എൽ.ഡി.ബി. മുൻകയ്യെടുക്കുന്നതാണ്.

രണ്ടാമത്തെ പദ്ധതി 'കിടാരി ഫാമുകൾ' ആണ്. ജനനം മുതൽ ആദ്യ പ്രസവവും കറവയുമുണ്ടാകുന്ന 30 മാസത്തോളം കന്നുകുട്ടി-കിടാരി പരിപാലനം സാധാരണ ക്ഷീര കർഷകർക്ക് സാമ്പത്തിക ബാദ്ധ്യതയായി മാറുന്നു. ജനിച്ചയുടൻതന്നെ പശുക്കുട്ടികളെ ഏറ്റെടുത്ത് ശാസ്ത്രീയമായി തീറ്റയും മറ്റ് ആരോഗ്യ പരിപാലന സംവിധാനങ്ങളും ഉറപ്പാക്കി എത്രയും കുറഞ്ഞ സമയംകൊണ്ട് ആരോഗ്യകരമായ ഗർഭധാരണത്തിനുള്ള കിടാരികളെ പ്രാപ്തരാക്കുകയും ചെയ്യുന്നതിന് വിശദമായ മാർഗ്ഗരേഖ തയ്യാറാക്കിവരുന്നു. ലിംഗ നിർണ്ണയം നടത്തിയ ബീജം ഉപയോഗിച്ച്

പശുക്കുട്ടികളെ ഉൽപ്പാദിപ്പിച്ചശേഷം പശുവിനെ അതിന്റെ ഉടമസ്ഥനായ ക്ഷീരകർഷകനുതന്നെ തിരിച്ചുനൽകും. 30 മാസത്തോളം കന്നുകുട്ടിയെ വളർത്താൻ വേണ്ടിവരുന്ന ചെലവാകും കർഷകരിൽനിന്നും ഈടാക്കുന്നത്. ഓരോ ക്ഷീരകർഷകന്റെയും തൊഴുത്തിലുള്ള കന്നുകുട്ടികളെയും കിടാരികളെയും ശ്രമകരമായി പരിപാലിക്കുന്നതിനേക്കാൾ, ശാസ്ത്രീയമായി കിടാരി ഫാം നടപ്പാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. 2013 മുതൽ അമൂൽ നടത്തുന്ന കിടാരി ഫാമിന്റെ അനുഭവത്തിൽ ഉൽപ്പാദനശേഷി വർദ്ധിപ്പിക്കുന്ന ഉരുക്കളെ ഉറപ്പാക്കാൻ ഇത്തരം കേന്ദ്രീകൃത സംവിധാനത്തിന് കഴിയുമെന്നാണ് വിലയിരുത്തുന്നത്. ഇക്കാര്യത്തിൽ എൻ.ഡി.ഡി.ബി.-യുടെ സാങ്കേതിക സഹായവും തേടിയിട്ടുണ്ട്.

'ഇ-സമൃദ്ധ' എന്ന പദ്ധതി ഇന്ത്യയിലാദ്യമായി പത്തനംതിട്ട ജില്ലയിൽ പ്രാവർത്തികമാക്കാൻ പോകുകയാണ്. മനുഷ്യന് ഏക ആരോഗ്യമെന്ന് പറയുന്നതുപോലെ മനുഷ്യരെപ്പോലെത്തന്നെ മൃഗങ്ങളെയും കാണത്തക്ക നിലയിൽ ആ മൃഗത്തിന് എത്ര ലിറ്റർ പാൽ കിട്ടും; എന്തൊക്കെ അസുഖങ്ങളുണ്ട്; എന്തൊക്കെ വാക്സിനെടുത്തിട്ടുണ്ട് ഇതെല്ലാം സമഗ്രമായി വരുന്ന നിലയിൽ സാങ്കേതിക വിദ്യയിലൂടെ മൃഗങ്ങൾക്ക് റേഡിയോ

ഫ്രീക്വൻസി തിരിച്ചറിയൽ സംവിധാനം കൊണ്ടുവരികയാണ്. ആർ.എഫ്.ഐ.ഡി. പദ്ധതിയിലൂടെ ഈ വർഷം ആ ജില്ലയ്ക്ക് ഏകദേശം 7.28 കോടി രൂപയാണ് അതിനുവേണ്ടി ചെലവഴിക്കുന്നത്. ഓരോ മൃഗത്തിന്റെയും ചെവികളിൽ ഒരു ടാഗ് (15 അക്ക നമ്പർ) പിടിപ്പിച്ചിരിക്കും. അത് ഒരു ചെറിയ നെൽമണിയുടെ വലിപ്പത്തിലുള്ളതാണെന്നതാണ് യാഥാർത്ഥ്യം. അതിലൂടെ പശുക്കൾക്കുള്ള എല്ലാവിധ പ്രശ്നങ്ങളും പശുവിന്റെ ഉടമസ്ഥൻ ആരാണെന്നുവരെ വളരെ പെട്ടെന്ന് തിരിച്ചറിയാൻ സാധിക്കും. പത്തനംതിട്ട ജില്ലയിൽ പൈലറ്റ് പ്രോജക്ടെന്ന നിലയിലാണ് ഇത് നടപ്പാക്കുന്നത്. അത് വിജയപ്രദമാണെങ്കിൽ കേരളത്തിലെമ്പാടും നടപ്പിലാക്കുന്നതിനുള്ള ശ്രമത്തിൽ നമ്മൾ പോകുകയാണ്.

വെറ്ററിനറി സേവനങ്ങൾ കിട്ടുന്നില്ല, എടുക്കുന്നില്ലെന്ന് പലപ്പോഴും പറയുന്നുണ്ട്. കേരളത്തിലെ എല്ലാ പഞ്ചായത്തുകളിലും വെറ്ററിനറി സേവനം പരമാവധി നൽകുന്നുണ്ട്. ചില സ്ഥലങ്ങളിൽ വെറ്ററിനറി ഡോക്ടർമാരെ നൽകിയാൽ അവർ ഏതെങ്കിലും കാരണത്താൽ ലീവിന് പോകുന്നു, അല്ലെങ്കിൽ അവിടെ ഇല്ലാതെവരുന്ന അവസ്ഥ പലപ്പോഴും കാണാറുണ്ട്. അവിടെയൊക്കെ മാറിയും തിരിഞ്ഞും വെറ്ററിനറി ഡോക്ടർമാരുടെ

സേവനങ്ങൾ നൽകുന്നുവെന്നത് യാഥാർത്ഥ്യമാണ്. 24 മണിക്കൂറും ക്ഷീരകർഷകർക്ക് വെറ്ററിനറി സേവനം നൽകുകയെന്ന വലിയ ലക്ഷ്യമാണ് ഇന്ന് മൃഗസംരക്ഷണ മേഖലയിൽ കൊണ്ടുവരുന്നത്. രാത്രിയിലും ഡോക്ടർമാരെ കൊടുക്കത്തക്ക നിലയിൽ കേരളത്തിലെ 182 ബ്ലോക്ക് പഞ്ചായത്തുകളിലും വെറ്ററിനറി ഡോക്ടർമാരുടെ സേവനം ഉറപ്പുവരുത്തിയിട്ടുണ്ട്. എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയാണ് അവരെ നിയമിച്ചിരിക്കുന്നത്. രാത്രി 6 മണിമുതൽ രാവിലെ 6 മണി വരെയാണ് അവരുടെ സേവനം ലഭ്യമാകുക. ഒരു കർഷകൻ ഡോക്ടറെ വിളിക്കുമ്പോൾ ആ ഡോക്ടർക്ക് ഓടിയെത്താൻ സാധിക്കാത്ത സാഹചര്യം രാത്രിയായാലും പകലായാലും നിലനിൽക്കുന്നുണ്ടെന്നത് യാഥാർത്ഥ്യമാണ്. അതിന് മാറ്റമുണ്ടാക്കാൻ കേരളത്തിലെ 182 ബ്ലോക്ക് പഞ്ചായത്തുകളിലും വെറ്ററിനറി ആംബുലൻസുകൾ നൽകാൻ പോകുകയാണ്. അതിന്റെ ആദ്യഗഡു എന്ന നിലയ്ക്ക് 29 ആംബുലൻസുകൾ കേരളത്തിൽ വന്നുകഴിഞ്ഞു. അതിനാവശ്യമായ മറ്റു ക്രമീകരണങ്ങളാണ് (ആംബുലൻസിനകത്ത് ചെയ്യാൻ സാധിക്കുന്ന ക്രമീകരണങ്ങൾ) ഇപ്പോൾ ചെയ്തുകൊണ്ടിരിക്കുന്നത്. ആർ.കെ.ഐ.-യിലൂടെ കേരളത്തിലെ ബാക്കിയുള്ള മുഴുവൻ ബ്ലോക്ക്

പഞ്ചായത്തുകളിലും വെറ്ററിനറി ആംബുലൻസുകൾ നൽകുവാനുള്ള എ.എസ്. കിട്ടിക്കഴിഞ്ഞു. 4.50 കോടി രൂപയുടെ കേന്ദ്ര ഫണ്ടുപയോഗിച്ചാണ് 29 ആംബുലൻസുകൾ കേരളത്തിൽ വാങ്ങിയത്. അതിന്റെ ഉദ്ഘാടനം ഏതാനും ദിവസങ്ങൾക്കകം നടത്താൻ സാധിക്കും. ബാക്കിയുള്ള ആംബുലൻസുകളാണ് കേരളത്തിൽ ആർ.കെ.ഐ. പദ്ധതിയുപയോഗിച്ച് നടപ്പിലാക്കാൻ പോകുന്നത്.

ടെലി വെറ്ററിനറി ആംബുലൻസുകൾ - ഒരു ജില്ലയിൽ ഒരു ടെലി വെറ്ററിനറി ആംബുലൻസ് എന്ന നിലയിൽ നൽകാൻ പോകുകയാണ്. ഒരു കോടി രൂപയാണ് അതിലൂടെ ചെലവഴിക്കുന്നത്. കണ്ണൂർ, എറണാകുളം എന്നീ ജില്ലകളിൽ ടെലി വെറ്ററിനറി ആംബുലൻസ് കൊടുത്തുകഴിഞ്ഞു. ബാക്കിയുള്ള 12 ജില്ലകളിലും ടെലി വെറ്ററിനറി ആംബുലൻസ് നൽകാനുള്ള സംവിധാനത്തിലേയ്ക്ക് എത്തിച്ചേർന്നു. അതിന്റെയും അഡ്മിനിസ്ട്രേറ്റീവ് സാങ്ഷൻ കിട്ടിക്കഴിഞ്ഞുവെന്നതാണ് യാഥാർത്ഥ്യം. അതിന്റെ പ്രത്യേകത, ഒരു പശു തറയിൽ വീണാൽ അതിനെ മനുഷ്യൻ വിചാരിച്ചാൽ പൊക്കിയെടുക്കാൻ സാധിക്കില്ല. അത്തരത്തിലുള്ള പശുവിനെ പൊക്കിയെടുക്കുവാനും എക്സ്റേ എടുക്കാനുള്ള സംവിധാനം, മറ്റു ചില

കാര്യങ്ങൾ അതായത്, ഒരു മൃഗത്തിനെ പെട്ടെന്ന് ഓപ്പറേഷൻ ചെയ്യണമെങ്കിൽ അതുൾപ്പെടെയുള്ള കാര്യങ്ങൾ അതിൽ സജ്ജീകരിച്ചിട്ടുണ്ട്. അത്യാവശ്യം മെഡിസിൻ ഉൾപ്പെടെ വയ്ക്കാനുള്ള സൗകര്യവും സംവിധാനവുമുണ്ട്. അത്തരത്തിലുള്ള ടെലി വെറ്ററിനറി യൂണിറ്റുകൾ എല്ലാ ജില്ലകളിലും വരാൻ പോകുകയാണ്.

പഠിച്ചിറങ്ങിയ ധാരാളം ഡോക്ടർമാർ കേരളത്തിലുണ്ട്. അത്തരത്തിലുള്ള ഡോക്ടർമാരുടെ സേവനം ഉപയോഗിക്കാൻ ഒരു പുതിയ പ്രോജക്ട് കൊണ്ടുവരുന്നുണ്ട്. 50 ഡോക്ടർമാരെയാണ് നിയമിക്കാൻ തീരുമാനിച്ചത്. 38 ഡോക്ടർമാരെ നിയമിച്ചുകഴിഞ്ഞു. സീനിയർ വെറ്ററിനറി ഡോക്ടർമാർക്കൊപ്പം അവരുടെയും സേവനം കേരളത്തിലെ പഞ്ചായത്തുകളിൽ ഇപ്പോൾ ഉപയോഗിച്ചുകൊണ്ടിരിക്കുകയാണ്. മൃഗസംരക്ഷണ മേഖലയിലെ 'ജീവനോപാധി സഹായ പാക്കേജ്'- മൃഗസംരക്ഷണ മേഖലയെ പുനരുദ്ധരിക്കുന്നതിനായി 77 കോടി രൂപയുടെ ജീപനോപാധി സഹായ പാക്കേജിന് റീബിൽഡ് കേരള പദ്ധതിയിലൂടെ മൃഗസംരക്ഷണ വകുപ്പിന് അനുമതി ലഭിച്ചിരുന്നു. പശു, കിടാരി, ആട്, താറാവ്, കോഴിവളർത്തൽ, കാലിത്തീറ്റ സബ്സിഡി, തൊഴുത്ത്

നിർമ്മാണം, ഫാം യന്ത്രവൽക്കരണം, തീറ്റപ്പുൽകൃഷി, ശാസ്ത്രീയ കന്നുകുട്ടി പരിപാലനം എന്നിവയ്ക്ക് ധനസഹായം നൽകി ജീപനോപാധി സഹായ പാക്കേജ് വിജയകരമായി ഏകോപിപ്പിച്ച് ഉപജീവനം ഉറപ്പാക്കാനായിട്ടുണ്ട്. പ്രസ്തുത പദ്ധതി നിർവ്വഹണത്തിന്റെ അനുഭവപാഠങ്ങൾ ഉൾക്കൊണ്ടുകൊണ്ട് ക്ഷീരവികസന മേഖലയിൽ, ഈ വർഷം കേരളത്തിൽ നിലവിൽ കണ്ടെത്തിയ അതിദരിദ്രരുടെ സൂഷ്മ സർവ്വേയിൽനിന്ന്, ആദ്യഘട്ടത്തിൽ ക്ഷീരവികസന വകുപ്പിന്റെ പ്ലാൻ പദ്ധതിയായ 140 വനിതാ ഗുണഭോക്താക്കളെ സഹായിക്കാൻ ഒരു പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ക്ഷീര മേഖലയിൽ പശുവളർത്തലിൽ തൽപ്പരരായ വനിതകൾക്ക് 90 ശതമാനം സബ്സിഡിയോടുകൂടി ഒരു പശു യൂണിറ്റിന് ധനസഹായം നൽകുന്ന പദ്ധതിയാണിത്. പരീക്ഷണാടിസ്ഥാനത്തിൽ നടപ്പിലാക്കുന്ന പദ്ധതി നിരന്തരം വിലയിരുത്തപ്പെടുന്നതും ഇതിന്റെ വിജയത്തിന്റെ അടിസ്ഥാനത്തിൽ കൂടുതൽ അതിദരിദ്രരെ ഉൾപ്പെടുത്തി വ്യാപിപ്പിക്കുന്നതുമാണ്.

'കേരള ചിക്കൻ പദ്ധതി' ഇന്ന് കേരളത്തിൽ വ്യാപകമായ നിലയിൽ കൊണ്ടുവരികയാണ്. സുരക്ഷിതവും സംശുദ്ധവുമായ കോഴിയിറച്ചി മിതമായ

വിലയ്ക്ക് 'കേരള ചിക്കൻ' എന്ന ബ്രാൻഡിൽ പൊതുജനങ്ങളിലെത്തിക്കുന്നതിനും ഈ മേഖലയിൽ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും പ്രത്യേകിച്ച് സ്ത്രീ സംരംഭകരുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനും ലക്ഷ്യമിട്ട് കേരള സർക്കാർ ആവിഷ്കരിച്ച ഒരു പദ്ധതിയാണ് കേരള ചിക്കൻ. റീബിൽഡ് കേരള ഇനിഷ്യേറ്റീവിൽ ഈ പദ്ധതിക്കാവശ്യമായ 56 കോടിയിൽപ്പരം രൂപ വകയിരുത്തിയിട്ടുണ്ട്. കേരള സ്റ്റേറ്റ് പൗൾട്രി ഡെവലപ്പ്മെന്റ് കേർപ്പറേഷൻ, മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യ, കുടുംബശ്രീ മിഷൻ, ബ്രഹ്മഗിരി ഡെവലപ്പ്മെന്റ് സൊസൈറ്റി എന്നീ സ്റ്റേക്ക്ഹോൾഡർമാരുടെ സഹകരണത്തോടെ മൃഗസംരക്ഷണ വകുപ്പ് നോഡൽ ഏജൻസിയായി നടപ്പിലാക്കിവരുന്ന ഒരു പദ്ധതിയാണിത്. ഈ പദ്ധതി നടപ്പിലാക്കുന്നതുവഴി സംസ്ഥാനത്ത് കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും സുരക്ഷിതവും സംശുദ്ധവുമായ കോഴിയിറച്ചി ജനങ്ങൾക്ക് മിതമായ നിരക്കിൽ ലഭ്യമാക്കുന്നതിനും ഭക്ഷ്യസുരക്ഷയെന്ന പ്രഖ്യാപിത ലക്ഷ്യത്തിലേയ്ക്കൊരു ഉറച്ചകാൽവയ്പ്പിന് തുടക്കം കുറിക്കാൻ പോകുകയാണ്.

ദേശീയ കന്നുകാലി മിഷൻ- സ്വകാര്യ സംരംഭകർക്ക് കോഴി, ആട്,

പന്നി വളർത്തൽ എന്നിവയ്ക്ക് 50 ശതമാനംവരെ മൂലധന സബ്സിഡി കേന്ദ്ര കന്നുകാലി മിഷൻ പദ്ധതിയിലൂടെ നൽകാൻ സാധിക്കും. രോഗമുക്തമായതും മികച്ച ഉൽപ്പാദനശേഷിയുള്ളതുമായ കോഴി, ആട്, പന്നി എന്നിവയെ കൂടുതലായി ഉൽപ്പാദിപ്പിക്കുക എന്നതാണ് ഈ പദ്ധതിയുടെ പ്രധാന ലക്ഷ്യം. അപേക്ഷ ലഭിച്ചതിനനുസരിച്ച് ഫീൽഡ് വെരിഫിക്കേഷൻ നടന്നുകൊണ്ടിരിക്കുകയാണ്. കോഴി വളർത്തലിന് 25 ലക്ഷം രൂപ, ആട് വളർത്തലിന് 50 ലക്ഷം രൂപ, പന്നി വളർത്തലിന് 30 ലക്ഷം രൂപ വരെ നൽകിവരുന്നു. കർഷകരുടെ/സംരംഭകരുടെ പേർക്കുതന്നെ ബാങ്ക് നേർപകുതി സബ്സിഡിയായി നൽകും. അത്തരത്തിൽ കെ.എൽ.ഡി. ബോർഡാണ് ഇതിന്റെ ആപ്ലിക്കേഷൻ ക്ഷണിക്കുന്നത്.

മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യ - സ്ഥാപനം നേരിട്ടുവരുന്ന പ്രവർത്തന മൂലധനത്തിന്റെ അപര്യാപ്തത പരിഹരിക്കുവാൻ കേരള ബാങ്കിൽനിന്ന് പത്ത് കോടി രൂപയുടെ പ്രവർത്തന മൂലധനം സ്വരൂപിക്കാൻ സർക്കാർ ഗ്യാരന്റി നൽകിയിട്ടുണ്ട്. എം.പി.ഐ.-യുടെ ആസ്ഥാനത്ത് ആരംഭിക്കുന്ന ഹൈടെക് അറവുശാലയുടെ ഉൽപ്പാദനശേഷിയുള്ള 50 ശതമാനം ഉടൻ പ്രവർത്തനക്ഷമമാക്കും. പ്രതിദിനം 400 മൃഗങ്ങളെ കശാപ്പുചെയ്ത് 200 ടൺ

ഇറച്ചി ഉൽപ്പാദിപ്പിക്കാൻ ഒരു വർഷംകൊണ്ട് സാധിക്കും. പ്രതിദിനം 12 ടൺ അറവുമാലിന്യങ്ങൾ സംസ്കരിച്ച് എല്ലുപൊടി, ടാലോ എന്നിവ ഉൽപ്പാദിപ്പിക്കുവാൻ ഇന്ന് സാധിക്കും. കൊല്ലം ജില്ലയിലെ ഏരൂരിൽ പ്രതിദിനം രണ്ട് ടണ്ണോളം കട്‌ലെറ്റ്, സോസേജ് തുടങ്ങിയ മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ ഫാക്ടറി പ്രവർത്തനക്ഷമമാക്കി ഓണത്തിനുമുമ്പ് ഉൽപ്പന്നങ്ങൾ വിപണിയിലെത്തിക്കും. അയൽസംസ്ഥാനങ്ങളിൽനിന്നും കശാപ്പിനായി മൃഗങ്ങളെ കൊണ്ടുവരുന്ന വിതരണക്കാർ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ ഒഴിവാക്കാൻ, അതിർത്തി പ്രദേശത്ത് മൃഗങ്ങൾക്കുള്ള വിശ്രമകേന്ദ്രങ്ങൾ സ്ഥാപിക്കാൻ....., സമഗ്ര വെറ്ററിനറി പരിശോധനകൾക്ക് വിധേയമായി അസുഖമില്ലാത്തതും ഗുണമേന്മയുള്ളതുമായ മൃഗങ്ങളുടെ മാംസം സംസ്ഥാനത്ത് ഉറപ്പാക്കുന്നതാണ്.

കെപ്‌കോ - സംസ്ഥാനത്ത് ഇറച്ചിക്കോഴിയുടെയും മുട്ടയുടെയും സ്വയംപര്യാപ്തത ഉറപ്പുവരുത്തുന്നതിനുള്ള പ്രവർത്തനങ്ങൾക്ക് ചുക്കാൻ പിടിക്കുന്നത് കെപ്‌കോയാണ്. മണിക്കൂറിൽ 500 ഇറച്ചിക്കോഴികളെ സംസ്കരിക്കാൻ ശേഷിയുള്ള അത്യാധുനിക ഇറച്ചിക്കോഴി സംസ്കരണശാല കൊല്ലം ജില്ലയിലെ കോട്ടുക്കലിൽ സ്ഥാപിക്കാനുള്ള നടപടികൾ

ദ്രുതഗതിയിൽ നടന്നുവരികയാണ്. നിലവിൽ തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട ജില്ലകളിൽ 135 ഏജൻസികൾവഴി വിപണനം നടത്തിവരുന്നു. പ്ലാന്റിന്റെ നിർമ്മാണം പൂർത്തീകരിക്കുന്നതോടുകൂടി തൃശ്ശൂർ ജില്ലവരെ ശീതീകരിച്ച കോഴിയിറച്ചി വിതരണം സാധ്യമാക്കാൻ സാധിക്കും. അതോടൊപ്പം മുട്ട ഉൽപ്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുകയെന്നുള്ള ലക്ഷ്യത്തോടുകൂടി കെപ്കോ നൂതനങ്ങളായ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. അതിലൊന്നാണ് 'ആശ്രയ'. ആരും ആശ്രയമില്ലാത്ത വിധവകളായുള്ള സ്ത്രീകൾക്ക് പത്ത് കോഴിയും മൂന്നുകിലോ തീറ്റയും ലഭ്യമാക്കുന്ന സംവിധാനമാണ്. അതിലൂടെ ഏത് പഞ്ചായത്ത് അപേക്ഷ നൽകിയാലും ആ പഞ്ചായത്തിനെല്ലാം ഇത് നൽകാനുള്ള സംവിധാനമാണ് കഴിഞ്ഞ അഞ്ച് വർഷമായി നടപ്പിലാക്കിയതും ഇക്കഴിഞ്ഞ ഒരു വർഷമായി നടപ്പിലാക്കിക്കൊണ്ടിരിക്കുന്നതും. 'വനിതാ മിത്രം' എന്ന കെപ്കോയുടെ മറ്റൊരു പദ്ധതിയുണ്ട്. മുട്ട ഉൽപ്പാദനമാണ് ലക്ഷ്യം. അതിലും പത്ത് കോഴിയും രണ്ട് കിലോ തീറ്റയുമാണ് നൽകുന്നത്. 250 രൂപ അടച്ചാൽ, 125 രൂപ വിലവരുന്ന ഓരോ കോഴി, അതാണ് പത്ത് കോഴികളെന്ന് പറയുന്നത്. ആ സ്കീമനുസരിച്ച് പഞ്ചായത്തുകൾവഴിയാണ് ഇതും വിതരണം ചെയ്യുന്നത്.

മുമ്പ് സ്കൂളുകളിൽ 'കുഞ്ഞുകൈകളിൽ കോഴിക്കുഞ്ഞ്' എന്ന ബൃഹത്തായ പദ്ധതി നടപ്പിലാക്കിയിരുന്നു. അത് ഇത്തവണ പുതിയ പ്രോജക്ടായി കേരളത്തിൽ കൊണ്ടുവരുന്നുണ്ട്. ആറാം സ്റ്റാൻഡേർഡ് മുതൽ ഒൻപതാം സ്റ്റാൻഡേർഡ് വരെയുള്ള മുഴുവൻ കുട്ടികൾക്കും അഞ്ച് കോഴിയും കോഴിത്തീറ്റയും നൽകുന്ന ബൃഹത്തായ പദ്ധതിയാണ് നടപ്പിലാക്കുന്നത്. മറ്റൊന്ന് ബ്ലോക്ക് പഞ്ചായത്തുകളിൽ ജെ.എൽ.ജി. ഗ്രൂപ്പുകൾ രൂപീകരിച്ച് സ്ത്രീകൾക്ക് 100 കോഴിയും കൂടും നൽകുന്ന പദ്ധതി നടപ്പിലാക്കും. ഇത്തവണ ആറ് ബ്ലോക്കുകളിൽ മാത്രമേ നൽകാൻ സാധിച്ചിട്ടുള്ളൂ. അടുത്ത തവണ ആ പദ്ധതി ബൃഹത്തായ നിലയിൽ കൊണ്ടുവരികയാണ്. എസ്.സി./എസ്.ടി. വകുപ്പിന്റെ കീഴിൽ അവരുടെ സങ്കേതങ്ങളിൽ ഓരോ കുടുംബത്തിനും അത്തരത്തിലുള്ള പദ്ധതി കഴിഞ്ഞ തവണ കെപ്കോ നടപ്പിലാക്കിയിരുന്നു. ഇത്തവണയും നടപ്പിലാക്കാനുള്ള സംവിധാനത്തിലേയ്ക്ക് പോകുകയാണ്. ആ പദ്ധതിയും 100 കോഴിയും കൂടുമാണ്.

കേരള ഫീഡ്സ് - കേരളത്തിൽ ഏറ്റവും കൂടുതൽ ഫീഡ്സ് ഉൽപ്പാദിപ്പിക്കപ്പെടുന്ന ഗവൺമെന്റിന്റെ കീഴിലുള്ള ഒരു സ്ഥാപനമാണ്. അത് കേരള ഫീഡ്സും മിൽമയും ഉൽപ്പാദിപ്പിക്കുന്നുണ്ട്. ഇന്ന് അവരാരും

ഫീഡ്സിന് വില വർദ്ധിപ്പിക്കാത്തനിലയിൽ പോകുകയാണ്. തീറ്റയുടെ വില ക്രമാതീതമായി വർദ്ധിച്ചുവരുന്നുവെന്നത് നമുക്കറിയാം. അന്യസംസ്ഥാനത്തുനിന്ന് വരുന്ന ഇൻഗ്രീഡിയൻസ് കേരളത്തിലെത്തുമ്പോൾ അതിന്റെ വില നമുക്ക് നല്ലതുപോലെയറിയാം. പുറത്തുനിന്നുവരുന്ന തീറ്റയ്ക്ക് ക്രമാതീതമായ വില വർദ്ധനവാണ്. വില വീണ്ടും വർദ്ധിക്കാതിരിക്കാനാണ് കേരള ഫീഡ്സിനോടും മിൽമയോടും വില വർദ്ധിപ്പിക്കരുതെന്ന നിലയിൽ പറഞ്ഞിട്ടുള്ളത്. ആ നിലയ്ക്ക് അവർ പോകുകയാണ്. ബഹുമാനപ്പെട്ട ജി. എസ്. ജയലാൽ, എം.എൽ.എ.-യാണ് പറഞ്ഞതെന്ന് തോന്നുന്നു, സാധാരണ ഒരു പശു 60 ശതമാനം പുല്ലാണ് കഴിക്കേണ്ടത്, ബാക്കി മാത്രമാണ് ഫീഡായി കഴിക്കേണ്ടത്. ആ 60 ശതമാനം വരുന്ന പുല്ല് കേരളത്തിൽ ഉൽപ്പാദിപ്പിക്കുവാൻ സംഘങ്ങൾക്കും ജെ.എൽ.ജി. ഗ്രൂപ്പുകൾക്കും കുടുംബശ്രീകൾക്കും അധികാരം നൽകിയിട്ടുണ്ട്. 25 ഏക്കറിലും 50 ഏക്കറിലും പല ജില്ലകളിലും ഇത് നടപ്പിലാക്കുന്നുണ്ട്. ചില ക്ഷീരസംഘങ്ങൾതന്നെ നാല് ഏക്കറിലും അഞ്ച് ഏക്കറിലും അത് നടപ്പിലാക്കുന്നുണ്ട്. ഒരേക്കറിൽ കൃഷി ചെയ്താൽ 16,000 രൂപ സബ്സിഡി ഉൾപ്പെടെ അവർക്ക് നൽകി അതിനെ പ്രോത്സാഹിപ്പിച്ചുകൊണ്ട്

കോടിക്കണക്കിന് രൂപ ഇപ്പോൾ ആ മേഖലകളിൽ മാറ്റിവച്ചിരിക്കുകയാണ്.

വെറ്ററിനറി സർവ്വകാലശാല

സംസ്ഥാനത്ത് വെറ്ററിനറി, ഡയറി, പൗൾട്രി രംഗത്തുള്ള ബിരുദ-ബിരുദാനന്തര ഗവേഷണരംഗത്ത് ബൃഹത്തായ സംഭാവന സർവ്വകലാശാല നടത്തിവരുന്നു. 7 കോളേജുകളാണ് സർവ്വകലാശാലയുടെ കീഴിൽ പ്രവർത്തിക്കുന്നത്. സർവ്വകലാശാലയുടെ പൂക്കോട് ക്യാമ്പസിൽ മികവിന്റെ കേന്ദ്രമായി " One Health Western Ghats Biodiversity, Wildlife-human Interface & Zoonotic Diseases" എന്ന പദ്ധതിക്ക് ഉന്നത വിദ്യാഭ്യാസ കൗൺസിൽ അംഗീകാരം നൽകിയിട്ടുണ്ട്. ഇതിനായി 30 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

ക്ഷീരവികസന വകുപ്പ്

നമ്മുടെ രാജ്യത്തിന്റെ പൊതു സമ്പദ്ഘടന അവലോകനം ചെയ്യുമ്പോൾ തെളിഞ്ഞുവരുന്ന ഒരു സത്യമുണ്ട്, ആഭ്യന്തര വരുമാനത്തിൽ നിർണ്ണായകമായ സ്ഥാനം അലങ്കരിക്കുന്ന ഒരുല്പന്നമാണ് പാൽ. അരിയും ഗോതമ്പും നേടിയിരുന്ന ഈ സ്ഥാനം ഇന്ന് പാലിനാണുള്ളത്. നേരത്തെ ചില അംഗങ്ങൾ ഇക്കാര്യത്തിൽ ഇന്ത്യ രണ്ടാം സ്ഥാനത്താണെന്ന്

സൂചിപ്പിച്ചു. പാലുല്പാദന രംഗത്ത് ഒന്നാം സ്ഥാനത്ത് നിൽക്കുന്ന രാജ്യമാണ് ഇന്ത്യ, ഉല്പാദനക്ഷമതയിൽ ഒന്നാം സ്ഥാനം പഞ്ചാബിനും രണ്ടാം സ്ഥാനം കേരളത്തിനുമാണ്. കേരളത്തിലെ ഒരു പശുവിന്റെ ആവറേജ് പാലുല്പാദനം 10.1 ശതമാനമെങ്കിൽ പഞ്ചാബിലത് 14 ശതമാനമാണ്. ഇത് 15 ശതമാനത്തിലെത്തിക്കാനുള്ള പരിശ്രമമാണ് ഈ മേഖലയിൽ ഇന്ന് നടത്തുന്നതെന്ന വിവരം ഞാൻ സഭയെ അറിയിക്കുകയാണ്. കേരളത്തിൽ ഏകദേശം 8 ലക്ഷം കുടുംബങ്ങൾ പശുവളർത്തലിൽ ഏർപ്പെട്ടിരിക്കുകയാണ്. ഇതിൽ 3.97 ലക്ഷം അംഗങ്ങൾ ക്ഷീരസംഘങ്ങളിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. കേരളത്തിലുടനീളമുള്ള 3634 പ്രാഥമിക ക്ഷീരസഹകരണ സംഘങ്ങൾ മുഖേന 21.19 ലക്ഷം ലിറ്റർ പാൽ ദിനംപ്രതി വകുപ്പിന്റെ നിയന്ത്രണത്തിൽ സംഭരിക്കുന്നു. നമ്മുടെ സംസ്ഥാനത്തെ ഉരുക്കൾ മികച്ച ഉല്പാദനശേഷിയുള്ളവയാണ്. എന്നാൽ പ്രതിദിനം ശരാശരി ഒരു പശു 10.1 ലിറ്റർ പാൽ മാത്രമാണ് ഉല്പാദിപ്പിക്കുന്നത്. എന്നാൽ മികച്ച പരിപാലന രീതികളിലൂടെയും ശാസ്ത്രീയ പ്രജനന രീതിയിലൂടെയും ഇത് 15 ലിറ്റർ ആക്കുക എന്നതാണ് ഈ സർക്കാരിന്റെ നയസമീപനം. കേരളത്തിലെ ഒരു പശു 30 ലിറ്റർ പാൽവരെ

നൽകുന്നുണ്ട്. മൂന്ന് ടേമായാണ് അതിനെ കറന്നെടുക്കുന്നതെന്നത് യാഥാർത്ഥ്യമാണ്. ആവറേജ് പാലിന്റെ ഉല്പാദനക്ഷമത മാത്രമാണ് ഞാനിവിടെ ചൂണ്ടിക്കാണിച്ചത്.

പാലിന്റെ ഇൻസെന്റീവ് പദ്ധതി

പാലിന് വില കൂട്ടുന്നില്ലെന്ന് പലപ്പോഴും നാം പറയാറുണ്ട്. ഇന്ത്യയിലെ കണക്ക് പരിശോധിച്ചാൽ, പാലിന് ഏറ്റവും കൂടുതൽ വില നൽകുന്നൊരു സംസ്ഥാനം നമ്മുടെ കൊച്ചുകേരളമാണെന്ന് മനസ്സിലാകും. അങ്ങനെ പറയുമ്പോഴും തമിഴ്നാട്ടിൽ ഒരു ലിറ്റർ പാലിന് 28 രൂപ മാത്രമാണുള്ളത്. പാലിന്റെ വില വർദ്ധിക്കുന്നതനുസരിച്ച് അന്യസംസ്ഥാനത്തുനിന്നും കേരളത്തിലെത്തുന്ന പാലിന്റെ അളവിൽ വർദ്ധനവുണ്ടാകും. ഈ സാഹചര്യത്തിൽ നമ്മുടെ ക്ഷീരകർഷകരെ സഹായിക്കുന്നതിനായി വകുപ്പ് ചില നടപടികൾ സ്വീകരിക്കുകയാണ്, കോവിഡ് 19-ന്റെ സമയത്തുപോലും എല്ലാ ദിവസവും പശുവിനെ കറന്ന് ക്ഷീരസംഘങ്ങളിൽ പാൽ എത്തിക്കുക, അവിടെനിന്നും അത് മിൽമയിൽ എത്തിക്കുക എന്ന ബൃഹത്തായ പണിയെടുത്തത് ഈ മേഖലയിലെ ക്ഷീരകർഷകരായിരുന്നു, അവരെ നമുക്ക് പിന്തള്ളാനാവില്ല. ക്ഷീര

സഹകരണസംഘങ്ങളിൽ ലഭ്യമാക്കുന്ന പാലിന് ഒരു വർഷം, മൂന്ന് മാസം, നാലുമാസം എന്നിങ്ങനെയായിരുന്നു നേരത്തെ സബ്സിഡി നൽകികൊണ്ടിരുന്നത്. കേരളത്തിലെ ക്ഷീരകർഷകർക്കും ക്ഷീരസംഘങ്ങളിൽ പാൽ അളക്കുന്ന കർഷകർക്കും 2022 ജൂലൈ മാസം മുതൽ 2023 മാർച്ച് മാസം വരെ ഒരു ലിറ്റർ പാലിന് 4 രൂപ വീതം വർദ്ധിപ്പിക്കാൻ തീരുമാനിച്ചു. അവർക്ക് ഇൻസെന്റീവായി കൊടുക്കുകയാണ്.

പ്രിയപ്പെട്ടവരെ, സമയക്കുറവുള്ളതുകൊണ്ട് എല്ലാ കാര്യങ്ങളും പറയുന്നില്ല. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണസംഘങ്ങളിൽ ലഭ്യമാകുന്ന പാലിന് ലിറ്ററിന് 4 രൂപ വീതം ഇൻസെന്റീവ് നൽകുമ്പോൾ, 2019-20 സാമ്പത്തിക വർഷം ഈ പദ്ധതിക്കായി 13 കോടി രൂപയാണ് മാറ്റിവച്ചത്. ഈ വർഷം 28.57 കോടി രൂപ കർഷകർക്ക് സബ്സിഡി നൽകാനായി മാറ്റിവച്ചിരിക്കുകയാണ്.

<u>തീറ്റപ്പുൽ വികസന പദ്ധതികൾ</u>

സംസ്ഥാനത്തുള്ള 13.42 ലക്ഷം കന്നുകാലികൾക്ക് 134.2 ലക്ഷം മെട്രിക് ടൺ പച്ചപുല്ല് പ്രതിവർഷം ആവശ്യമുണ്ട്. ഇത് ലഭ്യമാക്കുന്നതിന്

1.62 ലക്ഷം ഹെക്ടർ സ്ഥലത്ത് പുൽകൃഷി ആവശ്യമാണ്. നടപ്പ് സാമ്പത്തികവർഷം 2231 ഹെക്ടർ സ്ഥലത്തുകൂടി പദ്ധതി വ്യാപിപ്പിക്കാൻ ഉദ്ദേശിക്കുന്നു. 15000-ത്തോളം ക്ഷീരകർഷകർക്ക് പുൽകൃഷി വ്യാപന പദ്ധതിയിലൂടെ പ്രയോജനം ലഭിക്കും. 3.56 ലക്ഷം മെട്രിക് ടൺ പച്ചപ്പുൽ അധികമായി ഉല്പാദിപ്പിക്കാൻ ലക്ഷ്യമിടുകയാണ്.

കാലിത്തീറ്റ ധനസഹായപദ്ധതി

കന്നുക്കുട്ടി ദത്തെടുക്കൽ പദ്ധതി, കന്നുകാലികൾക്ക് ധാതുലവണ മിശ്രിതം, വിറ്റാമിൻ സപ്ലിമെന്റ് എന്നിവ വിതരണം ചെയ്യുന്നതിനുള്ള പദ്ധതി ക്ഷീരസംഘങ്ങൾ മുഖേന സബ്സിഡി നിരക്കിൽ പച്ചപ്പുൽ/ വൈക്കോൽ വിതരണ പദ്ധതി എന്നിവ നടപ്പിലാക്കാൻ ലക്ഷ്യമിടുകയാണ്.

ഫാം യന്ത്രവൽക്കരണത്തിനും ആധുനികവൽക്കരണത്തിനും നിലവിൽ ബാങ്ക് വായ്പയെ ആശ്രയിക്കുന്ന ക്ഷീരകർഷകർക്ക് 10 മുതൽ 13 ശതമാനം വരെ ഭീമമായ നിരക്കിൽ പലിശ നൽകേണ്ടിവരുന്നുണ്ട്. പ്രസ്തുത സാഹചര്യത്തിൽ ബാങ്ക് വായ്പയുടെ പലിശ പൂർണ്ണമായും ഈ പദ്ധതിയിലൂടെ ധനസഹായമായി അവർക്ക് അനുവദിക്കുകയാണ്.

കിസാൻ ക്രെഡിറ്റ് വായ്പ

കേരളത്തിൽ ക്ഷീരകർഷകർക്ക് പശുവിന് തീറ്റ വാങ്ങാനും മറ്റ് പല ആവശ്യങ്ങൾക്കും പണമില്ലാത്തൊരു അവസ്ഥ വരുന്നുണ്ട്. ഒരു പശുവിന് 20,000 രൂപ പരിധി നിശ്ചയിച്ച് 4 ശതമാനം പലിശനിരക്കിൽ വായ്പ ലഭ്യമാക്കുന്നതാണ്. 8 പശുക്കളുള്ള ഒരു കർഷകന് 4 ശതമാനം പലിശ നിരക്കിൽ 1,60,000 രൂപ ലോൺ കൊടുക്കും. അതുമാത്രമല്ല, ആ തുക മുഴുവൻ തിരിച്ചടയ്ക്കേണ്ടതില്ല, അതത് മാസം 4 ശതമാനം പലിശ മാത്രം അടച്ചാൽ മതി. അങ്ങനെ അടയ്ക്കുമ്പോൾ 20,000 രൂപയ്ക്ക് വെറും 80 രൂപ മാത്രം ഒരു മാസം അടച്ചാൽ മതി. 2 ലിറ്റർ പാലിന്റെ പണം ഒരു കർഷകൻ മാറ്റിവയ്ക്കുമ്പോൾ അത് നാല് ശതമാനം പലിശയായി അടയ്ക്കാൻ സാധിക്കും. കിസാൻ ക്രെഡിറ്റ് കാർഡുള്ള മുഴുവൻ ക്ഷീരകർഷർക്കും എസ്.ബി.ഐ. മുഖേന ഈ തുക നൽകാനുള്ള തീരുമാനമായി. ഈ തുക 10000 കർഷകർക്ക് 2022 ജൂൺ 1 മുതൽ വിതരണം ചെയ്തു തുടങ്ങി.

<u>ക്ഷീര സഹകരണ സംഘങ്ങളുടെ ശാക്തീകരണം</u>

സംഘങ്ങളുടെ പാൽസംഭരണ സംവിധാനം ആധുനികവൽക്കരിക്കൽ, ക്ഷീരസംഘങ്ങളിൽ പാൽ സംസ്കരണത്തിനുവേണ്ട അടിസ്ഥാന സൗകര്യമൊരുക്കൽ, ക്ഷീരസംഘങ്ങളുടെ പ്രവർത്തനം

ശാക്തീകരിക്കുന്നതിനും സുതാര്യമാക്കുന്നതിനും യൂണിഫൈഡ് സോഫ്റ്റ്‌വെയർ പദ്ധതി, കുറഞ്ഞ ചെലവിൽ മാലിന്യ സംസ്കരണ പ്ലാന്റുകൾ സ്ഥാപിക്കാനുള്ള പദ്ധതി, ഹൈജീനിക് മിൽക്ക് കളക്ഷൻ റൂം സ്ഥാപിക്കാനുള്ള പദ്ധതി, മിൽക്ക് റൂട്ട് അസിസ്റ്റന്റ് പദ്ധതി എന്നിവ പ്രസ്തുത പദ്ധതിയിലുൾപ്പെടുത്തി നടപ്പിലാക്കാൻ ലക്ഷ്യമിടുന്നു.

<u>പിന്നോക്കം നിൽക്കുന്ന ക്ഷീരസംഘങ്ങൾക്കുള്ള പ്രത്യേക ബൂസ്റ്റർ പദ്ധതി</u>

പാൽസംഭരണം കുറഞ്ഞതും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നതുമായ ക്ഷീരസംഘങ്ങളെയാണ് ഈ പദ്ധതിവഴി തെരഞ്ഞെടുക്കുന്നത്.

<u>ക്ഷീരഗ്രാമം പദ്ധതി</u>

കഴിഞ്ഞ വർഷം കേരളത്തിലെ 10 പഞ്ചായത്തുകളിൽ മാത്രമേ ക്ഷീരഗ്രാമം പദ്ധതി നടപ്പിലാക്കാൻ സാധിച്ചിട്ടുള്ളൂ. ഈ വർഷം അത് 20 പഞ്ചായത്തുകളിലേയ്ക്ക് വ്യാപിപ്പിക്കുകയാണ്. അതിനുവേണ്ടി 10 കോടി രൂപ മാറ്റിവച്ചു. എം.എൽ.എ.-മാർ പകുതി തുക ലഭ്യമാക്കിയാൽ ഇതിന്റെ എണ്ണം വർദ്ധിപ്പിക്കാൻ സാധിക്കും.

വിമൻ ക്യാറ്റിൽ കെയർ & ഡയറി പ്രൊമോട്ടർമാർ കുറേവർഷങ്ങളായി

ഈ മേഖലയിൽ നിലനിൽക്കുന്നവരാണ്. കഴിഞ്ഞ ടേമുകളിൽ അവർക്ക് 6 മാസം മാത്രമായിരുന്ന ജോലി കൊടുത്തത്. അതുപോലെ ഫോഡർ പ്രൊമോട്ടർക്ക് എട്ടുമാസം മാത്രമാണ് ജോലികൊടുത്തിരുന്നത്. അവരുടെ ജോലി പത്ത് മാസമാക്കി മാറ്റിയിട്ടുണ്ട്. കൂടാതെ അവരുടെ വേതനം 6,000 രൂപ ലഭിക്കുന്നവർക്കും 7,000 രൂപ ലഭിക്കുന്നവർക്കും 8,000 രൂപയാക്കി വർദ്ധിപ്പിക്കാൻ തീരുമാനമെടുത്തിട്ടുണ്ട്.

മലബാർ-എറണാകുളം മേഖലകളിൽ അധികം പാലാണ് ഉല്പാദിപ്പിക്കുന്നത്. മുൻമന്ത്രിയായിരുന്ന ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ പങ്കെടുത്ത ചില പരിപാടികളിൽ ഞാനും പങ്കെടുത്തിട്ടുണ്ട്. അതിനെക്കുറിച്ച് വളരെ നല്ല അഭിപ്രായമാണ് അദ്ദേഹം പറഞ്ഞത്. പറഞ്ഞ പദ്ധതികളെല്ലാംതന്നെ കേരളത്തിൽ നടപ്പിലാക്കാൻ പോകുകയാണ്. നല്ല അഭിപ്രായം പറഞ്ഞ അദ്ദേഹത്തിനെ ഈ വേദിയിൽ വച്ച് ഞാൻ അഭിനന്ദിക്കുകയാണ്. കാരണം എല്ലാം നടപ്പിലാക്കാനുള്ള നിർദ്ദേശങ്ങളാണെന്ന് ഒരിക്കൽക്കൂടി പറയുകയാണ്.

<u>പാലുല്പാദനരംഗം</u>

മലപ്പുറത്ത് ഇന്ന് അധികം പാലാണ് ഉല്പാദിപ്പിക്കുന്നത്. ഈ

ഗവൺമെന്റ് അധികാരത്തിൽ വന്ന സമയത്ത് പാലൊഴുക്കികളയുന്നതായി നിങ്ങളെല്ലാം കേട്ടുകാണും. ചില ആൾക്കാർ എന്നോട് ചോദിച്ചു, പാൽ ഒഴുക്കി കളയുന്നു, ഇക്കാര്യത്തിൽ എന്തുചെയ്യണമെന്ന്. എന്നാൽ രണ്ടുദിവസത്തിനുള്ളിൽ ആ പ്രശ്നത്തിന് പരിഹാരമുണ്ടാക്കി. കോളനികളിലും കോവിഡ് ബാധിച്ച രോഗികൾ കിടന്ന സെന്ററുകളിലുമൊക്കെ ആ പാൽ വിതരണം ചെയ്തു. ബാക്കി വന്ന മുഴുവൻ പാലും മിൽമ ശേഖരിച്ചു. ഇത് പത്തുമുപ്പത് ടാങ്കുകളിലായി തമിഴ്നാട്ടിൽ കൊണ്ടുപോയി പാൽപ്പൊടിയാക്കുന്ന പ്രവണതയായിരുന്നു കേരളത്തിൽ നിലനിന്നത്. അവിടെനിന്നും ആ ടാങ്കുകൾ തിരിച്ചുവരുന്നതിന് താമസം നേരിടുന്നതിനാൽ പിന്നെയും പാൽ സംഭരിക്കാൻ സാധിക്കാത്ത അവസ്ഥ അന്നുണ്ടായിരുന്നു. അത് പരിഹരിക്കുന്നതിനായി 53 കോടി രൂപ ചെലവഴിച്ച് കേരളത്തിൽ പാൽപ്പൊടി ഫാക്ടറി സ്ഥാപിക്കാൻ തീരുമാനിച്ചു. അതിന്റെ നിർമ്മാണം ഏകദേശം പകുതിയോളമായിട്ടുണ്ട്. വെറ്ററിനറി സർവ്വകലാശാലയുടെ പ്രശസ്തിയെക്കുറിച്ച് ബഹുമാനപ്പെട്ട അംഗങ്ങൾ സൂചിപ്പിക്കുകയുണ്ടായി. Indo-Swiss പ്രോജക്ട് തുടങ്ങിവച്ച സങ്കര വർഗ്ഗ പ്രജനന പരിപാടി വിജയകരമായി മുന്നോട്ടുപോകുന്നുണ്ട്. നമ്മുടെ സംസ്ഥാനത്തെ 95%

കന്നുകാലികളും സങ്കരവർഗ്ഗത്തിലുള്ളവയാണ്. രാജ്യത്ത് കന്നുകാലികളുടെ പ്രതിദിന ഉല്പാദനക്ഷമതയിൽ കേരളം രണ്ടാം സ്ഥാനത്താണ്. രാത്രികാല സേവനം സംസ്ഥാനത്ത് 156 കേന്ദ്രങ്ങളിൽ ഏർപ്പെടുത്തിയിട്ടുണ്ട്. കേന്ദ്രാവിഷ്കൃത പദ്ധതികൾ കൂടുതലായി നേടിയെടുക്കുന്നൊരു കാലഘട്ടമാണിത്. ഇതിന്റെ ഭാഗമായി മൊബൈൽ വെറ്ററിനറി യൂണിറ്റുകൾ, ദേശീയ കന്നുകാലി നിയന്ത്രണ പ്രോജക്ട് എന്നിവയ്ക്ക് കേന്ദ്ര സഹായം ലഭ്യമാക്കാൻ കഴിഞ്ഞിട്ടുണ്ട്. ദേശീയ കന്നുകാലി മിഷനുകീഴിൽ ഇൻഷ്വറൻസ് പദ്ധതിക്ക് കേന്ദ്ര സഹായം നേടിയെടുക്കാൻ സാധിച്ചു. കേരള ലൈഫ് സ്റ്റോക്ക് ബോർഡിന്, 'രാഷ്ട്രീയ ഗോകുൽ മിഷൻ' കേന്ദ്ര പദ്ധതിയുടെ കീഴിൽ സഹായം ലഭിച്ചിട്ടുണ്ട്. കുട്ടനാട് ഉൾപ്പെടെയുള്ള പ്രദേശങ്ങളിൽ വെള്ളപ്പൊക്കത്തിലകപ്പെട്ട് മൃഗങ്ങൾ മരണപ്പെടാതിരിക്കാൻ എലിവേറ്റഡ് ക്യാറ്റിൽ ഷെഡ് തയ്യാറാക്കിയിരുന്നു. പ്രസ്തുത പദ്ധതിയുടെ ഉദ്ഘാടനം കഴിഞ്ഞതാണ്. ഏകദേശം രണ്ട് കോടി രൂപയാണ് അതിനുവേണ്ടി ചെലവഴിച്ചത്. കുട്ടനാട് താലൂക്കിലെ ചമ്പക്കുളം ആസ്ഥാനമാക്കി ഒരു എലിവേറ്റഡ് കമ്മ്യൂണിറ്റി ക്യാറ്റിൽ ഷെഡ് നിർമ്മിക്കുന്നതിനായി 3.3 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

<u>മി.സ്പീക്കർ</u>: ബഹുമാനപ്പെട്ട മന്ത്രി ദയവായി ഹെഡ്ഫോൺ ഉപയോഗിക്കണം. പ്രസംഗം വളരെയധികം ദീർഘമായി.

<u>ശ്രീമതി ജെ. ചിഞ്ചുറാണി</u>: സർ, കോട്ടയം, കോഴിക്കോട് ഉൾപ്പെടെയുള്ള ജില്ലകളിൽ പക്ഷിപ്പനി വ്യാപകമായപ്പോൾ വളരെ പെട്ടെന്നുതന്നെ അതിനെ നേരിടുന്നതിനുള്ള സംവിധാനമൊരുക്കി. ആലപ്പുഴ, കോട്ടയം ജില്ലകളിലാണ് ആദ്യം ഈ പദ്ധതി നടപ്പിലാക്കിയത്. 4 കോടി രൂപയാണ് കർഷകർക്ക് അതിലൂടെ ലഭ്യമായത്. ഒരു കോഴിയോ താറാവോ നഷ്ടപ്പെട്ടാൽ 200 രൂപ, ചെറിയ കോഴിയും ചെറിയ താറാവുമാണെങ്കിൽ 100 രൂപ, 1 മുട്ടയ്ക്ക് 5 രൂപ എന്നിങ്ങനെ കണക്കാക്കി മുഴുവൻ തുകയും നൽകിയിട്ടുണ്ട്. 25-30 ലക്ഷം രൂപ വരെ നഷ്ടപരിഹാരം ലഭിച്ച കർഷകർ കേരളത്തിലുണ്ട്. ഈ പദ്ധതി പെട്ടെന്ന് നടപ്പിലാക്കിത്തന്നതിൽ ബഹുമാനപ്പെട്ട കുട്ടനാട് എം.എൽ.എ. സന്തോഷം അറിയിച്ചിട്ടുണ്ട്. പ്രിയപ്പെട്ടവരെ, ഇനിയും ഒട്ടേറെ കാര്യങ്ങൾ സൂചിപ്പിക്കാനുണ്ട്. ക്രമക്കേട് നടത്തിയും തെരഞ്ഞെടുപ്പ് യഥാസമയം നടക്കാതെയിരിക്കുകയും ചെയ്തിട്ടുള്ള ക്ഷീര സഹകരണസംഘങ്ങളെ നിയമാനുസരണം പിരിച്ചുവിടേണ്ട സാഹചര്യം വന്നാൽ അത്

ചെയ്യേണ്ടിവരുന്നമെന്നത് സ്വാഭാവികമാണ്. തെരഞ്ഞെടുക്കപ്പെട്ട ഒരു ഭരണസമിതിയില്ല എന്ന കാരണത്താൽ ഒരു സഹകരണസ്ഥാപനത്തിന് ജനാധിപത്യപരമായി ലഭിക്കേണ്ട വോട്ടവകാശം നിഷേധിക്കുന്നത് ശരിയല്ല. ജൂലൈ 19-ാം തീയതി പ്രസ്തുത വിഷയം നിയമസഭയിൽ ചർച്ച ചെയ്യുന്നതിനാൽ ഇതുസംബന്ധിച്ച് കൂടുതലൊന്നും പറയുന്നില്ല. സഭയിൽ അവതരിപ്പിച്ച ധനാഭ്യർത്ഥനകൾ പാസ്സാക്കിത്തരണമെന്ന് അപേക്ഷിക്കുന്നു.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രിമാർ സംസാരിക്കുമ്പോൾ ഹെഡ്സെറ്റ് നിർബന്ധമായും ഉപയോഗിക്കണം. അല്ലെങ്കിൽ ചെയറിന്റെ ഭാഗത്തുനിന്ന് പറയുന്നതൊന്നും കേൾക്കാൻ കഴിയില്ല.

## ധനാഭ്യർത്ഥന നമ്പർ XXX

### ഭക്ഷ്യം

മി. സ്പീക്കർ: സർവ്വശ്രീ കെ. ബാബു (തൃപ്പൂണിത്തുറ), റോജി എം. ജോൺ, ഐ. സി. ബാലകൃഷ്ണൻ, സനീഷ്കുമാർ ജോസഫ്, എൻ. എ. നെല്ലിക്കുന്ന്, എൽദോസ് പി. കുന്നപ്പിള്ളിൽ, യു. എ. ലത്തീഫ്, സണ്ണി ജോസഫ്, പി. സി. വിഷ്ണുനാഥ്, എൻ. ഷംസുദ്ദീൻ, ടി. വി. ഇബ്രാഹിം, ടി. ജെ. വിനോദ്, പി. ഉബൈദുള്ള, എ. കെ. എം. അഷ്റഫ്, കുറുക്കോളി മൊയ്തീൻ, അനൂപ് ജേക്കബ്, ശ്രീമതി ഉമ തോമസ്, ശ്രീമതി കെ. കെ.

രമ, ഡോ. മാത്യു കുഴൽനാടൻ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർത്ഥനയ്ക്ക് അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ പ്രസ് ചെയ്യുന്നുണ്ടോ?

അനുകൂലിക്കുന്നവർ.......

പ്രതികൂലിക്കുന്നവർ..........

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചിരിക്കുന്നു.

ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 7-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2022-23 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

<u>ശ്രീ. അനൂപ് ജേക്കബ്</u>: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ ശബ്ദവോട്ട് രേഖപ്പെടുത്തി.)

<u>മി. സ്പീക്കർ</u>: പ്രമേയം സഭ പാസ്സാക്കിയിരിക്കുന്നു.

ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

**ധനാഭ്യർത്ഥന നമ്പർ XXXI**

മൃഗസംരക്ഷണം

മി. സ്പീക്കർ: സർവ്വശ്രീ സണ്ണി ജോസഫ്, കെ. ബാബു (തൃപ്പൂണിത്തുറ), എൻ. ഷംസുദ്ദീൻ, എൻ. എ. നെല്ലിക്കുന്ന്, എ. കെ. എം. അഷ്റഫ്, പി. ഉബൈദുള്ള, റോജി എം. ജോൺ, യു. എ. ലത്തീഫ്, ടി. വി. ഇബ്രാഹിം, ടി. ജെ. വിനോദ്, കുറുക്കോളി മൊയ്തീൻ, എൽദോസ് പി. കുന്നപ്പിള്ളിൽ, സനീഷ്കുമാർ ജോസഫ്, അനൂപ് ജേക്കബ്, ടി. സിദ്ദിഖ്, പി. സി. വിഷ്ണുനാഥ്, ഐ. സി. ബാലകൃഷ്ണൻ, ശ്രീമതി ഉമ തോമസ്, ശ്രീമതി കെ. കെ. രമ, ഡോ. മാത്യു കുഴൽനാടൻ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ മൃഗസംരക്ഷണം എന്ന XXXI-ാം നമ്പർ ധനാഭ്യർത്ഥനയ്ക്ക് അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ പ്രസ് ചെയ്യുന്നുണ്ടോ?

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ..........

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചിരിക്കുന്നു.

മൃഗസംരക്ഷണം എന്ന XXXI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ

കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 7-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2022-23 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

<u>ശ്രീ. അനൂപ് ജേക്കബ്</u>: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ ശബ്ദവോട്ട് രേഖപ്പെടുത്തി.)

<u>മി. സ്പീക്കർ</u>: പ്രമേയം സഭ പാസ്സാക്കിയിരിക്കുന്നു.

ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

## ധനാഭ്യർത്ഥന നമ്പർ XXXII

### <u>ക്ഷീരവികസനം</u>

<u>മി. സ്പീക്കർ</u>: സർവ്വശ്രീ പി. അബ്ദുൽ ഹമീദ്, ടി. സിദ്ദിഖ്, ഐ. സി. ബാലകൃഷ്ണൻ, ടി. വി. ഇബ്രാഹിം, പി. സി. വിഷ്ണുനാഥ്, എൻ. ഷംസുദ്ദീൻ, എ. കെ. എം. അഷ്റഫ്, യു. എ. ലത്തീഫ്, കുറുക്കോളി മൊയ്തീൻ,

എൻ. എ. നെല്ലിക്കുന്ന്, പി. ഉബൈദുള്ള, അനൂപ് ജേക്കബ്, സണ്ണി ജോസഫ്, സനീഷ്കുമാർ ജോസഫ്, എൽദോസ് പി. കുന്നപ്പിള്ളിൽ, ടി. ജെ. വിനോദ്, കെ. ബാബു (തൃപ്പൂണിത്തുറ), റോജി എം. ജോൺ, ശ്രീമതി കെ. കെ. രമ, ശ്രീമതി ഉമ തോമസ്, ഡോ. മാത്യു കുഴൽനാടൻ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ ക്ഷീരവികസനം എന്ന XXXII-ാം നമ്പർ ധനാഭ്യർത്ഥനയ്ക്ക് അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ പ്രസ് ചെയ്യുന്നുണ്ടോ?

അനുകൂലിക്കുന്നവർ.......

പ്രതികൂലിക്കുന്നവർ..........

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചിരിക്കുന്നു.

ക്ഷീരവികസനം എന്ന XXXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 7-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2022-23 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

ശ്രീ. അനൂപ് ജേക്കബ്: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ ശബ്ദവോട്ട് രേഖപ്പെടുത്തി.)

മി. സ്പീക്കർ: പ്രമേയം സഭ പാസ്സാക്കിയിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

**അറിയിപ്പ്**

ഓർഡർ.......... ഓർഡർ..........'ഒരു വർഷം ഒരു ലക്ഷം സംരംഭങ്ങൾ' എന്ന ആശയം നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട വിഷയങ്ങൾ സാമാജികർക്ക് പരിചയപ്പെടുത്തുന്നതിനുള്ള ഒരു പരിപാടി വ്യവസായ വകുപ്പിന്റെ ആഭിമുഖ്യത്തിൽ ഇന്ന് വൈകുന്നേരം 6.00 മണിക്ക് നിയമസഭാ സമുച്ചയത്തിലെ ആർ. ശങ്കരനാരായണൻ തമ്പി മെമ്പേഴ്സ് ലോഞ്ചിൽ സംഘടിപ്പിച്ചിട്ടുണ്ട്. പരിപാടിക്കുശേഷം കലാപരിപാടികളും ബഹുമാനപ്പെട്ട അംഗങ്ങൾക്ക് അത്താഴവിരുന്നും ഒരുക്കിയിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്.

ഓർഡർ...... ഓർഡർ...... സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2022 ജൂലൈ 13-ാം തീയതി ബുധനാഴ്ച രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതിലേയ്ക്കായി സഭ വൈകുന്നേരം 3.44-ന് പിരിഞ്ഞു.)